Date of publication:
9 ഒക്ടോബർ 2014 / വോള്യം 8 / ലക്കം 4 / വില 15 ₹

അന്വേഷി
പ്രസിദ്ധീകരണം

# സംഘടിത



## വിലക്കുകൾക്കതീതമായ ആത്മപ്രകാശനം

ഷീബാ ദിവാകരൻ

## വേണം സ്ത്രീകളുടെ നവോത്ഥാനം

എം. സുൽഫത്ത്





എഡിറ്റർ
**സാറാജോസഫ്**

മാനേജിംഗ് എഡിറ്റർ
**കെ.അജിത**

എക്സി.എഡിറ്റർ
**രാജലക്ഷ്മി.കെ.എം.**

ഗസ്റ്റ് എഡിറ്റർ
**ഡോ. ഷീബാ ദിവാകരൻ**

പത്രാധിപ സമിതി
**ഡോ. ജാൻസി ജോസ്**
**സി.എസ്. മീനാക്ഷി**
**ഗിരിജ. പി. പാതേക്കര**
**ജ്യോതി നാരായണൻ**
**ഡോ. കെ.എം. ഷീബ**
**ഡോ. മിനി പ്രസാദ്**
**ഡോ. പി. ഗീത**
**ഡോ.ഖദീജ മുംതാസ്**
**സുനീത. ടി.വി.**
**അഡ്വ.കെ.കെ.പ്രീത**
**ഷീബാ ദിവാകരൻ**
**ഷംഷാദ് ഹുസൈൻ**
**കുസുമം ജോസഫ്**
**സുൽഫത്ത്**

ഉപദേശകസമിതി
**സുഗതകുമാരി,**
**പ്രൊഫ.എം. ലീലാവതി,**
**ഡോ.ശാരദാമണി,**
**ഡോ.മല്ലികാസാരാഭായ്**
**ഡോ. ബീനാപോൾ**

സർക്കുലേഷൻ മാനേജർ
**ചാരുലത എ.എസ്.**

ലേഔട്ട് & കവർ
**സുവിജ**



സംഘടിത മാസിക
അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com,
anweshicalicut@gmail.com
www.anweshi.org
www.sanghaditha.com



# സംഘടിത

ഒക്ടോബർ 2014 |വോള്യം 8 |ലക്കം 4


# ഉള്ളടക്കം


**വെറും വേവുനിലമല്ലാത്ത അടുക്കളകൾ : പുതുകാല പെൺകവിതകൾക്കൊരു പഠനം : ഡോ. മിനി ആലിസ്** 8







43 **രാധയെവിടെ? ഒരു സ്ത്രീപക്ഷ വായന : ഡോ.റീജാ രവീന്ദ്രൻ**





**അടുക്കളയിൽനിന്ന് അരങ്ങത്തേയ്ക്കും തിരിച്ചും : ആധുനിക മലയാളിസ്ത്രീയുടെ കുടുംബിനീരൂപനിർമ്മിതികൾ: ഷീബ കെ. എം.** 50

13. പെൺകവിതയിലെ ചരിത്രവഴികൾ : **ഡോ. രാഗിണി ഇ. വി.**
17. ക്യാമ്പസ് പെൺകവിത 2014 : അമ്മു ദീപ
20. എന്റെ സൈബർ ഇടം : സിന്ധു
23. രൂപാന്തരങ്ങൾക്കൊടുവിൽ : **മ്യൂസ് മേരി**
28. കവിത വരും വഴികൾ : **ബിന്ദു കൃഷ്ണൻ**
30. കവിതക്കു പിന്നിലെ കഥകൾ : **ഗിരിജ പി. പാതേക്കര**
34. വേണം സ്ത്രീകളുടെ നവോത്ഥാനം : **എം. സുൽഫത്ത്**
40. മേരി കോം അത്ഭുതമാകുന്നത് : **ഗീത**
42. കവിതയുടെ കഥ : **വി.എം ഗിരിജ**
44. പുറംപോക്ക് : **വിജില**
45. സീതാദർശനം ആദികാവ്യത്തിനൊരു പാരിസ്ഥിതിക സ്ത്രീപക്ഷ വായന : **ഡോ. രാജശ്രീ. എം.**
47. 'മുറ്റമടിക്കുമ്പോൾ' വെളിവാകുന്നത് : **ദിവ്യ. കെ.**
58. ചിത്രം : **ദീപ ബിജോ അലക്സാണ്ടർ**
58. കണ്ടവരുണ്ടോ? : **ജ്യോതിഭായ്**
59. കാത്തുരക്ഷിക്കണം ഈ കാണാക്കുടയെ...: **സീമ ശ്രീലയം**
62. സി.ഒ സമരം :റിപ്പോർട്ട് : **ദിവ്യ.ഡി.വി**

**കവിത**

16. അരങ്ങത്തേയ്ക്ക് : **സുഷമ ബിന്ദു**
27. മിസ്ഡ് കോൾ: **സന്ധ്യ.ഇ**
30. നിഴൽ, പക്ഷിയെപ്പോലെ :**ഡോണ മയൂര**
33. ഘടാകാശം : **റോസിതമ്പി**






# എഡിറ്റോറിയൽ

സാറാജോസഫ്

**ഈ** ലക്കം സംഘടിത പുതുകവിതയെക്കുറിച്ചുള്ളതാണ്. കവിതയിൽ സ്ത്രീ സാന്നിദ്ധ്യം ഗുണപരമായി കുറവാണ് എന്നുപറയേണ്ടിവരുന്നത് ഖേദകരമാണ്. ധാരാളം പേർ കവിതയെഴുതിക്കൊണ്ടിരിക്കുന്നുണ്ട്. എണ്ണത്തിൽ വലിയ വർദ്ധന ഉണ്ടെങ്കിലും പലതും വായനയുടെ അതേ നിമിഷത്തിൽ തന്നെ വിസ്മൃതമാക്കപ്പെടുന്നു. വാക്കുകളുടെ കൂട്ടമല്ല കവിത. അത് ഹൃദയത്തെ തൊടുന്നില്ല എന്നതുകൊണ്ടാണ് പല കവിതകളും പാഴ്കവിതകളായി പോകുന്നത്. സോഷ്യൽമീഡിയ എല്ലാവരേയും എഴുത്തുകാരാക്കുന്നുണ്ട്. ആത്മാവിഷ്കാരത്തിന് അത്തരം ഒരു തുറന്നയിടം നല്ലതുതന്നെ. എന്നാൽ അവളവൾ തന്നെ എഴുത്തുകാരിയും എഡിറ്ററും പബ്ളിഷറും ആവുന്ന സ്വതന്ത്രലോകത്തെ എഴുതുന്നതെന്തും പ്രസിദ്ധപ്പെടുത്താനുള്ള സാദ്ധ്യതകൾ കൂടി കൈവശമാകുമ്പോൾ കവിതയുടെ ഗുണനിലവാരത്തിന് എന്തുപറ്റിയെന്ന് പലപ്പോഴും നാം ചിന്തിക്കാറില്ല. പ്രതിഭ നിരന്തരപരശീലനം കൊണ്ടുകൂടിയാണ് അതിന്റെ മികവ് കണ്ടെത്തുന്നത്. അഗാധമായ വായന, നിരന്തരമായ എഴുത്ത്, സ്വയം വിമർശനം, തിരുത്തുകൾ വരുത്താനുള്ള സന്മനസ്സ്, വിമർശനങ്ങളോട് സഹിഷ്ണുത എന്നിവ എഴുതിത്തുടങ്ങുന്ന എഴുത്തുകാർ മനസ്സിരുത്തി ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ്. മുൻകാലങ്ങളെ അപേക്ഷിച്ച് വൻമരങ്ങൾ പോലെ ഒറ്റപ്പെട്ട കാവ്യവ്യക്തിത്വങ്ങൾ ഇക്കാലത്ത് ഇല്ലാത്തത് എന്തുകൊണ്ട് എന്ന് ചിന്തിക്കണം. വായിച്ചു തള്ളാനുള്ളതല്ല എന്ന് നമ്മെ ഓർമ്മപ്പെടുത്തിക്കൊണ്ട് ഇപ്പോഴും ആശാനും ഇടശ്ശേരിയും വൈലോപ്പിള്ളിയും ഏതു പുതിയ കാലഘട്ടത്തിനും വ്യാഖ്യാനക്ഷമമായ വിധത്തിൽ മനുഷ്യജീവിതത്തെ ആഖ്യാനം ചെയ്തിരിക്കുന്നത് ജീവിതം തന്നെ കാവ്യരചനയാക്കിയ തപസ്യയുടെ ഫലമാണ്.

പെൺകുട്ടികൾ കവിതയെഴുതുമ്പോൾ അനായാസമായി -മിക്കവാറും ഗദ്യശൈലിയിൽ ധാരാളമായി എഴുതുന്നു. എഴുതിയതിൽ പലതും പതിരായി പോകുന്നു. നാം ജീവിക്കുന്ന ജീവിതത്തെക്കുറിച്ചുള്ള തിരിച്ചറിവ് തന്നെയാണ് കവിതയുടെ കരുത്ത്. സ്ത്രീകളെഴുതുമ്പോൾ 'ശരീരത്തെ' എഴുതുന്നു എന്ന് പറയാറുണ്ട്. കേവല ശരീരമല്ല അങ്ങനെ എഴുതപ്പെടേണ്ടത്. സ്ത്രീശരീരം നിലനിൽക്കുന്ന സാമൂഹിക പരിതോവസ്ഥകൾ അതിനു നൽകുന്ന മാനസികവും ശാരീരികവുമായ അനുഭവങ്ങളെ എങ്ങനെ ആഖ്യാനം ചെയ്യാം എന്ന രാസവിദ്യ കൈക്കലാക്കേണ്ടത് പുതിയ എഴുത്തുകാർ പരിശീലിച്ചെടുക്കണം. കവിതയിലുടനീളം പെൺശരീരഭാഗങ്ങളെ തുറന്നുകാണിക്കുന്നതുകൊണ്ട് അത് കവിതയോ സ്ത്രീയനുഭവമോ ആകണമെന്നില്ല. വായനക്കാരുടെ ഹൃദയങ്ങളെ ശോഭിപ്പിക്കുന്ന അത്തരം കവിതകൾ വിരളമായി ഉണ്ടായിട്ടുണ്ട്. എന്നാൽ ഇത്രയും പീഡനാത്മകമായ ഒരു കാലഘട്ടത്തെ അതിന്റെ മുഴുവൻ വിങ്ങലോടും വിറയോലും കൂടി ആവിഷ്കരിക്കാൻ പുതിയ പെൺകവിതക്ക് ആകുന്നുണ്ടോ?

പുതിയ പെൺകവിത എന്താണെന്ന് വ്യാഖ്യാനിക്കാനുള്ള ശ്രമമാണ് ഡോ.ഷീബാ ദിവാകരൻ ഈ ലക്കം സംഘടിതയിൽ നടത്തുന്നത്. പെണ്ണിന്റെ ജീവിതം മറ്റൊന്നാണ് അവളുടെ ലോകവും വേറൊന്നാണ്. വേറിട്ട അനുഭവങ്ങളിലൂടെ കടന്നുപോകുന്ന സ്ത്രീയുടെ അനുഭവാവിഷ്കാരത്തിന് വേറിട്ട വാക്കും വേറിട്ട താളവും ആവശ്യമാണ്. അതന്വേഷിക്കുന്ന ഈ ലക്കം ഒരുക്കിയ ഡോ.ഷീബാ ദിവാകരന് സംഘടിതയുടെ അഭിനന്ദനങ്ങൾ.



**ഡോ. ഷീബാ ദിവാകരൻ**
(മീഞ്ചന്ത ഗവ. സയൻസ് & ആർട്സ്
കോളേജിൽ മലയാള വിഭാഗം അധ്യാപിക)

# വിലക്കുകൾക്കതീതമായ ആത്മപ്രകാശനം

ഷെയ്ക്സ്പിയറിനോളം പ്രതിഭയുള്ള ഷെയ്ക്സ്പിയറിന്റെ ഒരു സഹോദരിയെ വെർജീനിയാവൂൾഫ് എ റൂം ഓഫ് വൺസ്ഓൺ എന്ന കൃതിയിൽ സങ്കല്പിക്കുന്നുണ്ട്. ജൂഡിത്ത് എന്ന ആ സാങ്കല്പികകഥാപാത്രം ഷെയിക്സ്പിയറിനെപ്പോലെത്തന്നെ നാടകരചനയിൽ താത്പര്യം പ്രകടിപ്പിക്കുന്നുണ്ടെങ്കിലും ലണ്ടനിലെ ഒരു സ്റ്റേജ് മാനേജറുടെ ഭാര്യയായി ഒതുങ്ങിത്തീരുന്നു എന്നാണ് അവർ പറയുന്നത്. ഒരേ പ്രതിഭയുള്ളവരാണെങ്കിലും നിലവിലിരിക്കുന്ന പുരുഷാധികാരവ്യവസ്ഥയിൽ പുരുഷൻ മഹാനായ എഴുത്തുകാരനായും സ്ത്രീ കേവലമൊരു ഭാര്യയായും ഒതുങ്ങിത്തീരുന്നുവെന്നാണ് വൂൾഫ് വിവക്ഷിച്ചത്. വൂൾഫിന്റെ കാലത്തുനിന്ന് ഒരുപാടു സഞ്ചരിച്ചുവെങ്കിലും എഴുതുന്നതിനും വായിക്കുന്നതിനും ഇച്ഛയ്ക്കൊത്ത് പ്രവർത്തിക്കുന്നതിനുമെല്ലാം ഒരുപാടു പരിമിതികൾ ഇന്നും പെണ്ണിനുണ്ട്.

സർഗ്ഗാത്മകരചനയിലേർപ്പെടുന്ന സ്ത്രീകൾ പരിഹസിക്കപ്പെട്ടിരുന്നു മുമ്പ്. കഥാകൃത്ത് സരസ്വതിയമ്മയുടെ പരിഹാസപ്പേര് വട്ടുസരസ്വതി എന്നായിരുന്നു. ബാലൻസ് തെറ്റിയ മനസ്സിന്റെ ഉടമയായി സ്ത്രീ സാഹിത്യകൃതികളിലും അവതരിക്കപ്പെടുകയുണ്ടായി. ഇവയിലേറെ ചർച്ചചെയ്യപ്പെട്ടത് ഷാർലറ്റ് പെർക്കിൻസിന്റെ (1892) മഞ്ഞ ചുവർക്കടലാസ്(The yellow wall paper) എന്ന ചെറുകഥയാണ്.

ഒരാളുടെ വസ്ത്രധാരണാവകാശം ആരാണ് നിർണ്ണയിക്കുന്നത് എന്ന സ്ത്രീപക്ഷചോദ്യത്തിന്റെ ഉത്തരമായിരുന്നു, ചാന്നാർലഹള. രചനാലോകത്തിലേക്ക് 'കടന്നിരിക്കാ'നുള്ള അവകാശവും അവിടെ

ത്തന്നെ 'മുൻപിലിരിക്കാ'നുള്ള അവകാശവും സ്ത്രീകൾ സമരത്തിലൂടെയും സഹനത്തിലൂടെയും നേടിയെടുത്തുകഴിഞ്ഞു. ഒരേ ലോകത്ത് പരസ്പരാശ്രിതത്വത്തോടെയാണ് ജീവിക്കുന്നതെങ്കിലും വളരെ വ്യത്യസ്ത ജീവിതസാഹചര്യമാണ് സ്ത്രീയുടേതും പുരുഷന്റേതും. അനുഭവങ്ങളും കാഴ്ചയും കാഴ്ചപ്പാടുകളുമെല്ലാം വ്യത്യസ്തം. പാരമ്പര്യമായി പെണ്ണിനുപറഞ്ഞ എല്ലാ ബാധ്യതകൾക്കും പുറമേ പുറംലോകാനുഭവങ്ങളും ഔദ്യോഗികമായ കർത്തവ്യങ്ങളും പേറുന്നവളാണ് പുതിയപെണ്ണ്. വലിയ ശസ്ത്രക്രിയകളോ അപകടങ്ങളോ തരണം ചെയ്യേണ്ടിവരുമ്പോൾമാത്രം വിശ്രമമറിയുന്നവർ.

മിന്നൽവേഗത്തിൽ പരിണമിക്കുന്ന സമൂഹം പെണ്ണിന്റെയും ആണിന്റെയും സർഗ്ഗാത്മകരചനയെ സ്വാധീനിക്കുന്നുണ്ട്. വീട് പുരുഷനെങ്ങനെ, സ്ത്രീയ്ക്കെങ്ങനെ; സമൂഹം പുരുഷനെങ്ങനെ, സ്ത്രീയ്ക്കെങ്ങനെ; അനുഭവങ്ങളും മൂല്യസങ്കല്പങ്ങളും പുരുഷനെങ്ങനെ, സ്ത്രീയ്ക്കെങ്ങനെ എന്നതിന്റെ ഉത്തരങ്ങളോ വിശദീകരണങ്ങളോ ഒക്കെയാവുന്നു, പുതിയ കവിത. കുരുന്നുകുട്ടികൾ മുതൽ വൃദ്ധകൾവരെ ലൈംഗികമായി ആക്രമിക്കപ്പെടുന്ന സ്ഥിരം വാർത്തകൾ 'ശാക്തീകരിക്കപ്പെട്ട' പെണ്ണിന് തലവേദന തന്നെയാണ്.

സന്ധ്യയ്ക്കുകുളിച്ച് എല്ലാ ശല്യത്തിൽനിന്നുമൊഴിഞ്ഞ് ഭാഗവതം വായിച്ചു ശാന്തനായിരിക്കുന്ന ഭർത്താവ് അടുത്തുവന്നിരുന്ന് അതുകേട്ടിരിക്കാൻ ഭാര്യയെ ക്ഷണിക്കുമ്പോൾ ഭാര്യയുടെ ചിന്ത വിജയലക്ഷ്മി അവതരിപ്പിക്കുന്നതിങ്ങനെ:

...തീയിന്നരികിലെനിക്കപ്പോൾ / വെപ്പുവേലകൾ, തേച്ചു

കഴുകിത്തീരാനാകാ/തെത്രപാത്രങ്ങൾ, നാളേ-

ക്കെത്രകാര്യങ്ങൾ.../കരിപറ്റിയ കൈയാൽ/

മരണംവരെത്തീരാ-/ മഹാഭാഗവതം ഞാൻ

മറിച്ചുവായിക്കുന്നു/മടിയാതെന്നും;അങ്ങു

കേൾക്കുവാൻവരുന്നില്ല! (ഭാഗവതം)

സാമീപ്യം കൊതിക്കുന്നവരാണീ ദമ്പതികൾ. എന്നിട്ടും എങ്ങനെയാണവർ അകന്നുപോയത്? ആരാണവരെയിങ്ങനെ അകറ്റിക്കൊണ്ടിരിക്കുന്നത്? നിലവിലിരിക്കുന്ന അധികാരവ്യവസ്ഥയെ കുറ്റവാളിയുടെ റോളിൽ പെണ്ണ് തിരിച്ചറിയുന്നു; അടയാളപ്പെടുത്തുന്നു.

ബുദ്ധിപരമായ പ്രവർത്തനങ്ങൾ പുരുഷന്റെ കുത്തകയായിരുന്നു, പണ്ട്. അവർക്ക് അനുകൂലസാഹചര്യമൊരുക്കലായിരുന്നു, സ്ത്രീകളുടെ തൊഴിൽ. വിവാഹത്തോടെ ഒരു പ്രൈവറ്റ്സെക്രട്ടറിയെ നിയമിച്ചപോലെയായിരുന്നു, ആൺനില. പെണ്ണ് സാഹിത്യവാസനയുള്ളവളാണെങ്കിൽത്തന്നെ അതോടെ എഴുത്തുമതിയാക്കും. ഇടശ്ശേരിയുടെ ഭാര്യ ഇടക്കണ്ടി ജാനകിയമ്മ ഒരു ഉദാഹരണം. സ്വന്തമായി കവിതകളും ലേഖനങ്ങളും എഴുതിയിരുന്ന സാഹിത്യകുതുകിയായ അവർ ടാഗോറിന്റെ 'ഫ്രൂട്ട് ഗാതറിംഗ്' മൊഴിമാറ്റം ചെയ്യുകയുമുണ്ടായി. പക്ഷേ വിവാഹശേഷം അവർ സാഹിത്യപ്രവർത്തനങ്ങളിലേർപ്പെട്ടില്ല. പകരം, ഭർത്താവിന്റെ സാഹിത്യപ്രവർത്തനങ്ങൾക്ക് പ്രചോദനമേകുകയും സഹായമൊരുക്കുകയും ചെയ്ത് ഉത്തമകുടുംബിനിയായി.

പോയകാലത്തിന്റയും പുതിയകാലത്തിന്റെയും സ്ത്രീപ്രശ്നങ്ങൾക്ക് കാര്യമായ വ്യത്യാസമൊന്നുമില്ല എന്നതാണ് വസ്തുത. എങ്കിലും അടുക്കളയിലെ നെടുവീർപ്പുകൾക്കും പുകച്ചിലുകൾക്കും അടക്കിപ്പിടിച്ച തേങ്ങലുകൾക്കും തന്തൂരിഅടുപ്പിൽ ഇറച്ചിയായ്മാറുന്ന പെണ്ണുടലുകളുടെ നിലവിളികൾക്കും ആരാണ് ഉത്തരവാദിയെന്നും ഇത്തരം ദുരന്തങ്ങളുടെ കാരണങ്ങളെന്തൊക്കെയാണെന്നും അന്വേഷിക്കാനുള്ള ആർജ്ജവം സമകാലപെൺരചനകൾക്കുണ്ട്. കവിത ഇവിടെ നിലവിലിരിക്കുന്ന മൂല്യക്രമത്തിന്റെ കണ്ണാടിയാവുകയല്ല ചെയ്യുന്നത്, അതിനെ മുറിച്ചുകടന്നുകൊണ്ട് യഥാർഥജീവിതത്തിന്റെ സൂക്ഷ്മചിത്രങ്ങൾ അവതരിപ്പിക്കുകയാണ്. ●



# വെറും വേവുനിലമല്ലാത്ത അടുക്കളകൾ : പുതുകാല പെൺകവിതകൾക്കൊരു പഠനം



ഡോ. മിനി ആലിസ്

**മുഖ്യധാരയിലെ** കവിതാ വഴക്കങ്ങളെ കീഴ്മേൽമറിക്കുന്ന ഭിന്നസ്വരങ്ങളുടെ സാന്നിദ്ധ്യം ഉത്തരാധുനിക പെൺകവിതകളുടെ സവിശേഷതയാണ്. കേന്ദ്രീകൃതമായ അറിവു പദ്ധതികളിൽ നിന്ന് വ്യത്യസ്തമായ ജ്ഞാനാന്വേഷണത്തിന്റെ പുതുവഴികൾ എഴുപതുകളുടെ അവസാനം മുതലുള്ള പെൺകവിതകളിൽ കടന്നുവരുന്നു. സ്ത്രൈണകർതൃത്വത്തിന്റെ സൂക്ഷ്മരേഖകളും ശകലീകൃത കർതൃത്വത്തിന്റെ ആവിഷ്കരണവും ഈ കവിതകളിൽ പ്രകടമായിരുന്നു. അംഗീകരിക്കപ്പെട്ട ബിംബകൽപനകളേയും വിനിർമ്മിതിക്ക് വിധേയമാക്കുന്ന പുതുവീക്ഷണം ഈ രചനകളുടെ പ്രത്യേകതയാണ്. ദ്വന്ദ്വാത്മകവൈരുദ്ധ്യത്തിന്റെ വിനിർമ്മിതിയിൽ നിന്നുയിർകൊള്ളുന്ന ഇടങ്ങളുടെ ആവിഷ്കരണം പെൺകവിതകളിലെ ഭൂമിശാസ്ത്രത്തെ പുനർനിർവചിക്കുന്നു. പെണ്ണിടങ്ങളുടെ പരിമിതവൃത്തത്തിൽ നിന്നും പെൺഭാഗധേയ സ്ഥലികളിൽ നിന്നും തെരഞ്ഞെടുത്ത ബിംബങ്ങളുടെ പുതുവിന്യസനത്തിലൂടെ വ്യത്യസ്ത പരിപ്രേക്ഷ്യത്തേയും ഭാവലോകത്തേയും ആവിഷ്കരിക്കുവാൻ പുതുകാലപെൺകവിതകൾക്ക് കഴിയുന്നു.

യുക്തിപരതയോടെ വാദിച്ചു സ്ഥാപിക്കുന്ന ജ്ഞാനപദ്ധതികളുടെ വ്യവസ്ഥാപിത മാർഗ്ഗങ്ങളെ അട്ടിമറിക്കുന്ന ജൈവികവും കരുത്തുറ്റതുമായ അറിവു വഴികളെ അവതരിപ്പിക്കുവാൻ നവകാല പെൺകവിതകൾക്കു സാധിക്കുന്നു. മുഖ്യധാരാകവിതകൾ പുലർത്തുന്ന അവബോധ

ങ്ങൾക്കു മേൽ പണിത പ്രതിരോധങ്ങൾ ഈ കവിതകളിലെ ബിംബകൽപനകളിൽ നിലീനമായിട്ടുണ്ട്. "ഭക്ഷണമെല്ലാം പാകം ചെയ്തു കഴിഞ്ഞു. പാത്രങ്ങളും കപ്പുകളുമെല്ലാം കഴുകിക്കഴിഞ്ഞു. കുഞ്ഞുങ്ങളെ സ്കൂളുകളിലേക്ക് പറഞ്ഞയച്ചു. അവർ തങ്ങളുടേതായ ലോകത്തിലേക്ക് പ്രവേശിച്ചു. ഇനി അതിന്റേതായ ഒന്നും ബാക്കിയില്ല.  എല്ലാം അപ്രത്യക്ഷമായിരിക്കുന്നു. ചരിത്രത്തിനോ ജീവചരിത്രത്തിനോ ഒരു വാക്കും ഉരിയാടാനില്ല"(2010,104). രേഖപ്പെടുത്താനൊന്നും അവശേഷിക്കാത്ത പെൺജീവിതത്തിന്റെ പകലുകളെയാണ് പെണ്ണിടങ്ങളെ സംബന്ധിച്ച അന്വേഷണത്തിൽ വെർജീനിയവൂൾഫ് എഴുതിച്ചേർക്കുന്നത്. പെൺകവിതകളുടെ ചരിത്രപരമായ പ്രാധാന്യവും പ്രതിനിധാനത്തിന്റെ സുതാര്യതയും ആവിഷ്കാരത്തിന്റെ കരുത്തും ജൈവോർജ്ജത്തിന്റെ ഭിന്നതയും ദീർഘമൗനത്തിന്റെ പൊളിച്ചെഴുത്തുകളെയാണ് പ്രസരിപ്പിക്കുന്നത്. ഗാർഹികമണ്ഡലത്തിന്റെ പരിമിതലോകത്ത് നിലകൊള്ളുവാൻ നിർബന്ധിതയാകുന്നത് മൂലമുള്ള ആന്തരികവും ബാഹ്യവുമായ പ്രതിസന്ധി സ്ത്രൈണസർഗ്ഗാത്മകത അഭിമുഖീകരിക്കുന്നുണ്ട്. സമൂഹം കൽപിക്കുന്ന ഉത്തരവാദിത്തങ്ങളുടേയും അടിച്ചേൽപ്പിക്കലുകളുടേയും സദാചാരകല്പനകളുടേയും അലിഖിതനിയമങ്ങൾ പെൺജീവിതത്തെ പിൻതുടരുന്നുണ്ട്. പുരുഷനെപ്പോലെ സാമൂഹികവും രാഷ്ട്രീയവും ക്രിയാത്മകവുമായ ജീവിതം താരതമ്യേന അപ്രാപ്യയായ പെണ്ണിന് ഏകാന്തതയോ വൈവിധ്യാനുഭവമോ തേടിയുള്ള യാത്രകൾ ഇരുപത്തൊന്നാം നൂറ്റാണ്ടിലും അത്ര അനായാസമല്ല. സാഹസികാനുഭവങ്ങളും വൈവിദ്ധ്യജീവിതസാഹചര്യവും നേടിയെടുത്താലും അടുക്കളയിടത്തിലേക്ക് തിരികെ നിപതിക്കുവാൻ സ്ത്രീ നിർബന്ധിതയാകുന്നുമുണ്ട്. പെൺകവി

> **അടുക്കളയിലെ ചെറുജീവിത വൃത്തത്തിൽ നിന്ന് സ്വീകരിക്കുന്ന സാമ്യകല്പനകളിലൂടെ വലിയ വേവുകളെ ആവിഷ്കരിക്കുവാൻ സാധിക്കുമെന്ന് പെൺകവിതകളിലെ കല്പനാലോകം തെളിയിക്കുന്നു. അടുക്കളയെന്ന  ഇടം മുന്നോട്ട് വെക്കുന്ന പെൺഭാഗധേയത്തിന്റെ ആദർശവത്കൃതമാനത്തെ തിരുത്തിയെഴുതുവാനുള്ള വാഞ്ഛ പെൺകവിതകൾ ശക്തമായ ഭാഷയിൽ രേഖപ്പെടുത്തുന്നു.**

തകളിൽ കടന്നുവരുന്ന അടുക്കള ബിംബങ്ങളുടെ വ്യതിരിക്തത ഈയൊരു പശ്ചാത്തലത്തിലാണ് പ്രസക്തമാകുന്നത്. കുശിനിക്കുള്ളിൽ നിന്നും അടുക്കളപ്പിന്നാമ്പുറങ്ങളിൽ നിന്നും സ്വീകരിക്കുന്ന ബിംബകല്പനകളുടെ വ്യത്യസ്ത പെൺരചനകളിൽ വിന്യസിക്കുന്നുണ്ട്. അടുക്കളയിലെ ചെറു ജീവിതവൃത്തത്തിൽ നിന്ന് സ്വീകരിക്കുന്ന സാമ്യകല്പനകളിലൂടെ വലിയ വേവുകളെ ആവിഷ്കരിക്കുവാൻ സാധിക്കുമെന്ന് പെൺകവിതകളിലെ കല്പനാലോകം തെളിയിക്കുന്നു. അടുക്കളയെന്ന ഇടം മുന്നോട്ട് വെക്കുന്ന പെൺഭാഗധേയത്തിന്റെ ആദർശവത്കൃതമാനത്തെ തിരുത്തിയെഴുതുവാനുള്ള വാഞ്ഛ പെൺകവിതകൾ ശക്തമായ ഭാഷയിൽ രേഖപ്പെടുത്തുന്നു. അതുകൊണ്ട് തന്നെ അടുക്കളയെന്ന സ്ഥലമല്ല. അത് പെണ്ണ് മാത്രം പെരുമാറേണ്ട ഇടമായി ഇന്നും നിലകൊള്ളുന്ന സാംസ്കാരികാവസ്ഥയുടെ പുനർവിചിന്തനമാണീ കവിതകൾ ഉൾക്കൊള്ളുന്നത്.

ഭാവഗീതാത്മകതയിൽ അധിഷ്ഠിതമായ സുഗതകുമാരിക്കവിതകളുടെ നിരയിലെ വ്യത്യസ്തമായ സംവേദനക്ഷമതയും പരീക്ഷണാത്മകതയും സ്ഫുരിക്കുന്ന ദീർഘകവിതയാണ് സ്ത്രീപർവ്വം (1971). ആവർത്തനവിരസമായ വീട്ടുജോലികളിൽ കുരുങ്ങിക്കിടക്കുന്ന പെണ്ണിന്റെ വേവുകളെ ആദ്യമായി അടയാളപ്പെടുത്തിയ ശ്രദ്ധേയമായ മലയാളകവിതയാണ് ഇത്. മുഖ്യധാരാകവിതാഘടനയുടെ അഴിച്ചുപണിയും തുറന്നുപറച്ചിലിന്റെ തെളിമയും സൂക്ഷ്മഹാസ്യത്തിന്റെ വിന്യസനവും 'സ്ത്രീപർവ്വ'ത്തെ വ്യത്യസ്തമാക്കുന്നു. 'കഴുകേണ്ട പാത്രങ്ങൾ, മുഷിവാർന്ന വസ്ത്രങ്ങൾ' എന്ന വരികളുടെ ആവർത്തനത്തിലൂടെ ഏകതാനത നിറയുന്ന വീട്ടുവേലയിൽ പതിഞ്ഞു കിടക്കുന്ന സ്ത്രീജിവിതത്തെ ആവിഷ്കരിക്കുന്നു. 'ആഹ്ലാദപൂർണ്ണമായി വാണിടും വീട്ടമ്മതൻ മുഖം മൂടി വേണം' എന്ന അഭ്യർത്ഥനയിൽ സ്ഫുരിക്കുന്നതും സ്ത്രീജീവിതത്തിന്റെ കാണാപുറങ്ങളുടേയും മൗനത്തിന്റേയും തുറന്നെഴുതൽ തന്നെയാണ്.

തൊണ്ണൂറുകളിൽ സാവിത്രി രാജീവൻ എഴുതിയ കവിതകളിൽ അടുക്കളയിടത്തിന്റെ ശക്തമായ സാന്നിദ്ധ്യം പ്രത്യക്ഷമാകുന്നുണ്ട്. സ്ത്രീജീവിതത്തിന്റെ പുനർവായനക്കുതകുന്ന ബിംബകല്പനകളെ, സൈദ്ധാന്തികപരിസരത്തിന്റെ പിൻബലത്തോടെ ഈ കവിതകൾ തോറ്റിയെടുക്കുന്നുണ്ട്. 'അടുക്കളയിലെ തേഞ്ഞുതീർന്ന വീട്ടുപകരണമാണ് ഞാൻ' എന്നാരംഭിക്കുന്ന 'പ്രതിഷ്ഠ' മലയാളത്തിലെ ആദ്യകാലപെൺകവിതകളുടെ നിരയിലെ ശ്രദ്ധേയമായ രചനയാണ്.

സ്ത്രൈണകർതൃത്വത്തിന്റെ പ്രകാശനങ്ങളാകുന്ന വിജയല

ക്ഷ്മിയുടെ കവിതകൾ പ്രമേയത്തിലും ആഖ്യാനത്തിലും വൈവിദ്ധ്യവും വൈചിത്ര്യവും പുലർത്തുന്നവയായിരുന്നു. സ്ത്രീയുടെ വിശ്വാസവഴികളുടെ പുനർവായന 'ഭാഗവത'മെന്ന കവിത ഉൾക്കൊള്ളുന്നുണ്ട്.

'തീയിനരികിലെനിക്കിപ്പോൾ
വെപ്പുവേലകൾ,
തേച്ചുകഴുകിത്തീരാനാ
കാതെത്ര പാത്രങ്ങൾ' എന്ന വരികളിൽ പരിപാലനം, ഗാർഹികാദ്ധ്വാനം ഇവയിലൂടെ പ്രകടമാകുന്ന സ്ത്രീയുടെ കർമ്മനിരതമായ പ്രാർത്ഥനയാണ് വ്യക്തമാകുന്നത്.

പ്രണയത്തിന്റെ സ്ത്രീപക്ഷ പാരായണം ഉൾക്കൊള്ളുന്ന ഗീതാഹിരണ്യന്റെ 'അർദ്ധനാരീശ്വരൻ' എന്ന കവിത കണ്ണീരും അടുക്കളക്കറയും ചേർന്ന് ഇഴയിണക്കിയ അമ്മയുടെ ചെറുതാലിയെന്ന ബിംബകല്പനയിലൂടെയാണ് ആരംഭിക്കുന്നത്. പ്രണയത്തിന്റെ ഉപ്പും വിശ്വാസത്തിന്റെ മധുരവും ചോദ്യചിഹ്നങ്ങളാകുന്ന പെൺജീവിതത്തിന്റെ കയ്പുകളുടെ ആവിഷ്കരണത്തിന് രുചിബിംബങ്ങളെ ഇണക്കിച്ചേർക്കുവാൻ ഗീതാഹിരണ്യന് സാധിച്ചു.

സന്ധ്യ എൻ.പിയുടെ 'പെൺബുദ്ധൻ' അടുക്കളയിൽ നിന്ന് സ്ത്രൈണാത്മീയതയിലേക്കുള്ള ചെറുതല്ലാത്ത ദൂരത്തെ അടയാളപ്പെടുത്തുന്ന ഹ്രസ്വവും സൂക്ഷ്മവും കരുത്തുറ്റതുമായ കവിതയാണ്. അനിത തമ്പിയുടെ 'അടുക്കള (അഞ്ചുപരിശ്രമങ്ങൾ)' എന്ന കവിത 'ഉണങ്ങാത്ത മുറിവായി ഒടുങ്ങാത്ത വേദനയായി' അടുക്കളയെ തിരിച്ചറിയുന്നുണ്ട്. ഇരിപ്പുമുറിയും കിടപ്പുമുറിയുമൊക്കെ മുറിയാകുമ്പോൾ 'അടുക്കളമാത്രം മുറിയല്ലാത്ത മുറി, മുറി കൂടാനാവാത്ത മുറിവ്' എന്ന് അടുക്കളക്കൊരു പദവ്യാഖ്യാനം ഈ കവിത കല്പിക്കുന്നു. 'കരിയടുപ്പിന്റെ വെന്ത മൺചുമരുടൽ കനലുമേൽ ഉമിക്കൂനപോലാം മനം' (ആത്മാവിനു മാത്രം അറിയുന്നത്)

പ്രണയത്തിന്റെ സ്ത്രീപക്ഷപാരായണം ഉൾക്കൊള്ളുന്ന ഗീതാഹിരണ്യന്റെ 'അർദ്ധനാരീശ്വരൻ' എന്ന കവിത കണ്ണീരും അടുക്കളക്കറയും ചേർന്ന് ഇഴയിണക്കിയ അമ്മയുടെ ചെറുതാലിയെന്ന ബിംബകല്പനയിലൂടെയാണ് ആരംഭിക്കുന്നത്. പ്രണയത്തിന്റെ ഉപ്പും വിശ്വാസത്തിന്റെ മധുരവും ചോദ്യചിഹ്നങ്ങളാകുന്ന പെൺജീവിതത്തിന്റെ കയ്പുകളുടെ ആവിഷ്കരണത്തിന് രുചിബിംബങ്ങളെ ഇണക്കിച്ചേർക്കുവാൻ ഗീതാഹിരണ്യന് സാധിച്ചു.

എന്നാണ് പെൺമനസ്സിനെ അനിത തമ്പി വരച്ചു ചേർക്കുന്നത്. 'മണ്ണാണു ഞാൻ' എന്ന് ആവർത്തിച്ച് ഉറപ്പിക്കുന്ന മ്യൂസ്മേരിയുടെ 'വെന്ത മൺകുടം' എന്ന കവിതയിൽ 'എരിഞ്ഞും ജ്വലിച്ചും നിറം കെട്ടൊരു അടുപ്പുകല്ലായി' അമ്മയെ തിരിച്ചറിയുന്നുണ്ട്. ഈ കവിതകളിലൊക്കെ പെണ്ണിന്റെ ആലോചനകളിൽ പുകയുന്ന കനലടുപ്പുകളെ വായിച്ചെടുക്കുവാൻ സാധിക്കും.

രണ്ടുവാക്കുകളുടെ ചേർച്ചയിലൂടെ സൂക്ഷ്മബിംബങ്ങൾ സൃഷ്ടിക്കുവാൻ കെല്പുള്ള പ്രമീളാദേവിയുടെ മണ്ണ് പെണ്ണാണെന്ന് തിരിച്ചറിയുന്ന 'സീത'യെന്ന കവിതയിൽ 'എവിടെ നീയെന്നെയുപേക്ഷിച്ചൂ? കാട്ടിൽ? പണിതീരാത്തൊരടുക്കളയിൽ?' എന്ന് പുരാവൃത്തത്തിന്റെ പുനർവായനയിലേക്ക് അടുക്കളബിംബത്തെ ഇണക്കിച്ചേർക്കുന്നുണ്ട്. ബിംബസമൃദ്ധിയുള്ള കവിത രചിക്കുന്ന ലോപയുടെ 'ഉദ്യോഗസ്ഥ' എന്ന കവിതയിൽ 'വാപിളർക്കുമടുക്കളപ്പിശാചിനെ തടുക്കാൻ" ചിരിയെന്ന പരിചയെടുക്കുന്ന പെണ്ണിനെയാണു വിവരിക്കുന്നതെങ്കിലും ഇരട്ടജോലി ചെയ്യുന്ന പെണ്ണിന്റെ അദ്ധ്വാനത്തിന്റെ കഠിനതകൾ ഈ കവിതയിലുണ്ട്. 'വിയർത്ത്, മുഷിഞ്ഞ്, വെന്ത്, വെണ്ണീറാവുന്ന തീരാത്ത വീട്ടുവേലയെന്ന്' (അച്ചുതണ്ട്) ജയശ്രീകിഷോർ വിളിക്കുന്നത് പെൺജീവിതത്തിന്റെ അലച്ചിലിനേയും തീരാത്ത വേദനകളേയുമാണ്. വീട്ടുപണികളുടെ തിരക്കിനിടയിൽ പിന്നാലെ കൂടുന്ന കവിതയുടെ പ്രലോഭനങ്ങളാണ് രാധാമണി അയിങ്കലത്തിന്റെ 'അവൻ' എന്ന കവിതയിൽ കടന്നുവരുന്നത്. പെൺകർത്തൃത്വത്തിന്റെ വ്യക്തസ്വരം രേഖപ്പെടുത്തുന്ന കെ.വി. സുമിത്രയുടെ 'എല്ലാം ഇവർക്ക് വേണ്ടി' എന്ന കവിതയിൽ എറിഞ്ഞുടക്കാൻ പാകത്തിൽ എപ്പോഴും കൂടെയുള്ള പെണ്ണിന്റെ മാനത്തെ 'അടുക്കള മണക്കുന്ന അവളുടെ മാനം' എന്നാണ് വിളിക്കുന്നത്. വസ്തുവത്കരിക്കപ്പെടുന്ന പെൺശരീരം സദാചാരമൗഢ്യങ്ങളിൽ കുരുങ്ങിക്കിടക്കുകയാണെന്ന ബോധ്യത്തെ അടുക്കളഗ്രന്ഥത്തോട് ചേർത്ത് ശക്തമായി അടയാളപ്പെടുത്തുവാൻ ഈ ചെറുകവിതക്ക് സാധിക്കുന്നു.

അടുക്കളത്തീയിലിരുന്നുള്ള ഭക്ഷണത്തിന്റെ തിളച്ചുമറിഞ്ഞ പാകപ്പെടലും പെണ്ണകത്തിന്റെ വേവും മണ്ണവസ്ഥകളും സമസ്വഭാവത്തോടെ പ്രത്യക്ഷപ്പെടുന്ന നിരവധികല്പനകൾ സ്ത്രീകളുടെ കവിതാലോകത്തുണ്ട്. പെണ്ണകത്തിന്റെ വേവുകളെ സൂക്ഷ്മമായി ആവിഷ്കരിക്കുന്ന കവിതകളെഴുതിയ മ്യൂസ്മേരി

യുടെ 'വെള്ളരി മുറിക്കുമ്പോൾ' എന്ന കവിതയിലെ 'ഒരു നീരാവി യിലൊരു മർദ്ദത്തിൽ വേവാത്ത ഓർമ്മകൾ പച്ചയായങ്ങനെ പാത്രം നിറഞ്ഞിരിക്കുന്നതും' എന്ന വരികളിൽ പാതിവെന്ത ഭക്ഷണവും ലയമില്ലാത്ത അനുഭ വങ്ങളുടെ ഓർമ്മകളും ഇഴപി രിഞ്ഞു പ്രത്യക്ഷപ്പെടുന്നു. "വെള്ളരിമുറിക്കുമ്പോൾ വെള്ളം കിനിയുന്ന ഉടലിനെ'യാണ് ഓർമ്മിക്കുന്നതെന്നതുകൊണ്ടുത ന്നെ, കായ്കറികളുടെ ഒരുക്കലിൽ നിന്ന് പെണ്ണുടലിലേ ക്കുള്ള അവസ്ഥാന്തരം സ്വാഭാവി കമായി സംഭവിക്കുന്നു. 'ഉടുപുട വയിൽ തീ പടരുന്ന പെൺകി ടാവും' 'ഉള്ളിൽ കണ്ണും പൂട്ടിയു റങ്ങും കുരുന്നുമൊക്കെ' ഓർമ്മ ച്ചിന്തുകളായതു കൊണ്ടു തന്നെ ഉടലെഴുത്തിനുതകുന്ന രീതിയിൽ കറിയൊരുക്കലിനെ പാകപ്പെടു ത്തുന്ന രാസപരിണാമമാണിവിടെ സംഭവിക്കുന്നത്. തിളച്ചുമറിയലു കളും വേവുകളും കൊടും മർദ്ദ ത്തിലുള്ള നിലകൊള്ളലും വേണ്ടുന്ന പാചകപ്രക്രിയയിൽ പെൺമനസ്സിന്റെ തീവഴികളും ഉരുകിയൊലിക്കലും വേകലു മെല്ലാം കടന്നുവരുന്നുവെന്ന അറിവ് നിരവധി കവിതകളിൽ പടർന്നു കിടക്കുന്നു. 'അടപലക കൊണ്ടു വാർത്തു കമഴ്ത്തിയവൾ മഴയിലേക്കിറങ്ങിപ്പോയി എന്നേക്കും ആറിക്കിടക്കുമോ ഈ വീടിന്റെ വിശപ്പ്?' (അന്നം) എന്ന് അനിത തമ്പി, വീട്ടകങ്ങ ളിലെ വേകലുകളിൽ നിന്നുള്ള കുതറിയോടലുകൾ രേഖപ്പെടു ത്തുമ്പോൾ പെണ്ണകങ്ങളുടെ സംഘർഷാത്മകതകൾ അനാവൃ തമാകുന്നു. ഗിരിജ പി.പാതേക്കര യുടെ 'കൊണ്ടാട്ട'മെന്ന കവിത യിൽ കടന്നുവരുന്ന 'വയലിന്റെ മടിത്തുമ്പിൽ സ്വപ്നങ്ങളാൽ വല കൾ നെയ്യുന്ന' പച്ചക്കറിയിൽ നിന്ന് കറുത്തുണങ്ങിയ കൊണ്ടാ ത്തിലേക്കുള്ള പരിവർത്തനം പെൺജീവിതത്തിന്റെ പ്രതീകാ ത്മാക പ്രതിനിധാനമാണ്.

ബാലു സി.നാരായണന്റെ 'മഴ'

**അലക്കലും തുടക്കലും തൂക്കലുമൊക്കെയായി അടുക്കളപ്പുറത്തെ അദ്ധ്വാനത്തിൽ നിന്നുയിരെടുക്കുന്ന ബിംബകല്പനകളുടെ വ്യത്യസ്തതയും പെൺകവിതകളിലുണ്ട്. വിജയലക്ഷ്മിയുടെ 'പറന്നിട്ടു'മെന്ന കവിതയിൽ 'തീരാത്ത അലക്കുവിഴുങ്ങുന്ന ഞായറാഴ്ചയുടെ പിഞ്ഞിപ്പോയ പകലിൽ' എന്നെഴുതുമ്പോൾ ഒഴിവുദിനങ്ങളിലും അവസാനിക്കാത്ത പണികളാണ് ആവിഷ്കരിക്കുന്നത്.**

എന്ന കവിത ആരംഭിക്കുന്നത് 'ആദ്യത്തെ മഴ വീണപ്പോൾ ഞാനടുക്കളയിലായിരുന്നു. കല ത്തിൽ കിടന്ന് അടങ്ങാത്ത പ്രണയം പോലെ തിളച്ചു പൊങ്ങുന്നതിനെ അടച്ചൂറ്റി ക്കൊണ്ട് അമർത്തിപ്പിടിച്ച് ചെരി ക്കുകയായിരുന്നു" എന്നാണ്.

വി.എം.ഗിരിജയുടെ 'ചെറിയ കരിപുരണ്ട ലോകത്തിലെ സ്ത്രീയുടെ സ്വപ്നം' എന്ന കവി തയിൽ 'സ്വപ്നത്തിൽ കരിപുരണ്ട വസ്ത്രങ്ങൾ താനേ കഴുകിയുണ ങ്ങുന്നു, കരിപിടിച്ച പാത്രങ്ങൾ താനേ മോറാനിരിക്കുന്നു, എച്ചിലും അടിക്കാട്ടും മന്ത്രവാദം കൊണ്ടെന്നപോലെ കുപ്പയി ലേക്ക് പറക്കുന്നു. തളങ്ങൾ വെളുത്തു തിളങ്ങുന്നു. ആരോ മുടിപിന്നി പൂചൂടിക്കുന്നു. പൂവല്ല നക്ഷത്രങ്ങൾ' എന്നു നീളുന്ന സ്വപ്നഖണ്ഡങ്ങൾ പേറുന്ന കവി തയുടെ അവസാനത്തെ വരികൾ 'സ്വപ്നമവസാനിക്കുമ്പോൾ പടി കടന്നുവരുന്നത് പാലും പത്രവും ചായക്ക് മുരളുന്ന ബീഡിക്കറ യുള്ള ചുണ്ടിന്റെ തണുത്ത ചുംബനവും' എന്നാണ്. ഇവിടെ സ്വപ്നങ്ങളെ ഭേദിക്കുന്നത് അടു ക്കളയിലെ ഉത്തരവാദിത്തത്തിന്റെ യാഥാർത്ഥ്യങ്ങളാണ്. ബിന്ദുകൃ ഷ്ണന്റെ 'ഒരു പുതിയ പാചക ക്കുറിപ്പി'ൽ പെണ്ണ് വേവിച്ചു വിള മ്പുന്നത് അവളുടെ തിക്താനുഭവ ങ്ങളാണ്. അടുപ്പിൽ വെച്ച് ചൂടാ ക്കുന്ന ഹൃദയവും ഒഴിക്കുന്ന കണ്ണീരും ചേർക്കുന്ന ചെറിയ കഷ്ണങ്ങളാക്കിയ സ്വപ്നങ്ങളും നിഷേധിക്കപ്പെട്ട അവസരങ്ങ ളുടെ കയ്പുനീരും ഉൾപ്പെടെ യുള്ള ജീവിതക്കൂട്ടുകളാണ് പാച കക്കുറിപ്പിലുള്ളത്. തിളക്കലും പുകയലും പൊട്ടലും ചീറ്റലും പൊട്ടിത്തെറിക്കലുമൊ ക്കെയായി പാകപ്പെടുന്ന പുതിയ വിഭവം തിക്താവസ്ഥകളുടെ രേഖപ്പെടു ത്തൽ തന്നെയാണ്.

ബ്ലോഗെഴുത്തിലൂടെ ശ്രദ്ധേയ യായ സെറീനയുടെ കവിതകൾ നൊമ്പരങ്ങളുടെ തീക്കനൽ കട ഞ്ഞെടുത്ത ബിംബകല്പനക ളാൽ നിറയുന്നതാണ്. 'മുള്ളുകൾ മാത്രം ബാക്കിയാകുന്നൊരു കടൽ' എന്ന കവിതയിൽ 'വാക്കുകളുടെ തീൻമേശയിൽ ആഴത്തിൽ വരഞ്ഞ് മുളക് തേച്ച് വിളമ്പിവെച്ചിട്ടുണ്ടെ'ന്ന് എഴുതി ക്കൊണ്ട് പൊള്ളിച്ചെടുത്ത് തീൻമേശയിൽ വിളമ്പിവെച്ചിരി ക്കുന്ന മീനിലൂടെ പെൺജീവിത ത്തിന്റെ തീപ്പൊള്ളലുകളാകുന്നു.

അലക്കലും തുടക്കലും തൂക്ക ലുമൊക്കെയായി അടുക്കളപ്പു റത്തെ അദ്ധ്വാനത്തിൽ നിന്നുയിരെടുക്കുന്ന ബിംബകല്പ നകളുടെ വ്യത്യസ്തതയും പെൺകവിതകളിലുണ്ട്. വിജയല ക്ഷ്മിയുടെ 'പറന്നിട്ടു' മെന്ന കവി തയിൽ 'തീരാത്ത അലക്കു വിഴു ങ്ങുന്ന ഞായറാഴ്ചയുടെ പിഞ്ഞിപ്പോയ പകലിൽ' എന്നെഴു

തുമ്പോൾ ഒഴിവുദിനങ്ങളിലും അവസാനിക്കാത്ത പണികളാണ് ആവിഷ്കരിക്കുന്നത്. അലക്കുബിംബത്തിലൂടെ ജീവിതക്കൂറയുടെ കഴുകലിനെക്കുറിച്ചെഴുതുന്ന അലക്കെ'ന്ന കവിതയും വീട്ടകത്തെ വിയർപ്പിൽനിന്നു നീട്ടിയെടുക്കുന്ന ജീവിതക്കാഴ്ചകൾ തന്നെയാണ്. ശ്രീദേവി എസ്.കർത്തായുടെ 'സാരി' എന്ന കവിതയിൽ അലക്കലും പശപിഴിയലും വിരിക്കലുമൊക്കെ പെൺമനസ്സിന്റെ പാകപ്പെടുത്തലുകളാണ്. 'അടിച്ചുനനച്ച്, ഞെക്കിപ്പിഴിഞ്ഞ്, കുടഞ്ഞ് ഒഴിഞ്ഞ ഹൃദയത്തെ ഞാൻ അയയിൽ വിരിക്കുന്നു.' എന്ന് അലക്കലിനെ വിവരിക്കുന്നുണ്ട്. കഴുകി ഉണങ്ങാനിട്ട സാരിയെ 'ഇപ്പോൾ അയയിൽ അന്തസ്സുള്ള ഹൃദയം' എന്നാണ് വിളിക്കുന്നത്. പെൺജീവിതത്തിന്റേയും ഉടലിന്റേയും സ്വകാര്യതകളിൽ നിന്ന് കൊരുത്തെടുക്കുന്ന ബിംബകല്പനകൾ നിറഞ്ഞ ചെറുകവിതകൾ എഴുതുന്ന സന്ധ്യ എൻ.പിയുടെ 'കേൾക്കുന്നില്ലേ' എന്ന കവിതയിൽ തോരാനിട്ട തുണി കാറ്റത്തു പറന്നുപോകുന്നതുപോലെ എവിടെയോ ചെന്നുവീഴുന്ന പെൺജീവിതത്തെ ആവിഷ്കരിക്കുന്നുണ്ട്. അരിയലും അരക്കലും അരിക്കലും കഴുകലും തുടക്കലുമൊക്കെ പെൺരൂപകങ്ങൾക്കുള്ള ഭൂമികയാകുമ്പോൾ അടുക്കളമണക്കുന്ന കല്പനകൾ വ്യത്യസ്തങ്ങളായ ബിംബങ്ങളാകുന്നു. അനിത തമ്പിയുടെ 'മുറ്റമടിക്കുമ്പോൾ' എന്ന കവിത പെണ്ണിനുമാത്രമായി തീറെഴുതിയ മുറ്റമടിക്കലിൽ നിന്ന് പെൺജീവിതത്തെ വരയ്ക്കുവാൻ ശ്രമിക്കുന്നുണ്ട്. ലോകമുണരുന്നതിനുമുമ്പുണരുന്ന പെണ്ണിന്റെ മണ്ണുമായുള്ള ഇടപെടലുകൾ പ്രത്യക്ഷമാകുന്ന 'മുറ്റമടിക്കുമ്പോൾ' വീട്ടുപണിയിൽ നിന്നുകൊണ്ടുള്ള പെൺജീവിതചിത്രണമാണ്. 'ചവിട്ടി' യിലൂടേയും 'അരിപ്പ' യിലൂടേയുമൊക്കെ ചണ്ടിയാക്കപ്പെടുന്ന പെൺജീവിതത്തിന്റെ ജുഗുപ്സകളെ നൈരാശ്യത്തിന്റെ കൊടുംനോവുകളോടെ ആവിഷ്കരിക്കുന്ന ദിവ്യയുടെ കവിതകളും അടുക്കളയിൽ നിന്ന് സ്വീകരിക്കുന്ന സാധാരണത്വങ്ങളിൽ നിന്ന് വലിയ വേവുകളെ ആവിഷ്കരിക്കാമെന്ന് തെളിയിച്ചവയാണ്.

പെണ്ണിടങ്ങളുടെ പരിമിതവൃത്തത്തിൽ നിന്നു സ്വീകരിക്കുന്ന ഗാർഹികബിംബങ്ങളുടെ സൂക്ഷ്മവിന്യസനത്തിൽ നിന്ന് ആവിഷ്കൃതമാകുന്ന ജീവിതം ബഹുത്വത്തിന്റെ സാധ്യതകളുള്ളതാണ്. വിരസതയും മടുപ്പും അദ്ധ്വാനവും ആവശ്യപ്പെടുന്ന വീട്ടുജോലിയിൽ നിന്നുയിരെടുക്കുന്ന അടുക്കളബിംബങ്ങൾ സൗന്ദര്യാത്മകത നിറയുന്ന കാവ്യസങ്കല്പനങ്ങളെ പുനരാലോചനക്ക് വിധേയമാക്കുന്നു.

സ്ത്രൈണസർഗ്ഗാത്മകതയുടെ ഉൾക്കനത്തെ പ്രകടമാക്കുന്ന ആര്യാംബികയുടെ 'അടമഴ'യെന്ന കവിത മുന്നോട്ട് വെക്കുന്ന അടുക്കളബിംബം പ്രസാദാത്മകതയുള്ളതാണ്. ഇവിടെ ഭക്ഷണം പാകപ്പെടുത്തൽ പരിപാലനത്തിന്റേയും ജൈവികതയുടേയും അനുഭവമാകുന്നു. മഴപ്പെയ്ത്തിനെ അരിപ്പൊടി തെള്ളലായി കല്പിക്കുന്ന കവിതയാണിത്. രുചിബിംബത്തിന്റെ ഭിന്നമായ ആവിഷ്കരണം വി.എം.ഗിരിജയുടെ 'പച്ചവെളിച്ച'മെന്ന കവിതയിൽ കടന്നുവരുന്നുണ്ട്. വെയിലിനെ പച്ചവെളിച്ചമാക്കുന്ന കുടംപുളിമരത്തെക്കുറിച്ചെഴുതുമ്പോൾ' തേങ്ങയരച്ചു നന്നായി കുടംപുളിയിട്ട പല മീൻ കൂട്ടാനെ' കുറിച്ച് പറയുന്നുണ്ട്.

പെൺകവിതകളിൽ അടുക്കളയിടത്തുനിന്ന് സ്വീകരിക്കുന്ന കല്പനകൾക്കും ദൃശ്യപരതക്കും വിള്ളൽ വീഴ്ത്തുന്ന ഇടവും സ്വരവുമാണ് വിജിലയുടെ കവിതകൾ ഉൾക്കൊള്ളുന്നത്. മലയാള കവിതയിലെ കറുത്തപെണ്ണരുളിന്റെ ശക്തിയും വ്യത്യസ്തതയും വിജിലയുടെ കവിതകൾ പ്രകടമാക്കുന്നുണ്ട്.

പെണ്ണിടങ്ങളുടെ പരിമിതവൃത്തത്തിൽ നിന്നു സ്വീകരിക്കുന്ന ഗാർഹികബിംബങ്ങളുടെ സൂക്ഷ്മവിന്യസനത്തിൽ നിന്ന് ആവിഷ്കൃതമാകുന്ന ജീവിതം ബഹുത്വത്തിന്റെ സാധ്യതകളുള്ളതാണ്. വിരസതയും മടുപ്പും അദ്ധ്വാനവും ആവശ്യപ്പെടുന്ന വീട്ടുജോലിയിൽ നിന്നുയിരെടുക്കുന്ന അടുക്കളബിംബങ്ങൾ സൗന്ദര്യാത്മകത നിറയുന്ന കാവ്യസങ്കല്പനങ്ങളെ പുനരാലോചനക്ക് വിധേയമാക്കുന്നു. കരിയും ചെളിയും കറയും എരിവും പുരളുന്ന അടുക്കളലോകത്തിൽ നിന്നുയിരെടുക്കുന്ന ബിംബങ്ങളിൽ പെൺമനസ്സിന്റെ കനൽവഴികളും വേവുകളുമാണ് അടയാളപ്പെടുത്തുന്നത്. ആധുനികാനന്തര പെൺകവിതകളിലെ അടുക്കളയുടെ സന്നിവേശം, പെണ്ണുപെരുമാറുന്ന ഇടം എന്നതിലുപരി സൂക്ഷ്മരാഷ്ട്രീയത്തെ ഉൾക്കൊള്ളുന്ന നിലപാടുകളുടെ സാധ്യതകളിലേക്കു കൂടി വളരുന്നതാണ്. ●

ലേഖനം



ഡോ. രാഗിണി ഇ. വി.

# പെൺകവിതയിലെ ചരിത്രവഴികൾ

**നിശബ്ദർക്കു** നാവുലഭിച്ച കാലമായിരുന്നു മലയാളത്തിൽ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങൾ. സാംസ്കാരിക വ്യവഹാരങ്ങൾ ഒരുവഴിക്ക് മാറ്റത്തിന് ആക്കം കൂട്ടുകയും മറ്റൊരുവഴിക്ക് മാറ്റത്തെ അടയാളപ്പെടുകത്തുകയും ചെയ്തു. ഇതിന്റെ മുഖ്യ മാധ്യമം സാഹിത്യമായിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യത്തെ കാൽഭാഗം കഴിയുന്നതോടെ

പ്രാന്തീകൃതരുടെ സ്വരം മലയാള സാഹിത്യത്തിൽ പ്രകടമായി തുടങ്ങി അക്കൂട്ടത്തിൽ പ്രധാനപ്പട്ട ഒരുഗണം സ്ത്രീകളായിരുന്നു. കീഴാളർ ഹൈന്ദവേതര ജനവിഭാഗങ്ങൾ എന്നിവരെപോലെ തന്നെ സ്ത്രീകൾക്കും സ്വത്വപ്രകാശന സാധ്യത ഇല്ലാതിരുന്ന ഒരു സാംസ്കാരിക കാലാവസ്ഥയായിരുന്നു മലയാളത്തിലും ഉണ്ടായിരുന്നത്. ഈ വേളയിലാണ് തങ്ങളുടെ അനുഭവങ്ങളുടേയും ആശങ്കകളുടേയും ആവിഷ്ക്കാരം സർഗ്ഗാത്മക രചനയിലൂടെ ആവിഷ്കരിച്ച് കൊണ്ട് സ്ത്രീ മലയാള സാഹിത്യത്തിന്റെ മുഖ്യ ധാരയിലേക്കെത്തിയത്.

പ്രാന്തീകൃതരുടെ സ്വരം മലയാള സാഹിത്യത്തിൽ പ്രകടമായി തുടങ്ങി അക്കൂട്ടത്തിൽ പ്രധാനപ്പട്ട ഒരുഗണം സ്ത്രീകളായിരുന്നു. കീഴാളർ ഹൈന്ദവേതര ജനവിഭാഗങ്ങൾ എന്നിവരെ പോലെ തന്നെ സ്ത്രീകൾക്കും സ്വത്വപ്രകാശന സാധ്യത ഇല്ലാതിരുന്ന ഒരു സാംസ്കാരിക കാലാവസ്ഥയായിരുന്നു മലയാളത്തിലും ഉണ്ടായിരുന്നത്.

എങ്കിലും പത്തൊൻപതാം നൂറ്റാണ്ടുമുതൽക്കേ സ്ത്രീകളെഴുതിയ സാഹിത്യ കതികൾ വെളിച്ചം കണ്ടിരുന്നു. പ്രമേയ സ്വീകരണത്തിലും അവതരണത്തിലും അവ പുലർത്തിയ ധീരവും വ്യതിരിക്തവുമായ നിലപാടുകളും തുറന്നിടപെടലുകളും ശ്രദ്ധേയമാണ്. സ്ഥിരമായി ഉറച്ച് നിന്ന് സാഹിത്യ സേവനം ചെയ്യുന്ന സ്ത്രീകൾ ഇക്കാലത്ത് കുറവായിരുന്നു.

ശാരദ (1904) മഹിളാ രത്നം (1916) മഹിള (1921), മഹിളാ മന്ദിരം (1927), മലയാള മാസിക (1931), സ്ത്രീ (1933), തുടങ്ങിയ ആദ്യകാല മാസികകളിൽ സത്രീ എഴുത്തുകാരികളുടെ പങ്കാളിത്തം ധാരാളമായി കാണാം. കെ. മാധവിയമ്മ (1936) യുടെ സത്രീത്വം, തോട്ടക്കാട്ട് ഗൗരി കെട്ടിലമ്മ (1936) യുടെ കള്ളുകുടിയൻമാരോട്, മുതുകുളം പാർവതിയമ്മയുടെ (1935) വിവാദം, പിച്ചക്കാരി, ഒരുവിലാപം, പൂക്കാരി തുടങ്ങിയവരുടെ കൃതികളെല്ലാം അന്ന് നിലനിന്നിരുന്ന സാമൂഹിക സാമ്പത്തിക സദാ



ചാരവ്യവസ്ഥകളോടുള്ള കലഹം തന്നെയായിരുന്നു. 19-ാം നൂറ്റാണ്ടിൽ തന്നെയാണ് രാജകുടുംബങ്ങളിലെ തമ്പുരാട്ടിമാരും ഉന്നത കുലജാതരായ സ്ത്രീകളും സംസ്കൃതപഠനത്തിലും സാഹിത്യ രചനയിലും ഏർപ്പെട്ടുതുടങ്ങിയത്. മനോരമത്തമ്പുരാട്ടി (കൊ.വ. 935 – 1003) ഉമാദേവി തമ്പുരാട്ടി, ആയില്ല്യം തിരുനാൾ രുക്മിണീഭായി രാജകുമാരി (984 – 1012)

അമ്പാദേവി തമ്പുരാട്ടി (1007–1062) കുട്ടികുഞ്ഞുതങ്കച്ചി (995–1079), തോട്ടക്കാട്ട് ഇക്കാവമ്മ (1039–1091), ഇക്കുവമ്മത്തമ്പുരാട്ടി (1019–1096), കല്ല്യാണിക്കുട്ടിയമ്മച്ചി (1014–1084), കടത്തനാട്ട് ലക്ഷ്മിഭായി തമ്പുരാട്ടി (1026–1084), തുടങ്ങിയ പലരും

ഇക്കാലത്ത് ഉയർന്നുവന്ന ധീരരായ എഴുത്തുകാരികളാണ്. ഉള്ളൂരിന്റെ കേരള സാഹിത്യ ചരിത്രത്തിൽ 12ഓളം എഴുത്തുകാരികളെക്കുറിച്ച് രേഖപ്പെടുത്തുന്നുണ്ടെങ്കിലും മറ്റ്പലസാഹിത്യ ചരിത്രങ്ങളും ആദ്യകാല എഴുത്തുകാരികളെക്കുറിച്ച് വേണ്ടത്ര പ്രാധാന്യത്തോടെ പ്രതിപാദിക്കുന്നില്ല.

കൈകൊട്ടിക്കളി പാട്ടും ദേവസ്തുതിയും എഴുതുകയാണ് ഒരു സ്ത്രീയുടെ സാഹിത്യപ്രവർത്തനം എന്ന ചിന്തയിൽ നിന്ന് പുറത്ത് കടക്കാൻ സ്ത്രീയെ സഹായിച്ചത് സ്വാതന്ത്ര്യത്തിന്റെ ഭാഗമായി ഇവിടെ പ്രചരിച്ച പാശ്ചാത്യ വിദ്യാഭ്യാസമായിരുന്നു. സ്വത്വാവിഷ്കാരവും ഭാഷാ പരീക്ഷണങ്ങളും സാഹിത്യത്തിൽ പ്രകടമാവാൻ തുടങ്ങിയ കാലമായിരുന്നു ഇത്. ഇടതുപക്ഷ പുരോഗമന ചിന്തകൾ വീശിയടിച്ച അന്തരീക്ഷത്തിൽ ധാരാളം സ്ത്രീകൾ വിപ്ലവ ബോധമുള്ള രചനകൾ നടത്തി.

ആദ്യകാല സ്ത്രി എഴുത്തുകാർ ഒത്തുതീർപ്പുകൾക്ക് വഴങ്ങിയും പുരുഷാധികാര മൂല്യങ്ങളെ പുനർനിർമ്മിച്ചും സാഹിത്യ രംഗത്ത് ഇടം പിടിച്ചവരാണ്. മലയാള കവിതാ ചരിത്രത്തിൽ രചനയുടെ ലോകത്തേക്ക് കടന്നുവ

**കൈകൊട്ടിക്കളി പാട്ടും ദേവസ്തുതിയും എഴുതുകയാണ് ഒരു സ്ത്രീയുടെ സാഹിത്യ പ്രവർത്തനം എന്ന ചിന്തയിൽ നിന്ന് പുറത്ത് കടക്കാൻ സ്ത്രീയെ സഹായിച്ചത് സ്വാതന്ത്ര്യത്തിന്റെ ഭാഗമായി ഇവിടെ പ്രചരിച്ച പാശ്ചാത്യ വിദ്യാഭ്യാസമായിരുന്നു. സ്വത്വാവിഷ്കാരവും ഭാഷാ പരീക്ഷണങ്ങളും സാഹിത്യത്തിൽ പ്രകടമാവാൻ തുടങ്ങിയ കാലമായിരുന്നു ഇത്.**

ന്ന മേരി ജോൺ തോട്ടം (1901–1985) തന്റെ കവിതയിലൂടെ ലൗകികതയിൽനിന്ന് ആത്മീയതയിലേക്ക് സ്വയം പറിച്ചു നടുന്നതിന്റെ അപൂർവ്വതകളെ ആവിഷ്കരിക്കുന്നു. മാർത്തോമാവിജയം മഹാകാവ്യം സ്ത്രീ വിരചിതമായ ആദ്യത്തെ മഹാകാവ്യമാണ്.

ആധ്യാത്മിക ഗീതമാണ് ബനീഞ്ഞ കവിതകൾ. 12-ാമത്തെ വയസ്സിൽ കവിത എഴുതിത്തുടങ്ങി ദ്രുതകവിതാ രചനയിൽ സമർത്ഥയായ മേരിജോൺ കൂത്താട്ടുകുളം (1905–1998) പൂജാപുഷ്പം, തരംഗിണി, തുടങ്ങിയ കവിതകളിലൂടെ സ്വാനുഭവ തീഷ്ണതയും ഭാവസൗകുമാര്യവും മലയാളിക്ക് കൈമാറി. 'ഗ്രാമശ്രീ'യുടെ കവയിത്രിയായിരുന്ന കടത്തനാട്ട് മാധവിയമ്മ (1909–1999) യാവട്ടെ ജന്മസിദ്ധമായ കാവ്യപ്രതിഭകൊണ്ട് അനുഗ്രഹീതയായിരുന്നു. ദേശീയ നവോത്ഥാന പ്രസ്ഥാനത്തിന്റെ ആശയങ്ങൾ ഉൾക്കൊണ്ട മാധവിയമ്മയുടെ കവിതകൾ പ്രകൃതിയിൽനിന്ന് ലഭിച്ച അവാച്യവും ദിവ്യവുമായ പ്രചോദനത്തിന്റെ സാക്ഷാത്കാരങ്ങളാണ്. കാവ്യോപഹാരം, കണിക്കൊന്ന തുടങ്ങിയ കവിതകൾ കവയിത്രിയുടെ ആദർശങ്ങളെ ഉയർത്തിപ്പിടിക്കുന്ന ഉദ്ബോധനങ്ങളത്രേ.

പുരുഷാധിപത്യത്തിനെതിരെ ശബ്ദമുയർത്തുന്നതോടൊപ്പം സ്വന്തം സത്വം തിരിച്ചറിയാനുള്ള ശ്രമങ്ങൾകൂടിയാവുമ്പോഴേ സ്ത്രീവാദം സാർത്ഥകമാവൂ എന്ന തിരിച്ചറിവ് നേടിയവരാണ് മലയാള കാവ്യ ലോകത്ത് പിന്നീട് വന്ന സത്രീകൾ.

അവർ കാഴ്ചവെച്ച സ്ത്രീ ചിത്രങ്ങൾ പുരുഷന്റെ കാഴ്ചപ്പാടുകളിൽനിന്ന് വ്യത്യസ്തതപുലർത്തി. പുരുഷൻമാരുടെ വ്യവഹാരമേഖലയായി നിലനിന്ന മലയാള കാവ്യരംഗത്ത് അംഗീകാരവും പ്രശസ്തിയും നേടിയ അദ്യത്തെ എഴുത്തുകാരിയാണ് ബാലാമണിയമ്മ. ലാളിത്യവും പ്രസന്നതയും കൈമുതലായുള്ള ബാലാമണിയമ്മയുടെ (1909–2004) കവിതകളിൽ സ്ത്രീയെ അമ്മ, മുത്തശ്ശി എന്നീ സദ്വൃത്തങ്ങളിൽ കാണുന്നു. മാതൃത്വത്തിന്റെ കവിയായി കാണപ്പെടുന്ന ഇവരുടെ രചനകളിലെ സ്ത്രീത്വത്തിന്റെ ശക്തിയും പ്രതിഷേധവും തിരിച്ചറിയാതെ പോകുന്നു.

സ്ത്രൈണഭാവങ്ങളോട് സത്യസന്ധമായി പ്രതികരിക്കുന്നതിൽ സുഗതകുമാരി (1934) പ്രദർശിപ്പിക്കുന്ന മികവ് ഒന്നുവേറെ തന്നെയാണ്. മകളായി, പ്രണയിനിയായി, സഹോദരിയായി, കുടുംബിനിയായി, അമ്മയായി, നിരാലംബർക്ക് ആലംബമായി, നിസ്സഹായർക്ക് അഭയമായി ചെന്നു പറ്റാനിടയുള്ള നിരവധി ജീവിത മണ്ഡലങ്ങളിലെ സൂക്ഷ്മമായ അനുഭവങ്ങളെ ഇവരുടെ കവിതകൾ വരച്ചുകാട്ടുന്നു. മുത്തുച്ചിപ്പി, പാതിരാപൂക്കൾ, പാവം മാനവഹൃദയം, രാത്രിമഴ, അമ്പലമണി, രാധയെവിടെ, തുലാവർഷപച്ച, കുറിഞ്ഞിപൂക്കൾ തുടങ്ങിയ കൃ

തികൾ ഇത്തരത്തിൽ ശ്രദ്ധ പിടിച്ചുപറ്റിയവയാണ്.

നിങ്ങളോരോരുത്തരും മണ്ണായി തീരുമ്പോഴും ഞാൻ മാത്രം ബാക്കിയാവും എന്നുറക്കെ പ്രഖ്യാപിക്കാൻ കരുത്തുള്ള മാധവിക്കുട്ടി (1934–2009) മലയാളത്തിന്റെ വലിയൊരു വരമാണ്. സത്രീപക്ഷ വിഷയങ്ങൾക്കപ്പുറവും തന്റെ ഭാവനകൾക്ക് ചേക്കേറാൻ കഴിയുമെന്ന് കാണിച്ചു തരുന്നതോടൊപ്പം മുഖ്യധാരാകവിതയിൽ മുൻനിരയിൽ തന്നെയാണ് തന്റെ സ്ഥാനമെന്ന് ഓർമ്മിപ്പിക്കുകയും ചെയ്യുന്നു ഇവരുടെ കവിതകൾ.

സ്ത്രീഹൃദയത്തിന്റെ സരളതയും പ്രേമസങ്കൽപ്പങ്ങളും ഉദാത്ത വൽക്കരിക്കുന്ന വികാരഭാവമായി ലളിതാ ലെനിന്റെ (1946) കവിതകൾ മാറുന്നു. കരിങ്കിളി, കർക്കിടക വാവ് തുടങ്ങിയ കവിതകൾ സത്രീയുടെ സാമൂഹ്യ പരിമിതികളെ മുറിച്ചുകടക്കാനുള്ള ത്വരയാണ്. ഇതിനിടയിൽ കവിതാ രചനലോകത്തേക്ക് ധാരാളം സ്ത്രീകൾ കടന്നുവന്നതായികാണാം. ലക്ഷ്മി ദേവി, സരസ്വതി പൊന്നറ, നാലപ്പാട്ട് അമ്മിണിയമ്മ, സുശീല രവീന്ദ്രൻ, ബി. സന്ധ്യ തുടങ്ങിയവർ ഇതോടൊപ്പം പരിഗണന അർഹിക്കുന്നവരാണ്.

സ്ത്രീയെ അലങ്കാര വസ്തുവോ ഉപഭോഗവസ്തുവോ അടിമയോ ആക്കിമാറ്റിയ സാമൂഹികാവസ്ഥ, പുരുഷ മേധാവിത്വം സ്ത്രീയുടെ ചലനങ്ങൾക്ക് കൂച്ചുവിലങ്ങിടുന്ന നിയമങ്ങൾ, സ്ത്രീക്ക് എല്ലാ സ്വാതന്ത്ര്യവും നൽകുന്നു എന്ന കപട വ്യവഹാരങ്ങൾ തുടങ്ങിയ അവസ്ഥകളെ ഗൗനിക്കാതെ രംഗപ്രവേശം ചെയ്ത പെൺ കവികൾ ധാരാളമുണ്ട്. ഇക്കൂട്ടർ വ്യക്തിമനസ്സിന്റെ അഗാധതകളിലേക്ക് ഇറങ്ങിച്ചെന്ന് സ്വന്തം സത്യത്തെ തിരിച്ചറിഞ്ഞവരായിരുന്നു. പുരുഷ നിർമ്മിത നിയമങ്ങൾക്കും മൂല്യബോധത്തിനും കീഴ്പ്പെട്ട് കണ്ണും ചെവിയും വായും മൂടിക്കെട്ടി ജീവിക്കുന്ന സ്ത്രീകളാണ് സമൂഹത്തിന് അഭിമതകളായ മാതൃകാ വനിതകൾ.

**സ്ത്രീയെ അലങ്കാര വസ്തുവോ ഉപഭോഗവസ്തുവോ അടിമയോ ആക്കിമാറ്റിയ സാമൂഹികാവസ്ഥ, പുരുഷ മേധാവിത്വം സ്ത്രീയുടെ ചലനങ്ങൾക്ക് കൂച്ചുവിലങ്ങിടുന്ന നിയമങ്ങൾ, സ്ത്രീക്ക് എല്ലാ സ്വാതന്ത്ര്യവും നൽകുന്നു എന്ന കപട വ്യവഹാരങ്ങൾ തുടങ്ങിയ അവസ്ഥകളെ ഗൗനിക്കാതെ രംഗപ്രവേശം ചെയ്ത പെൺ കവികൾ ധാരാളമുണ്ട്.**

ഇതിൽനിന്ന് വ്യത്യസ്തമായി സ്ത്രീകൾ അനുഭവിച്ച് പോരുന്ന അടിച്ചമർത്തലുകൾക്കും, അവഗണനകൾക്കും എതിരെ അനുഭവപരമായ സത്യസന്ധത നിലനിർത്തിക്കൊണ്ട് തങ്ങളെകുറിച്ച് പറഞ്ഞ് ആൺകോയ്മയ്ക്കെതിരെ പ്രതിരോധിക്കുന്ന എഴുത്തുകാരികളുടെ ഒരു നിരതന്നെ സാഹിത്യ ലോകത്ത് ഉയർന്നുവന്നു. അവരിൽ പ്രമുഖയാണ്

വിജയലക്ഷ്മി. (1960.)

വിജയലക്ഷ്മിയുടെ മൃഗശിക്ഷകൻ, തച്ചന്റെ മകൾ എന്നീ കവിതകൾ സ്ത്രീപക്ഷ കവിതകളായി വായിക്കാം. മൃഗശിക്ഷകനിൽ മൃഗം സ്ത്രീയുടേയും ശിക്ഷകൻ പുരുഷന്റേയും പ്രതീകമാണ്. ശിക്ഷകന്റെ നോട്ടവും ചാട്ടയും മൃഗത്തിന് പീഢനാനുഭവമാകുന്നു. മൃഗം തന്റെ അവസ്ഥയെ തിരിച്ചറിയുന്നെങ്കിലും വിധേയത്വത്തിന്റെ സുരക്ഷിതത്വം കണ്ടെത്തുന്നു. പുരുഷ മേധാവിത്വത്തിന് എതിരെയുള്ള സ്ത്രീയുടെ ആദമ്യമായ സ്വാതന്ത്ര്യമോഹവും മാതൃസത്തയുടെ തീക്ഷ്ണതയുമാണ് മൃഗ ശിക്ഷകൻ, തച്ചന്റെ മകൾ, മഴതൻ മറ്റേതോ മുഖം, എന്നിവയിൽ തെളിയുന്നത്.

സാവിത്രി രാജീവന്റെ (1956) കവിതകൾ സ്ത്രീയുടെ വർത്തമാനത്തെ പുതിയ രീതിയിൽ നോക്കികാണുന്നവയാണ്. പ്രതിഷ്ഠ, സമയം എന്നെവിളിക്കുന്നു, ചരിവ് തുടങ്ങിയ കവിതകൾ സമകാലിക സമൂഹത്തോട് ശക്തമായി പ്രതികരിക്കുന്ന

ബോധ മനസ്സിന്റെ പ്രകാശനമാണ്. കോവിലും പ്രതിഷ്ഠയുമായിതീരുന്ന തേഞ്ഞുതീരുന്ന വീട്ടുപകരണമായിതീരുന്ന സ്ത്രീയെക്കുറിച്ച് സാവിത്രീ രാജീവൻ ആശങ്കപ്പെടുമ്പോൾ വി. എം. ഗിരിജ (1961) തന്റെ കവിതകളിലൂടെ ഇടുങ്ങിയ ഗാർഹിക വൃത്തിയിലെ കുടുംബിനിയുടെ മോഹങ്ങളെക്കുറിച്ചും സ്നേഹത്തിന്റെ ഊഷ്മളത വറ്റി മഞ്ഞുകൂമ്പാരമായി മാറിക്കൊണ്ടിരിക്കുന്ന ദാമ്പത്യങ്ങളെക്കുറിച്ചും പാടുന്നു.

സ്ത്രീയുടെ സാമൂഹിക പരിമിതികളെ മുറിച്ചുകടക്കാനുള്ള ത്വരയാണ് റോസ്മേരിയുടെ കവിതകൾ (1956) വാക്കുകൾ ചേക്കേറുന്ന ഇടം, ചാഞ്ഞുപെയ്യുന്ന മഴ, വേനലിൽ ഒരുപുഴ തുടങ്ങിയ കവിതളിലൂടെ റോസ്മേരിയും അർദ്ധനാരീശ്വരൻ കഥയിൽ തോറ്റവന് എന്നീ കവിതകളുടെ രചയിതാവായ ഗീതാ ഹിരണ്യനും (1956–2002) ആധുനിക കവിതയപുടെ മുഖഭാവങ്ങൾ രചന കളിലൂടെ ധ്വനിപ്പിക്കുന്നവരാണ്. ലളിതാ ലെനിൻ, ലക്ഷ്മിദേവി, ജയശ്രീ, ഗീത ഹിരണ്യൻ, തേജലക്ഷ്മി, ഹേമ തുടങ്ങിയവരുടെ കവിതകളിൽ പുരുഷാധിപത്യ നഗരവത്കൃത സമൂഹത്തിനും ഉപഭോഗ സംസ്കാരത്തിനും ഇടയിൽ ചവിട്ടി മെതിക്കപ്പെടുന്ന സ്ത്രീയുടെ അഭിലാഷങ്ങളുടെ നിശ്വാസങ്ങളാണ് ഉയർന്നു കേൾക്കുന്നത്.

വ്യക്തി ദു:ഖങ്ങളും ആശങ്കകളും പെൺ കവിതകളുടെ പൊരുളുകളാണ്. സർഗ്ഗധനരായ എഴുത്തുകാരികൾ കവിതാ രചന

യിലൂടെ ഇത്തരം സമ്മർദ്ദങ്ങളെ സമതുലനപ്പെടുത്തുന്നു. കവിതാ രംഗത്ത് തനത് വ്യക്തിത്വം തെളിയിച്ച ധാരാളം കവയിത്രികളെ നമുക്ക് കാണാനാവും. അനിതാ തമ്പി, നൂറ, ശറഫുന്നീസ, ആര്യാ ഗോപി, ശ്രീദേവി എസ്. കർത്ത, ഡോ: ഇ. സന്ധ്യ, അര്യാബിംക, ആശാ എം., കവിതാ ബാലകൃഷ്ണൻ, കെ. എം. മായ, എം. പി. ഷീജ. ഇന്ദലേഖ, തുടങ്ങിയവരെല്ലാം സമകാലിക പ്രശ്നങ്ങൾ കവിതകളിലാവിഷ്കരിച്ചവരാണെന്ന് കാണാം സ്ത്രീയെ സംബന്ധിച്ച യാഥാസ്ഥിതിക ധാരണ പൊളിച്ചെഴുതുന്ന കവിതകളാണ് ഇവർ പുതുകവിതാ ലോകത്ത് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്.

ഇന്റർനെറ്റിന്റെ പ്രചാരത്തോടെ കവിതാ രംഗത്ത് പുരോഗമനപരമായ ഒരു മാറ്റം കൈവന്നിട്ടുണ്ട്. വെബ് മാഗസിനുകളിലൂടേയും, ബ്ലോഗുകളിലൂടെയും., ഫേയ്സ്ബുക്കിലൂടെയും യഥേഷ്ടം കവിതകൾ ഇന്ന് വെളിച്ചം കണ്ടുവരുന്നു. പ്രസിദ്ധീകരിക്കുമോ എന്ന ആശങ്കയോ. എഡിറ്റിംഗിനെക്കുറിച്ചുള്ള ഭയമോ ആവശ്യമില്ലാത്തതിനാൽ തുറന്നെഴുത്തിനുള്ള സാധ്യതകളാണ് എഴുത്തുകാർ നെറ്റിൽ പ്രയോജനപ്പെടുത്തുന്നത്. ഗൗരവമേറിയ ചർച്ചകൾക്കും അഭിപ്രായ പ്രകടനങ്ങൾക്കും പ്രതിഷേധ പ്രസ്ഥാനങ്ങൾക്കും ഉള്ള സ്ഥലമായും കഥകളും കവിതകളും കമന്റുകളും നിറഞ്ഞ സ്ഥലമായും സൈബർ സ്പേയ്സ് മാറുന്നു.

മലയാളത്തിലെ സൈബർ സാഹിത്യം സ്ത്രീരചനകളെക്കൊണ്ട് സമ്പന്നമാണ്. സ്വാനുഭവ സമ്പന്നമായ കവിതകൾ അവർതന്നെ പ്രസിദ്ധീകരിക്കുന്നു. തങ്ങളുടെ പ്രത്യേകമായ അനുഭവ മണ്ഡലം കൂടുതലായി അവിഷ്കരിക്കപ്പെടുമ്പോൾ മാത്രമാണ് പൊതുപ്രശ്നങ്ങളെക്കുറിച്ച് ചിന്തിക്കുന്ന പ്രതികരിക്കുന്ന സ്ത്രീത്വം സാന്നിദ്ധ്യമറിയിക്കുന്നുള്ളു.

സ്വാനുഭവ തീക്ഷ്ണതയുള്ള ഈ കവിതകൾ സൈബർ ലോകത്തും പ്രസിദ്ധികരിച്ചതിനുശേഷം സമാഹാരമായി ഇറക്കിയവരുമുണ്ട്. സിന്ധു കെ.വിയുടെ കാപ്പിതോട്ടങ്ങളുടെ സാക്ഷി, സിന്ധു മലമക്കാവിന്റെ എക്സ്ചേഞ്ച് ഓഫർ, ജ്യോതിബായ് പരിയാരത്തിന്റെ പേശാമടന്ത തുടങ്ങിയവ ഇത്തരം കഥാ സമാഹാരങ്ങളാണ്. വിജയലക്ഷ്മി, വി.എം. ഗിരിജ, അനിത തമ്പി, അമൃത എന്നീ കവികൾ സൈബർ ലോകത്തും പ്രസിദ്ധീകരണങ്ങളിലും ഒരേപോലെ കവിത രചിക്കുന്നവരാണ്.

കവിത എഴുത്തുകാർ കൂടുന്നതനുസരിച്ച് ഓൺലൈൻ മാസികകളും കൂടുന്നുണ്ട്. നെല്ല്, അക്ഷരം, മലയാള നാട്, ഹരിതകം, ബൂലോക കവിത തുടങ്ങിയവ കവിതകളുടെ ഓൺലൈൻ പ്രസിദ്ധികരണങ്ങളാണ്. മലയാളകവിത. എഴുത്ത്, നെറ്റ്, കവിത ലോകം, കാവ്യകേളി, വാക്ക് തുടങ്ങിയ ദിനംപ്രതി നവീകരിക്കപ്പെടുന്ന ഫേയ്സ്ബുക്ക് ഗ്രൂപ്പുകൾ നിരവധിയാണ്. ആശാലത, അഭിരാമി, പ്രസന്ന ആര്യൻ, ഗീത മൂർഖനാട്, സരിതവർമ്മ, രമ്യ സഞ്ജീവ്, നൂറ, ധന്യ എം.ഡി, റോഷ്നി സ്വപ്ന, ഹേമ ഹേമംബിക, സംഗീത തുടങ്ങി ബ്ലോഗ്, ഫേയ്സ്ബുക്ക് കവികളുടെ നീണ്ട നിര കൂടി വരികയാണ്.

കാലഘട്ടത്തിന്റെ ചൈതന്യമുൾക്കൊള്ളാൻ കവിതകൾക്കുമാത്രമേ കഴിയൂ. ഉറങ്ങുന്നവനെ ഉണർത്താനും കർമ്മവീര്യം പകരാനും കവിതയ്ക്ക് മാത്രമേ കെൽപ്പുള്ളു. പഴയകാലത്തെ അപേക്ഷിച്ച് തീർത്തും മൗലികങ്ങളും സ്വതന്ത്രങ്ങളുമായ നാദങ്ങളും കിരണങ്ങളും ഒത്തുചേർന്നു പരിലസിക്കുന്ന ഒരു കാവ്യാന്തരീക്ഷവും ഹൃദയാന്തർഭാഗത്ത് നിന്ന് പൊങ്ങി വരുന്ന സ്ത്രീസമൂഹത്തിന്റെ സർഗ്ഗ സൃഷ്ടികളും സാഹിത്യ ലോകത്ത് ഒളിമങ്ങാതെ കിടക്കും. ●

**കവിത**



# അരങ്ങത്തേയ്ക്ക്

**സുഷമ ബിന്ദു**

**അടുപ്പിലെ** തീയും ഉള്ളിലെ തിളയുമായി
പൊറുതിമുട്ടിയ കഞ്ഞിക്കലം
ഒരു ദിവസം
അടുക്കളപ്പടിയിറങ്ങി നടന്നു.
വിശന്ന് വിളമ്പിമടുത്ത
തവിയും കൂടെയിറങ്ങി.
അരഞ്ഞുതേഞ്ഞ അമ്മിക്കല്ല്
മുക്കിലിരുന്ന് മൂക്കുചീറ്റി.
തണലില്ലാത്ത വഴിയിൽ
വിശപ്പുമൂത്തവരുടെ
വെള്ളമൂറുന്ന നാവുകണ്ട്
പേടിച്ചുതിരിഞ്ഞുനടന്നു.
അടുക്കളയിൽകയറി വാതിലടച്ച്
അടുപ്പിനുമുകളിൽ ചുരുണ്ടിരുന്നു.
തീയും തിളയുമുണ്ടെങ്കിലും
മൂന്നുകല്ലിൽ സുരക്ഷിതം



ലേഖനം



അമ്മു ദീപ


# ക്യാമ്പസ് പെൺകവിത 2014

**ക്യാമ്പസ്** പെൺകുട്ടിക്കു നൽകിയ സ്വാതന്ത്ര്യങ്ങൾ ചെറുതല്ല. അവൾ ആദ്യമായി മുഖം ഉയർത്തി നടന്നത്. മുടി അഴിച്ചിട്ടത്, അക്ഷരങ്ങളിൽ അഭിരമിച്ചത്, ധാരാളമായി വായിച്ചു തുടങ്ങിയത്, മരത്തണലുകളിലിരുന്ന് കളിച്ചുരസിച്ചത്, ഇഷ്ടവസ്ത്രങ്ങളണിഞ്ഞത്, കൂട്ടുകാരനെ കണ്ടെടുത്തത്, പ്രണയിനിയായത്, സുഹൃത്തായത് ഒക്കെ ക്യാമ്പസിൽ വച്ചാവണം. സമരം ചെയ്യുന്ന, മുദ്രാവാക്യം വിളിക്കുന്ന, പ്രസംഗിക്കുന്ന, വരക്കുകയും പാടുകയും എഴുതുക
യുമൊക്കെച്ചെയ്യുന്ന പെൺകുട്ടിയെ നാമാദ്യമായി കണ്ടുമുട്ടുന്നത് ക്യാമ്പസിലാണ്. യാഥാസ്ഥിതികമായ പെൺമാപിനികളെ തീർത്തും അപ്രസക്തമാക്കിക്കൊണ്ട് ബഹുസ്വരതകളിലേക്ക് പെൺകുട്ടി അടയാളപ്പെട്ടു തുടങ്ങിയത് ക്യാമ്പസുകളിലാണ്.

പുതുപെൺകൊടി പിറവിയെടുത്ത ഈറ്റില്ലങ്ങളായ ക്യാമ്പസുകളിൽ നിന്ന് ഇന്നേറെ മുഴങ്ങിക്കേൾക്കുന്നത് കവിതയുടെ ഒച്ചകളാണ്. മുഖ്യധാരാമാധ്യമങ്ങളിലെ ക്യാമ്പസ് പംക്തികളിലൂടേയും ഒട്ടനേകം ചെറുമാസികകളിലൂടേയും വെബ്മാഗസിനുകളിലൂടേയും ക്യാമ്പസ് ബ്ലോഗുകളിലൂടേയും ആ തത്സമയ ഒച്ചകൾ നമ്മിലുമെത്തുന്നു. ക്യാമ്പസ് പെൺകവിതയെക്കുറിച്ചുള്ള ഏതൊരു നിരീക്ഷണും സമകാലിക പെൺകവിതയുടെ ഏറ്റവും പുതിയ മുഖം അന്വേഷിക്കലാകും. അത്തരത്തിലുള്ള ഒരന്വേഷണമാണ് ഈ പ്രബന്ധം ലക്ഷ്യം വെക്കുന്നത്.

കവിതയുടെ പുതുമുളകൾക്ക് വളക്കൂറുള്ള മണ്ണാണ് ക്യാമ്പസുകൾ. പ്രണയമായും വിരഹമായും വിപ്ലവമായും പുതുയൗവ്വനത്തിന്റെ വർത്തമാനങ്ങളെ അത് എക്കാലത്തും ആവിഷ്കരിച്ചിട്ടുണ്ട്. എന്നാലിന്ന് പ്രണയവും വിപ്ലവവുമൊക്കെ ക്യാമ്പസിൽ നിന്ന് ഏതാണ്ട് തിരോഭവിച്ചമട്ടാണ്. ഒരു

യാഥാസ്ഥിതികമായ
പെൺമാപിനികളെ
തീർത്തും
അപ്രസക്തമാക്കിക്കൊണ്ട്
ബഹുസ്വരതകളിലേക്ക്
പെൺകുട്ടി
അടയാളപ്പെട്ടു
തുടങ്ങിയത്
ക്യാമ്പസുകളിലാണ്.



മിസ്ഡ്കോളിന്റെ അകലത്തിൽ അവൻ/അവൾ എപ്പോഴുമുള്ളതു കൊണ്ടോ രണ്ടുവരി എസ്.എം. എസ് സന്ദേശങ്ങളിൽ പ്രണയഭാവനകൾ ഒതുക്കിക്കുറിക്കപ്പെടുന്നതുകൊണ്ടോ ഓരോ വർഷവും പുറത്തിറങ്ങുന്ന ക്യാമ്പസ് മാഗസിനുകളിൽപ്പോലും പ്രണയവിരഹ കവിതകൾ നന്നേ കുറവാണ്. വിപ്ലവമാകട്ടെ നാലാൾ നടക്കും വഴികളിൽ പരദൂഷണ പ്രായത്തിൽ ഫ്ളക്സുകളിൽ തൂങ്ങി. ക്യാമ്പസ് പ്രണയങ്ങൾക്കും മാറ്റം വന്നു. പെൺകുട്ടികളെ സംബന്ധിച്ചാണെങ്കിൽ അവരാരും ഇന്ന് മുഗ്ദ്ധാനുരാഗിണികളല്ല. അവൾ ആരെയും അന്ധമായി വിശ്വസിക്കുന്നില്ല. നവലിബറൽകാലത്തെ നാലാമിടങ്ങളും പുത്തൻ ആൺകോയ്മയിലധിഷ്ഠിതമായ ആഗോളവിപണിയും ചുറ്റിലും വലകൾ നെയ്ത് ഒളിക്യാമറകൾ വെച്ച് എമ്പാടും ചതിക്കുഴികൾ തീർക്കുന്നത് അവളറിയുന്നു. നടപ്പിലും എടുപ്പിലും ജാഗരൂകയായ ഒരു പെൺകുട്ടിയാണ് ഇന്ന് ക്യാമ്പസിലുള്ളത്. ഉടലിന്റെ ഓരോ സൂക്ഷ്മാണുവിലും ഒരു പരിചകാത്തുസൂക്ഷിക്കുന്നവൾ. പ്രണയത്തേക്കാൾ പ്രതിരോധത്താൽ ഏകാഗ്രമാക്കപ്പെടുന്നുണ്ട് അവളുടെ വാക്കുകൾ.

'കണ്ണിൽ നിന്നുതിരുന്ന
കണ്ണുനീരെല്ലാം
കരട് പോയതിനാണെങ്കിൽ
ഞാനിന്ന്
എത്ര പേരുടെ കണ്ണിലെ
കരടാണ്' (കരട്, നീതുരാഘവൻ, മഹാരാജാസ് കോളേജ്, എറണാകുളം) എന്ന് മറ്റുള്ളവരുടെ കണ്ണിലെ കരടായി ആത്മത്തെ തിരിച്ചറിയുകയാണ് പുതിയ പെൺകുട്ടി. കുലീനതയിൽ ഇനിയവൾക്കു വിശ്വാസമില്ല. കരച്ചിലും കണ്ണീരും ഇനിയൊരു പ്രതിവിധിയല്ലെന്ന് അവൾ പഠിച്ചു കഴിഞ്ഞു. ഒരു കണ്ണിൽ സ്പനങ്ങളാണെങ്കിൽ മറുകണ്ണിൽ നിറയെ സംശയങ്ങളാണവൾക്ക്. ചതിക്കപ്പെട്ട പെൺകുട്ടി ആത്മഹത്യചെയ്യണമെന്ന പഴയ പ്രത്യയശാസ്ത്രത്തിന് ഇനിയവളെ പറ്റിക്കാനാവില്ല. ഒരു ആശ്ചര്യചിഹ്നമായെങ്കിലും ആത്മത്തെ കണ്ടെടുക്കുവാനാകാത്ത തത്വശാസ്ത്രങ്ങളെ മറവിയുടെ ഇരുട്ടിലേക്ക് വലിച്ചെറിയണമെന്നു തന്നെയാണ് അവളുടെ ഉറച്ച തീരുമാനം.

> **ഘനീഭവിച്ചുപോയ പെൺദുഃഖങ്ങൾ കൊണ്ടാണ് ആ വീടിന് ചുമര് കെട്ടിയിരിക്കുന്നത്. ശുഭ്രവസത്രങ്ങളും മന്ത്രധ്വനികളും ചേർത്തു പിടിച്ച വിരലുകൾകൊണ്ടാണ് മേൽക്കൂരയൊരുങ്ങുന്നത്. പൊരുളറിയാതെ വായിച്ചുപഠിച്ച വചനങ്ങൾ കൊണ്ടാണ് ജനലുകളും വാതിലുകളും അടച്ചുറപ്പിച്ചിരിക്കുന്നത്.**

'ഒറ്റുകാരന്റെ പുഞ്ചിരിയോ
ഒറ്റപ്പെടുന്നവന്റെ വേവലാതിയോ
തിടുക്കം കൂട്ടുന്ന വികാരപ്രളയമോ
ഒന്നുമില്ലാതെ
അവസാനവണ്ടിയുടെ പുറകെ
ഓടിക്കിതച്ചു നിന്ന യാത്ര പോലെ
ഇരുട്ടിന്റെ മറവിൽ വലിച്ചു കീറാം
ഒരു ആശ്ചര്യചിഹ്നമായെങ്കിലും
കണ്ടെടുക്കാനായില്ലെങ്കിൽ
മറവിയുടെ ഇരുട്ടിലേക്ക്...'

(ചോദ്യങ്ങളെ നേരിടാത്ത ഉത്തരങ്ങൾ, തുഷാര കെ.ടി, മഹാരാജാസ് കോളേജ്, എറണാകുളം)

ഒരിക്കലും ചോദ്യങ്ങളെ നേരിടേണ്ടിവന്നിട്ടില്ലാത്ത കൊട്ടിഘോഷിക്കപ്പെട്ട ഉത്തരങ്ങളോട് അവൾക്ക് മതിപ്പൊന്നുമില്ല. മുഷ്ടിചുരുട്ടി നിൽക്കുന്ന ചിഹ്നങ്ങൾക്കുമുമ്പിൽ അവൾ സ്വയം വിസ്തരിക്കുകയാണ്. അപ്പോൾ അക്ഷരക്രമങ്ങൾ ലംഘിക്കപ്പെട്ടേക്കാം. ഭാഷയിൽ ചില തിരുത്തലുകൾ വേണ്ടിവന്നേക്കാം. പുതിയ പെൺകുട്ടി അഭിമുഖീകരിക്കേണ്ടുന്ന പ്രതിസന്ധികൾ അടിസ്ഥാനതലത്തിൽ വെച്ച് തുടങ്ങുന്നുവെന്ന് തുഷാരയുടെ ദീർഘകവിത നമ്മെ ഓർമ്മിപ്പിക്കുന്നു.

അന്ധതയുടെ കറുത്ത കല്ലുകൾകൊണ്ട് പെണ്ണിനു പണിഞ്ഞു കൊടുക്കുന്ന വീടാണ് 'നിക്കാഹ്' എന്ന് തിരിച്ചറിയുന്ന 'വീട്' എന്ന കവിത (ആഫിയ നൂർ, ദേവസംസ്കൃതി വിദ്യാപീഠം) കുടുംബം, ദാമ്പത്യം തുടങ്ങിയ  സ്ഥാപനങ്ങൾ എങ്ങനെ പെണ്ണിന്റെ പുറംനടത്തങ്ങളെ നിരാകരിച്ചുകൊണ്ട് തടവറ പണിയുന്നതെന്ന് വിശദീകരിക്കുന്നു. വീടും തടവും ഒട്ടുപഴകിയ വിഷയമാണെങ്കിലും സവിശേഷമായ കാവ്യബിംബങ്ങളാൽ വ്യതിരിക്തമാകുന്നു ഇക്കവിത. ഘനീഭവിച്ചുപോയ പെൺദുഃഖങ്ങൾ കൊണ്ടാണ് ആ വീടിന് ചുമര് കെട്ടിയിരിക്കുന്നത്. ശുഭ്രവസ്ത്രങ്ങളും മന്ത്രധ്വനികളും ചേർത്തു പിടിച്ച വിരലുകൾകൊണ്ടാണ് മേൽക്കൂരയൊരുങ്ങുന്നത്. പൊരുളറിയാതെ വായിച്ചുപഠിച്ച വചനങ്ങൾ കൊണ്ടാണ് ജനലുകളും വാതിലുകളും അടച്ചുറപ്പിച്ചിരിക്കുന്നത്. വ്യാഖ്യാനങ്ങൾ കൊണ്ട് വെള്ളപൂശി സ്വപ്നങ്ങളാൽ അലങ്കരിച്ച് ഉറക്കുകഥകളിലെ പരിശുദ്ധകളായ ഹൂറികൾക്ക് സ്വർഗ്ഗം കിട്ടിയ കഥയോർത്ത് വീടൊരുക്കി കാത്തിരിക്കുകയാണ് വീട്ടുപേര് നിക്കാഹ്.

'ഒരായുസ്സിന്റെ കണ്ണീരുരുക്കിയുണ്ടാക്കിയ
ഇത്തിരിപ്പൊന്നും ചേർത്തു വെച്ച്
പതിനാറു തികയും മുമ്പേ
അടുത്ത വീട് കെട്ടാൻ തുടങ്ങും'

എന്ന് പെണ്ണിന് ബാല്യകൗമാ

രങ്ങൾ നിഷേധിക്കുന്ന സമൂഹത്തിന്റെ നീതിബോധത്തെ ചോദ്യം ചെയ്യുക കൂടി ചെയ്യുന്നു ഈ കവിത. മതം പലപ്പോഴും അലോസരപ്പെടുത്തുന്നത് പെൺജീവിതത്തെയാണ്. അവളാണ് എവിടെയും ഇര.

‘ഒരിക്കലൊരു പെണ്ണ്
തനിക്കു ചുറ്റും
എന്തുനടക്കുന്നു എന്നറിയാൻ വേണ്ടി
തല പുറത്തേക്കിട്ടു.
ലോകം അവളുടെ കഴുത്തിൽ
ഒരു ചങ്ങലയിട്ടു
എന്നിട്ടതിനെ മാലയെന്ന് വിളിച്ചു.
കൈകളുയർത്തി
അവൾ സംസാരിച്ചപ്പോൾ
അതിനെ വിലങ്ങിട്ടു വള എന്നു വിളിച്ചു
തന്റെ വാരിയെല്ലിൽ നിന്നും
അവൾ അകലാതിരിക്കാൻ
അരക്കുചുറ്റും അരഞ്ഞാണമിട്ടു
ഓടിപ്പോവാതിരിക്കാൻ
കാലിൽ പാദസരങ്ങളിട്ടു
ലോകം ഉറക്കെപ്പറഞ്ഞു
ആഹാ!നീ എത്ര സുന്ദരിയാണ്’

(നൂറ്റാണ്ടിന്റെ സബർ, അജിഷ. കെ.സി എഞ്ചിനീയറിംഗ് കോളേജ്, തിരുവനന്തപുരം)

സബർ എന്നാൽ സഹനം എന്നർത്ഥം. എപ്പോഴും സുന്ദരിയായിരിക്കാൻ നിയോഗിക്കപ്പെടുന്നവളുടെ സഹനമാണ് ഈ കവിതയുടെ കാതൽ. അതിലുപരി ഒരുവളെ സുന്ദരിയും കുലീനയുമൊക്കെയായി നിലനിർത്തുന്നതിലെ ചരിത്രപരമായ കെണി അനാവരണം ചെയ്യപ്പെടുന്നുമുണ്ടിതിൽ. പെണ്ണിന്റെ ആടയാഭരണങ്ങളിൽപ്പോലും നിർലീനമായിരിക്കുന്ന ആൺകോയ്മാചരിത്രത്തെ അത് വെളിപ്പെടുത്തുന്നു.

വീട് അതിന്റെ ലക്ഷ്യം കൊണ്ട് ഭൂമിയിലെ മറ്റു ജീവജാലങ്ങൾക്കെല്ലാമെന്നതുപോലെ സ്നേഹസുരക്ഷകളുടേയും സന്തോഷത്തിന്റേയും ഇടമാണ്. പ്രാകൃതികവും ജൈവികവുമാണ് വീട് എന്ന ആശയം. വീടിന്റെ ആനന്ദം ഇല്ലാതാക്കുകയാണ് പുരുഷന്റെ അനാവശ്യമായ അഹംബോധവും പിടിവാശികളും. പുരുഷന് അധികാരമുറപ്പിക്കാനും നിയമങ്ങൾ നടപ്പിലാക്കാനുമുള്ള ഇടമായി വീട് മാറുമ്പോൾ പങ്കുവെക്കലുകൾ അപ്രസക്തമാകുന്നു. ‘കറിയിൽ ഉപ്പും ചായയിൽ മധുരവും പറഞ്ഞ്പറഞ്ഞ് എന്റെ നാവും കുഴഞ്ഞു’ എന്ന് സദാ പരിതപിക്കാനേ അവന് നേരമുള്ളു. ഏതു നേരവും പരാതി പറഞ്ഞ് കലഹിച്ച് ജീവിതത്തിന്റെ ഉപ്പും മധുരവും വേണ്ടെന്നുവെക്കുന്ന അവനൊരു മഠയൻ തന്നെ. സരിത ശ്രാവണിന്റെ (മഹാത്മാഗാന്ധി കോളേജ്, തിരുവനന്തപുരം) ഉപ്പും മധുരവും എന്ന കവിത കുടുംബജീവിതത്തിലെ ആനന്ദങ്ങളെ അപ്രാപ്യമാക്കുന്ന ആൺകോയ്മാബോധത്തോട് അൽപമൊരു പരിഹാസത്തോടെ ഇടയുന്നു.

ഒരു വാക്കും ചിരിയും
ചേർത്തുവെച്ച്
ഉപ്പുമാങ്ങാകൂട്ടി
ഉണ്ണാനറിഞ്ഞിരുന്നുവെങ്കിൽ
എന്റെയിഷ്ടാ
പാകമായേനെ ജീവിതം
എനിക്കും നിനക്കും

എന്ന് അവൾ അവനെ തിരുത്തുകയാണ്.

ആതിര.എം(നെഹ്റുകോളേജ് ഓഫ് ആർട്ട്സ് & സയൻസ്, കാഞ്ഞങ്ങാട്) ന്റെ ‘അധിനിവേശം’ എന്ന കവിത സ്നേഹമെന്ന മറയ്ക്കു കീഴിൽ അധിനിവേശം നടത്തുന്ന പുരുഷവ്യവഹാരങ്ങളെ സമർത്ഥമായി പ്രതിരോധിക്കുന്നു. സൂര്യനാണിവിടെ പുരുഷബിംബം. അവളെ സ്നേഹിക്കുവാൻ അവന് ഇത്രയേറെ ജ്വലിക്കേണ്ടതില്ല. അഥവാ ഇതല്ല യഥാർത്ഥസ്നേഹം. കാടകങ്ങളെ ഉള്ളിലമർത്തി പാതിവെന്തും പാതിനൊന്തും കൊണ്ടാണ് അവൾ സൂര്യനെ അഭിമഖീകരിക്കാറ്. അവൾക്ക് പൊള്ളുന്നുണ്ട്, എങ്കിലും

“നിനക്കെന്റെ
കണ്ണുകളെയെരിക്കാം
കനവുകളെ...കഴിയില്ല

എന്ന് ശക്തമായി ചെറുക്കുക തന്നെയാണ്. ഒപ്പം കറുത്ത സൂര്യനുദിക്കുന്ന ദിവസത്തിലേക്കാണ് തന്റെ കാത്തിരിപ്പെന്ന് സ്വേച്ഛയെ തുറന്നുകാട്ടുകയും ചെയ്യുന്നു.

മുകളിൽ ഉദാഹരിക്കപ്പെട്ട കവിതകളെല്ലാം തന്നെ ക്യാമ്പസ് പെൺകവിതയുടെ സ്ഥിരവിഷയങ്ങളായ കേവല പ്രണയവിരഹങ്ങളെയും ഉടലടുക്കളയെഴുത്തുകളേയും സമർത്ഥമായി മറികടക്കുന്നവയാണ്. വ്യത്യസ്ത കാലഘട്ടങ്ങളിൽ വ്യത്യസ്ത അധികാരബന്ധങ്ങൾക്കകത്ത് വികസിച്ചുവന്ന സാംസ്കാരിക രൂപകങ്ങളായാണ് പെൺകുട്ടി ഇന്ന് അവയെ തിരിച്ചറിയുന്നത്. ഓരോ വാക്കിലും ഓരോ ചിഹ്നത്തിലും പതിയിരിക്കുന്ന ചതിക്കുഴികളെക്കുറിച്ച് ഇന്നവൾ ഏറെ ബോധവതിയാണ്. ഇനിയവൾക്ക് തുറന്നെഴുത്തുകളാണ് ശരണം. പരമാവധി അനാവൃതയാക്കപ്പെട്ട കരുത്താർന്ന പെണ്ണാണ് ക്യാമ്പസ് കവിതകളിൽ നിറഞ്ഞു നിൽക്കുന്നത് അവൾക്ക് ലജ്ജയും മുഖപടങ്ങളുമില്ല. പ്രതിരോധസജ്ജവും പ്രതീക്ഷാനിർഭരവുമാണ് അവളുടെ ഭാഷ. ആസുരകാലത്തിന്റെ പ്രതിപക്ഷസീറ്റിൽ സൂക്ഷ്മദർശിനിയായി അവളിരിക്കുകയാണ്; കലഹിക്കുകയാണ്. ●

വ്യത്യസ്ത കാലഘട്ടങ്ങളിൽ വ്യത്യസ്ത അധികാരബന്ധങ്ങൾക്കകത്ത് വികസിച്ചുവന്ന സാംസ്കാരിക രൂപകങ്ങളായാണ് പെൺകുട്ടി ഇന്ന് അവയെ തിരിച്ചറിയുന്നത്. ഓരോ വാക്കിലും ഓരോ ചിഹ്നത്തിലും പതിയിരിക്കുന്ന ചതിക്കുഴികളെക്കുറിച്ച് ഇന്നവൾ ഏറെ ബോധവതിയാണ്.



സിന്ധു



# എന്റെ സൈബർ ഇടം

**അത്യുഗ്രമായ** സംഘർഷങ്ങളിൽപ്പെടുമ്പോൾ, തീവ്രമായി പ്രതികരിക്കേണ്ടി വരുമ്പോൾ മറ്റെന്തിലുമപ്പുറം കവിതയെന്ന സങ്കേതത്തിനു മാത്രം കഴിയുന്ന ചിലതുണ്ടെന്നു തോന്നാറുണ്ട്. അങ്ങനെതന്നെയാവണം ആദികാവ്യം ഉണ്ടായതെന്നു വിശ്വസിക്കാനാണ് എനിക്കിഷ്ടം. ഭൂമിയിൽ കാണുന്ന മനോഹരദൃശ്യങ്ങളിൽ ഏറ്റവും മുന്നിൽ വെക്കാവുന്നത് രണ്ടുപേർ പ്രണയിക്കുന്ന കാഴ്ചയാണ്. നിലവിലുള്ള പ്രപഞ്ചം മുഴുവൻ നിഷ്പ്രഭമാക്കിക്കൊണ്ട് അവരപ്പോൾ മറ്റൊരുപ്രപഞ്ചം രൂപപ്പെടുത്തുന്നു. അതിനിടയിലേക്ക് കടന്നുവരുന്ന ഏതൊരു വസ്തുവും മാപ്പർഹിക്കുന്നില്ല. 'അരുത് കാട്ടാളാ' എന്ന് പരിത്യാഗിയായ മുനിയെക്കൊണ്ടുപോലും പാടിപ്പിക്കുന്നു അത്. 'അവൾ ഒരു കവിതയാണ്', 'അന്നേരം കവിതേ അത് നീ മാത്രമാണ്', 'കവിത പോലൊരു ദിവസം' എന്നൊക്കെയല്ലാതെ നീയൊരു കഥയാണെന്ന് പറയുമ്പോൾ അവിടെ നമുക്ക് അർത്ഥം മാറുന്നുണ്ട്. വായിച്ച പുസ്തകങ്ങളിലും മനസ്സിൽ പതിച്ചവയിൽ കാവ്യശകലങ്ങളോളം മറ്റൊന്നില്ല. ഇടപെടുന്ന മേഖലകളിലൊക്കെ ഒപ്പം കവിത കടന്നുവരാറുണ്ട്. പ്രണയം, കാമ്പസ്, നിർണ്ണായകമായ കാലങ്ങൾ, ഉലയ്ക്കുന്ന സാമൂഹികാവസ്ഥകൾ, സങ്കടങ്ങൾ എന്നിങ്ങനെ മനസ്സപ്പാടെ കൊടുത്തിടത്തൊക്കെ കവിതയുടെ സാന്നിദ്ധ്യമുണ്ടായിരുന്നു.

ഒരേസമയം പൊതുവിടവും അങ്ങേയറ്റം സ്വകാര്യവുമായ ഒരു വേദിയും മാധ്യമവുമാണ് സോഷ്യൽ നെറ്റ്‌വർക്കുകൾ. സൈ

നിലവിലുള്ള പ്രപഞ്ചം മുഴുവൻ നിഷ്പ്രഭമാക്കിക്കൊണ്ട് അവരപ്പോൾ മറ്റൊരു പ്രപഞ്ചം രൂപപ്പെടുത്തുന്നു. അതിനിടയിലേക്ക് കടന്നുവരുന്ന ഏതൊരു വസ്തുവും മാപ്പർഹിക്കുന്നില്ല.

ബർ ഇടവും സോഷ്യൽ നെറ്റ്‌വർക്കും ജീവിതത്തെ രണ്ടായിപകുത്ത മനുഷ്യരുടെ കൂട്ടത്തിലാണ് ഞാനും. സൈബർ ഇടത്തിലെ കവിതാലോകത്തേക്ക് കടന്നുവന്നത് യാദൃശ്ചികമായാണ്. ഡിഗ്രി സിലബസ്സിന്റെ ഭാഗമായി ബ്ലോഗുകളെക്കുറിച്ചറിയാനാണ് ബ്ലോഗ് നിർമ്മിച്ചത്. പിന്നെപ്പിന്നെ ബൂലോകം എന്റെയും കൂടെ വായാനാലോകമായി. കവിതയോടുള്ള ഇഷ്ടം കൊണ്ടുമാത്രം അവിടങ്ങളിൽ ചുറ്റിപ്പറ്റി നിന്നു. അതുവരെ പരിചയിച്ചകാവ്യശീലങ്ങളിൽ നിന്നു വ്യത്യസ്തമായി തന്നോടെന്ന വണ്ണം മിണ്ടിക്കൊണ്ടിരിക്കുന്ന ബ്ലോഗുകൾ, അവിടുത്തെ കവിതകൾ ഒക്കെ പുതിയ അനുഭവമായിരുന്നു.സ്മിതാമീനാക്ഷിയേയും ഡോണയേയും സെറീനയേയും ഉമയേയും പരിചയപ്പെട്ടത് മറ്റൊരു അദ്ധ്യായം തന്നെയാണ്. എന്റെ ഡയറിക്കുറിപ്പുകളിലെ എഴുത്തുകൾക്ക് അക്കാലത്ത് ദേവസേനയുടെ ചിന്തകളുമായി സാമ്യമുണ്ടായിരുന്നു. അത്തരം വായനകൾ വല്ലാത്തൊരാത്മബന്ധം സൈബർ ഇടവുമായി ഉണ്ടാക്കി.വെറുതേയൊരു കൗതുകത്തിനു, നോട്ട്ബുക്കിലും ഡയറിയിലും കുറിച്ചിട്ടിരുന്ന ചില വരികൾക്ക് ബ്ലോഗ് പോസ്റ്റിലൂടെ പുറം ലോകത്തേക്ക് ടിക്കറ്റെടുത്തു. പത്രാധിപന്മാരുടെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ച് മലയാളസാഹിത്യത്തെ പരുവപ്പെടുത്തിയിരുന്ന അന്ന് അവനവന്റെ ഒരു സാഹിത്യ സൃഷ്ടിയെ തികച്ചും സ്വതന്ത്രമായി പുറം ലോകത്തെത്തിക്കുന്ന ഇത്തരം വേദികൾ നമുക്കിടയിൽ തന്നെ ഒരു അപരലോകം സൃഷ്ടിക്കുന്നതുപോലെ തോന്നി. ഓർക്കുട്ട് പോലുള്ള സോഷ്യൽനെറ്റ്‌വർക്കുകൾ, അപരിചിതരായ കൂട്ടുകാരുമായി ചേർന്നുണ്ടാക്കുന്ന കൂട്ടുകെട്ടുകൾ പലർക്കും ഒരാശ്വാസമായിരുന്നു.

സ്ത്രീകൾ ബ്ലോഗിൽ നിന്ന് ഫേസ്ബുക്ക് പോലുള്ള സോഷ്യൽ നെറ്റ്‌വർക്കുകളിലേക്ക് മാറാൻ തുടങ്ങി, എഴുത്തിന്റെ വിളവെടുപ്പുഭൂമികൾ വർദ്ധിച്ചുതുടങ്ങി. അവിടങ്ങളിൽ എഴുത്തുകാർ കാണിക്കുന്ന ധൈര്യവും സ്വാതന്ത്ര്യവും അതിശയിപ്പിക്കുന്നതായിരുന്നു. അവർക്കൊപ്പം ഇരിക്കാൻ ഇഷ്ടമായതുകൊണ്ട് കവിതകളിലൂടെയും അല്ലാതെയും കമന്റ് ചെയ്തും ഈ ഇടം എന്റേതുമാണെന്ന് എന്നോടുതന്നെ പറഞ്ഞു. ഓൺലൈനിൽ ഞാൻ കണ്ട ഏറ്റവും പോസറ്റീവായ കാഴ്ച അവിടങ്ങളിലെ സ്ത്രീസാന്നിദ്ധ്യം തന്നെയാണ്. അങ്ങേയറ്റം ആർജ്ജവത്തോടെ എഴുതുന്ന, ചർച്ചകളിൽ പങ്കെടുക്കുന്ന, വെബ്മാഗസിനുകൾ തയ്യാറാക്കുകയും എഴുതുകയുമൊക്കെ ചെയ്യുന്ന സ്ത്രീ സുഹൃത്തുക്കൾ. അവരിൽ ചെറിയ കുട്ടികൾ മുതൽ വീട്ടമ്മമാർ വരെയുണ്ട്.

സ്ത്രീകൾ ബ്ലോഗിൽ<br>നിന്ന് ഫേസ്ബുക്ക്<br>പോലുള്ള സോഷ്യൽ<br>നെറ്റ് വർക്കുകളിലേക്ക്<br>മാറാൻ തുടങ്ങി,<br>എഴുത്തിന്റെ<br>വിളവെടുപ്പുഭൂമികൾ<br>വർദ്ധിച്ചുതുടങ്ങി.<br>അവിടങ്ങളിൽ<br>എഴുത്തുകാർ<br>കാണിക്കുന്ന<br>ധൈര്യവും<br>സ്വാതന്ത്ര്യവും<br>അതിശയിപ്പിക്കുന്നതാ<br>യിരുന്നു.

അപ്പോൾ എഴുതിയ കവിത കൈമാറി മറുപടി കാത്ത് രാജ്യങ്ങൾക്കും കടലുകൾക്കുമപ്പുറമിരിക്കുന്ന എന്റേയും ഡോണയുടേയുമിടയിലെ സമയത്തിന്റെ സമസ്യയാണ്. അന്നേരത്തെ ഏറ്റവും വലിയ കവിതയെന്ന് തോന്നിയിട്ടുണ്ട്. പകൽ പോലും സ്ത്രീക്ക് മുറിച്ചിട്ട സമയചക്രമുള്ള കാലത്ത്, രാത്രി ഏറെ വൈകിയും ആൺ/പെൺ സുഹൃത്തുക്കളുമായി സംസാരിക്കാൻ ഇക്കാലം സ്ത്രീക്ക് മറ്റേത് ഭൂമിയാണ് തരിക?. ആണും പെണ്ണും പേടിയില്ലാതെ ഇടപെടുന്ന ഇടത്ത് സ്വാഭാവികമായി വരുന്ന ലൈംഗികമോഹങ്ങളും ആസക്തികളും ഇന്നത്തെ ലോകം മൂടിവെക്കുന്നില്ല. ഒളിവും മറവുമില്ലാതെ എന്തും കാഴ്ചകളായിമാറുന്ന കാലത്ത് ഒന്നുംതന്നെ ഇവിടെ മറച്ചുവെക്കലിന്റെ രഹസ്യം പേറാനുള്ള ബാദ്ധ്യത ഏറ്റെടുക്കുന്നില്ല. കവിതയും കവിതകളിലേക്ക് അയിത്തം മാറി കടന്നുവന്ന പദങ്ങളെയും കണ്ട് യാഥാസ്ഥിതിക ആസ്വാദകലോകം പകച്ചു നിന്നു. ആവിഷ്ക്കാര സ്വാതന്ത്ര്യം എന്നത് കവിതാവിഷയങ്ങളിലെ ചൂടൻ ചർച്ചകൾക്ക് എന്നും വഴിയൊരുക്കി.

കവികളുടെ ലിസ്റ്റെടുപ്പ്, ലൈക്കുകളുടെ എണ്ണം, പുകഴ്ത്തൽ തുടങ്ങിയ ബാഹ്യകാര്യങ്ങൾക്കപ്പുറം, നൈമിഷികമായ എഴുത്ത്/ നിരന്തരം എഡിറ്റ് ചെയ്തുള്ള എഴുത്ത് എന്നിങ്ങനെ മറ്റുള്ളവർക്ക് തീരുമാനമെടുക്കാനാവാത്ത കാര്യങ്ങൾക്കപ്പുറം ലഭ്യമാവുന്നു കവിത. കവിതയെ അതുണ്ടാവുന്ന ഇടവുമായി ചേർത്തുവയ്ക്കുമ്പോൾ ഉണ്ടാവുന്ന കുറേക്കൂടി സാർത്ഥകമായ വായനകൾ കവിതയ്ക്ക് സംഭവിച്ചുകൊണ്ടിരിക്കുന്ന, ലോകത്തിനു സംഭവിച്ചുകൊണ്ടിരിക്കുന്ന പരിണാമപ്രക്രിയയെ വെളിച്ചത്തുകൊണ്ടുവരാൻ സഹായിക്കുന്നതാണ്.

മാദ്ധ്യമം തന്നെ ജീവിതമായി മാറിയ ഒരുകാലത്ത് കവിത കടന്നുവരുന്നതെവിടെയാണെന്ന കാര്യം വളരെ പ്രധാനപ്പെട്ടതാണ്. അച്ചടിമാദ്ധ്യമങ്ങളിൽ വളരെ ഗൗരവമുള്ള ലേഖനങ്ങളുടേയും ഫീച്ചറുകളുടേയും ഇടയിലായിരുന്നു കവിതയെ നാം കണ്ടുശീലിച്ചിട്ടുള്ളത്. എന്നാൽ ഇന്റർനെറ്റ് എന്ന പുതിയ മാദ്ധ്യമലോകത്ത് ബ്ലോ

ഗിന്റേയും ഫേസ്ബുക്ക് പോലുള്ള സോഷ്യൽ നെറ്റ് വർക്കിന്റേയും ലോകത്ത് വരേണ്യമായ സകലതിനേയും പൊളിച്ചെഴുതുകയാണ് കവിത. ബ്ലോഗ് അഗ്രിഗേറ്ററുകളിൽ , അപ്ഡേറ്റ് ചെയ്യപ്പെടുന്ന പലതരം ബ്ലോഗ്പോസ്റ്റുകൾക്കൊപ്പവും ഫേസ്ബുക്കിൽ ജനിച്ചുകൊണ്ടിരിക്കുന്ന അനേകായിരം സ്റ്റാറ്റസുകൾക്കിടയിലും കവിത കടന്നുവരുന്നു. കവിത പ്രസിദ്ധീകരിക്കുന്ന ഇടം ഒരു വെർച്വൽ മാർക്കറ്റ് ആകുന്നു. ദേശവും കാലവും ഇല്ലാതാവുന്ന ഒരു മാദ്ധ്യമത്തിൽ കവിതയും സകല ചട്ടക്കൂടുകളും തകർക്കുകയാണ്. സൈബർലോകത്തിന്റെ എഴുത്തിടങ്ങൾ ഏറ്റുവാങ്ങിയ പല കവിതകൾക്കും അച്ചടിയുടെ രാഷ്ട്രീയവുമായി ഒത്തുപോകാനാവില്ലെന്നു കാണാം. ഗുണനിലവാരമോ, രാഷ്ട്രീയമോ വിഷയമാകാത്ത, ഇക്കാലത്തിന്റെ ഭ്രമാത്മകതകളെ അപ്പാടെ ഉൾക്കൊള്ളാനാകുന്ന, അവനവൻ തന്നെ പ്രസാധകനായ ഈ മാദ്ധ്യമം എന്തും എഴുതാനുള്ള സ്വാതന്ത്ര്യം നൽകുന്നുണ്ട്. വായനക്കാർക്ക് തെരഞ്ഞെടുക്കുകയും പ്രതികരിക്കുകയും ചെയ്തുകൊണ്ട് നേരിട്ട് ഇടപെടാം. അച്ചടിച്ച ഒന്നിനുണ്ടാകുന്ന സ്ഥിരതയിൽ നിന്നു പുറത്തുകടക്കുന്നു ഇവിടെ കവിത. സ്റ്റാറ്റസും നോട്ടും കമന്റുപോലും എഡിറ്റ് ചെയ്യാവുന്ന ഒരു നിരന്തരപ്രക്രിയയാകുന്നു.

സോഷ്യൽ മീഡിയ ഒരു വെർച്വൽ മാർക്കറ്റ് ആണെന്ന് പറയുന്നതിനൊപ്പം അവിടത്തെ ആൾക്കൂട്ടവും തിരിച്ചറിയേണ്ടതുണ്ട്. ആധുനിക മനുഷ്യൻ കൈകാര്യം ചെയ്യുന്ന സകല വിഷയങ്ങൾക്കുമൊപ്പം കവിതയും കടന്നുവരുമ്പോൾ ആ കവിതയോട് ഒട്ടും അമാന്തമില്ലാതെ ഇടപെടാനാകുന്നു. കവിതയും കമന്റും തമ്മിലുണ്ടാകുന്ന സമയത്തിന്റെ അന്തരമില്ലായമ, കവിതയെ എങ്ങനെ വായിക്കുന്നു എന്ന സംശയമുണ്ടാക്കുന്നു. കമന്റ് പലപ്പോഴും റെസ്പോൺസ് മാത്രമാണ്.

> മറഞ്ഞിരുന്ന് സംസാരിക്കുമ്പോൾ ധൈര്യം കിട്ടുന്ന മനുഷ്യന്റെ മനശ്ശാസ്ത്രം എക്കാലത്തും ഒന്നുതന്നെയാവണം. തനിച്ചിരിക്കാൻ ഇഷ്ടപ്പെടാത്ത, ആൾക്കൂട്ടത്തിന്റെ ഗരിമ ഇഷ്ടപ്പെടുന്ന ശരാശരി മനുഷ്യന്റെ എല്ലാ ദൗർബല്ല്യങ്ങളേയും തൃപ്തിപ്പെടുത്താൻ സോഷ്യൽ മീഡിയക്ക് കഴിയുന്നുണ്ട്.

പ്രിന്റിൽ നമ്മൾ കാണുന്ന പ്രതികരണത്തിന്റെ സ്വഭാവം തന്നെ പലരും ഈ കമന്റിൽ നിന്ന് പ്രതീക്ഷിക്കുന്നു, അഥവാ അത്തരമൊന്നാണെന്ന് കരുതുന്നു. എന്നാൽ അത്തരത്തിൽ ഒരു വായന അവിടെ സാധ്യമാണോ, അതിന്റെ ആവശ്യമുണ്ടോ എന്നിങ്ങനെയുള്ള സംശയങ്ങൾക്കൊപ്പം തന്നെ സോഷ്യൽമീഡിയയിലെ ആൾക്കൂട്ടത്തിന്റെ മനശ്ശാസ്ത്രവും ചോദ്യം ചെയ്യപ്പെടുന്നു. അത്തരമൊരിടത്ത് ആൾക്കൂട്ടത്തിന്റെ ശക്തമായ അലയടി വ്യക്തികളുടെ ഇഷ്ടാനിഷ്ടങ്ങളെപ്പോലും ബാധിക്കുന്നുണ്ട്. ഗൗരവമാർന്ന ഒരു വായന ആവശ്യമാണോ, വിശേഷിച്ചും അതൊരു പ്രക്രിയയായി നിലനിൽക്കുന്നിടത്ത് എന്നതിനോടൊപ്പം അവിടുത്തെ ചലനങ്ങൾ കവിതയിലെങ്ങനെ ബാധിക്കുന്നു എന്നതും ചർച്ച ചെയ്യേണ്ടതാണ്.

ആളെക്കൂട്ടാൻ പൊടിക്കൈകളുണ്ട്, ആളുകളെ അലോസരപ്പെടുത്തുകയോ, പ്രകോപിപ്പിക്കുകയോ, ഇക്കിളിപ്പെടുത്തുകയോ ചെയ്യുന്ന പദങ്ങൾ ഒരു പൊടിക്കിട്ടാൽ മതി, സംഗതി പലകൈ മറിയും.

മറഞ്ഞിരുന്ന് സംസാരിക്കുമ്പോൾ ധൈര്യം കിട്ടുന്ന മനുഷ്യന്റെ മനശ്ശാസ്ത്രം എക്കാലത്തും ഒന്നുതന്നെയാവണം. തനിച്ചിരിക്കാൻ ഇഷ്ടപ്പെടാത്ത, ആൾക്കൂട്ടത്തിന്റെ ഗരിമ ഇഷ്ടപ്പെടുന്ന ശരാശരി മനുഷ്യന്റെ എല്ലാ ദൗർബ്ബല്ല്യങ്ങളേയും തൃപ്തിപ്പെടുത്താൻ സോഷ്യൽ മീഡിയയ്ക്ക് കഴിയുന്നുണ്ട്. സ്ത്രീകൾക്ക് പരമാവധി സ്വാതന്ത്ര്യം അനുഭവിക്കാനാകുന്ന ഒരിടമായി വിലയിരുത്തുമ്പോൾ അവയിലെത്രപേർ തുല്യമനസ്സോടെ പങ്കാളികളാകുന്നു എന്നത് നാം ബോധപൂർവ്വം മറന്നുപോകുന്നു. എഴുത്തിന്, പ്രത്യേകിച്ച് കവിതയ്ക്ക് കിട്ടിയ സ്വീകാര്യതയെപ്പറ്റിയും നാം വാചാലരാകുമ്പോൾ ഇവിടെ കവിതയുടെ ഗുണമേന്മയുടെ അളവുകോലെന്താണെന്ന് ഇനിയും തർക്കമൊഴിഞ്ഞിട്ടില്ല. ആയിരക്കണക്കിനു പോരുന്ന ലൈക്കുകളോ കമന്റുകളോ വച്ച് അവ വിലയിരുത്താനാകില്ല.കാരണം ഒരാൾക്ക് ഒരു പ്രൊഫൈൽ എന്നല്ല ഇവിടെ മനുഷ്യർ. ഒരാൾ തന്നെ പലപ്പോഴും പലരാകാം. ആൾക്കൂട്ടത്തെ ഭരിക്കുന്നത് വികാരങ്ങളാണ്. അവയെ ഇളക്കാൻ പോന്ന വിഷയങ്ങളുമായി വരുന്നവർ ഇളക്കിവിടുന്ന ചെറുതരംഗങ്ങൾ. അടുത്ത വണ്ടിയിലേക്ക് കയറുന്നതിനിടയിലെ ഈ ചെറുഇടവേള, ഇതിലുമപ്പുറമെന്താണ് നമുക്കു നൽകുകയെന്ന് കണ്ടുതന്നെ അറിയേണ്ടതാണ്. ●

എഴുത്തനുഭവം



# രൂപാന്തരങ്ങൾക്കൊടുവിൽ



മ്യൂസ് മേരി

**ചിലപ്പോൾ** കവിത മകര മാസത്തിലെ ആകാശം പോലെ യാണ്. അവിടെയുമിവിടെയും ചിതറിക്കിടക്കുന്ന മേഘശകല ങ്ങൾ പെട്ടെന്ന് കൂടിച്ചേർന്ന് ആനയുടെയോ മാനിന്റെയോ പെണ്ണിന്റെയോ ഒക്കെ രൂപം കൈക്കൊള്ളുന്നതുപോലെ. എവിടെയോ കിടന്ന വർത്തമാന ങ്ങൾ, അനുഭവങ്ങൾ, കാഴ്ചകൾ, തിരസ്ക്കാരങ്ങൾ കൂടിച്ചേർന്ന് മൂർത്തമാകുന്നു. ഒഴി യാബാധപോലെ അവ നമ്മെ പിന്തുടരുന്നു. രൂപങ്ങൾ അക്ഷര ങ്ങളാകുന്നു. നടക്കുമ്പോഴും കിട ക്കുമ്പോഴും അവ എഴുതിക്കൊ ണ്ടിരിക്കും. എഴുതുന്നത് വെട്ടിയും തിരുത്തിയും പീന്നിട് കടലാസ്സിലേക്ക്. ചിലപ്പോൾ കവിത ഉണ്ടാകുന്നത് ആ രൂപത്തി ലായിരിക്കും. ആകസ്മികമായ കുത്തൊഴുക്കായും ചിലപ്പോൾ കവിത വന്നെന്നു വരാം.

എന്നത്തെയും ഒരു ആത്മമി ത്രമാണ് കവിത. സന്തോഷ ത്തിലും നിരാശയിലും വ്യർത്ഥതാ ബോധത്തിലും ഒളിച്ചോട്ടങ്ങ ളിലും കവിത കൂടെ നടക്കുന്നു. എപ്പോഴാണ് കവിതയുണ്ടാകു ന്നത് എന്ന് ഷീബ ചോദിക്കുന്നു. ജോലി ചെയ്യുമ്പോഴും വെറുതെ യിരിക്കുമ്പോഴും ചിലപ്പോൾ സ്വപ്നത്തിൽ പോലും രണ്ടോ മൂന്നോ വരികൾ തെളിഞ്ഞുവരും. എഴുതിയെന്നോ എഴുതണ മെന്നോ ഇല്ല. പക്ഷേ, അതുണ്ട് എന്റെ കൂടെ.

ചില കവിതകൾ ചില സംഭാ ഷണങ്ങളിൽ നിന്ന് ഉയിരെടുക്കു ന്നതാണ്. എന്നോടൊപ്പം പതിനാ ലുവർഷം ജീവിച്ച ആളാണ് പാപ്പി യമ്മ. എന്റെ മക്കൾക്കു പോറ്റമ്മ യായും എന്റെ ജോലിത്തിരക്കു കൾക്കിടയിൽ സഹകാരിയായും ആ വൃദ്ധ എന്നോടൊപ്പം ജീവി ച്ചു. അവർ ധാരാളം സംഭവകഥ കൾ പറഞ്ഞിട്ടുണ്ട്. അതിൽ കൊടുമ്പിരിക്കൊണ്ട പ്രേമകഥ കളും കടുത്ത പകകളുടെയും വൈരാഗ്യങ്ങളുടെയും വൃത്താന്ത ങ്ങളും കൊലപാതകകഥകളും പരദൂഷണങ്ങളും കുടുംബ

ങ്ങൾക്കുള്ളിലെ രഹസ്യകഥകളും ഒക്കെ വന്നിട്ടുണ്ട്. ഞാൻ കല്യാണം കഴിച്ചെത്തിയ നാടിനെ അറിഞ്ഞത് ശരിക്കും അവരിലൂടെയായിരുന്നു. അത്തരം ഒരു കഥ പറച്ചിലിനിടയിലാണ് അവർ കോപ്പാറ മുണ്ടി എന്ന അഭിസാരികയുടെ കഥ പറഞ്ഞത്. മുണ്ടി എന്നായിരിക്കണം അവരുടെ പേര്. കോപ്പാറ എന്നത് വീട്ടുപേരോ സ്ഥലപ്പേരോ ആകാം.

ആരെയും വശീകരിക്കുന്ന ആ സുന്ദരിയെ കാമിച്ചവർ നിരവധിയാണ്. അവൾ ആ നാട്ടിലും അടുത്ത കരകളിലും പ്രസിദ്ധയായിത്തീർന്നു. ഒരിക്കൽ തന്റെ ഇടപാടുകാരിൽ ഒരാളുമായി മുണ്ടി ഇടഞ്ഞു. രണ്ടുപേരും വാതുവയ്പിലേയ്ക്ക് എത്തി. നിന്നെപ്പോലെ പതിനാറുപേരു വന്നാലും എനിക്കതു പ്രശ്നമല്ല. എന്റെ നടുവിന് നല്ല ബലമുണ്ടെന്നവൾ അയാളോട് പറഞ്ഞു. ഒരു രാത്രി പതിനാറു കരുത്തൻമാർ ചേർന്ന് മുണ്ടിയെ പുഴയോരത്തു വച്ചു ഭോഗിച്ചു. രാവിലെ അവൾ മരിച്ചുകിടക്കുന്നതാണ് എല്ലാവരും കണ്ടത്. അവളുടെ യോനിയിൽ അവൻമാർ മരക്കമ്പ് കുത്തിവച്ചിരുന്നു. രക്തം വാർന്ന് വേദനയനുഭവിച്ച് പുഴക്കരയിൽ മരിച്ചുകിടന്ന മുണ്ടി എന്നെ വിടാതെ പിന്തുടർന്നു. പതിനാറു പേർ ഭോഗിച്ചിട്ടും അവൾക്ക് കൂസലില്ലാതിരുന്നിരിക്കണം. അതാവാം മരക്കൊമ്പുകൊണ്ട് ഭോഗിക്കുന്നതിലേയ്ക്ക് അവൻമാരെ പ്രേരിപ്പിച്ചത്. ആൺപെൺ ലൈംഗികതയുടെ ഈ ക്രൂരമായ പാഠം പിന്നീട് ഞാനറിയാതെ കവിതയിൽ വന്നു. 'നദീതൽപം', 'മുണ്ടിക്കയം' എന്നീ രണ്ടു കവിതകളിലും കോപ്പാറ മുണ്ടിയാണ് വിഷയമാകുന്നത്. അടുത്തകാലത്ത് ഡൽഹിയിൽ നിർഭയ എന്നു പിന്നീട് പേരിട്ടു വിളിക്കപ്പെട്ട പെൺകുട്ടിയെ ബലാൽക്കാരം ചെയ്തപ്പോഴും ഇതേതരം ക്രൂരത അവൻമാരും ചെയ്തതായി വായിച്ചു. കാലദേശഭേദമെന്യേ ആവർത്തിക്കുന്ന ക്രൂരതയുടെ ചരിത്രത്തിന്റെ പ്രാദേശികാഖ്യാനമായിരുന്നു മുണ്ടി. ഇതുപോലെ നാട്ടുമ്പുറത്തെ പെൺജീവിതങ്ങൾക്കിടയിൽ നിന്നുണ്ടായിട്ടുള്ള പല വേറിട്ട ജീവിതങ്ങളും പിന്നീടും കവിതയിൽ വന്നിട്ടുണ്ട്. അതിൽ വഴിക്കള്ളൻമാരോടേറ്റുമുട്ടി ബലാൽക്കാരത്തെ ചെറുത്ത പെണ്ണുങ്ങളും മദ്യപിച്ച് ബസ്സിൽ കയറി പാട്ടുംപാടിയിരുന്ന് എല്ലാ മിനുക്ക മര്യാദകളെയും വെല്ലുവിളിച്ചിരുന്ന കുഞ്ഞുമോളുമൊക്കെ കവിതയ്ക്ക് പശ്ചാത്തലമായിട്ടുണ്ട്. ഒരു വീട്ടമ്മയുടെയും അധ്യാപികയുടെയും ജീവിതങ്ങൾക്കിടയിൽ എന്റെ സമാന്തരജീവിതം പോലെയോ അപരഭാഷ്യം പോലെയോ ഇത്തരം തന്റേടികളും അസദാചാരികളും കവിതയിൽ കൂടെ നടക്കുന്നു.

**ചില സ്ഥലങ്ങൾ നമ്മുടെ ഉള്ളിലെവിടെയോ ആഴത്തിൽ മറഞ്ഞിരിക്കുന്ന ഭാവങ്ങളെ വെളിപ്പെടുത്തിത്തരാറുണ്ട്. ആയിരം കൈകളും പതിനായിരം കാലുകളും കൊണ്ട് പതഞ്ഞുയർന്ന് നീന്തുന്ന പ്രണയകാമനകളും തീവ്രവിഷാദങ്ങളും ചില പരിസരങ്ങളിൽ എന്റെ മെരുങ്ങിയ ചിട്ടവട്ടങ്ങളെ മായ്ച്ചുകളയുന്നു. സന്ധ്യ മയങ്ങുന്ന നേരത്ത് കുന്നിൻപുറങ്ങളിലൂടെ നടക്കുമ്പോൾ മഞ്ഞും മഴയും മാറിമാറി വന്ന് കെട്ടിപ്പിടിച്ച് എന്നെ മറ്റൊരാളാക്കിക്കൊണ്ടേയിരിക്കുന്നു.**

ചില സ്ഥലങ്ങൾ നമ്മുടെ ഉള്ളിലെവിടെയോ ആഴത്തിൽ മറഞ്ഞിരിക്കുന്ന ഭാവങ്ങളെ വെളിപ്പെടുത്തിത്തരാറുണ്ട്. ആയിരം കൈകളും പതിനായിരം കാലുകളും കൊണ്ട് പതഞ്ഞുയർന്ന് നീന്തുന്ന പ്രണയകാമനകളും തീവ്രവിഷാദങ്ങളും ചില പരിസരങ്ങളിൽ എന്റെ മെരുങ്ങിയ ചിട്ടവട്ടങ്ങളെ മായ്ച്ചുകളയുന്നു. സന്ധ്യ മയങ്ങുന്ന നേരത്ത് കുന്നിൻപുറങ്ങളിലൂടെ നടക്കുമ്പോൾ മഞ്ഞും മഴയും മാറിമാറി വന്ന് കെട്ടിപ്പിടിച്ച് എന്നെ മറ്റൊരാളാക്കിക്കൊണ്ടേയിരിക്കുന്നു. കുട്ടിക്കാനം, വാഗമൺ, മൂന്നാർ ഇവ ഓരോന്നും ഓരോ തരത്തിൽ പ്രണയത്തെ വിടർത്തുന്നു. നല്ല രാത്രിയിൽ കുട്ടിക്കാനത്തെ ഒരു മൊട്ടക്കുന്നിന്റെ മുകളിലെ മണ്ണിലും പുല്ലിലും വെറുതെ ആകാശം നോക്കിക്കിടന്ന രാത്രി എന്റെ ഒരുപാടു കവിതയുടെ ഉൽപ്രേരകം (catalyst) ആണ്. ആ മണ്ണിൽ കിടന്നപ്പോൾ എന്തിനാണ് ഞാനത്രയും കരഞ്ഞത്. കണ്ണുനീർ ഞാനറിയാതെ കണ്ണിലൂടെ കരകവിഞ്ഞൊഴുകി. എന്റെ സഹോദരങ്ങളും കുടുംബവും എന്റെ കുടുംബവും നിശബ്ദരായി ആ പുൽപുറത്തിരിക്കുകയോ ചിലർ കിടക്കുകയോ ചെയ്തു. ആരുമൊന്നും മിണ്ടിയതേയില്ല. പാതിരാത്രിയാവോളം ഞങ്ങൾ അവിടെയിരുന്നു. "പറയാതെ ശുഭരാത്രി പിരിയാതെ ചുംബനം പകരാതെ കുന്നിന്റെ ചരിവിൽ കഴിഞ്ഞുവോ നമ്മൾ". അയ്യപ്പപണിക്കരുടെ 'പകലുകൾ രാത്രികളി'ലെ വരി ഒരു ജപം പോലെ ഞാനുരുവിട്ടു. 'രഹസ്യഇന്ദ്രിയങ്ങൾ' എന്ന സമാഹരത്തിലെ മുപ്പത്താറു കവിതകളിൽ മുപ്പതിനും പ്രേരകം ഈ സ്ഥലരാശിയും അവിടുത്തെ ഉറ

യൂരലുകളുമാണ്.
ചിറകുകളിൽ
തീ
മിന്നുന്ന
പക്ഷിയെ
കണ്ടിട്ടുണ്ട്
ഉൾക്കാട്ടിൽ
ഓരോ
ചിറകിളക്കവും
മിന്നലുകളാണ്
നിന്റെ
നോട്ടങ്ങൾപോലെ
മഴ പൊടിയും
മഴമരവുമുണ്ട്
ഉൾക്കാട്ടിൽ
ചോട്ടിൽ
നിന്നാലെത്രയും
മഴപ്പുതപ്പുകൾ
നിന്റെ
ശരീരം പോലെ
ഒരിക്കലും
വിശപ്പിക്കാത്ത
അന്നയിലയുമുണ്ട്
നിന്റെ
അടുപ്പം പോലെ
ഉൾക്കാടിനെ
നമ്മളെന്നും
ചേർത്തു പിടിക്കുന്നു.
(രഹസ്യഇന്ദ്രിയങ്ങൾ)

ഇങ്ങനെ മുപ്പതു കവിതകളിൽ പ്രണയവും വിരഹവും രതിയും വിഷാദവുമായി ഈ സ്ഥലരാസി പ്രവർത്തിക്കുന്നു. 'ഒരുവർ', 'കുട്ടിക്കാനത്തെ മഴ' തുടങ്ങിയ കവിതകളും ഇതിന്റെ തന്നെ വ്യാഖ്യാനങ്ങളാണ്.

ഞാൻ വർഷങ്ങളായി ജീവിക്കുന്നത് യൂണിയൻ ക്രിസ്ത്യൻ കോളേജിലാണ്. രാവിലെ 9½ക്ക് കോളേജിൽ വന്നിട്ട് 4 മണിക്ക് തിരിച്ചുപോകുന്ന അധ്യാപികയല്ല ഞാൻ. ക്യാമ്പസിൽ താമസിച്ച് പഠിപ്പിക്കുന്നതിനാൽ ഈ സ്ഥലം എന്റെ ജീവിതത്തിന്റെ ഉള്ളുലകങ്ങളായി മാറിയിട്ടുണ്ട്. ഇത് മരങ്ങളുടെയും പൂക്കളുടെയും ചിതറിക്കിടക്കുന്ന കെട്ടിടങ്ങളുടെയും ഇടമാണ്. കാറ്റും മഴയും ഇവിടെ ആത്മാക്കളായി സഞ്ചരിച്ചുകൊണ്ടേയിരിക്കുന്നു. പിരിഞ്ഞ വേരുകളുമായി ഉയർന്നുയർന്നു


> അരങ്ങു കാണാത്ത ജീവിതങ്ങൾപോലെ ചിലർ മറഞ്ഞിരുന്നുകൊണ്ട് അവസാനം വരെ ജീവിക്കുന്നുണ്ട്. അവരൊക്കെ പലപ്പോഴും കവിതയായി ജനിക്കുകയും മരിക്കുകയും ചെയ്യും. അപ്പോൾ അഭാവങ്ങളുടെ പെരുക്കത്തിലാണ് ഭാവങ്ങൾ വ്യാഖ്യാനിക്കപ്പെടുന്നത്. അസന്തോഷങ്ങളുടെയും മടുപ്പിന്റെയും പ്രതീക്ഷാഭംഗങ്ങളുടെയും ജീവിതം നയിച്ചുകൊണ്ടേയിരിക്കുന്ന പലരും അങ്ങനെ കവിതയിൽ വരുന്നു.


നിൽക്കുന്ന മഹാഗണി മരങ്ങൾ. ഈ വലിയ ഒറ്റമരങ്ങൾ എനിക്കു ശിവസാന്നിധ്യമാണ്. അതിന്റെ ചോട്ടിൽ നിൽക്കുമ്പോഴൊക്കെ ശിവസാന്നിധ്യം അനുഭവിക്കുന്നു. ഇവിടുത്തെ CC (Cricket Court), ചാപ്പൽ, കോളേജ് കാന്റീൻ എന്നീ ഇടങ്ങളൊക്കെ കവിതയിൽ വന്നിട്ടുണ്ട്. 'കേളേജ് കാന്റീൻ', 'ചെടിമരങ്ങൾക്ക്' എന്നീ കവിതകളിലെല്ലാം കോളേജ് വരുന്നു. കവിത എഴുതുന്ന സുനിൽ എന്ന കാന്റീൻ ജീവിനക്കാരൻ, പൊള്ളുന്ന ഹൃദയ രക്തകണം പോലെ വേനലിൽ ചിതറിവീണു കിടക്കുന്ന മഞ്ചാടി മണികൾ, ധ്യാനസ്ഥരായ മഹാഗണി മരങ്ങൾ, കത്തുന്ന തീക്കണ്ണുകളുമായി പൂത്തുനിൽക്കുന്ന ഗുൽമൊഹർ, ഇങ്ങനെ പല രൂപത്തിൽ കാമ്പസ് എന്റെ കവിതയിലുണ്ട്. പിന്നെ, അകാലത്തിൽ മരിച്ചുപോയ എന്റെ ഷിനുവിനെയും വിജയശ്രീയെയും പോലുള്ള വിദ്യാർത്ഥികൾ 'പാരായണം' പോലുള്ള കവിതകളിലുണ്ട്. കവിത നന്നായി ചൊല്ലാൻ അറിയില്ലാത്ത എനിക്ക് എന്റെ കവിതകൾ ചൊല്ലിത്തരുന്ന മിനി ആലീസിനെപ്പോലുള്ള കൂട്ടുകാരികൾ, മിഥുൻ മുരളിയെയും നാൻസി വിൽസനെയും പോലുള്ള വിദ്യാർത്ഥികൾ, കവിതയിലൂടെയും എഴുത്തിലൂടെയും ചങ്ങാത്തക്കൂട്ടങ്ങൾ നിർമ്മിച്ച മാർട്ടിൻജോർജ്, അനൂപ്, ജോൺ, സിമിത, സൗമ്യ.... ഇങ്ങനെ എത്രയോ വിദ്യാർത്ഥികൾ – ഇരുപത്തിനാലു മണിക്കൂറും ക്യാമ്പസിൽ ജീവിക്കുന്ന എനിക്ക് ക്യാമ്പസ് കാവ്യനർത്തകിയുടെ രംഗമണ്ഡപമാണ്.

ഗോൾക്കൊണ്ട ഫോർട്ടിലെത്തിയത് ഒരു സന്ധ്യയോടടുത്ത നേരത്താണ്. നേരിയ മഴയും മുൻനിലാവും അനുഭവിച്ച് ഗോൽക്കൊണ്ടയിലൂടെ നടക്കുമ്പോൾ ഹൈദരാബീഗത്തിന്റെയും സുൽത്താന്റെയും കഥ കേട്ടു. ഭഗമതി എന്ന നർത്തകിയും രാജകുമാരനും കൂടിയുള്ള പ്രണയം കവിതയ്ക്കു പശ്ചാത്തലമായിട്ടുണ്ട്. ആ സന്ധ്യ പിന്നീടൊരുപാടു നാൾ കൂടെ നടന്നു. 'ബീഗം കേൾക്കുകയിനി', 'ലൗ ജിഹാദ്' എന്നി കവിതകളിൽ ഭഗമതി / ഹൈദരാബീഗത്തിന്റെ പ്രേമം കൂടിക്കലർന്നിട്ടുണ്ട്.

അരങ്ങു കാണാത്ത ജീവിതങ്ങൾപോലെ ചിലർ മറഞ്ഞിരുന്നുകൊണ്ട് അവസാനം വരെ ജീവിക്കുന്നുണ്ട്. അവരൊക്കെ പലപ്പോഴും കവിതയായി ജനിക്കുകയും മരിക്കുകയും ചെയ്യും. അപ്പോൾ അഭാവങ്ങളുടെ പെരുക്കത്തിലാണ് ഭാവങ്ങൾ വ്യാഖ്യാനിക്കപ്പെടുന്നത്. അസന്തോഷങ്ങളുടെയും മടുപ്പിന്റെയും പ്രതീക്ഷാഭംഗങ്ങളുടെയും ജീവിതം നയിച്ചുകൊണ്ടേയിരിക്കുന്ന പലരും അങ്ങനെ കവിതയിൽ വരുന്നു. 'രാത്രിയായവൾ', 'കർക്ക

ടകത്തിലെ കടൽ', 'പിരിഞ്ഞത്', 'ബ്ലഡിമേരി' തുടങ്ങിയ കവിതക ളിലൊക്കെ ഇത്തരം ജീവിതങ്ങളു ണ്ട്. ഒന്നും അതേപടി കവിത യിൽ വരില്ലല്ലോ. കവിത ഒരുതരം പുനർജന്മങ്ങളല്ലേ. ചില മാതൃക കൾ ഉണ്ടായിരിക്കും. പക്ഷേ, അതിനെയൊക്കെ അതിജീവിക്കു ന്നതോ അട്ടിമറിക്കുന്നതോ ആയി കവിത ആവിഷ്കരിക്ക പ്പെട്ടുകൊണ്ടിരിക്കുന്നു.

കവിത എന്നത് എഴുതാനു ള്ളതു മാത്രമല്ല എനിക്ക്. അത് അനുഭവിച്ചുകൊണ്ടിരിക്കാനുള്ള താണ്. ബന്ധങ്ങളെ poetic ആയി കൊണ്ടുനടക്കുമ്പോഴാണ് അത് ഇമ്പവും ഹർഷവും ഒക്കെയുള്ള താകുന്നത്. കാഞ്ഞിരപ്പള്ളിയിലെ വീടിനടുത്ത് നൂറിലധികം ഏക്കർ വരുന്ന റബ്ബർതോട്ടങ്ങളുണ്ട് (ഞ ങ്ങളുടേതല്ല തോട്ടം). ജനുവരി ക്കാറ്റിൽ ഇലകളൊക്കെ കൊഴിഞ്ഞ് മെലിഞ്ഞ കയ്യുകളു യർത്തി നഗ്നരായി നിൽക്കുന്ന റബ്ബർ മരങ്ങൾക്കിടയിലൂടെ നിലാവ് വന്നിറങ്ങുന്ന സമയം. അതെനിക്ക് അലൗകികത എന്താ ണെന്ന് പ്രകൃതി വെളിപ്പെടുത്തി ത്തരുന്ന സമയമാണ്. ആ വിജന തയിൽ ആകാശവും ഭൂമിയും നിശബ്ദരായി പരസ്പരം ധ്യാനി ക്കുന്നു. അവിടെ നിന്നുകൊണ്ട് "മറയൂ മനോഹരി സന്ധ്യേ, നിന്റെ മറവിയുംകൂടി നീ കൊണ്ടുപോകൂ ചിറകറ്റപക്ഷിക്കു ചിറകുമായി നീയിനി വരല്ലേ സന്ധ്യേ" എന്നൊക്കെ ഇടറിപ്പറ ഞ്ഞുകൊണ്ട് 'പകലുകൾ രാത്രി കൾ' ഉരുവിട്ടിരുന്നു. ഞാനേറ്റവും തന്നത്താൻ ചൊല്ലി മടുക്കാതെ യിരുന്ന കവിതയായിരുന്നു അയ്യ പ്പപ്പണിക്കരുടെ 'പകലുകൾ രാത്രി കൾ'. കടമ്മനിട്ടയും മുഴുകവിതക ളായല്ലെങ്കിലും ചുണ്ടിൽ ആവർത്തിച്ചിരുന്നു. ശാന്തയും കുറത്തിയും കോഴിയും ചാക്കാല യും കുറെക്കുറെ വരികളായി പറഞ്ഞുകൊണ്ടേയിരുന്നു. എന്റെ ആങ്ങള നിമിജോർജ്ജുമൊത്ത് കവിത മാത്രം ചൊല്ലിത്തീർത്ത സായാഹ്നങ്ങളുണ്ടായിരുന്നു.

> **എന്റെ കവിതകൾ എന്റേതുമാത്രമല്ല. എന്നിലെ അപരയുടെയും അന്യരുടെയും ഭാവം അതിലുണ്ട്. എന്നോടു ജീവിതം പറഞ്ഞവയും തന്നവയും നാവു പൊള്ളിച്ചവയും ചങ്കു തുളച്ചവയും കുലുക്കി വീഴ്ത്തിയ വയും ചുംബിച്ച് മറ്റൊരാളാക്കിയവയു മൊക്കെ കവിതയിലു ണ്ട്. അതിൽ വായിച്ചവയും കേട്ടവയും ഉണ്ട്. പറയാതെ പോയതും പറഞ്ഞ നിശ്ശബ്ദതകളുമുണ്ട്.**

ബാലചന്ദ്രൻ ചുള്ളിക്കാടും ഒ. എൻ.വിയും കടമ്മനിട്ടയും കക്കാടും അയ്യപ്പപ്പണിക്കരു മൊക്കെ അവനു മുഴുവൻ മനഃപാ ഠമായിരുന്നു. സച്ചിദാനന്ദന്റെ 'ഇവനെക്കൂടി' ചൊല്ലി പിന്നെ മിണ്ടാതെ കവിതയെക്കുറിച്ച് ആലോചിച്ചു കൊണ്ടേയിരുന്നിട്ടു ണ്ട്. കുമാരനാശാന്റെ സീത പറ യുന്ന 'സഹജാമലരാഗമേ മനോ ഗുഹയേലും സ്പുടരത്നമാണ് നീ' എന്ന വരികൾ ഞാൻ ജപിച്ചി രുന്നു. നളിനിയും സീതയും എന്നിൽ ജീവിച്ചുകൊണ്ടേയിരു ന്നു.

സുഗതകുമാരിയായിരുന്നു എന്റെ കൗമാരഭാവുകത്വത്തിന്റെ സന്തതസഹചാരി. 'പാവം മാനവ ഹൃദയം', 'കൃഷ്ണ നീയെന്നെ അറിയില്ല', 'സമാനഹൃദയ നിന ക്കായ് പാടുന്നേൻ', 'അമ്പലമ ണി', 'അത്രമേൽ സ്നേഹിക്ക യാൽ', 'രാജലക്ഷ്മിയോട്' ഇങ്ങനെ കുറെ കവിതകൾ എന്റെ ആത്മസഖാക്കളായിരുന്നു. വിനയചന്ദ്രൻ സാറിനോട് സംസാരിക്കുന്നത് മിക്കവാറും കവിതയിലൂടെയായിരുന്നു. റോസലിൻഡ എന്ന അദ്ദേഹ ത്തിന്റെ കവിതയും ഒരു കാലഘ ട്ടത്തിന്റെ അടയാളം പോലെ കൊണ്ടുനടന്നവയായിരുന്നു. കവി തയുടെ വഴിയിൽ മാറ്റങ്ങൾക്ക് നിർദ്ദേശം നൽകിയത് സിവിക് ചന്ദ്രനായിരുന്നു. ആങ്ങള നിമിയു ടെയും അനിയത്തി മിനിയു ടെയും സുഹൃത്തായിരുന്ന അദ്ദേഹം ഒരിക്കൽ വീട്ടിൽ വന്നു. ഞങ്ങൾ ഒരുപാട് നേരം സംസാ രിച്ചു. കവിതയായിരുന്നു പ്രധാന വിഷയം. ഞാൻ കുറെയൊക്കെ കഥയും കവിതയും എഴുതിയിരു ന്നു. അതൊക്കെ വായിച്ചു. അദ്ദേഹം എന്റെ അഭിരുചികളെ പുനർനിർവചിക്കാൻ ശ്രമിച്ചു. സുഗതകുമാരി, അയ്യപ്പപ്പണിക്കർ, ഒ.എൻ.വി, കടമ്മനിട്ട എന്നിവർക്ക് പുറമേ കെ.ജി.ശങ്കരപ്പിള്ളയെയും ആറ്റൂർ രവിവർമ്മയെയും വായി ക്കാൻ നിഷ്ക്കർഷിച്ചു. അദ്ദേഹം പിന്നീട് കെ.ജി.എസിന്റെ കവിതാ സമാഹാരം അയച്ചുതരുകയും ചെയ്തു. എഴുത്തിൽ രക്ഷ കർത്താക്കളോ പാരമ്പര്യങ്ങളോ ഇല്ലാത്ത ഒരു ഇരുപതുകാരിക്ക് കിട്ടുന്ന വലിയ പ്രചോദനമായി രുന്ന് അത്.

പിന്നീട് കമലദാസിന്റെ കവി തകൾ, മാധവിക്കുട്ടിയുടെ കഥ കൾ ഇതു രണ്ടും കവിതകളായി അനുഭവപ്പെട്ടു. ഞാൻ വരികളെ ചുംബിച്ചുകൊണ്ടേയിരുന്നു. ഇടി മിന്നൽപോലെ പ്രണയങ്ങൾ, കൊഴുത്ത ചവർപ്പുപോലെ നിരാ ശകൾ അവരെന്റെ കാതിൽ അടക്കം പറയുന്നതുപോലെ പറഞ്ഞുകൊണ്ടേയിരുന്നു. അവ രുടെ 'ഇടനാഴിയിലെ കണ്ണാടി കൾ' പോലുള്ള കഥകൾ കവിത യായിട്ടാണ് എനിക്കനുഭവപ്പെട്ടത്.

എന്റെ കവിതകൾ എന്റേതുമാ ത്രമല്ല. എന്നിലെ അപരയുടെയും അന്യരുടെയും ഭാവം അതിലുണ്ട്. എന്നോടു ജീവിതം പറഞ്ഞവയും

തന്നവയും നാവു പൊള്ളിച്ചവയും ചങ്കു തുളച്ചവയും കുലുക്കി വീഴ്ത്തിയവയും ചുംബിച്ച് മറ്റൊരാളാക്കിയവയുമൊക്കെ കവിതയിലുണ്ട്. അതിൽ വായിച്ചവയും കേട്ടവയും ഉണ്ട്. പറയാതെ പോയതും പറഞ്ഞ നിശ്ശബ്ദതകളുമുണ്ട്. ശരീരങ്ങളുടെ ഇരമ്പിപ്പെയ്ത്തും ആത്മാവിന്റെ ഹർഷസ്മൃതികളുമുണ്ട്. ഞാനേറ്റവും വായിച്ച സാഹിത്യരൂപം നോവലാണ്. പക്ഷേ, ഏറ്റവും ധ്യാനിച്ച സാഹിത്യം കവിതയാണ്. സാഫോ മുതൽ എത്രയോ പേരെ അടിമുടി ഞാൻ ഓർത്തുകൊണ്ടേയിരിക്കുന്നുണ്ട്. അതുകൊണ്ട്, " ഒരു മഞ്ഞുകട്ട അലിയുന്ന പോലെത്ര ലഘുവായി ലളിതമായി നീ മറഞ്ഞു" (പകലുകൾ രാത്രികൾ) എന്ന് എനിക്ക് പറയാനാവാത്തവയെല്ലാം കവിതയിൽ തെളിയുന്നു. ഒരു എളിയ കവി മാത്രമായ ഞാൻ ഒന്നേ പറയാനാഗ്രഹിച്ചുള്ളൂ. കവിത എനിക്ക് മറുപിറവിയാണ്. ജ്ഞാനസ്നാനമാണ്. ഒടുവിലത്തെ അത്താഴമാണ്. രൂപാന്തരങ്ങൾക്കെല്ലാമൊടുവിലെ രൂപമാണ്. ●


**കവിത**



**സന്ധ്യ.ഇ**

# മിസ്ഡ് കോൾ

**നട്ടുച്ചയ്ക്ക്**
റെയിൽ പാളത്തിൽ
സ്ത്രീയുടെ ശരീരം
തീവണ്ടി കയറിയിറങ്ങിയതുകൊണ്ട്
മുഖം അവ്യക്തം.
താലിയും
വിവാഹമോതിരവുമില്ലാതിരുന്നതിനാൽ
ജാതിയേത്, മതമേത്
എന്നതു പ്രശ്നം
ചങ്ങനാശ്ശേരിയിൽ നിന്ന് സുബൈദയെ
പാലക്കാട്ടുനിന്ന് മഞ്ജുഷയെ
കണ്ണൂരുനിന്ന് ബെറ്റിയെ
കാണാതായിരുന്നു.
ഭർത്താക്കന്മാരോട്,
ആങ്ങളമാരോട്,
ഒരേ ചോദ്യം.
വീട്ടിൽ നിന്നിറങ്ങുമ്പോൾ അവളിട്ടിരുന്നതീയുടുപ്പ്?
അറിയില്ല, കണ്ടില്ല, ശ്രദ്ധിച്ചില്ല.
വിരലുകളിൽ
ചുവന്ന നെയിൽപോളിഷ്?
എന്തോ, ആരു നോക്കുന്നു?
കറുത്ത കുപ്പിവളകൾ? പാദസരം?
അതിനുവട്ടാ...
മാറത്തെ കാക്കപ്പുള്ളി?
ആരോർക്കുന്നു?
അടിവയറ്റിലെ പാടുകൾ?
പ്രസവിച്ച പെണ്ണാവും.
കയ്യിന്റെ മിനുസം?
എന്തോ?
കാൽപ്പാദത്തിലെ വിള്ളൽ?
അയ്യേ...
പിന്നെ, എന്തറിയാം അവളെപ്പറ്റി?
സാറേ, ആ അടുത്തു കിടക്കുന്ന
ബാഗിൽ മൊബൈൽ ഉണ്ടോന്ന് നോക്ക്
ചിലപ്പോ
ഞങ്ങളുടെയോ മക്കളുടെയോ
നമ്പറുണ്ടാവും.
സാറൊരു മിസ് കോളടിച്ചേ...







ബിന്ദു കൃഷ്ണൻ

# കവിത വരും വഴികൾ

**കവയത്രികളും കഥാകാരികളും എഴുതുന്നതെല്ലാം സ്വന്തം അനുഭവങ്ങളാണെന്ന സമൂഹത്തിന്റെ തെറ്റുദ്ധാരണ ആർക്കും തിരുത്താനാവില്ല എന്നതിന് സാക്ഷ്യമായി മാധവിക്കുട്ടിയുടെ ജീവിതം നമ്മുടെ മുന്നിലുണ്ട്. പുരുഷൻ എഴുതുന്നത് ഭാവനയും സ്ത്രീ എഴുതുന്നത് അനുഭവവും! സത്യസന്ധമായി എഴുതുക, അതെങ്ങനെ വായിക്കപ്പെടുന്നു എന്നതിനെക്കുറിച്ച് ഒരിക്കലും ചിന്തിക്കാതിരിയ്ക്കുക. അതുമാത്രമേ ഒരു എഴുത്തുകാരിക്ക് ചെയ്യാനുള്ളൂ.**

**കവിത** വരുന്ന വഴികൾ തീർത്തും അപ്രതീക്ഷിതമാണ്. പ്രണയം നമ്മളെ പൊതിഞ്ഞുനനയ്ക്കുന്ന സുവർണ്ണദിനങ്ങളിൽ പ്രണയകവിതകൾ എഴുതപ്പെടണം എന്നില്ല. കഠിനമായ നിരാശയിൽ മുങ്ങുന്ന കറുത്തദിനങ്ങളിലും കവിതയുടെ കറുത്തപൂക്കൾ വിരിയണമെന്നില്ല. കവിതയുടെ വിത്തുകൾ ഉള്ളിൽ വിതയ്ക്കപ്പെടുന്നത് ഒരുപക്ഷെ അപ്പോഴാകാം. പക്ഷെ ഏറെനാൾ കഴിഞ്ഞു ഒട്ടും നിനച്ചിരിക്കാതെ ശാന്തമായ ഒരു ദിവസത്തിന്റെ നിശ്ശബ്ദതയിലായിരിക്കും പൊള്ളുന്ന വരികളുള്ള ഒരു കവിത വന്നുപിറക്കുക! എന്റെ അനുഭവത്തിൽ മിക്ക കവിതകളും ഒരു മലവെള്ളപ്പാച്ചിൽ പോലെ കുത്തിയൊലിച്ചങ്ങുവന്നുപേപ്പറിൽ നിറയുകയാണ് ചെയ്യുക! വെറുതെ ഏറ്റുവാങ്ങേണ്ട നിയോഗമേ എനിക്കുള്ളൂ. എഴുതിക്കഴിഞ്ഞ് ആ വരികൾ വായിച്ചു ഞാൻ തന്നെ അത്ഭുതംകൂറും, എന്റെയുള്ളിൽ ഇതെവിടെയായിരുന്നു ഇത്രനാൾ?

'ദൈവത്തിന്റെ സൊന്തം' എന്ന കവിതയെഴുതിയത് തിരുവനന്തപുരത്തു നിന്ന് തൃശൂരിലേക്കുള്ള ഒരു ട്രെയിൻ യാത്രയിലാണ്. വർക്കല കഴിഞ്ഞുള്ള ആ കായൽ പരപ്പിലൂടെ ട്രെയിൻ പോകുന്നു. അധികം ആളില്ലാത്ത ശാന്തമായ ഒരു കമ്പാർട്ട്മെന്റ്. 'വെയിലത്ത് കായൽ വെട്ടിത്തിളങ്ങി' ആദ്യത്തെവരി എന്റെ മനസ്സിലേക്ക് വന്നു. ഞാനതിനെ ഗൗനിച്ചില്ല. കണ്ണ് മഞ്ഞളിക്കുന്ന വെട്ടം കണ്ടാൽ ആർക്കും തോന്നാവുന്ന വരി. പെട്ടെന്നാണ് അടുത്ത വരി വന്നത്. 'ഹൗസ്ബോട്ടിൽ സായിപ്പിന് കണ്ണ് മഞ്ഞളിച്ചു.' ഞാൻ

ഞെട്ടി ഉഷാറായി ഇരുന്നു. എവിടെ നിന്നാണീ ഹൗസ്ബോട്ട് വന്നത്? അതങ്ങ് ആലപ്പുഴയിലല്ലേ? പണ്ട് അത്തരമൊരു യാത്രയിലും ഇതേ തീക്ഷ്ണപ്രകാശം കണ്ടതോർത്തു. പെട്ടെന്ന് എന്റെ മനസ്സിൽ അവൾ തെളിഞ്ഞുവന്നു അല്പം കറുത്ത്മിനുത്ത് നിസ്സംഗമായമുഖമുള്ള ദാവണിയിട്ട ഒരു പെൺകുട്ടി. ഞങ്ങളുടെ ഹൗസ്ബോട്ടിനരികിലൂടെ കടന്നുപോയ മറ്റൊരു ഹൗസ്ബോട്ടിലെ ജനലിലൂടെ ഞാൻ കണ്ട പെൺകുട്ടി. ആ ബോട്ടിന്റെ ഡെക്കിൽ ഒരു സായിപ്പ് വെയിൽ കായുന്നുണ്ടായിരുന്നു.

ആ പെൺകുട്ടിക്ക് എന്നോടെന്തോ പറയാനുണ്ടായിരുന്നു. ഇപ്പോഴാണവൾ പറയുന്നത്. ഞാൻ എഴുതാൻ ഒരു പേപ്പർ തിരഞ്ഞു. ഒരുഎഴുത്തുകാരി എപ്പോഴും കയ്യിൽ ഒരു നോട്ട്ബുക്ക് കൊണ്ട് നടക്കണം എന്ന് കെ.ജി.എസ്സ് പറയാറുള്ളത് ഞാൻ ഓർത്തു. സ്വയം ഒരുഎഴുത്തുകാരി എന്ന് ഒരിക്കലുംവിശേഷിപ്പിക്കാൻ ധൈര്യപ്പെടാത്ത ഞാൻ ആ ഉപദേശം ചെവിക്കൊള്ളാറില്ല. എന്റെ കയ്യിൽ ഞാൻ ജോലിചെയ്യുന്ന സ്ഥാപനം തന്ന ഒരു ഡയറി മാത്രമുണ്ട്. അതിൽ ഞാൻ എഴുതാൻ തുടങ്ങി ആ പെൺകുട്ടിയുടെ ശബ്ദത്തിൽ ഞാൻ കേട്ടവരികൾ! മുഴുവൻ എഴുതിക്കഴിഞ്ഞപ്പോൾ അവളുടെ പൊട്ടിച്ചിരിയും കേട്ടു. ദയനീയവും ക്രൂരവുമായ ഒരുചിരി, ദൈവത്തിന്റെ സൊന്തം നാടിന്റെ മകളുടെ ചിരി!

കവിതയിലെ ഷാജിയേട്ടനെപ്പോലെ എന്റെ കണ്ണും ചുവന്നിരുന്നു ആ കവിത എഴുതിക്കഴിഞ്ഞപ്പോൾ. ഷാജിയേട്ടന്റെ നിസ്സഹായതയാണ് അന്ന് ആലപ്പുഴയിൽ വച്ച് എനിക്ക് അനുഭവപ്പെട്ടിരുന്നത്. വിനോദയാത്രക്കിടയിൽ പെട്ടെന്ന് ഞാൻ ആകെ മൂഡ് ഓഫ് ആയതിന്റെ കാരണം അന്നാരും ഊഹിച്ചിരുന്നില്ല, ഒരുപക്ഷെ ഞാൻ പോലും. ആ പെൺകുട്ടിയുടെ കണ്ണുകൾ ചത്തമീനുകളെപ്പോലിരുന്നു.

ഞാൻ ഒരിക്കലും ഒരു ആക്ടിവിസ്റ്റ് ആയിരുന്നിട്ടില്ല. സമൂഹത്തിലെ അനീതികൾക്കെതിരെ പ്രതികരിക്കാനോ പ്രവർത്തിക്കാനോ കഴിഞ്ഞിട്ടില്ല. ചിലപ്പോൾ ചില ശപ്തജന്മങ്ങളുടെ വേദനകൾ എഴുത്തുകാരുടെ ഹൃദയത്തിലൂടെ കയറി ഇറങ്ങി സമൂഹത്തോട് സംവദിക്കും. അതൊരു ദൈവനിയോഗം ആണെന്ന് ഞാൻ കരുതുന്നു.

കവിത വരുന്ന വിചിത്ര വഴികളെക്കുറിച്ച് പൊതുജനങ്ങൾക്കുള്ള തെറ്റുദ്ധാരണകളെക്കുറിച്ചും ഈ സന്ദർഭത്തിൽ ഒന്നുപറഞ്ഞുവയ്ക്കണം. ജീവനാംശം എന്ന കവിത മൊഴിചൊല്ലപ്പെടുന്ന മുസ്ലിം പെൺകുട്ടികളെകുറിച്ചും ഒരാളെ ഉപേക്ഷിച്ച് അനായാസം അടുത്തയാളിലേക്ക് പോകുന്ന മധ്യവയസ്കരെക്കുറിച്ചുമോർത്ത് രോഷംകൊണ്ടത് ഏതോ പത്രവാർത്ത വായിച്ചപ്പോഴാണ്. വിവാഹം സ്ത്രീയുടെ ശരീരത്തിൽ മാത്രം ഒരുപാട് മാറ്റങ്ങൾ വരുത്തുന്നു. പുരുഷനെ അതേപോലെ വെറുതെവിടുന്നു. ആ അനീതിക്കെതിരെയുള്ള രോഷത്തിൽ എഴുതപ്പെട്ടതാണാകവിത. ഒരു സമുദായത്തിന്റെ മാത്രം പ്രശ്നമായി ഒതുക്കി ഒരു വർഗ്ഗീയമാനം വരേണ്ടെന്നു കരുതി ഞാൻ ആ കവിത ഉത്തമപുരുഷനിൽ എഴുതി. അത് പ്രസിദ്ധീകരിച്ച ദിവസങ്ങളിൽ എത്ര അഭ്യുദയകാംക്ഷികളാണെന്നോ എന്നെ ഫോൺ വിളിച്ചത് വേണുവും ഞാനും തെറ്റിപ്പിരിഞ്ഞോ എന്ന് അറിയാൻ !

കവയത്രികളും കഥാകാരികളും എഴുതുന്നതെല്ലാം സ്വന്തം അനുഭവങ്ങളാണെന്ന സമൂഹത്തിന്റെ തെറ്റുദ്ധാരണ ആർക്കും തിരുത്താനാവില്ല എന്നതിന് സാക്ഷ്യമായി മാധവിക്കുട്ടിയുടെ ജീവിതം നമ്മുടെ മുന്നിലുണ്ട്. പുരുഷൻ എഴുതുന്നത് ഭാവനയും സ്ത്രീ എഴുതുന്നത് അനുഭവവും! സത്യസന്ധമായി എഴുതുക ,അതെങ്ങനെ വായിക്കപ്പെടുന്നു എന്നതിനെക്കുറിച്ച് ഒരിക്കലും ചിന്തിക്കാതിരിയ്ക്കുക. അതുമാത്രമേ ഒരു എഴുത്തുകാരിക്ക് ചെയ്യാനുള്ളൂ. ●


## സൃഷ്ടികൾ ക്ഷണിക്കുന്നു

സ്ത്രീകളിൽ നിന്ന്, മുമ്പ് പ്രസിദ്ധീകരിക്കാത്തതും മൗലികവുമായ രചനകൾ
( ലേഖനം, കഥ, കവിത, ചിത്രങ്ങൾ)

*രചനകളോടൊപ്പം പാസ്പോർട്ട് സൈസ് ഫോട്ടോയും അയക്കേണ്ടതാണ്.*

## സംഘടിത മാസിക

വരിസംഖ്യാ നിരക്ക്

| | |
|---|---|
| ഒറ്റപ്രതി | :15 രൂപ |
| വാർഷിക വരിസംഖ്യ | :150 രൂപ |
| വിദേശത്തേക്ക് ഒറ്റപ്രതി | :100 രൂപ |
| വിദേശത്തേക്ക് വാർഷിക വരിസംഖ്യ | : 1000 രൂപ |

കവിത

# നിഴൽ, പക്ഷിയെപ്പോലെ



ഡോണ മയൂര

**നിഴൽ** നിന്നിൽ
ഏതു പക്ഷിയുടേതാണ്?
വെടിയേറ്റു തുളഞ്ഞെന്നതു പോലെ
നിഴലിൽ കണ്ണിന്റെ സ്ഥാനത്ത്
വെയിലിന്റെ വട്ടം.

രാത്രിയുടേയോ പകലിന്റേയോ
എന്നറിയാത്ത
പന്ത്രണ്ട് മണി കഴിയാൻ മറന്ന
ക്ലോക്ക് പോലെ
നീ അതിൽ കൂടി നോക്കുന്നു.

വയലിൻ, വീണ, ഗിറ്റാർ തുടങ്ങിയ
തന്ത്രിവാദ്യങ്ങളിൽ നിന്നെല്ലാം
മൗത്തോർഗനുമായി
ഒരു പക്ഷിയെ പോലെ
നിഴലുള്ളൊരുവളുടെ അടുത്തേക്ക്
പോകുന്ന പെണ്ണുങ്ങൾ.

നിനക്കൊഴികെ ഏതൊരാൾക്കും
മനസ്സിലാവുന്ന ഭാഷയിൽ
അവിടെ അവൾ പാടുന്നു,
അവളുടെ കൈകൾക്ക്
മാന്ത്രികവടിയുടെ വഴക്കം,
അവയുടെ ഇന്ദ്രജാലത്തിൽ മയങ്ങി
കൂടെ പാടിപ്പോകുന്ന പെണ്ണുങ്ങളും
അവളുടെ വാദ്യോപകരണവും!

പെട്ടെന്ന്
നിന്റെ നിഴൽ
ചിറകു കുടയുന്നു,
കൊഴിയുന്ന
തൂവലുകൾക്കിടയിലേക്ക്
ചേക്കേറുന്ന ഭയം.

നീ ആവർത്തിച്ചാവർത്തിച്ച്
ചിറകു കുടയുന്നു,
ഇരട്ടിക്കുന്ന ഭയം
പതിന്മടങ്ങായി ഇരട്ടിക്കുന്ന ഭയം.

ആഭിചാരം നടത്തുന്നവളെന്ന്
ദുർമന്ത്രവാദത്താൽ
ക്ഷുദ്രപ്രയോഗത്താൽ പെണ്ണുങ്ങളെ
മയക്കിയെടുക്കുന്നവളെന്ന്
കൊക്ക് പോലെ ചുണ്ടുകൾ പിളർത്തി
അപശ്രുതി പാടി നീ
സൈലൻസർ ഘടിപ്പിച്ച
തോക്കിൽ നിന്നുതിർത്ത തിരപോലെ
ലെസ്ബിയൻ എന്ന് വിളിക്കുന്നു.

നിഴൽ നിന്നിൽ
ഏതു പക്ഷിയുടേതാണ്?
ആംഗ്യവിക്ഷേപത്താൽ
സംഗീതം സൃഷ്ടിക്കുന്നവൾ
ഒരു പക്ഷിയെപ്പോലെ
നിഴലുള്ളവൾ, അവൾ അവിടെ
തെരമിൻ* വായിച്ചുകൊണ്ടേയിരുന്നു!

*Theremin - സ്പർശിക്കാതെ വായിക്കുവാൻ കഴിയുന്നൊരു സംഗീതോപകരണം.*





ഗിരിജ പി. പാതേക്കര



# കവിതക്കു പിന്നിലെ കഥകൾ

ചാരം മൂടികിടക്കുന്ന കനൽ ഒരു കാറ്റിനാൽ വീണ്ടും ജ്വലിക്കുന്ന പോലെ എന്റെയുള്ളിൽ ഞാൻ പോലുമറിയാതെ അണയാതെ കിടന്നിരുന്ന ആ തീപ്പൊരി ഒരു കൊടുങ്കാറ്റിനാൽ വീണ്ടും തെളിയിക്കപ്പെട്ടു.

**കുട്ടിക്കാലത്ത്** കേട്ട ഒരു കഥയാണ്. ഒരു യക്ഷി, ഒരു കുട്ടിയെ അതിന്റെ താവളത്തിലേക്ക് കണ്ണുകാതുകെട്ടി ഏതെല്ലാമോ ഊടുവഴികളിലൂടെ കൊണ്ടുപോവുന്നു. എന്നാൽ പോകുന്ന വഴികളിലെല്ലാം കുട്ടി, യക്ഷി അറിയാതെ കീശയിൽനിന്നും മഞ്ചാടിക്കുരുവെടുത്ത് താഴേക്കിടുന്നു. ഒടുവിൽ യക്ഷിയുടെ കൈയ്യിൽ നിന്ന് ഒരുവിധം രക്ഷപ്പെട്ടോടുമ്പോൾ ഈ മഞ്ചാടിക്കുരുകളാണ് വീട്ടിലെത്താൻ കുട്ടിക്ക് വഴി കാട്ടിയാവുന്നത്. ആ കുട്ടിയെപ്പോലെ ഞാനും എന്റെ കവിത വന്ന വഴികളിൽ ചിതറിക്കിടക്കുന്ന രക്തബിന്ദുക്കളെ നോക്കി ഒരു തിരിച്ചുപോക്ക് നടത്തട്ടെ.

എട്ടാംക്ലാസ്സ് മുതൽ ഡിഗ്രി പഠനം വരെയുള്ള കാലഘട്ടങ്ങളിൽ മത്സരങ്ങൾക്കും മാഗസിനുകൾക്കും വേണ്ടി ഞാൻ കവിതകളും കഥകളും എഴുതുമായിരുന്നു. എന്നാൽ പിന്നീടങ്ങോട്ടുള്ള വളരെ നീണ്ട കാലയളവിൽ ഞാൻ എഴുത്തിനെത്തന്നെ പൂർണ്ണമായും മറന്നു. എന്നാൽ ചാരം മൂടിക്കിടക്കുന്ന കനൽ ഒരു കാറ്റിനാൽ വീണ്ടും ജ്വലിക്കുന്ന പോലെ എന്റെയുള്ളിൽ ഞാൻ പോലുമറിയാതെ അണയാതെ കിടന്നിരുന്ന ആ തീപ്പൊരി ഒരു കൊടുങ്കാറ്റിനാൽ വീണ്ടും തെളിയിക്കപ്പെട്ടു. കുറേശ്ശെക്കുറേശ്ശെ ഞാൻ വീണ്ടും എഴുതാൻ തുടങ്ങി. ധാരാളം വായിക്കാൻ തുടങ്ങി.തുടക്കത്തിൽ എഴുതിയിരുന്ന കവിതകളത്രയും ഞാൻ ആഗ്രഹിച്ചതോ, അടക്കിവെച്ചതോ, തിരിച്ചറിയാതെ പോയതോ, സ്വയം എടുക്കാതിരുന്നതോ ആയ സ്വാതന്ത്ര്യങ്ങളെക്കുറിച്ചുള്ളവ മാത്രമായിരുന്നു. അതിൽ ചില കവിതകൾ പ്രസിദ്ധീകരിക്കപ്പെട്ടപ്പോൾ എനിക്ക് പുതിയ സൗഹൃദങ്ങളുണ്ടായി.

സർഗ്ഗാത്മകമായിരുന്ന ആ സൗഹൃദസംഭാഷണങ്ങളിൽ നിന്ന് പുതിയ കവിതകളുണ്ടായി. അത് cause and effect പോലെ തുടരുകയാണെന്ന് തോന്നാറുണ്ട്.

ഏതായാലും, ചിന്തകളെയും നിരീക്ഷണങ്ങളേയും കവിതയിലൂടെ ആവിഷ്കരിക്കണമെന്ന് ഗൗരവമായി തോന്നാൻ തുടങ്ങിയപ്പോഴാണ് ഞാൻ എന്റെ ഹൃദയത്തിൽ ഏതു സിഗ്നലിനേയും ആഗിരണം ചെയ്യാൻ ശേഷിയുള്ള ഒരു ആന്റിന സ്ഥിരമായി സ്ഥാപിച്ചത്. എഴുത്തച്ഛൻ മുതൽ ഇങ്ങോട്ടുള്ള കവിതകളെയെല്ലാം ചില സുഹൃത്തുക്കളുടെ സഹായത്തോടെ സൂക്ഷ്മമായി വായിക്കുന്നതും ആസ്വദിക്കുന്നതും ഇക്കാലത്താണ്.

ഒരിക്കൽ ശ്രീ.കെ.സി.നാരായണനുമായുള്ള ഫോൺ സംഭാഷണത്തിനിടെ സന്ദർഭവശാൽ അദ്ദേഹം പറയുകയുണ്ടായി– 'കുറേക്കഴിയുമ്പോൾ നമ്മളൊക്കെ ഉണങ്ങിയുണങ്ങി കൊണ്ടാട്ടം പോലെയാവും' എന്ന്. ആ ഫിലോസഫിയിൽ നിന്നാണ് ഞാൻ 'കൊണ്ടാട്ടം' എന്ന കവിത എഴുതിയത്. എന്റെ ഇടത്തേ കൈത്തണ്ടിലുള്ള കറുത്തവലിയ പാട് കണ്ട്, അതെന്തുപറ്റിയതാണെന്ന് ഒരു സുഹൃത്ത് എന്നോട് ചോദിച്ചപ്പോൾ 7 വർഷങ്ങൾക്ക് മുമ്പ് എന്റെ ഇളയ അനിയന്റെ കല്യാണത്തലേന്നത്തെ തിരക്കുകളും കുക്കറിൽത്തട്ടി കൈത്തണ്ട പൊള്ളിയതുമെല്ലാം എന്റെ മനസ്സിലേക്ക് പെട്ടെന്ന് ഇരച്ച് കയറി വന്നു. എന്റെ ശരീരത്തിലെ മറ്റ് അടയാളങ്ങളെക്കുറിച്ച് ഞാനപ്പോൾ ബോധവതിയായി. ഓരോ അടയാളവും എന്നെ ഓരോ ഭൂതകാല സംഭവങ്ങളിലേക്ക് കൂട്ടിക്കൊണ്ടു പോയി. അങ്ങിനെയാണ് ഉടലിലെ അടയാളങ്ങളെല്ലാം ഓരോ ഡയറിക്കുറിപ്പുകൾ ആകുന്നു എന്ന് ധ്വനിപ്പിക്കുന്ന അടയാളങ്ങൾ എഴുതിയത്. എന്റെ സഹപാഠിയായിരുന്ന ലക്ഷ്മിയുടെ ഒരു കമന്റിൽ നിന്നുമാണ് 'ഇവൾ ഷീവാസ് റീഗൽ' എഴുതാനിടയായത്. അവൾ ഒരു ദിവസം എനിക്കയച്ച മെസ്സേജ് ഇങ്ങനെയായിരുന്നു– "നിനക്ക് ഷീവാസ് റീഗലിന്റെ ഛായയുണ്ട്". കാര്യം പിടികിട്ടാത്ത എനിക്ക് അവൾ വിശദീകരിച്ചുതന്നു, അൽപം ഇരുണ്ടും ഉരുണ്ടും ഇരിക്കുന്ന ഷീവാസ് റീഗൽ എന്ന മദ്യക്കുപ്പിയുടെ ചിത്രം. ആദ്യം വല്ലാതെ നിരാശ തോന്നിയെങ്കിലും പെട്ടെന്നു തന്നെ ഞാൻ തീരുമാനിക്കുകയായിരുന്നു, വെളുത്തുകൊലുന്നനെയുള്ള പെണ്ണിനുമാത്രം പോരാ ഒരു കാമുകൻ. കറുത്തുതടിച്ച പെണ്ണിനും വേണം അവളുടെ അസ്ഥിയെപ്പോലും പ്രണയത്താൽ ഉരുക്കുന്ന ഒരു പുരുഷൻ.... ആ മോഹമാണ് ആ കവിത. 'ഓണമെന്നാൽ അവൾക്ക്' എന്ന കവിത നടുവൊടിക്കുന്ന അടുക്കളപണികളും ചെലവുകളും കാരണം ഓണത്തെ ആശങ്കയോടെ വരവേൽക്കുന്ന ഉദ്യോഗസ്ഥയായ ഒരു കുടുംബിനിയുടെ സങ്കടങ്ങളുടെ ആവിഷ്കാരമാണ്. കണ്ണിലെ കൃഷ്ണമണി പോലെ, സദാ പരിപാലിച്ചില്ലെങ്കിൽ പോഷിപ്പിച്ചില്ലെങ്കിൽ ഏതു സ്നേഹബന്ധവും നേർത്തുപോവാം എന്ന ഉത്കണ്ഠയാണ് 'കാവൽ' എന്ന കവിത. 'ഇച്ഛാമതി' ഞാനെഴുതിയത് എന്റെ മകന്റെ പ്രണയബന്ധം അറിഞ്ഞപ്പോഴാണ്. ഒരു ഫിസിക്സ് അധ്യാപികയായതുകൊണ്ടാവാം 'ഫുൾസ്റ്റോപ്പ്' എന്ന കവിത ഞാൻ ആ വിധത്തിലെഴുതിയത് എന്ന് തോന്നിയിട്ടുണ്ട്. ത്രിമാന അക്ഷരങ്ങളിൽ രണ്ടെണ്ണത്തിനെ വെട്ടിമാറ്റിയിട്ടും, മൂന്നാമത്തെ അക്ഷരം അമ്പു പോലെ കൂർത്തുവരുന്നതും ആ അക്ഷരത്തെ വീണ്ടും പകുത്ത് പകുത്ത് ഒരു ബിന്ദുവിൽ ഒതുക്കുന്നതും, ഇനിയുമെന്നെ വെട്ടിമുറിക്കാനോ, മായ്ച്ചു കളയാനോ നിനക്കാവില്ല എന്ന് ആ ബിന്ദു ലോകത്തോട് ആത്മവിളംബരം ചെയ്യുന്നതുമാണ് ആ കവിത. കൃത്യമായും ഇതൊരു ഫെമിനിസ്റ്റ് കവിതയായാണ് വിലയിരുത്തപ്പെട്ടത്. കുടുംബിനിയായിരിക്കെ ഒരു പ്രണയിനികൂടിയാവുന്ന ഒരുവളുടെ ധർമ്മസങ്കടങ്ങളാണ് 'മേഘസന്ദേശങ്ങൾ'. ഈയിടെ ഗ്രന്ഥലോകത്തിൽ വന്ന 'ജന്മാന്തര മുദ്രകളും' അതേ ഞാനെന്റെ ജീവിത പരിസരത്തിൽ നിന്ന് എഴുതിയതാണ്.

മൂന്ന് മാസം മുമ്പ് അമ്മയെ കാണാൻ ഞാൻ കോഴിക്കോട്ടുള്ള വീട്ടിൽ പോയപ്പോൾ അടുപ്പിന് തൊട്ടുമുകളിൽ ചുമരിൽ തൂക്കിയിട്ടിരിക്കുന്ന എന്റെ അച്ഛമ്മയുടെ ഫോട്ടോ കണ്ണിൽപ്പെട്ടു. പുകപിടിച്ച ആ ഫോട്ടോ കണ്ട് ഞാൻ ആശങ്ക അറിയിച്ചപ്പോൾ അമ്മ ഏറെ നേരം നിർന്നിമേഷയായി ആ ഫോട്ടോയിലേക്ക് നോക്കി മെല്ലെ മന്ത്രിച്ചു. 'മൂപ്പത്ത്യാരാണ് ഇപ്പംന്റെ കൂട്ട്! അച്ഛമ്മ ജീവിച്ചിരുന്നപ്പോൾ, മരിക്കുന്നതിനു ഒരു ഏഴുമാസം മുമ്പ് വരെ കീരിയും പാമ്പും പോലെയായിരുന്ന ആ അമ്മായിഅമ്മയേയും മരുമകളേയും ഓർത്ത് ഞാൻ ഉറക്കെ ചിരിച്ചപ്പോൾ ഗൗരവം വിടാതെ ഞാൻ അതുവരെ ദർശിച്ചിട്ടില്ലാത്തൊരു ഭാവത്തിൽ ഫോട്ടോയിൽ നിന്ന് കണ്ണെടുക്കാതെ അമ്മ പറഞ്ഞു 'ന്റെ സങ്കടങ്ങളൊക്കെ ഞാൻ അമ്മോടാണ് പറയാറ് ഇപ്പം, ന്റെ ആശ്രയം ഇവട്യാ' അച്ഛമ്മക്കും അമ്മക്കും എനിക്കുമെല്ലാം ഒറ്റ ഛായയാണെന്ന് ബോധ്യപ്പെട്ട ആ നിമിഷമാണ് ജന്മാന്തരമുദ്രകളുടെ ബീജം ഹൃദയത്തിൽ പാകിയത്. കണ്ണും കാതും മനസ്സും ജാഗരൂകമാകുമ്പോൾ കാറ്റിലൂടെ പറന്നു പോകുന്ന ചില അപ്പൂപ്പൻ താടികളെ ഞാൻ കണ്ടെത്തുന്നു. അരുമയോടെ അവയെ പിടിച്ചെടുക്കുന്നു. എന്റെ പങ്കാളിയായ മൊബൈലിനെ ആ പറക്കുന്ന വിത്തുകൾ ഭദ്രമായി സൂക്ഷിക്കാൻ ഏൽപ്പി

എന്റെ സഹപാഠിയായിരുന്ന ലക്ഷ്മിയുടെ ഒരു കമന്റിൽ നിന്നുമാണ് 'ഇവൾ ഷീവാസ് റീഗൾ' എഴുതാനിടയായത്. അവൾ ഒരു ദിവസം എനിക്കയച്ച മെസ്സേജ് ഇങ്ങനെയായിരുന്നു– 'നിനക്ക് ഷീവാസ് റീഗലിന്റെ ഛായയുണ്ട്. കാര്യം പിടികിട്ടാത്ത എനിക്ക് അവൾ വിശദീകരിച്ചുതന്നു, അൽപം ഇരുണ്ടും ഉരുണ്ടും ഇരിക്കുന്നു ഷീവാസ് റീഗൽ എന്ന മദ്യക്കുപ്പിയുടെ ചിത്രം.

ക്കുന്നു. അത് അവിടെ ചില പ്പോൾ ഒരുപാട്കാലം അങ്ങ നെത്തന്നെ കിടന്നിരിക്കും. എ ന്നാൽ ഏതോ ചില നിഗൂഢമർമ്മ രങ്ങൾ കേട്ട് അവ ഗാഢനിദ്രവിട്ട് ഒരുദിനം ഉണർന്നെണീക്കുന്നു. എന്നെ അസ്വസ്ഥയാക്കുന്നു. ഞാ നപ്പോൾ കഴിയുന്നത്ര ഒഴിഞ്ഞുമാ റാൻ നോക്കുന്നു. എന്നാൽ പിടി വിടാതെ അവ എന്റെ പിറകെ പ റന്നുവരുന്നു. ഒടുവിൽ പേനത്തു മ്പിലൂടെ പൊട്ടിമുളക്കുന്നു. നനച്ചും തടമെടുത്തും വെട്ടിയൊ തുക്കിയും ഞാൻ തളരുന്നു. ഒടു വിൽ അതിനു ഞാൻ കവിത എ ന്നു പേരിടുന്നു. അതിനെ നോ ക്കിയിരിക്കെ പറഞ്ഞറിയി ക്കാൻ ആവാത്തത്ര ആശ്വാസ ത്തോടെ ഞാൻ എന്നെ അൽ പ്പനേരത്തേക്ക് കുടഞ്ഞെറിയു ന്നു. ●

കവിത

# ഘടാകാശം



**റോസിതമ്പി**

**ഒരു നട്ടുച്ചയിൽ**, ഉമ്മറത്തിണ്ണയിൽ
മഴനൂലുകളുടെ വട്ടക്കണ്ണികളിലൂടെ
മാലാഖമാർ തിരിച്ചുപോകുന്നത്
നോക്കിയിരിക്കുകയായിരുന്നു ഞാൻ.

നല്ലകാലത്ത് കാലം ചെയ്തവരുടെ യോഗം
ജീവിച്ചിരിക്കുന്നവർ ഇനി എന്തൊക്കെ
കാണണം! ആവോ?

അമ്മാമ്മ  ചവിട്ടുപടിയിലിരുന്ന്
ബീഡിക്കുറ്റി ആഞ്ഞു വലിച്ചു.

തീ നിറമുള്ള
മേഘങ്ങളിൽ നിന്ന്
നീ മഴനൂലിൽ ഇറങ്ങി വന്നു.

കുശവൻ കുടം മെനയും പോലെ
എനിക്കു ചുറ്റും ചുണ്ടുകളുടെ
പുകച്ചുരുൾ കൊണ്ട്
ഒരു ഘടാകാശം സൃഷ്ടിച്ചു.

തൊട്ടാൽ കുളിരുന്നതും
അകന്നാൽ പൊള്ളുന്നതുമായ
അഗ്നിയെ അതിൽ രഹസ്യമായ്
ഒളിപ്പിച്ച് മേഘങ്ങളിലേക്ക് പടർന്നു.

ഇരുട്ടിന് ഇത്രവെളിച്ചമെന്ന്
അന്നാണ് ഞാൻ അറിഞ്ഞത്
നിലാവിന് എന്തുഭംഗിയെന്നറിഞ്ഞ
ആ നട്ടുച്ചയിൽ തന്നെയാണ്
മേഘം ദൂതുമായ് ഇത്രവേഗം
പാഞ്ഞുപോകും എന്നറിഞ്ഞതും.
പാതിരായ്ക്ക് സൂര്യനുദിച്ച
ഒരു മഴക്കാലമായിരുന്നു അത്.

പ്രകൃതി അധികം പറയാറില്ല
നിന്റെ വാക്കും അതുപോലെ
കൊടുങ്കാറ്റ് അധികം വീശുന്നതെന്തിന്?

കെട്ടഴിഞ്ഞുപോയ കാറ്റാണു പ്രണയം
ആരതിനെ പിടിച്ചുകെട്ടും ?

മണൽ കൊണ്ടു തടയിട്ടാൽ
ജലം ഒഴുകാതിരിക്കുമോ?

നെയ്യൊഴിച്ച് അഗ്നിയെ
അണയ്ക്കാം എന്നു കരുതുമോ?

കുന്തിരിക്കം പുകയുന്ന
നിന്റെ നെഞ്ചിൽ നിന്നും
പക്ഷിത്തൂവ്വൽ പോലെ
കനം കുറഞ്ഞ
എന്റെ പ്രണയത്തെ അടർത്താൻ
തെക്കൻ കാറ്റിനാകുമോ?
വടക്കൻ കാറ്റിനു കഴിയുമോ?

കാറ്റിനു കടന്നുപോകാൻ കഴിയാത്തവിധം
ആരാണ് നമ്മെ ചേർത്തുകെട്ടിയത്?

മഴനൂലുകൾ താഴ്ന്ന് താഴ്ന്ന് വരുന്നു
അവസാന പുകയും ഉള്ളിലേയ്ക്കെടുത്ത്
അമ്മാമ്മ വട്ടക്കണ്ണിയിലേയ്ക്ക് കയറിയിരുന്നു
ഒരു  കള്ളച്ചിരിയോടെ.......

പ്രളയത്തിനു മായ്ക്കാനാകാതെ
ഘടാകാശത്തിൽ അഗ്നി ആളിക്കത്തുന്നു.

ഊഞ്ഞാൽ പടിയുള്ള ഒരു മഴനൂൽ
താഴേക്ക് ഇറങ്ങി വരുന്നുണ്ട്.......

കുന്തിരിക്കം പുകയുന്ന
നിന്റെ നെഞ്ചിൽ നിന്നും
പക്ഷിത്തൂവ്വൽ പോലെ കനംകുറഞ്ഞ
എന്റെ പ്രണയത്തെ അടർത്താൻ
തെക്കൻ കാറ്റിനാകുമോ?
വടക്കൻ കാറ്റിനു കഴിയുമോ?





എം. സുൽഫത്ത്

# വേണം സ്ത്രീകളുടെ നവോത്ഥാനം

## സ്ത്രീപ്രസ്ഥാനങ്ങൾക്കിടയിൽ ചർച്ചക്കായി അവതരിപ്പിക്കുന്ന ലേഖനം




**ഇരുപത്തൊന്നാം** നൂറ്റാണ്ടിലെ ഇന്ത്യ വളരെ അരക്ഷിതാവസ്ഥയിൽ കഴിയുന്ന ഒരു സ്ത്രീസമൂഹത്തെയാണ് പ്രതിനിധീകരിക്കുന്നത്. വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ പല വികസന സൂചികകളിലും ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളെക്കാളും മുന്നിലാണെങ്കിലും സ്ത്രീകളുടെ സാമൂഹ്യപദവിയുടെ കാര്യത്തിൽ കേരളം പിന്നിലാണ്.

ആധുനിക വിദ്യാഭ്യാസവും സാമ്പത്തിക സ്വാശ്രിതത്വവും നേടിയ സ്ത്രീകളുടെ എണ്ണം വർദ്ധിക്കുമ്പോഴും സാമൂഹ്യജീവിതത്തിന്റെ സമസ്തമേഖലകളിലുമുള്ള സ്ത്രീവിരുദ്ധത ശക്തിപ്പെട്ടുവരുന്നതും സ്ത്രീകൾക്കും പെൺകുട്ടികൾക്കും നേരെയുള്ള മനുഷ്യാവകാശലംഘനങ്ങളുടേയും ബലാത്സംഗങ്ങളുടേയും കണക്കുകൾ പെരുകിവരുന്നതും ഗൗരവപൂർണ്ണമായ സാമൂഹ്യ ഇടപെടൽ ആവശ്യപ്പെടുന്നു.

സ്ത്രീപ്രശ്നങ്ങളെ ലൈംഗിക പീഡനപ്രശ്നങ്ങൾ മാത്രമായി ചുരുക്കിക്കൊണ്ടുള്ള ഇടപെടലുകളാണ് ഇന്ന് ഈ മേഖലയിൽ നടക്കുന്നത്. നിലനിൽക്കുന്ന പുരുഷാധിപത്യ സാമൂഹ്യഘടനയുടേയും സ്ത്രീപുരുഷവിവേചനങ്ങളുടെയും ആത്യന്തികഫലമാണ് ബലാത്സംഗങ്ങളും ലൈംഗികപീഡനങ്ങളുമെന്നും ജനാധിപത്യപരമായ സ്ത്രീപുരുഷബന്ധങ്ങൾ വികസിപ്പിച്ചുകൊണ്ടു വിവേചനങ്ങൾ അവസാനിപ്പിച്ചുകൊണ്ടും മാത്രമേ ലൈംഗികപീഡനങ്ങളും അവസാനിപ്പിക്കാൻ കഴിയൂ എന്നും തിരിച്ചറിഞ്ഞുകൊണ്ടുള്ള സാമൂഹ്യ മുന്നേറ്റമാണ് ഇന്ന് കേരളം ആവശ്യപ്പെടുന്നത്.

ജാതീയമായ അസമത്വങ്ങളും അനാചാരങ്ങളും അന്ധവിശ്വാസങ്ങളും സ്ത്രീവിരുദ്ധതയും നിലനിന്നിരുന്ന ഒരു സമീപ ഭൂതകാലത്തിൽ നിന്ന് ആധുനിക കേരളത്തിലേക്കുള്ള പരിവർത്തനം സാധ്യമായത് 19-ാംനൂറ്റാണ്ടിലെ നവോത്ഥാന ശ്രമങ്ങളുടെ ഫലമായിട്ടായിരുന്നു. സ്ത്രീകളുടെ വിദ്യാഭ്യാസത്തിനും പുരോഗതിക്കും കേരളനവോത്ഥാനം പ്രഥമപരിഗണന കൊടുത്തിരുന്നില്ലെങ്കിലും സമുദായനവീകരണപ്രവർത്തനങ്ങൾ സ്വാഭാവികമായും ബ്രാഹ്മണിക്കൽ മൂല്യങ്ങളിൽ നിന്നും അനാചാരങ്ങളിൽ നിന്നും സ്ത്രീകളെ മോചിപ്പിക്കുകയും വിദ്യാഭ്യാസം നേടേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുകയും ചെയ്തിരുന്നു. 19ാം നൂറ്റാണ്ടിലെ പരിഷ്കരണശ്രമങ്ങളുടെ

നേതൃത്വം ആധുനികവിദ്യാഭ്യാസവും സാമൂഹ്യവീക്ഷണവും നേടിയ നവോത്ഥാനനായകന്മാർക്കായിരുന്നു. "വെച്ചും വിളമ്പിയും സന്തതികളെപ്പെറ്റും" കഴിഞ്ഞിരുന്ന അന്നത്തെ സ്ത്രീകൾക്ക് പരിഷ്കരണശ്രമങ്ങളിൽ നേതൃത്വപരമായ പങ്കാളിത്തം അസാധ്യവുമായിരുന്നു. പുരുഷമേധാവിത്തത്തെ ശക്തിപ്പെടുത്തുന്ന തരത്തിൽ സ്ത്രീയുടെ ലൈംഗികതയുടെ മേലുള്ള നിയന്ത്രണങ്ങളും ഏകദാമ്പത്യകുടുംബത്തിന്റെ വ്യാപനവും ഏകീകൃത വസ്ത്രസങ്കല്പങ്ങളുമൊക്കെ പുരുഷന്റെ കാഴ്ചക്കും കാഴ്ചപ്പാടിനുമനുസരിച്ച് രൂപപ്പെടുകയായിരുന്നു. കുടുംബകേന്ദ്രീകൃതമായി നടന്ന സ്ത്രീപരിഷ്കരണശ്രമങ്ങളുടെ പരിമിതികളെ മറികടക്കാൻ നവോത്ഥാനാനന്തര കേരളത്തിന് കഴിഞ്ഞിട്ടുമില്ല.

നവോത്ഥാനപ്രസ്ഥാനങ്ങളുടെ ചരിത്രപരമായ പ്രാധാന്യവും അതുണ്ടാക്കിയ വിപ്ലവകരമായ സാമൂഹ്യമാറ്റവും ഉൾക്കൊള്ളുകയും സ്ത്രീപ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിൽ അതിനുണ്ടായിരുന്ന പരിമിതികളെ മറികടക്കുകയും ചെയ്യുന്ന തരത്തിലുള്ള ഒരു നവോത്ഥാന മുന്നേറ്റം സ്ത്രീകളുടെ മുൻ കയ്യിൽ ഉയർന്നുവരേണ്ടതുണ്ട്. 1924ൽ ശ്രീനാരായണഗുരു ആലുവയിൽ വിളിച്ചുചേർത്ത സർവ്വമത സമ്മേളനത്തിന്റെ പ്രവേശനകവാടത്തിൽ 'വാദിക്കാനും ജയിക്കാനുമല്ല, അറിയുവാനും അറിയിക്കുവാനുമാണ് ഈ സമ്മേളനം' എന്ന് എഴുതിവെച്ചതിന് ഒരുപാട് മാനങ്ങൾ ഉണ്ടായിരുന്നതുപോലെ സ്ത്രീകൾ അനുഭവിക്കുന്ന വിവേചനങ്ങൾ സ്വയം അറിയാനും പൊതുസമൂഹത്തെ അറിയിക്കാനും കഴിയുന്ന ഒരു നവോത്ഥാനമുന്നേറ്റം ആയിരിക്കണം വികസിച്ചുവരേണ്ടത്. സ്ത്രീകൾക്ക് സ്വയം മാറാനും സമൂഹത്തെ മാറ്റിത്തീർക്കാനും കഴിയുന്ന വിപ്ലവകരമായ ആ

**നവോത്ഥാനപ്രസ്ഥാനങ്ങളുടെ ചരിത്രപരമായ പ്രാധാന്യവും അതുണ്ടാക്കിയ വിപ്ലവകരമായ സാമൂഹ്യമാറ്റവും ഉൾക്കൊള്ളുകയും സ്ത്രീപ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിൽ അതിനുണ്ടായിരുന്ന പരിമിതികളെ മറികടക്കുകയും ചെയ്യുന്ന തരത്തിലുള്ള ഒരു നവോത്ഥാന മുന്നേറ്റം സ്ത്രീകളുടെ മുൻ കയ്യിൽ ഉയർന്നു വരേണ്ടതുണ്ട്.**

മുന്നേറ്റത്തിന്റെ ചാലകശക്തിയായി വർത്തിക്കാൻ കേരളത്തിലെ നവോത്ഥാന നേതൃത്വത്തിന്റെ പിൻമുറക്കാരായ പുരുഷന്മാർക്കും കഴിഞ്ഞാൽ സംഘർഷരഹിതമായി സാമൂഹ്യമാറ്റം സാധ്യമാണ്.

### *നവോത്ഥാനം സാധ്യമാണ്*

ശ്രീനാരായണഗുരുവിന്റെ സാമൂഹ്യപരിഷ്കരണശ്രമങ്ങൾക്കും മുമ്പ് 'മുലക്കരം' കൊടുക്കേണ്ടി വരുന്നതിൽ മുല അരിഞ്ഞ് പ്രതിഷേധിച്ചതും കല്ലുമാലയും ഭാരമേറിയ ആഭരണങ്ങളും തങ്ങളുടെ വിധേയത്വത്തിന്റെ ചിഹ്നങ്ങളാണെന്ന് തിരിച്ചറിഞ്ഞ് അവയൊക്കെ പൊട്ടിച്ചെറിഞ്ഞ് കല്ലുമാല സമരം നടത്തിയതും സ്ത്രീകൾ ആധുനികതയെ ഉൾക്കൊണ്ട് സ്വയം മാറാൻ തയ്യാറായതിന്റെ തെളിവുകളാണ്. സ്ത്രീകൾ മാറുമറയ്ക്കുന്നതും സംഘർഷഭരിതമായ സമരങ്ങളിലൂടെത്തന്നെയായിരുന്നു. ചാന്നാർ ലഹളയെത്തുടർന്ന് 1829 ൽ കേണൽ മൺറോ ക്രിസ്ത്യൻ ചാന്നാർ സ്ത്രീകൾക്ക് കുപ്പായം ധരിക്കാൻ അനുവദിച്ചുകൊണ്ട് ഇറക്കിയ ഉത്തരവിൽ പോലും ഉയർന്ന ജാതിസ്ത്രീകളെപ്പോലെ മേൽമുണ്ട് ധരിക്കാൻ പാടില്ലെന്ന് നിഷ്കർഷ ഉണ്ടായിരുന്നു. ഉത്തരവ് വകവെക്കാതെ അവകാശം പ്രഖ്യാപിച്ച് മേൽമുണ്ട് ധരിക്കാൻ കാണിച്ച തന്റേടം 1859ൽ മാസങ്ങളോളം നീണ്ടുനിന്ന കലാപങ്ങൾക്ക് കാരണമായിട്ടുണ്ട്.

മനുഷ്യകുലത്തിനാകെ പ്രഥമഊർജ്ജം നൽകുന്ന സ്ത്രീയുടെ മുലകളെ ഒരശ്ലീലമാക്കിമാറ്റിക്കൊണ്ടും അപകർഷത ഉണ്ടാവേണ്ട ഒരു അവയവമാണെന്നുള്ള ബോധം സ്ത്രീകളിൽ ഉല്പാദിപ്പിച്ചുകൊണ്ടുമാണ് മാറുമറയ്ക്കാനുള്ള ആവശ്യം ഉയർന്നുവന്നതെന്നവാദം നിലനിൽക്കുന്നുണ്ടെങ്കിലും മാറുമറയ്ക്കേണ്ടത് തങ്ങളുടെ ആവശ്യമാണെന്നും വിധേയത്വചിഹ്നത്തെ പറിച്ചുമാറ്റലാണെന്നുമുള്ള തിരിച്ചറിവ് അന്നത്തെ സ്ത്രീകളിലുണ്ടായപ്പോൾ ജാത്യാചാരങ്ങളേയും സാമൂഹ്യവ്യവസ്ഥിതിയേയും വെല്ലുവിളിക്കാൻ അവർ കാണിച്ച തന്റേടത്തെ ഈ നൂറ്റാണ്ടിലെ സ്ത്രീ ഉൾക്കൊള്ളേണ്ടതാണ്.

1904ൽ ആചാരപരിഷ്കരണങ്ങൾക്ക് വേണ്ടി ശ്രീനാരായണഗുരു പരസ്യമായി ആഹ്വാനം നടത്തുന്നത് താലികെട്ടുകല്യാണം, തെരണ്ടുകുളി, പുളി കൂടി തുടങ്ങിയ സ്ത്രീകേന്ദ്രീകൃതങ്ങളായ ആചാരങ്ങൾ ലംഘിക്കാൻ വേണ്ടിയായിരുന്നു. സമുദായങ്ങളുടേയും സമുദായനേതാക്കന്മാരുടേയും സംരക്ഷണയിലും കാർമ്മികത്വത്തിലും നടന്നിരുന്ന ആചാരങ്ങളെയാണ് അദ്ദേഹം വെല്ലുവിളിച്ചത്. ഗുരുവിന്റെ ജീവചരിത്രകാരനായ കെ.ദാമോദരൻ വിവരിക്കുന്ന നെയ്യാറ്റിൻകരയിലെ ഒരു ഈഴവകുടുംബത്തിലെ ഏകമകളുടെ താലികെട്ടുകല്യാണം മുഹൂർത്തസമയത്തെത്തി, "ഈ കെട്ടുകല്യാണം ഞാൻ മുടക്കിയിരിക്കുന്നു എന്നും സ്വജനങ്ങളിൽ

ആരും ഈ അനാവശ്യമായ അടിയന്തിരം മേലിൽ നടത്തരുതെ"ന്നും പ്രഖ്യാപിച്ചത് അലംഘനീയമായ ആചാരങ്ങളും നിയമങ്ങളും സാമൂഹ്യമാറ്റത്തിനുവേണ്ടി ലംഘിക്കപ്പെടേണ്ടതിന്റെ ആവശ്യകതയും അതിലുൾപ്പെട്ടവർക്ക് ഉണ്ടാവുന്ന വൈകാരിക വേദനകൾ താൽകാലികമാണെന്ന് ബോധ്യപ്പെടുത്തുകയും ചെയ്യുന്നതിനായിരുന്നു.

നമ്പൂതിരി സമുദായങ്ങളിലെ നവീകരണ പ്രവർത്തനങ്ങൾ, വിധവാവിവാഹം, ഘോഷബഹിഷ്കരണം, മിശ്രഭോജനം തുടങ്ങിയ സാമൂഹ്യമുന്നേറ്റങ്ങളൊക്കെ യാഥാസ്ഥിതികരുടെ എതിർപ്പുകളേയും ഭീഷണികളേയും മർദ്ദനങ്ങളേയും നേരിട്ടുകൊണ്ടുള്ള സംഘടിതശ്രമങ്ങളുടെ ഭാഗമായിരുന്നു.

കഴിഞ്ഞനൂറ്റാണ്ടുകളിൽ നിലനിന്ന സാമൂഹ്യവ്യവസ്ഥിതിയുടെ ആഴം പരിശോധിക്കുമ്പോൾ നമുക്ക് സങ്കല്പിക്കാവുന്നതിലും വേഗത്തിലായിരുന്നു കേരളത്തിന്റെ സാമൂഹ്യമണ്ഡലത്തിൽ നവോത്ഥാനശ്രമങ്ങൾ ഉണ്ടാക്കിയ മാറ്റങ്ങൾ. പ്രബലജാതി വിഭാഗങ്ങൾ മുഖ്യധാരയിലേക്ക് വന്ന് വിദ്യകൊണ്ട് സ്വതന്ത്രരാവുകയും സംഘടനകൊണ്ട് ശക്തരാവുകയും ചെയ്തപ്പോൾ ആദിവാസി ദളിത് ജനവിഭാഗങ്ങൾ മുഖ്യധാരയിലേക്ക് വളരാതിരുന്നതും സ്ത്രീകളുടെ സാമൂഹ്യപദവി ഉയരാതിരുന്നതും കേരളീയ നവോത്ഥാനത്തിന്റെ പരിമിതികളാണ്. ഈ പരിമിതികളെ മറികടക്കാനോ നവോത്ഥാനശ്രമങ്ങളുടെ തുടർച്ച ഏറ്റെടുക്കാനോ സമുദായ പരിഷ്കരണപ്രസ്ഥാനങ്ങളുടെ വെള്ളവും വളവും വലിച്ചെടുത്ത് വളർന്ന് വന്ന ദേശീയ പ്രസ്ഥാനത്തിനും ഇടതുപക്ഷപ്രസ്ഥാനത്തിനും കഴിഞ്ഞില്ല. ചരിത്രപരമായ ഈ ദൗത്യമാണ് ഇരുപത്തൊന്നാം നൂറ്റാണ്ട് ആവശ്യപ്പെടുന്നത്. അതിനു നേതൃത്വം കൊടുക്കേണ്ടത് ഉള്ളടക്കത്തിൽ ഫ്യൂഡലും രൂപത്തിൽ മുതലാളിത്തപരവുമായ വിവേചനങ്ങൾക്കും ചൂഷണങ്ങൾക്കും ആധിപത്യബോധങ്ങൾക്കും വിധേയരാകേണ്ടി വരുന്ന വിഭാഗങ്ങളാണ്.

## സാമ്പത്തിക പരാശ്രയത്വം സ്ത്രീയെ നിശ്ശബ്ദമാക്കാനുള്ള ആയുധമായി പുരുഷാധിപത്യം ഉപയോഗപ്പെടുത്തും. തൊഴിൽപങ്കാളിത്തവും സാമ്പത്തികസ്വാശ്രയത്വവും മുഖ്യപരിഗണനയായി സ്ത്രീകൾ കാണണം.

***നവോത്ഥാനത്തിന്റെ പുതിയ പരിഗണനാവിഷയങ്ങൾ വിവേചനരഹിതമായി വളരാനുള്ള അവകാശം :*** വളർച്ചയുടെ ഓരോഘട്ടത്തിലും ആൺപെൺവിവേചനങ്ങള അരക്കിട്ട് ഉറപ്പിക്കുന്ന ഒരിടമാണ് കുടുംബം. ആണധികാര ബോധവും പെൺവിധേയത്ത ബോധവും ഏറ്റവും ചെറുപ്പം മുതൽ കുടുംബത്തിൽ പരിശീലിക്കപ്പെടുന്നു. കളിപ്പാട്ടം, കളിക്കാനുള്ള ഇടം, സമയം, കളികൾ, വസ്ത്രം, സൗന്ദര്യസങ്കല്പം, ഗാർഹികാദ്ധ്വാനം, വിദ്യാഭ്യാസം തൊഴിൽ തുടങ്ങി ഏതുമേഖലയും ഇതിനുള്ള കളരികളാണ്. ആത്യന്തികലക്ഷ്യം വിവാഹം എന്ന പൊതുബോധവും പുരുഷാധിപത്യം ഉല്പാദിപ്പിക്കുന്ന ബലാത്സംഗഭീതിയും അവളുടെ ചലനസ്വാതന്ത്ര്യത്തേയും വിനോദത്തിനുള്ള അവകാശത്തേയും നിയന്ത്രിക്കുകയും നിഷേധിക്കുകയും ചെയ്യുന്നു. ഈ അനീതികൾ അവസാനിപ്പിക്കാനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ ആവശ്യമാണ്.

***അധികാരത്തിലും തൊഴിലിലുമുള്ള പങ്കാളിത്തം :*** ഭരണത്തിലും അധികാരത്തിലുമുള്ള നാമമാത്രമായ പങ്കാളിത്തത്തിൽ നിന്ന് തുല്യപങ്കാളിത്തത്തിലേക്ക് എത്താനുള്ള ശ്രമങ്ങൾ ശക്തിപ്പെടേണ്ടതുണ്ട്. നൂറ്റാണ്ടുകളായി സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് മാറ്റി നിർത്തപ്പെട്ട വിഭാഗം എന്ന നിലയിൽ സംവരണത്തിലൂടെയുള്ള അധികാരപ്രവേശം പ്രധാനമാണ്. വനിതാസംവരണ ബിൽ പാസാക്കിയെടുക്കാനുള്ള സമ്മർദ്ദശക്തിയായി സ്ത്രീകൾ മാറണം. സ്ഥാനാർത്ഥിനിർണ്ണയത്തിൽ പകുതിസീറ്റ് സ്ത്രീകൾക്കല്ലെങ്കിൽ NOTA പ്രയോഗിക്കുമെന്ന് വിളിച്ചുപറയാനും സ്വന്തം ശബ്ദത്തെ ദൃഢപ്പെടുത്താനും സ്ത്രീകൾ തയ്യാറാവണം.

സാമ്പത്തികപരാശ്രയത്വം സ്ത്രീയെ നിശ്ശബ്ദമാക്കാനുള്ള ആയുധമായി പുരുഷാധിപത്യം ഉപയോഗപ്പെടുത്തും. തൊഴിൽപങ്കാളിത്തവും സാമ്പത്തികസ്വാശ്രയത്വവും മുഖ്യപരിഗണനയായി സ്ത്രീകൾ കാണണം.

സ്ത്രീകൾ കുടുംബത്തിൽ നിന്ന് പുറത്തുകടന്ന് തൊഴിൽമേഖലകളിൽ പങ്കാളികളാകുന്നത് ഫ്യൂഡൽ ഗാർഹികാടിമത്വത്തിൽ നിന്നുള്ള മോചനവും സാമൂഹ്യപുരോഗതിയിലുള്ള പങ്കാളിത്തവുമായി വിലയിരുത്താറുണ്ട്. എന്നാൽ വെച്ചും വിളമ്പിയും മക്കളെപ്പെറ്റും പുരുഷന്റെ വരുമാനത്തെ ആശ്രയിച്ചു കഴിഞ്ഞിരുന്ന സ്ത്രീയുടെ പദവിയിൽ നിന്ന് മോചനം നേടാൻ ആധുനിക സ്ത്രീക്ക് ഇന്നും കഴിഞ്ഞിട്ടില്ല. അതുകൊണ്ട് തന്നെ ഇരട്ടിഅധ്വാനത്തിനും ഇരട്ടിചൂഷണത്തിനും അവർ വിധേയരാവുന്നു.

കുടുംബത്തിനുപുറത്തുള്ള ഉല്പാദനപ്രവർത്തനങ്ങളിലും തൊഴിൽമേഖലകളിലും അധികാരസ്ഥാനങ്ങളിലും സ്ത്രീയും പങ്കാളിയാവുമ്പോൾ, 'അധ്വാനിച്ച് കുടുംബം പോറ്റുന്നവർ' എന്ന പദവി പുരുഷനെപ്പോലെ

സ്ത്രീക്കും അർഹതപ്പെട്ടതാവുന്നു. പുരുഷന്റെ മാത്രം കുത്തകയായിരുന്ന അധികാരവും തൊഴിൽ പങ്കാളിത്തവും സ്ത്രീയും പങ്കുവെക്കുമ്പോൾ തിരിച്ച് കുടുംബത്തിലെ ഉത്തരവാദിത്തങ്ങൾ പുരുഷനും പങ്കുവെക്കേണ്ടതല്ലേ?

'അടുക്കള പെണ്ണിന്റേതല്ല' എന്നുപറയാൻ സ്ത്രീ തയ്യാറായാൽ മാത്രമേ 'പിന്നേ ആരുടേതാണ്' എന്ന മറുചോദ്യം ഉയർന്നുവരൂ. കൂട്ടുഉത്തരവാദിത്തത്തിന്റെ ആവശ്യകത അല്ലെങ്കിൽ ബദൽ അന്വേഷണത്തിന്റെ സാധ്യത അപ്പോഴാണ് ഉയർന്നുവരിക.

ഭർത്താവ്, വൃദ്ധർ, കുട്ടികൾ ഇവരുടെയൊക്കെ പരിചരണവും ശുശ്രൂഷയും കുടുംബത്തിലെ സ്ത്രീയുടെ മാത്രം ഉത്തരവാദിത്തമായി മാറുന്ന മനോഭാവവും മാറണം. സ്വന്തം അച്ഛനമ്മമാരുടെ പരിചരണം ഭാര്യക്കും ഭാര്യയുടെ അച്ഛനമ്മമാരുടെ പരിചരണം അവളുടെ സഹോദരന്റെ ഭാര്യക്കും എന്ന തരത്തിലുള്ള കുടുംബ സംവിധാനത്തിനും ചില പരിമിതികൾ ഇല്ലേ?

ഒരു മാറ്റത്തിനും വിധേയമാവാൻ പാടില്ലാത്ത സനാതന സംവിധാനമല്ല കുടുംബം. മാറ്റത്തിനുള്ള ഇച്ഛാശക്തി പ്രകടമായാൽ സമൂഹവും സ്വാഭാവികമായി ആ മാറ്റത്തോടൊപ്പം നിൽക്കുന്നതാണ് ചരിത്രസാക്ഷ്യം.

കുടുംബത്തിനുള്ളിലെ അധ്വാനവും കുട്ടികളുടേയും പ്രായമായവരുടേയും പരിചണവും പുരുഷന്റെയും സ്ത്രീയുടേയും തുല്യ ഉത്തരവാദിത്തമാക്കിക്കൊണ്ട് നിയമനിർമ്മാണം നടത്താൻ ഭരണകൂടം തയ്യാറാവണം. പരിചരണകേന്ദ്രീകൃതമായ നേഴ്സിംഗ്, എയർഹോസ്റ്റസ് തുടങ്ങിയ തൊഴിൽമേഖലകളിൽ 50% പുരുഷനും പുരുഷന് മേൽക്കൈയുള്ള പോലീസ്, ഡ്രൈവർ തുടങ്ങിയ മേഖലകളിൽ 50% സ്ത്രീക്കും സംവരണം ചെയ്തു

> **സ്ത്രീയുടേയും അവളുടേയും കുടുംബത്തിന്റേയും കുലത്തിന്റേയും മാനം അവളുടെ ലൈംഗികതയാണെന്ന് സ്ത്രീയെ ഒരു ലൈംഗികശരീരം മാത്രമായി ഉൾക്കൊണ്ട പുരുഷാധിപത്യ സമൂഹം നിരന്തരം പ്രചരിപ്പിച്ചുകൊണ്ടിരിക്കും. ബലാത്സംഗത്തെ മാനഭംഗമാക്കി അവതരിപ്പിക്കുന്നത് അതുകൊണ്ടാണ്. തന്റെ ശരീരമല്ല തന്റെ മാനമെന്നും തന്റെ ലൈംഗികതയ്ക്കുമേൽ നടന്ന കുറ്റകൃത്യമാണ് ബലാത്സംഗമെന്നും സ്ത്രീ തിരിച്ചറിയണം.**

കൊണ്ടുള്ള തൊഴിൽ പങ്കാളിത്തവും സാമൂഹ്യബോധത്തിൽ മാറ്റം ഉണ്ടാക്കും. ലൈംഗികാതിക്രമങ്ങളും ബലാത്സംഗവും.

***ലൈംഗികപീഡനങ്ങളും ബലാത്സംഗങ്ങളും*** : കേരളത്തിൽ വർദ്ധിച്ചുവരുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. നിയമത്തിന്റേയും കോടതിയുടേയും മുന്നിലെത്തുന്ന പരാതികൾവെച്ചുകൊണ്ടുള്ള ഈ നിഗമനങ്ങൾ വലിയ ഒരു സാമൂഹ്യഇടപെടൽ ആവശ്യപ്പെടുന്നുണ്ട്.

സ്ത്രീയുടെ ഭയത്തിന്റേയും വിധേയത്വത്തിന്റേയും അടിത്തറയിൽ നിലനിൽക്കുന്ന പുരുഷാധിപത്യം സ്ത്രീയെ തന്റെ വരുതിയിൽ നിർത്താൻ ബലാത്സംഗഭയം നിരന്തരം ഉല്പാദിപ്പിച്ചുകൊണ്ടിരിക്കും. പുരുഷലൈംഗികദാഹത്തേക്കാൾ ആണധികാരപ്രയോഗവുമായിട്ടാണ് ബലാത്സംഗം കൂടുതൽ ബന്ധപ്പെട്ടിരിക്കുന്നത്. ഭയത്തേയും വിധേയത്വത്തേയും മറികടക്കാൻ മാനസികമായും ശാരീരികമായും സ്ത്രീ ശക്തിനേടുമ്പോൾ മാത്രമേ ബലാത്സംഗവും അവസാനിപ്പിക്കാൻ കഴിയുകയുള്ളൂ.

സ്ത്രീയുടേയും അവളുടെയും കുടുംബത്തിന്റെയും കുലത്തിന്റേയും മാനം അവളുടെ ലൈംഗികതയാണെന്ന് സ്ത്രീയെ ഒരു ലൈംഗികശരീരം മാത്രമായി ഉൾക്കൊണ്ട പുരുഷാധിപത്യ സമൂഹം നിരന്തരം പ്രചരിപ്പിച്ചുകൊണ്ടിരിക്കും. ബലാത്സംഗത്തെ മാനഭംഗമാക്കി അവതരിപ്പിക്കുന്നത് അതുകൊണ്ടാണ്. തന്റെ ശരീരമല്ല തന്റെ മാനമെന്നും തന്റെ ലൈംഗികതയ്ക്കുമേൽ നടന്ന കുറ്റകൃത്യമാണ് ബലാത്സംഗമെന്നും സ്ത്രീ തിരിച്ചറിയണം. ശരീരത്തിനു മേൽ നടന്ന കുറ്റകൃത്യമെന്നതിലുപരി ബലാത്സംഗത്തിനു കൊടുക്കുന്ന പ്രാധാന്യമാണ് ഇരകളെ മാനസികമായി തളർത്തുന്നത്. ആ മനോഭാവം മാറണം.

ഏറ്റവും വേഗത്തിലും നിഷ്പക്ഷമായും നീതിനടപ്പാക്കപ്പെടുന്നതും കുറ്റവാളികൾ മാതൃകാപരമായി ശിക്ഷിക്കപ്പെടുന്നതും ബലാത്സംഗം കുറയ്ക്കാൻ ഭരണകൂടത്തിന്റെ ഭാഗത്ത് നിന്നുണ്ടാവേണ്ട അടിയന്തിര നടപടിയാണ്. സ്ത്രീയുടെ സുരക്ഷിതത്വം ഉറപ്പാക്കേണ്ടതും ഭരണകൂടത്തിന്റെ ബാധ്യതയാണ്. കുറ്റകൃത്യത്തിന്റെ ഇരകളായ പെൺകുട്ടികൾക്ക് മാനസികവും ശാരീരികവും സാമൂഹ്യവുമായ ഒരു ബുദ്ധിമുട്ടും വിചാരണക്കാലത്തും അതിനുശേഷവും ഉണ്ടാകാത്ത തരത്തിലുള്ള നിയമനിർമ്മാണം പോലും ആവശ്യമാണ്.

***വിദ്യാഭ്യാസം*** : ആൺകുട്ടിയും പെൺകുട്ടിയും സ്വതന്ത്ര വ്യക്തികളായി കൂടിക്കളിച്ച അവ

> ആരോഗ്യകരമായ സ്ത്രീപുരുഷബന്ധങ്ങൾ രൂപപ്പെടുന്നതിൽ വലിയൊരു പങ്കുവഹിക്കാൻ ആ മാറ്റംകൊണ്ട് സാധ്യമാകും. ഫുട്ബോളും കബഡിയും പോലുള്ള കളികൾ പെൺകുട്ടികളുടേയും വിനോദങ്ങളായി മാറാൻ ബോധപൂർവ്വം ഇടപെടൽ ആവശ്യമാണ്. പെൺകുട്ടികളുടെ കായികക്ഷമതയും ചെറുത്തുനിൽപും സ്ത്രീപീഡനങ്ങൾ അവസാനിപ്പിക്കാൻ കാരണമാകും.

സ്ഥക്ക് അന്ത്യം കുറിക്കുന്ന ഇടമാണ് ഇന്ന് വിദ്യാലയങ്ങൾ. വിവേചനങ്ങൾ ഇല്ലാതാക്കുമെന്ന് പാഠ്യപദ്ധതിയിൽ എഴുതിവെച്ചാലും ആൺപെൺ സൗഹൃദപരമല്ലാത്ത ക്ലാസ്സ് മുറികളും വിവേചനങ്ങൾ അരക്കിട്ടുറപ്പിക്കുന്ന യൂണിഫോം വസ്ത്രവും ആൺ ആധിപത്യപ്രദേശങ്ങളായ വിദ്യാലയഗ്രൗണ്ടുകളും ആധിപത്യവിധേയത്വമൂല്യങ്ങൾ ആന്തരവല്ക്കരിച്ച അധ്യാപകരും ചേർന്ന് നിലവിലുള്ള പുരുഷാധിപത്യസാമൂഹ്യവ്യവസ്ഥയെ പരിപാലിച്ചു നിർത്തുന്നു.

പുരുഷാധിപത്യസമൂഹം കൃത്രിമമായി സൃഷ്ടിച്ച് സ്ത്രീയുടേയും പുരുഷന്റേയും തലയിൽകെട്ടിയേല്പിച്ച എല്ലാമൂല്യങ്ങളേയും ചോദ്യം ചെയ്യാനും ജനാധിപത്യപരമായ സ്ത്രീപുരുഷബന്ധങ്ങൾ വികസിപ്പിച്ചുകൊണ്ടുവരാനും ഉതകുന്ന വിദ്യാഭ്യാസത്തിനുള്ള ഇടപെടൽ ആവശ്യമാണ്. ലിംഗനീതി വിഭാവനം ചെയ്യുന്ന ഒരു കരിക്കുലം രൂപപ്പെടുത്തുന്നതിലും സ്ത്രീകൾ നേതൃത്വപരമായ പങ്കുവഹിക്കണം

**വിനോദങ്ങളും കായികക്ഷമതയും** : കൂട്ടായ വിനോദങ്ങൾ പ്രത്യേകിച്ച് കായികവിനോദങ്ങൾ സൗഹൃദം, സഹകരണം, വിട്ടുവീഴ്ച, ചെറുത്തു നിൽപ്, കായികശേഷി, ബൗദ്ധിക വികാസം, തന്ത്രങ്ങൾ മെനയൽ തുടങ്ങി മാനസികവും ശാരീരികവുമായ ഒരുപാട് മെച്ചപ്പെടലിനുള്ള പാഠശാലയാണ്. നമ്മുടെ സ്കൂൾ ഗ്രൗണ്ടുകൾ പെൺകുട്ടികളോടു കാണിക്കുന്ന നീതിനിഷേധം വേണ്ടത്ര ശ്രദ്ധിക്കപ്പെട്ടിട്ടില്ല.

വൈകുന്നേരങ്ങളിലെ കായികവിനോദവും സൗഹൃദക്കൂട്ടായ്മകളും സാംസ്കാരികപ്രവർത്തനങ്ങളുമെല്ലാം പുരുഷനുമാത്രം സാധ്യമാകുന്ന സാമൂഹ്യസാഹചര്യം മാറണം. ആരോഗ്യകരമായ സ്ത്രീപുരുഷബന്ധങ്ങൾ രൂപപ്പെടുന്നതിൽ വലിയൊരു പങ്കുവഹിക്കാൻ ആ മാറ്റംകൊണ്ട് സാധ്യമാകും. ഫുട്ബോളും കബഡിയും പോലുള്ള കളികൾ പെൺകുട്ടികളുടേയും വിനോദങ്ങളായി മാറാൻ ബോധപൂർവ്വം ഇടപെടൽ ആവശ്യമാണ്. പെൺകുട്ടികളുടെ കായികക്ഷമതയും ചെറുത്തുനിൽപും സ്ത്രീപീഡനങ്ങൾ അവസാനിപ്പിക്കാൻ കാരണമാകും.

**പൊതുഇടങ്ങളിലുള്ള അവകാശം**

ലൈംഗികാതിക്രമഭീതി സൃഷ്ടിച്ച് പൊതുസ്ഥലങ്ങളും സമയവും സ്വന്തം വരുതിയിൽ വെക്കുകയും അവന്റെ താത്പര്യപ്രകാരം അവ സ്ത്രീക്ക് പ്രാപ്യമാക്കുകയോ അപ്രാപ്യമാക്കുകയോ ചെയ്യുകയാണ് പുരുഷാധിപത്യ സാമൂഹ്യവ്യവസ്ഥ. സ്ത്രീയുടെ ചലനങ്ങളേയും ദൃശ്യതയേയും പരിമിതപ്പെടുത്തി നിയന്ത്രിക്കാൻ ഇതിലൂടെ കഴിയുന്നു. പുരുഷാധിപത്യം കയ്യടക്കി വെച്ചിരിക്കുന്ന സ്ഥലങ്ങളും സമയങ്ങളും സ്ത്രീകൾ വീണ്ടെടുക്കണം.

ആറുമണിക്കു മുമ്പ് സ്ത്രീകൾ ഹോസ്റ്റൽമുറിക്കുള്ളിൽ കയറിയിരിക്കണമെന്ന് നിയമമുള്ളപ്പോൾ ലോഡ്ജിൽ ഒറ്റക്കൊരു സ്ത്രീക്ക് മുറി നൽകാതിരിക്കുമ്പോൾ, ആറുമണിക്ക് ശേഷം സ്ത്രീകളെക്കൊണ്ട് തൊഴിലെടുപ്പിക്കരുതെന്ന് നിയമമുണ്ടാക്കുമ്പോൾ, രാത്രിയിൽ യാത്രചെയ്യുന്ന സ്ത്രീകളെ സദാചാരകളണ്ണുകളോടെ വീക്ഷിക്കുമ്പോൾ യഥാർത്ഥത്തിൽ പൊതു ഇടങ്ങളും രാത്രികളും സ്ത്രീകൾക്ക് നിഷേധിക്കപ്പെടുകയാണ്. സ്ത്രീയുടെ പൊതു സാന്നിദ്ധ്യം പരിമിതപ്പെടുത്താതെ സുരക്ഷിതത്വം ഉറപ്പുവരുത്താനുള്ള ബാദ്ധ്യതയാണ് ഭരണകൂടത്തിനുള്ളത്.

രാത്രി സ്വന്തമാക്കാനോ രാത്രിക്കുമേൽ അവകാശം പ്രഖ്യാപിക്കാനോ പ്രതീകാത്മാകമായി സമരം ചെയ്തുകൊണ്ടുമാത്രം നേടാവുന്ന ഒന്നല്ല സഞ്ചാരസ്വാതന്ത്ര്യം. ഹോസ്റ്റലുകളിലെ സൗഹൃദക്കൂട്ടായ്മകൾക്കും കുടുംബങ്ങൾക്കും സ്വാഭാവികമായി സഞ്ചരിച്ച്നേടാവുന്നതാണിത്. ഭയത്തെ മറികടക്കാനുള്ള ഇച്ഛാശക്തി സംഘടിതരായി യാത്ര ചെയ്തുകൊണ്ട് നേടാവുന്നതേയുള്ളു.നിഷേധിക്കപ്പെട്ട വഴികളിലൂടെ നടക്കാനുള്ള സ്വാതന്ത്ര്യം ത്യാഗോജ്ജ്വലമായ സമരങ്ങളിലൂടെ നേടിയെടുത്തവരുടെ പിൻമുറക്കാർക്ക് സ്ത്രീകളുടെ സഞ്ചാര സ്വാതന്ത്ര്യത്തിനുള്ള സമരം നയിക്കാൻ കഴിയാത്തതെന്തുകൊണ്ടാണ്?

**ഔദ്യാഗികനാമങ്ങളും അപേക്ഷാഫോറങ്ങളും**

പൊതുവായതെല്ലാം ആണിന്റേത് എന്ന ബോധം നിലനില്ക്കുന്നതുകൊണ്ടാണ് ആൺഫുട്ബോൾ ലോകകപ്പ് ഫുട്ബോളാവുന്നതും പെൺഫുട്ബോൾ വനിതാലോകകപ്പ് ആകുന്നതും. സ്ത്രീപുരുഷസമത്വം ഭരണഘട

നയിൽ എഴുതിച്ചേർത്തിട്ടുണ്ടെങ്കിലും പോലീസ് എന്ന ഔദ്യോഗികനാമം ആൺപോലീസിനാണ്. വുമൻ പോലീസ് എന്ന് കാറ്റഗറൈസ് ചെയ്തുമാത്രമേ പെൺപോലിസാവുകയുള്ളു. ചില തൊഴിൽമേഖലകളിലും തൊഴിലിടത്തിലുമുള്ള ഇത്തരം വിവേചനങ്ങൾ ഭരണഘടനാവിരുദ്ധമാണ്.

'വനിത' എന്നപദത്തിന് ശബ്ദതാരാവലി നല്കിയിരിക്കുന്ന അർത്ഥം പുരുഷന്റെ ആജ്ഞാനുവർത്തിയായി നില്ക്കുന്നത്, വെപ്പാട്ടി എന്നൊക്കെയാണ്. പുരുഷന്റെ ആജ്ഞാനുവർത്തിയായി നില്ക്കുന്ന കമ്മീഷൻ -വനിതാക്കമ്മീഷൻ, പുരുഷന്റെ ആജ്ഞാനുവർത്തിയായി നില്ക്കുന്ന പോലീസ് ...... തുടങ്ങിയ ഔദ്യാഗികനാമങ്ങൾ മാറ്റേണ്ടതല്ലേ?

കോടതിവിധികൾ ഉണ്ടായിട്ടും ലിംഗനീതി ഉറപ്പാക്കുന്നതരത്തിൽ അപേക്ഷാഫോറങ്ങൾ തയ്യാറാക്കാൻ ബാങ്കിംഗ് മേഖലകളിലും ക്രിമിനൽനിയമങ്ങളിലും സിവിൽനിയമങ്ങളിലുമൊക്കെയുള്ള സ്ത്രീവിരുദ്ധതകൾ കണ്ടെത്തി തിരുത്തിക്കാൻ... ഇടപെടലുകൾ ആവശ്യമുള്ള മേഖലകൾ നിരവധിയാണ്.

**മാധ്യമങ്ങൾ:**

പരസ്യങ്ങളും സിനിമയും സ്ത്രീയുടെ ലൈംഗികത പ്രദർശിപ്പിക്കുന്നതിനെതിരെയുള്ള മുറവിളികൾ ദശാബ്ദങ്ങൾക്കുമുമ്പേ തുടങ്ങിയതാണ്. എന്നാൽ സമകാലീനദൃശ്യാനുഭവങ്ങൾ സ്ത്രീയുടെ പ്രത്യയശാസ്ത്രനിർമ്മിതിയിൽ വഹിക്കുന്ന പങ്ക് അശ്ലീലതയേക്കാൾ ഭീകരമാണ്. പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെയും കുട്ടികളെയും സ്ത്രീകളെയും അവഹേളിക്കുന്നതും അവരോടുള്ള അക്രമവാസന പ്രോത്സാഹിപ്പിക്കുന്നതും സെൻസറിംഗിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതാണ്.ജനാധിപത്യത്തിലും നീതിയിലും അധിഷ്ഠിതമായ മാധ്യമസംസ്കാരവും കേരളത്തിൽ ആവശ്യമാണ്.

## കോടതിവിധികൾ ഉണ്ടായിട്ടും ലിംഗനീതി ഉറപ്പാക്കുന്നതരത്തിൽ അപേക്ഷാഫോറങ്ങൾ തയ്യാറാക്കാൻ ബാങ്കിംഗ് മേഖലകളിലും ക്രിമിനൽനിയമങ്ങളിലും സിവിൽനിയമങ്ങളിലുമൊക്കെയുള്ള സ്ത്രീവിരുദ്ധതകൾ കണ്ടെത്തി തിരുത്തിക്കാൻ... ഇടപെടലുകൾ ആവശ്യമുള്ള മേഖലകൾ നിരവധിയാണ്.

**സ്ത്രീയുടെ ലൈംഗികവസ്തുവൽക്കരണം**

മുതലാളിത്തത്തിന് സ്ത്രീ ഉപഭോഗവസ്തുവും ഉപഭോഗവസ്തുക്കളുടെ വിപണനത്തിനുള്ള തന്ത്രവുമാണ്. പുരുഷാധിപത്യത്തിനാകട്ടെ, മറ്റുള്ളവരുടെ കാഴ്ചക്കുവേണ്ടി അണിയിച്ചൊരുക്കി വെക്കേണ്ടതും മാനം കാക്കാൻ വേണ്ടി കാത്തുസൂക്ഷിക്കേണ്ടതുമായ ലൈംഗികശരീരവും. ഈ വൈരുദ്ധ്യങ്ങൾക്കിടയിൽ സംഘർഷം അനുഭവിക്കുന്ന പെണ്ണിനുവേണ്ടി ചമക്കപ്പെട്ട സദാചാരസംഹിതകൾ ലൈംഗികാതിക്രമങ്ങൾക്ക് കാരണം നിന്റെ ശരീരമാണ്, അത് നീ തന്നെയാണ് എന്ന് വിധിക്കുന്നു.

സ്ത്രീയുടെ ലൈംഗികവസ്തുവൽക്കരണത്തിൽ 'പെണ്ണുടുപ്പ്'കൾക്കുള്ള പങ്ക് തിരിച്ചറിഞ്ഞ് പ്രതിരോധിക്കാൻ സ്ത്രീകൾക്ക് എത്രമാത്രം കഴിയുന്നുണ്ട്?

19-ാം നൂറ്റാണ്ടിൽ മതത്തിന്റെയും ജാതിയുടെയും ആഭിജാത്യത്തിന്റെയും ചിഹ്നങ്ങളായിരുന്നു വസ്ത്രവും ആഭരണങ്ങളും മുടിയും പാദരക്ഷകളുമെല്ലാം. ഈ ഉടുപ്പുകളിൽ ആൺപെൺ വ്യത്യാസങ്ങളല്ല പ്രകടമായിരുന്നത്, മതജാതി വ്യത്യസങ്ങളായിരുന്നു. നവോത്ഥാനകാലം ആധുനികതയെ ഉൾക്കൊണ്ടുകൊണ്ട് ഉടുപ്പുകൾ ഏകീകരിക്കുകയും പരിഷ്കരിക്കുകയും ചെയ്തപ്പോൾ പുരുഷൻ പാരമ്പര്യങ്ങളെ സൗകര്യപ്രദമായി പരിഷ്ക്കരിക്കുകയോ ഒഴിവാക്കുകയോ ചെയ്തു. നീട്ടി വളർത്തിയ മുടിയും കടുക്കനും ഒഴിവാക്കി ചലനസ്വാതന്ത്ര്യമുള്ളതും സുരക്ഷിതവുമായ വസ്ത്രങ്ങളിലേക്ക് പുരുഷൻ മാറി. പുരുഷനോടൊപ്പം സ്ത്രീയും ആധുനികവല്കരിക്കപ്പെട്ടെങ്കിലും പാരമ്പര്യചിഹ്നങ്ങളെയും അസ്വാതന്ത്യങ്ങളെയും കയ്യൊഴിയാൻ സ്ത്രീ ഇന്നും മടിച്ചുനില്ക്കുകയാണ്. ആധുനികവിദ്യാഭ്യാസവും സാമൂഹ്യവീക്ഷണവും നേടിയ പുരുഷന്റെ മുൻകൈപ്രവർത്തനങ്ങളിൽ പങ്കാളിയാവാൻ അന്നത്തെ സ്ത്രീക്ക് കഴിയുമായിരുന്നില്ല. ഇന്നെങ്കിലും സ്ത്രീക്ക് അതിന് കഴിയേണ്ടതല്ലേ?

**ഉപസംഹാരം**

വിവാഹസമ്പ്രദായം, സ്വത്തവകാശം, വിവാഹമോചനം,കലാസാംസ്കാരികരംഗം തുടങ്ങി നിരനധിമേഖലകൾ പ്രശ്നവൽക്കരിക്കപ്പെടേണ്ടതുണ്ട്

നൂറ്റാണ്ടുകളായി അനുഭവിക്കുന്ന വിവേചനങ്ങൾ തിരിച്ചറിയുകയും മാറ്റിത്തീർക്കുകയും ചെയ്യുമ്പോഴാണ് അതിനുള്ള മാർഗ്ഗങ്ങൾ അന്വേഷിക്കുന്നത്. അധികാരവിധേയത്തബന്ധങ്ങളില്ലാത്ത സമൂഹത്തിന് മാത്രമേ ചൂഷണങ്ങളും അസമത്വങ്ങളും അവസാനിപ്പിക്കാൻ കഴിയൂ. ജീവിതരീതിയിലും ജീവിതവീക്ഷണത്തിലും വൈകാരികഭാവങ്ങളിൽപ്പോലും നീതി ലക്ഷ്യമാക്കിക്കൊണ്ടുള്ള മാറ്റങ്ങൾ ഉണ്ടാകണം. വിമോചനസങ്കല്പവും സ്വാതന്ത്ര്യബോധവും ആൺപെൺഭേദമില്ലാതെ രണ്ടുകൂട്ടരുടെയും ഉള്ളിൽനിന്നുതന്നെ വരുമ്പോൾ സ്ത്രീവിമോചനം മനുഷ്യമോചനത്തിന് എന്ന ഉദാത്തസങ്കല്പവും പൂവണിയും. ●

ഉപ്പും മുളകും



ഗീത



# മേരി കോം അത്ഭുതമാകുന്നത്

**എന്താണ്** ഒരു പെണ്ണ്? പൊതുബോധത്തിൽ, മനുഷ്യരിലെ 'പെണ്ണ്' ഒരു ശാരീരികവ്യത്യാസമാണ്. ആണാകട്ടെ ഒരു വ്യക്തിയും. അപ്പോൾ ആണിൽ നിന്നും വ്യത്യാസപ്പെട്ട ഒരു ശരീരം മാത്രമാണ് പെണ്ണ്. മതങ്ങൾ പറയും ആണിന്റെ വാരിയെല്ലിൽനിന്ന്, അല്ലെങ്കിൽ തുടയിൽനിന്ന് ഇനിയഥവാ മാറത്തു നിന്ന് ഒക്കെ അവനായി അവൻ തന്നെ സൃഷ്ടിച്ചെടുത്തതാണ് പെണ്ണിനെയെന്ന്. അങ്ങനെ പറഞ്ഞു പറഞ്ഞ് അവൾ ഒരു ശരീരം മാത്രമായിമാറി. അതും എങ്ങനെയുള്ള ശരീരം? മുല്ലവള്ളിപോലെ സദാ അവനിൽ ചുറ്റിപ്പിണഞ്ഞുകൊണ്ടുള്ള ഒരു കർമ്മബന്ധം മാത്രമാണത്. കർതൃത്വമില്ല. സ്വയം നിർണ്ണയങ്ങളില്ല സ്വന്തം ഇച്ഛകൾ പോലുമില്ല.

പക്ഷേ ഇഞ്ചിയോൺ വാർത്തകളിൽ പുരുഷാധിപത്യത്തിനെതിരായുള്ള അതിശക്തമായ 'പഞ്ചു'കളുമായി മേരികോം എന്ന പെണ്ണ് ഇന്ത്യക്കു വേണ്ടി സ്വർണമെഡലുയർപ്പിടിക്കുമ്പോഴോ? അപ്പോഴവൾ 'മാഗ്നിഫിസന്റ് മേരി'യാകുന്നു. അപൂർവ്വങ്ങളിൽ അപൂർവ്വമെന്നു വിശേഷിപ്പിക്കപ്പെടുന്നു. തന്നേക്കാൾ നീളമുള്ളവളും ആറു വയസ്സിനിളയതുമായ ശക്തയായ എതിരാളിയെ 31കാരിയായ, മൂന്നുകുട്ടികളുടെ അമ്മയായ മേരികോം എതിരിട്ടതും വിജയിച്ചതും റിങ്ങിലെ ചടുലനീക്കങ്ങൾകൊണ്ടായിരുന്നു. പ്രായത്തെ അതിശയിക്കുന്ന ഇച്ഛാശക്തിയും ശരീരത്തെ വെല്ലുന്ന മനസ്സും കൊണ്ടാണ് അവൾ എതിരാളിയുടെ ആത്മവിശ്വാസം തകർത്തുതരിപ്പണമാക്കിയത്.

ഈ മേരികോം എങ്ങനെയാണ് ഇന്ത്യയുടെ അത്ഭുതമായി മാറിയത്?

"മൂന്നു ചെറിയ കുട്ടികളേയും കുടുംബത്തേയുമൊക്കെ വിട്ടാണ് ഞാൻ ഇവിടെയെത്തിയത്. പരിശീലനത്തിനായി ഇറങ്ങുമ്പോഴും കുടുംബത്തിൽ ധാരാളം ത്യാഗങ്ങൾ ചെയ്യേണ്ടി വരും. ഇതിനൊക്കെയുള്ള പ്രതിഫലമാണ് ഈ മെഡൽ." എന്ന് മേരികോം പറയുന്നത് അത്ര ലാഘവത്തോടെ കേൾക്കേണ്ടതല്ല. അവൾ ജനിച്ചതും വളർന്നതും ഇന്ത്യയിലെ മണിപ്പൂരിലെ മറ്റേതൊരു പെൺകുട്ടിയേയും പോലെയായിരുന്നു. ഇന്നീക്കാണുന്ന പേശീബലം അവൾക്കു ജന്മനാ കിട്ടിയതല്ല. പെട്ടെന്നൊരു ദിവസം കിട്ടിയ വരദാനവുമല്ല അത്. കഠിനാദ്ധ്വാനത്തിലൂടെ നിരന്തരപരിശീലനത്തിലൂടെ അതിലൊക്കെയുപരി സമ്പൂർണ്ണ സമർപ്പണത്തിലൂടെ ആർജ്ജിച്ചെടുത്തതാണ് അവളുടെ, നമ്മുടേയും അഭിമാനമായി മാറിയ മസിലുകൾ. ബുദ്ധിയും ശക്തിയും വഴക്കവുമുള്ള ശരീരം ആക്രമണത്തിനും പ്രതിരോധത്തിനും ഒരുപോലെ സജ്ജമായി തീർന്നതിന്റെ പിന്നിലെ ത്യാഗത്തെക്കുറിച്ചാണ് അവളുടെ വാക്കുകൾ.

മണിപ്പൂരിലെ പെണ്ണുങ്ങളുടെ ആത്മധൈര്യം ഇന്ത്യക്ക് ഒട്ടും അപരിചിതമല്ല. പട്ടാളഭരണത്തിനെതിരെ വർഷങ്ങളായി നിരാഹാര സമരം നടത്തുന്ന ഇറോം ഷർമ്മിളയുടെ മണ്ണിൽ നിന്നാണ് എം.സി മേരികോം എന്ന ബോക്സിങ്ങ് ചാമ്പ്യൻ വരുന്നത്.

ഒരുപക്ഷേ സ്പോർട്സ് പ്രേമികൾ മാത്രം പിന്തുടർന്ന മേരികോമിന്റെ ജീവിതം സാംസ്കാരിക ലോകത്തിനു മുമ്പിൽ വെളിപ്പെടുത്തിയത് മേരികോം എന്ന ഹിന്ദിസിനിമയായിരുന്നു. ലോകസുന്ദരിയും നടിയുമായ പ്രിയങ്കാചോപ്രയുടെ താരമൂല്യം മേരികോം എന്ന കായികതാരത്തെ പ്രശസ്തയാക്കിയെന്നു ധരിക്കുന്നതിനേ

ക്കാൾ ശരി മേരികോമിന്റെ ജീവിതവും ശരീരവും പ്രിയങ്കാചോപ്രയെ വെല്ലുവിളിച്ചുവെന്നു പറയുന്നതാണ്. ലോകസൗന്ദര്യമത്സരത്തിന്റെ അളവുകളെ തൃപ്തിപ്പെടുത്തുന്ന പ്രിയങ്കയുടെ ശരീരം മണിപ്പൂരുകാരിയുടെ കുറിയതും മസിലുകളുള്ളതുമായ ശരീരത്തേയും തവിട്ടുപുള്ളികൾ വീണ ഇളംമഞ്ഞനിറത്തേയും ഏറ്റുവാങ്ങാൻ ഏറെ ക്ലേശിച്ചിട്ടുണ്ടാകുമെന്ന് തീർച്ച.

എന്തായിരുന്നു മേരികോമിന്റെ പ്രതിസന്ധികൾ? കഴിവുള്ളവർ സ്വയം ഉയർന്നുവന്നുകൊള്ളുമെന്ന ലഘുന്യായത്തിന്റെ ഉദാഹരണമല്ല മേരികോമിന്റെ ജീവിതം. എന്തിനെയായിരുന്നു അവൾക്ക് അതിജീവിക്കേണ്ടിയിരുന്നത്. എങ്ങനെയായിരുന്നു അതിജീവനത്തിനുള്ള അർഹത അവൾക്കു തെളിയിക്കേണ്ടിയിരുന്നത്?

വീടിന്റെ സമ്മതം വാങ്ങാതെ, വീടറിയാതെ തന്റെ ജീവിതം തെരഞ്ഞെടുക്കുകയായിരുന്നു മേരികോം. ഒരു നാട്ടുമ്പുറത്തുകാരിയുടെ  വീട്ടുജോലികൾ തീർത്തശേഷം ഒളിച്ചും പതുങ്ങിയും 'അതിസാഹസികമായി' അവൾ ബോക്സിങ്ങ് പരിശീലനത്തിനെത്തിയത് അങ്ങനെയായിരുന്നു. അവിടെവെച്ചാണ് പേരുമാറ്റി ഇന്നത്തെ എം.സി മേരികോം ആയി മാറിയത്. ശരീരത്തെ മനസ്സിനെ ബുദ്ധിയെ ഒക്കെ അവൾ തന്റെ ഇച്ഛക്കൊത്തു മെരുക്കിയെടുക്കുന്നത് അവിടെ വെച്ചാണ്.

"അച്ഛനാണോ ബോക്സിങ്ങാണോ" വേണ്ടതെന്ന അച്ഛന്റെ ചോദ്യത്തിനു മുമ്പിൽ അവൾ പതറിയില്ല. "ബോക്സിങ്"! രക്ഷാധികാരിയായ അച്ഛന്റെ മുഖത്തു നോക്കി ഇത്തരമൊരുത്തരം പറയുക ഇന്ത്യക്കാരിയായ ഏതു മകൾക്കും എളുപ്പമല്ല. കാരണം സ്വന്തം പ്രണയത്തെ പിതാവിനു മുമ്പിൽ ഉച്ചരിക്കാൻ ഭയക്കും മട്ടിലാണ് അവൾ വളർത്തപ്പെടുന്നത്. ഈ പ്രതിസന്ധി പിതൃതുല്യനായ കോച്ചിനു മുമ്പിൽ അവളനുഭവിക്കുന്നു. തന്റെ വിവാഹക്കാര്യം അറിയിക്കുന്ന സമയത്ത്. അവളിലെ കായികശേഷിയെ മാത്രമല്ല ഭ്രാന്തമായ സർഗാത്മകതയേയും ഉൾക്കൊണ്ട കൂട്ടുകാരനോടൊപ്പം ജീവിക്കാൻതന്നെ അവൾ തീരുമാനിക്കുന്നു. വിവാഹം ചെയ്യിച്ചയക്കാൻ നിയുക്തനായ പിതാവിനോട് 'ബോക്സിങ്ങ്' എന്നും അവളെ ലോകചാമ്പ്യനാക്കാൻ തീരുമാനിച്ച കോച്ചിനോട് 'പ്രണയവിവാഹം' എന്നും ഉച്ചരിക്കാൻ വേണ്ട ഉൾക്കരുത്ത് അവൾക്കുണ്ടായിരുന്നുവെന്നതാണ് പ്രധാനം. അവളുടെ തെരഞ്ഞെടുപ്പുകൾ രണ്ടു പിതൃബിംബങ്ങളെ ഒരേ സമയം ഉടച്ചു കളയുന്നു. അങ്ങനെ അവളുടെ പിതാവിനേയും കോച്ചിനേയും മാത്രമല്ല ഭർത്താവിനേയും പരമ്പരാഗത ആധിപത്യത്തെ തകർക്കുന്ന പുരുഷന്മാർ, അല്ല മനുഷ്യർ ആക്കിത്തീർക്കുന്നു അവൾ.

ഇരട്ടക്കുട്ടികളുടെ ജനനത്തിനുശേഷം അവൾ റിങ്ങിൽ തിരിച്ചെത്തുന്നത് ഏറെ ആന്തരിക കലാപങ്ങൾക്കു ശേഷമായിരുന്നു. എന്താണ് ഒരമ്മയുടെ ആത്യന്തികമായ ചുമതല? ആ ചുമതലാബോധത്തെ അവൾ നിരാകരിക്കുന്നില്ല. പക്ഷേ അവൾക്ക് അവളായിരിക്കാൻ അതിനെ നിർബന്ധമായും മറികടക്കേണ്ടി യിരുന്നു. പുരുഷനായ കായികതാരത്തിന്, പുരുഷപരം മാത്രമായിരിക്കുന്ന കായികലോകത്തിനും, അജ്ഞമായ ഈ ഘട്ടത്തിലെ സ്ത്രീസംഘർഷങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നുണ്ട് മേരികോം എന്ന ബോക്സറുടെ രണ്ടാംവരവിന്റെ ചരിത്രം. റിങ്ങിൽ എതിരാളിയെ നേരിടുമ്പോൾ അവളുടെ നെഞ്ചിൽ താൻ തനിച്ചാക്കിപ്പോന്ന പിഞ്ചുമക്കൾ രോഗാതുരമായി കരയുന്നു. മക്കളെ വീട്ടിലാക്കി പുറത്തുപോകുന്ന അച്ഛനും അമ്മയും ഒരുപോലെയല്ല. അപ്പോൾ ഒരമ്മ പോരാടുന്നത് ഏറ്റവും വിഷമകരമായിട്ടാണ്. കാരണം അതു തന്നോടുതന്നെയുള്ള സമരമാണ്. അവിടെ അവൾ സ്വയം ഒരാധിപത്യവ്യവസ്ഥയുടെ പ്രതിനിധിയാണ്. കളിയുടെ നിയമങ്ങളും വ്യവസ്ഥകളും ഉണ്ടാക്കിയത് ആണാണ്. കളിക്കളം ആണിന്റേതു മാത്രവും. തന്നെ മറിച്ചിട്ടു കൊണ്ടു വേണം അവൾക്കവിടെ എതിരാളിയുടെ മൂക്കിനിടിക്കാൻ.

എന്നിട്ടും മുൻമാതൃകകളില്ലാത്ത മേരികോം എന്ന പെണ്ണ് പോരാട്ടവീര്യം കൊണ്ട് വീണ്ടും വീണ്ടും മണിപ്പൂരിന്റേയും ഇന്ത്യയുടേയും യശസ്സുയർത്തുന്നു. മേരികോമിന്റെ യഥാർത്ഥജീവിതത്തെ അവഗണിച്ചവർക്ക് മേരികോം എന്ന സിനിമയെ അവഗണിക്കാനാവില്ല. കാരണം പരാജയപ്പെട്ട മേരികോമിനെയല്ല, വിജയിച്ച മേരികോമിനെയാണ് സിനിമ പുര:ക്ഷേപിക്കുന്നത്. അതങ്ങനെയാണു വേണ്ടതും. അവരുടെ ജീവിതമഹത്വത്തെ ബോധ്യപ്പെടുത്തും മട്ടിൽ ആത്മാർത്ഥവും സത്യസന്ധവുമായാണ് സിനിമ ചിത്രീകരിക്കപ്പെട്ടിരിക്കുന്നതെന്ന് നമുക്കംഗീകരിച്ചേ ഒക്കൂ. ഇന്ത്യയിലെ വിവിധയിടങ്ങളിലെ തിയേറ്ററുകളിൽ ഏറെയൊന്നും സാമ്പത്തിക വിജയം നേടാതെ പ്രസ്തുത സിനിമ പ്രദർശിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുമ്പോൾ യഥാർത്ഥ മേരികോം ലോകത്തിന്റെ നെറുകയിൽ ഇന്ത്യൻ പതാക ഉയർത്തുന്നു. സംശയമില്ല അവൾ വാഴ്ത്തപ്പെടേണ്ടവൾ. അതേ സമയം സമാന്തരമായി അവൾക്കു പിമ്പേ വരുന്ന സരിതാദേവിയുടെ കണ്ണീര് അഭിസംബോധന ചെയ്യപ്പെടേണ്ടതുണ്ട്. വെങ്കലമെഡൽ സ്വീകരിക്കാതെ പ്രതിഷേധിച്ച സരിതക്കെതിരെ അച്ചടക്കനടപടിക്കൊരുങ്ങുന്ന അമേചർ ഇന്റർനാഷണൽ ബോക്സിങ്ങ് അസോസിയേഷൻ അധികാരികൾ നിർബന്ധമായും 'മേരികോം' എന്ന ഇന്ത്യൻ സിനിമ കാണട്ടെ.

എന്തുകൊണ്ട് മേരികോം 'മാഗ്നിഫിസന്റ്' ആകുന്നുവെന്നതിന് ഇന്ത്യയിലെ ഒരു പെണ്ണുമല്ല ഉത്തരം പറയേണ്ടത് എല്ലാ ആണുങ്ങളുമാണ്. ●

എഴുത്തനുഭവം



വി.എം ഗിരിജ



# കവിതയുടെ കഥ

കവിത എവിടെനിന്ന് വരുന്നു? എന്താണ് മറ്റു സാഹിത്യരൂപങ്ങളുമായുള്ള അതിന്റെ വ്യത്യാസം? കവിക്കും മറ്റെഴുത്തുകാർക്കും തമ്മിൽ എന്തുണ്ട് ഭേദം? എപ്പോഴും സാഹിത്യചർച്ചകളിൽ ഉയർന്നുവരുന്ന ഒന്നാണ് ഈ സംശയങ്ങൾ. ആഴത്തിലും പരപ്പിലും നീളത്തിലും ദൂരത്തിലുമെല്ലാം അല്പം കൂടിപ്പോകുന്നവയാണ് കവിതകൾ എന്നു പറയാം. കഥപറയുന്ന കവിതകളുണ്ട്– എന്നാൽ അത്തരം കവിതകൾ കഥയ്ക്കപ്പുറം ഒരുപാട് മണ്ഡലങ്ങളിലേക്ക് വരികളെ പടർത്തും. കഥപറയുന്ന ചില കഥകളും ഇങ്ങനെ ചെയ്യുന്നുണ്ടായിരിക്കാം. കഥപറയുന്ന ചിലകവിതകൾ ഇങ്ങനെ ചെയ്യുകയുമില്ല. പിന്നെ ഭാഷയുടെയോ ദർശനത്തിന്റെയോ ഏത് വേരാണ് കവിതയെ കവിതയാക്കുന്നത്? അതാണ് കവിത.

എന്റെ കവിത എങ്ങനെ ഉണ്ടാവുന്നു എന്നുചോദിച്ചു. എന്റെ ഏറ്റവും പുതിയ കവിതയായ ഒരു എത്യോപ്യൻ-ഇന്ത്യൻ നാടോടിക്കഥ വായിക്കൂ. ആകാശവാണിക്കുവേണ്ടി, ഞാൻ എന്നും പറയുന്ന കഥാപരമ്പരയുടെ ഭാഗമായി വായിച്ച കഥയാണ് അതിന്റെ അടിസ്ഥാനം. ഒരു പാമ്പ് ഒരു കന്യകയെ സ്നേഹിച്ച് വിവാഹംകഴിച്ച് നാഗലോകത്ത് പോകുന്നു. രണ്ടുമക്കളായശേഷം വയസ്സായ അമ്മയെകാണാൻ മകൾവരുന്നു. അമ്മ സൂത്രത്തിൽ മരുമകൻ നാഗത്തിന്റെ കഴുത്ത് കണ്ടിച്ച് കളയുന്നു. മക്കളെ മനുഷ്യലോകത്തിൽ ഇനി വേണ്ട നിങ്ങൾ എന്നുപറഞ്ഞ് ജലത്തിന് തിരിച്ചുകൊടുത്ത് അവൾ ആത്മഹത്യചെയ്യുന്നു. അതാണ് കഥ.

ആ കഥ ഞാൻ എഴുതാൻ തുടങ്ങുമ്പോൾ, അതിൽ എന്തോ ഉണ്ട് എന്നല്ലാതെ, എന്തൊക്കെ എഴുതണം, എത്രതരം അർഥതലങ്ങൾ വേണം, ഫോക് ലോറിൽ ഇതിനെ എങ്ങനെയാണ് വ്യാഖ്യാനിക്കപ്പെടുന്നത് എന്നൊക്കെയുള്ള കൃത്യമായ, യുക്തിസഹമായ അറിവുകൾ എനിക്കുണ്ടായിരുന്നില്ല.

ജന്തു, സർപ്പലോകവുമായി മനുഷ്യൻ അകന്നത്, പൂർണമായ അനുരാഗം സർപ്പം- സ്ത്രീ എന്നീ ദ്വന്ദ്വത്തിന് കിട്ടിയത്, അമ്മയ്ക്കത് സഹിക്കാൻ പറ്റാഞ്ഞത്, മനുഷ്യസമൂഹത്തിൽനിന്ന് പുറത്തായ ആ നാഗം കൊല്ലപ്പെടുന്നത്, ചരിത്രം, സംസ്കാരം എന്നീ തലങ്ങളിൽ സ്ത്രൈണത, കാമം എന്നീ അടരുകളിൽ എല്ലാം ഇത് വ്യാഖ്യാനിക്കപ്പെടും. ജാതി, മതം രാഷ്ട്രം എന്നീ വ്യത്യാസങ്ങളും ഇതേ അസഹിഷ്ണുതയാണ് ഉണ്ടാക്കുന്നത് എന്നും അറിയാൻ പറ്റും. പ്രപഞ്ചം മനുഷ്യന്റേതു മാത്രമല്ല, മനുഷ്യത്വം നിർവചിക്കപ്പെട്ട ഒന്നിലൊതുങ്ങുന്നതല്ല. ഇങ്ങനെയെല്ലാം ഇതിന്റെ അർഥതലങ്ങൾ സഞ്ചരിക്കുന്നത് പിന്നീടുള്ള വായനയിലാണ് എനിക്കുതന്നെ ബോധ്യപ്പെട്ടത്.

ഇങ്ങനെ എഴുതാനാണ് ഞാനാഗ്രഹിക്കുന്നത്. വൃത്തങ്ങൾ, ശീലുകൾ, എല്ലാം എന്റെ കവിതയിൽ ഇപ്പോൾ കടന്നുവരുന്നു. ഞാൻ അതിനെ ചെറുക്കുന്നില്ല. എനിക്ക് പെട്ടെന്നു വേരുപിടിക്കാൻ പറ്റുന്ന സ്ഥലം ആണത്. ഇന്ന്, ഇന്നലെ എന്നീ രണ്ടു ധാരകളും എന്റെ പരിമിതമായ അറിവും ലോകബോധവും വേവലാതികളും സ്നേഹദാഹവും പുതിയ ഒരു നന്മയുടെ ലോകത്തിനായുള്ള അന്വേഷണവും എല്ലാം എല്ലാം ചുറ്റിപ്പിണയുന്നു. ഒരു ചെറിയ കാടാവണം കവിത എന്ന് എനിക്ക് ഇപ്പോൾ തോന്നുന്നു. മുൻപ്? ഇനി ? എനിക്കറിയില്ല. ●

ഒറ്റക്കവിതാപഠനം

ഡോ.റീജാ രവീന്ദ്രൻ



# രാധയെവിടെ– ഒരു സ്ത്രീപക്ഷ വായന

**രാധാ–കൃഷ്ണ** പ്രണയമാണ് സുഗതകുമാരിയുടെ കൃഷ്ണ കവിതകളുടെ ജീവൻ. 'ആവർത്തനത്താൽ വിരസമാവാത്തതായ് / പ്രേമമൊന്നല്ലാതെന്തുണ്ട് പാരിൽ' എന്ന ചിന്തയിലേക്ക് കവയിത്രി കൊണ്ടുചെന്നെത്തിക്കുന്നതും ഈ പ്രണയസങ്കല്പം തന്നെ. 'രാധയെവിടെ' എന്ന കവിതയാകട്ടെ അമ്പാടിയോട് യാത്ര പറഞ്ഞുപോയ കൃഷ്ണനെ കാത്തിരുന്ന രാധക്ക് എന്തുപറ്റി എന്ന അന്വേഷണത്തിലെത്തി നിൽക്കുന്നു. പൊതുവെ കാൽപ്പനിക വിഷാദമാണ് സുഗതകുമാരിക്കവിതകളിലെ സ്ഥായീഭാവം. അതുകൊണ്ടുതന്നെ വിഷാദങ്ങളുടെ വ്യക്തിരൂപമാണ് അവരുടെ കവിതകളിലെ സ്ത്രീ. 'രാധയെവിടെ' എന്ന കവിതയുടെ വായനയിൽ പ്രണയോപാസനയിൽ മുഴുകി സർവ്വവും ജഗന്നിയന്താവിന് സമർപ്പിച്ച രാധ എന്നൊക്കെ ആലങ്കാരികമായി പറയാമെങ്കിലും പ്രണയം തകർത്തെറിഞ്ഞ തനുവും മനവുമായി സമൂഹം തന്നെ ഒടുവിൽ കഥാവശേഷയാക്കി മാറ്റിയ സ്ത്രീയായി രാധ വാസ്തവികതയിൽ തെളിയുന്നു.

'രാധയെവിടെ' എന്ന കവിതയുടെ വായനയിൽ പ്രണയോപാസനയിൽ മുഴുകി സർവ്വവും ജഗന്നിയന്താവിന് സമർപ്പിച്ച രാധ എന്നൊക്കെ ആലങ്കാരികമായി പറയാമെങ്കിലും പ്രണയം തകർത്തെറിഞ്ഞ തനുവും മനവുമായി സമൂഹം തന്നെ ഒടുവിൽ കഥാവശേഷയാക്കി മാറ്റിയ സ്ത്രീയായി രാധ വാസ്തവികതയിൽ തെളിയുന്നു.

ഒൻപതു ഖണ്ഡങ്ങളുള്ള ഈ കാവ്യത്തിന്റെ ആദ്യനാലു ഖണ്ഡങ്ങളിൽ രാധാകൃഷ്ണ പ്രണയവും അവരുടെ സമാഗമവും ഹൃദ്യമായ് അവതരിപ്പിക്കുന്നു. കൃഷ്ണനില്ലാതെ നിശ്ചലമായ അമ്പാടിയിൽ 'ദേഹി വെടിഞ്ഞൊരു ദേഹമായ്' മാറിയ രാധയെ തിരയുകയാണ് കവി. തുടർന്നുള്ള ഭാഗങ്ങളിൽ കൃഷ്ണനെക്കുറിച്ചുള്ള സ്മരണകളും വിരഹിണിയായ രാധയുടെ ഉന്മാദാവസ്ഥകളും വർണ്ണിക്കുന്നു. രാജാവാകാൻ പിറന്ന കൃഷ്ണനും ഇടയപ്പെണ്ണായ താനും തമ്മിലുള്ള അന്തരം പ്രണയത്തിന്റെ തീവ്രാനുഭൂതിയിൽ വിസ്തൃതമായിരുന്നെങ്കിൽ 'അത്രയ്ക്കഗാധമായ് സ്നേഹിച്ചതിനും ലാളിച്ചതിനും ശേഷം ഇത്രയെളുപ്പമോ വിട്ടുപോയീടുവാൻ' എന്നു ചിന്തിച്ചപ്പോൾ മുതൽ യാഥാർത്ഥ്യത്തിന്റെ തീച്ചൂളയിലേക്കാണവൾ വീഴുന്നത്. ഒരു ചുംബനം മാത്രമേകി 'എൻ രാധികേ പിരിയുന്നു ഞാൻ'. എന്നു മാത്രമോതി ഇരുളിൽ മറഞ്ഞ മാധവൻ 'അധരത്തിലധരമമർത്തി മന്ത്രിച്ച മധുരവാക്കെല്ലാം അസത്യമായിരുന്നു' എ

ന്നവൾ തിരിച്ചറിയുന്നു. കണ്ണന്റെ പീതാംബരാഞ്ചലവും അവളുടെ പരുത്ത ചേലത്തലപ്പും ഒരിക്കലും തമ്മിൽ മുറുകില്ല എന്ന യാഥാർത്ഥ്യത്തിലേക്കവൾ എത്തിച്ചേരുന്നു

'നമ്മെയകറ്റുവാനില്ലൊന്നു മണ്ണിലും
വിണ്ണിലും രാധികേ' -എന്ന് ഒരിക്കൽ പറഞ്ഞ കൃഷ്ണൻ രാജകുലധർമ്മങ്ങൾ വിളിക്കെ തന്റെ നെഞ്ചിലൂടെ തേർത്തട്ടുരുട്ടി. ഞെരിച്ചകന്നുവെന്ന് ഉള്ളം നൊന്തവൾ തേങ്ങുന്നു.

നിത്യമായ അന്ധകാരത്തിലേക്ക് മറഞ്ഞ രാധയെയാണ് രാധാ-കൃഷ്ണ പ്രമേയപരമായ ഭാരതീയ കാവ്യങ്ങളിൽ നാം കാണുന്നത്. എന്നാൽ കവയിത്രി തന്റെ യാത്ര അവിടം കൊണ്ടും അവസാനിപ്പിക്കുന്നില്ല. തുടർന്നുള്ള ഖണ്ഡങ്ങളിൽ മീരയായും ചൈതന്യനായും ആണ്ടാളായും കുറൂരമ്മയായുമൊക്കെ പല കാലങ്ങളിൽ പല ദേശങ്ങളിൽ രാധ പ്രത്യക്ഷപ്പെടുന്നു. ഒടുവിൽ ഭാരതത്തിലെ ഗ്രാമനഗരാന്തങ്ങളിൽ പാടത്തുകറ്റമെതിച്ചു കൂട്ടുന്ന പാവങ്ങളായ പെണ്ണുങ്ങളിലും കൂട്ടമായി ആടുതെളിച്ചു പോകുന്ന നാട്ടിൻ പുറത്തെ പെൺകിടാങ്ങളിലും വെള്ളിത്തളയിട്ടു മണ്ണു ചുമക്കുന്നവരിലും വെണ്ണ തിരഞ്ഞെത്തുമമ്മമാരിലും റാട്ടുകറക്കിത്തിരിച്ച് പഴംപാട്ട് പാടിയിരിക്കുന്നവരിലും തേയില നുള്ളിത്തളരുന്നവരിലും പൊരിവെയിലിൽ കരിങ്കല്ലുടക്കുന്നവരിലും എന്നുമടുക്കളച്ചൂടിൽ കരിഞ്ഞിടുന്ന പെങ്ങളിലും കണ്ണീരടക്കുന്നവരിലും പാതിയുന്മാദത്തിലെന്തോ പുലമ്പി പാതയിൽ അലഞ്ഞു നടക്കുന്നവരിലുമെല്ലാം കവയിത്രി രാധയെ കണ്ടെത്തുന്നു.കോലടിച്ചും വട്ടമിട്ടു നിന്നും പണിയാലകൾ തോറും വയലുതോറും നൂറു താളത്തിൽ മനസ്സിന്റെ ഭാഷയിൽ പ്രണയത്തെക്കുറിച്ച്, കൃഷ്ണനെക്കുറിച്ച് പാടിയ സ്ത്രീകൾ ശലഭങ്ങളായ് പ്രണയത്തിന്റെ നീലാഭയിൽ മതിമറന്ന് മനംമയങ്ങി ചെന്ന് കരിഞ്ഞുവീഴുന്നുവെന്ന് കവയിത്രി ദു:ഖിക്കുന്നു. രാധയുടെ ഉള്ളിലെ അന്ത്യമായ മധ്യബിന്ദുപോലും കവർന്നെടുത്ത കൃഷ്ണൻ രാധക്കു നിത്യമായ ശാന്തിപോലും നൽകിയില്ലെന്നു പരിതപിക്കുന്നു.

ഈ കവിതയിലെ രാധ നഷ്ടസൗഭാഗ്യങ്ങൾ ഓർക്കുന്നവളും തന്റെ പരിതാപാവസ്ഥകളിൽ ദു:ഖിക്കുന്നവളുമാണെന്ന് കവയിത്രി സാക്ഷ്യപ്പെടുത്തുന്നു. ഇവിടെ സ്ത്രീയുടെ മനസ്സിനെ വിധേയപ്പെടുത്തുന്നതിലൂടെ അവളുടെ ശരീരത്തെ ചൂഷണം ചെയ്യുന്നതിലൂടെ അവളുടെ ചിന്തകളെ സ്വന്തമാക്കുന്നതിലൂടെ പുരുഷൻ പ്രബലനാവുകയാണ്. കൊട്ടാരക്കെട്ടുകളിൽ കഴിയുന്ന പ്രഭുകുമാരൻ പാവം ഒരു ഇടയപ്പെൺകൊടിയുടെ മാനത്തിന്റെ വിലമതിക്കേണ്ടതുണ്ടോ? ത്യാഗത്തിന്റെ പൊൻതിരിയായും സ്നേഹത്തിന്റെ കടലായുമൊക്കെ അവൾ വാഴ്ത്തപ്പെടുമ്പോൾ താൻ ചൂഷണം ചെയ്യപ്പെടുന്നുവെന്ന് തിരിച്ചറിയാതെ പോകുന്നു. വാസ്തവത്തിൽ പ്രണയമെന്ന വികാരത്തിൽ പ്രണയം, ആർദ്രത, സമർപ്പണം തുടങ്ങിയ ഭാവങ്ങൾ പലപ്പോഴും സ്ത്രീക്കുമാത്രം കല്പിച്ചു നൽകി അവളെ വിധേയയാക്കി മാറ്റുകയാണ്. അതുകൊണ്ടുതന്നെ ചൂഷണം ചെയ്യപ്പെടുമ്പോൾ പ്രതിഷേധിക്കാനോ പ്രതിരോധിക്കുവാനോ പോരാടുവാനോ അവസരം ലഭിക്കാതെ വിസ്മൃതിയിലേക്കവർ തള്ളപ്പെടുന്നു. പ്രതികരിക്കാനാവാതെ തന്റെ നിസ്സഹായതയോർത്ത് ഭാരത്തിലാകമാനം സമാനാവസ്ഥകളെ തിരയുന്ന സ്ത്രീയായി പോകുന്നു സുഗതകുമാരിയുടെ രാധയും. കൊട്ടാരകാമുകന്മാരാൽ ചതിക്കപ്പെടുന്ന ഇത്തരം രാധമാരെ ഭാരതത്തിലെവിടേയും കാണാമെന്ന് അവസാന ഖണ്ഡത്തിൽ കവയിത്രി അവതരിപ്പിക്കുന്നതിലൂടെ നിലവിലിരിക്കുന്ന പുരുഷനിയന്ത്രിത മൂല്യസങ്കല്പങ്ങളുടെ ഗാഥ മാത്രമായി പോകുന്നു രാധയെവിടെ എന്ന കവിതയും. ●

**കവിത**




**വിജില**

# പുറംപോക്ക്

പുറംപോക്കിലെ ചന്ദ്രികചേച്ചി
പറയുന്നു
പുറകുവശത്തുകൂടി മാത്രം
കയറിച്ചെല്ലുന്ന
വീടുകളെപ്പറ്റി.
മുൻവശത്തുകൂടി
കയറിച്ചെല്ലാവുന്ന
ഫ്ളാറ്റുകളെപ്പറ്റി.
നിലവിളക്ക് കത്തിനിൽക്കുന്ന
വീടുകൾ ഫ്ളാറ്റുകൾ
മാർക്കറ്റിൽ പോയി
പുറകുവശത്തുകൂടി
എന്നും കയറിച്ചെല്ലുന്ന
അവൾക്കും മീനിനും
ഒരേ വഴി.

ടി.വി.യിൽ
ആഗസ്റ്റ് 15 ന്
ഇന്ത്യയിലെ എല്ലാവരും
എന്റെ സഹോദരീസഹോദരന്മാരാണ്
എന്ന പ്രതിജ്ഞ
കേട്ടുകൊണ്ട് കയറിവന്ന
അതേ വഴി



ഒറ്റക്കവിതാപഠനം



ഡോ. രാജശ്രീ. എം.

# സീതാദർശനം

## ആദികാവ്യത്തിനൊരു പാരിസ്ഥിതിക സ്ത്രീപക്ഷ വായന

**പൊരുളിലും** ആവിഷ്ക്കാരത്തിലുമെല്ലാം തനതായ വഴിയും നിലയും പാലിച്ചു കൊണ്ടു തന്നെയാണ് പുതുമലയാളകവിതയുടെ ഓരോ ചുവടുവയ്പുകളും. ആക്ഷേപഹാസ്യം, പാരഡി എന്നിവയുടെ ഉപയോഗം, പാരിസ്ഥിതികത, സ്ത്രീവാദം, കീഴാളവാദം തുടങ്ങിയ ദർശനങ്ങളോടുള്ള പ്രതിപത്തി, അതിവൈയക്തികത, ഉപരിപ്ലവകാര്യങ്ങളിലെ അതിശ്രദ്ധ വഴി സാധ്യമാകുന്ന വിമർശന ദീപ്തി എന്നിങ്ങനെ ആവിഷ്ക്കാരതലത്തിൽ ഒന്നിനൊന്ന് വ്യത്യസ്തമായ പുതുകവിതയിൽ ഏകമുഖദർശനത്തിന്റെ ചൊടിപ്പ് ഒട്ടും അനുഭവപ്പെടുന്നില്ല. സാവിത്രിരാജീവൻ, വിജയലക്ഷ്മി, അനിതാ തമ്പി തുടങ്ങിയ ധാരാളം കവയിത്രികൾ പെണ്ണനുഭവത്തിന്റെ നേരും നെറിയും ശക്തമായി പകർന്നു നൽകുന്നു. പലപ്പോഴും മധ്യവർഗ്ഗ കുടുംബിനിയുടെ ഏകാന്തസങ്കടങ്ങളും പ്രതിഷേധങ്ങളുമാണ് അവരുടെ പ്രമേയം.

ഭാവരൂപതാളങ്ങൾ ഒത്തുചേർന്ന നൈസർഗ്ഗികസൗന്ദര്യം നിറഞ്ഞ കവിതകളാണ് വിജയലക്ഷ്മിയുടേത്. ഒട്ടും കൃത്രിമത്വം കലരാത്ത ശൈലിയിൽ സ്വകാര്യാനുഭവങ്ങളെ സാമൂഹികതലത്തിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരാൻ അവർക്ക് കഴിയുന്നുണ്ട്. ഭീരുത്വത്താൽ സ്വയം സ്വീകരിച്ച അടിമത്തത്തിന്റെ നിസ്സഹായതയിൽ പുളയുന്ന മൃഗത്തിന്റെ ധർമ്മസങ്കടങ്ങൾ ആവിഷ്കരിച്ച 'മൃഗശിക്ഷകനും' മുഴക്കോലും വീതുളിയുമായി തന്റേതായ വഴികണ്ടെത്താൻ ഇറങ്ങിത്തിരിക്കുന്ന 'തച്ചന്റെ മകളും' വിജയലക്ഷ്മിയെ ഏറെ ശ്രദ്ധേയയാക്കിയ കവിതകളാണ്. ഇറാഖിലേയും ആഫ്രിക്കയിലേയും എന്നുവേണ്ട സാർവദേശീയമായ മനുഷ്യാവകാശലംഘനങ്ങളിലേക്ക് വിരൽ ചൂണ്ടുന്ന അവരുടെ കവിതകൾക്ക് ഇന്റർനാഷണലിസത്തിന്റെ മഹത്തായ ഒരു തലമുണ്ട്. മറ്റു ചിലപ്പോൾ സാമൂഹികതലം വിട്ട് മടുപ്പിയ്ക്കുന്ന ഏകാന്തതയുടേയും നേരിയ പ്രണയത്തിന്റെയും അവ്യക്തവിഷാദത്തിന്റെയും സ്വകാര്യാനുഭൂതികളിൽ അഭിരമിക്കുന്നതും കാണാം.

പുരാണേതിഹാസ കഥാപാത്രങ്ങളേയും സന്ദർഭങ്ങളേയും പുതിയൊരു ദർശനത്തിന്റെ വെളിച്ചത്തിൽ പുനരുജ്ജീവിപ്പിക്കുക എന്നത് കവയിത്രിയ്ക്ക് ഏറെ ഇഷ്ടപ്പെട്ട ആഖ്യാനതന്ത്രങ്ങളിൽ ഒന്നാണ്. കൗസല്യ, ഏകലവ്യൻ, സീതാദർശനം തുടങ്ങിയ കവിതകൾ ഉദാഹരണം. ആദികാവ്യത്തിന് കവയിത്രി നൽകുന്ന സ്ത്രീപക്ഷ ഭാഷ്യമാണ് സീതാദർശനം എന്ന കവിത. സഹനതയുടേയും ദുഃഖത്തിന്റേയും പര്യായമായി നാളിതുവരെ സീതയെ കണ്ടെത്തിയവർക്കുള്ള ശക്തമായ മറുപടിയാണ് 'സീതാദർശനം'. ആദികാവ്യത്തിലുടനീളം മുഴങ്ങുന്നത് സീതയുടെ വിലാപമല്ല, മറിച്ച് സ്വന്തമായ വഴി കണ്ടെത്തുന്നതിന്റെ ദാർശനിക സമസ്യകളാണ്. ആ അർത്ഥത്തിൽ സീത പരിത്യജിക്കപ്പെട്ടവളല്ല, സ്വയം കണ്ടെത്തിയവളാണ്.

"ഇല്ല പറഞ്ഞയച്ചില്ലെന്നെ രാഘവൻ
ഇന്നു പോകുന്നെന്നു ഞാനേ പറഞ്ഞോരാൾ"

എന്നു പ്രഖ്യാപിക്കുന്ന സീത ധീരയും അചഞ്ചലയുമാണ്.

ജ്ഞാനിയും ഋഷിയും രാജാവുമായ ജനകന്റെ സവിധത്തിൽ ബാല്യവും ദീർഘനാൾ ആരണ്യാന്തരത്തിൽ യൗവനവും കഴിച്ചുകൂട്ടിയ കാടിന്റെ മകളായ സീത തന്റെ ഉണ്മ തിരിച്ചറിയുകയാണ്. രാമന്റെ കൊട്ടാരത്തിൽ വെച്ച് ഐഹിക ജീവിതത്തിന്റെ വർണ്ണക്കൊഴുപ്പുകളും മദമാത്സര്യങ്ങളും അനുഭവിച്ച

റിഞ്ഞ സീതയ്ക്ക് കൊട്ടാരജീവിതം അകംപുറം ചൂടുന്ന ചെമ്പുപോലെയാണ് അനുഭവപ്പെടുന്നത്. തനിയ്ക്ക് പ്രിയപ്പെട്ടതെല്ലാം ഉപേക്ഷിച്ചിറങ്ങിത്തിരിച്ച ശ്രീബുദ്ധനെപ്പോലെ സീതയും

"ത്യജിക്കുവാൻ മറ്റെന്ത് സീതയ്ക്ക്
സ്വന്തമാം രാഘവൻ!"

എന്നറിഞ്ഞ് ഇറങ്ങിത്തിരിയ്ക്കുകയാണ്. പൂർണ്ണഗർഭിണിയായ സീതയ്ക്ക് ആരണ്യത്തിലേക്കുള്ള തിരിച്ചുപോക്ക്

"പോകുമാറില്ലേ സ്വമാതൃഗേഹത്തിലേ-
ക്കാസന്ന പുത്രലബ്ധിക്കായ് വധൂടിമാർ"

എന്നപോലെ തനിയ്ക്കേറെ സ്വാതന്ത്ര്യവും സ്നേഹവും ലഭിയ്ക്കുന്ന മാതൃസവിധത്തിലേക്കുള്ള യാത്രയായേ അനുഭവപ്പെടുന്നുള്ളൂ. അഥവാ ഇത്തരമൊരു യാത്രയ്ക്കുമേൽ ശ്രീരാമന്റെ ആജ്ഞയുണ്ടെങ്കിൽത്തന്നെ അവൾക്കത് ശിക്ഷയല്ല, അനുഗ്രഹമാണ്. അതുകൊണ്ട് പരിത്യാഗ ദുഃഖ സങ്കല്പം വെറും കഥാമാലിക മാത്രമാണ്. കാരണം പുരുഷാധിപത്യലോകത്തിൽ സ്ത്രീയുടെയും സ്വത്വാന്വേഷണ പര്യടനങ്ങൾ കണ്ണീരിന്റേയോ സഹനത്തിന്റെയോ പരിവേഷത്താൽ മറയ്ക്കപ്പെടുകയാണ് പതിവ്.

ധർമ്മചക്രത്തിന് മുന്നിൽ തന്റേതായ ഇഷ്ടാനിഷ്ടങ്ങൾ അമർത്തിയൊതുക്കി സ്വയം ബലിയാവുകയാണ് രാമൻ ചെയ്തതെങ്കിൽ ഇത് സീതയുടെ വഴിയാണ്. രാമൻ ചെയ്തത് ശരിയോ തെറ്റോ എന്ന് അന്വേഷിക്കുകയല്ല സീതയുടെ മാർഗ്ഗം. രാമനെപ്പോലെ തനിയ്ക്കും തന്റേതായ ദർശനമുണ്ടെന്ന് പ്രഖ്യാപിക്കുകയാണ്. സഹനതയുടേയും ദുഃഖത്തിന്റെയും യാതനാപർവ്വത്തിൽ നിന്നുള്ള മോചനമാണ് യഥാർത്ഥത്തിൽ സീതയ്ക്ക് ഈ ആരണ്യഗാഥ. സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും പാഠങ്ങളാണ് പ്രകൃതിയ്ക്ക് പകർന്നു

**ധർമ്മ ചക്രത്തിന് മുന്നിൽ തന്റേതായ ഇഷ്ടാനിഷ്ടങ്ങൾ അമർത്തിയൊതുക്കി സ്വയം ബലിയാവുകയാണ് രാമൻ ചെയ്തതെങ്കിൽ ഇത് സീതയുടെ വഴിയാണ്. രാമൻ ചെയ്തത് ശരിയോ തെറ്റോ എന്ന് അന്വേഷിക്കുകയല്ല സീതയുടെ മാർഗ്ഗം. രാമനെപ്പോലെ തനിയ്ക്കും തന്റേതായ ദർശനമുണ്ടെന്ന് പ്രഖ്യാപിക്കുകയാണ്. സഹനതയുടേയും ദുഃഖത്തിന്റെയും യാതനാപർവ്വത്തിൽ നിന്നുള്ള മോചനമാണ് യഥാർത്ഥത്തിൽ സീതയ്ക്ക് ഈ ആരണ്യഗാഥ.**


നൽകാനുള്ളത്. പൗരാവലിയുടെ തത്കാലപ്രശ്നങ്ങൾക്ക് പരിഹാരം തേടുകയാണ് സാകേത സിംഹാസനം ചെയ്യുന്നതെങ്കിൽ സീതയുടെയും ഈ ആരണ്യ ദർശനം മനുഷ്യവംശത്തിന്റെ ശാശ്വത പ്രശ്നങ്ങൾക്കുള്ള പരിഹാരമാണ്.

"ആദികാന്താര മന്ത്രങ്ങൾ ചൊല്ലിക്കരി –
മ്പാറയെപ്പട്ടാക്കിടും ജലസാധകം
വന്യമാം മൗനത്തിനല്ലാതനന്യമാം
ഗന്ധമർപ്പിക്കാത്ത കസ്തൂരി മാൻകുലം
കല്ലിനും നോവാതിരിക്കുവാൻ പാദങ്ങൾ
മെല്ലെച്ചവിട്ടുന്ന ശാർദ്ദൂല സാന്ത്വനം."

ഇവ സാകേതത്തിലെ അപവാദങ്ങൾക്കും അസൂയമദമാത്സ്യര്യങ്ങൾക്കും ബദലായി ആരണ്യത്തിൽ സീത കണ്ടെത്തുന്ന നേർകാഴ്ചയാണ്. കരിങ്കല്ലിനെപ്പോലും കരസ്പർശത്താൽ മൃദുലമാക്കുന്ന നദിയും കല്ലിനുപോലും നോവാതെ പാദങ്ങൾ പതുക്കെവയ്ക്കുന്ന ശാർദ്ദൂലവും പ്രകൃതിയുടെ സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും ആദ്യ പാഠങ്ങളാണ് പകർന്നുതരുന്നത്. മണ്ണിൻ മകളായ താൻ ദുഃഖാർത്തയായല്ല പ്രയാണം ചെയ്തത് എന്നവൾ ഉറപ്പിച്ചു പറയുന്നു. പരാശ്രയത്തിന്റെ തണലിനെ തട്ടിമാറ്റിയപ്പോഴാണ് അവളുടെ യാതനാപർവ്വത്തിന് അവസാനമുണ്ടാകുന്നത്. വിവിധ ഭാഷകളിൽ, രാജ്യങ്ങളിൽ രാമായണകഥ ഘോഷിക്കപ്പെടുന്നത് ഈ ദർശനദീപ്തിയാലാണ്.

ത്യാഗസ്നേഹങ്ങൾ കലർന്ന മൂല്യവത്തായ സത്തയും, ചൂഷിതയും പീഡിതയും, രൗദ്രയും പ്രസന്നയുമായ പ്രകൃതി സ്ത്രൈണസത്തയുടെ മറുപാതിയാണ്. ഭൂമീപുത്രിയായി ജനിച്ച് ദീർഘനാൾ കാനനത്തിൽ വസിച്ച് ഒടുവിൽ ഭൂഗർഭത്തിലേക്ക് പ്രയാണം ചെയ്യുന്ന സീതാചരിത്രത്തിൽ ആദികവി ഈ ദാർശനികതലം തന്നെയാണ് അനാവരണം ചെയ്യുന്നത്. സ്ത്രീപക്ഷ വിചിന്തനത്തിലും ഉപരിയായ മാനുഷിക സ്വത്വാന്വേഷണത്തിൽ വരെ എത്തിനിൽക്കുന്നു ഈ ഉൾക്കാഴ്ച. ആദികാവ്യത്തിന്റെ ഈ ദാർശനികതലം കണ്ടെത്തി, നൂറ്റാണ്ടുകളായി സീതാദേവിയ്ക്കു മേൽ പതിഞ്ഞുകിടക്കുന്ന ദുഃഖപുത്രിയുടെ പ്രതിച്ഛായക്കു മോചനം നൽകി ഈ ഇതിഹാസ കഥാപാത്രത്തെ തന്റേടത്തിന്റെയും സ്വയം കണ്ടെത്തലിന്റെയും വഴിയിലൂടെ പുതുജന്മം നൽകി അവതരിപ്പിച്ചിരിക്കുകയാണ് കവയിത്രി. ●

ഒറ്റക്കവിതാപഠനം





ദിവ്യ. കെ.

# 'മുറ്റമടിക്കുമ്പോൾ' വെളിവാകുന്നത്

**തറ** തുടക്കുന്നവളും, തൂത്തുവാരുന്നവളും അലക്കി വെളുപ്പിക്കുന്നവളും മാത്രമായി സ്ത്രീയെ കാണാനാണ് ഇന്നും പുരുഷാധിപത്യ വ്യവസ്ഥിതിയിലൂന്നിയ നമ്മുടെ സമൂഹത്തിന് താൽപ്പര്യം. അവൾക്ക് തന്റേതായ ഇടങ്ങളെ  തിരഞ്ഞെടുക്കാനും ആത്മസത്തയെ പ്രദർശിപ്പിക്കാനുമുള്ള അവസരങ്ങളെയെല്ലാം നമ്മുടെ സാമൂഹിക ബോധം അകറ്റിനിർത്തിയിരിക്കുകയാണ്. ജൈവികമായ ആവശ്യങ്ങൾ നിറവേറ്റികൊടുക്കേണ്ടവൾ മാത്രമായി സ്ത്രീ ഇന്നും നിലനിൽക്കുമ്പോൾ അവളുടെ മാനസികമായ ചോദനകളെ കണ്ടില്ലെന്ന് നടിക്കുകയാണ് നമ്മുടെ സമൂഹം ചെയ്യുന്നത്. പുരുഷാധിപത്യ മൂല്യവ്യവസ്ഥിതിയുടെ ഭാഗമായി രൂപംകൊണ്ട ഈ സാമൂഹ്യബോധത്തെ മാറ്റി പ്രതിഷ്ഠിക്കാൻ സാധിച്ചാൽ മാത്രമെ സാമൂഹികവും സാംസ്കാരികവുമായ ഇടങ്ങളിൽ സ്ത്രീകൾക്ക് സർഗാത്മകമായ ഇടപെടലുകൾ നടത്താൻ സാധിക്കുകയുള്ളൂ. അത്തരമൊരു സമീപനത്തിന്റെ മുന്നോടിയായി വായിക്കപ്പെടേണ്ടവയാണ് സമകാലീന പെൺകവിതകൾ.

അതത് കാലത്തിന്റെ അനുഭവസാക്ഷ്യങ്ങളായി സാഹിത്യനിർമ്മിതികളെ സമീപിക്കുന്നവരാണ് നമ്മൾ. ഒരു കാലത്ത് പുരുഷ വർഗം മാത്രം കൈയാളിയിരുന്ന സർഗാത്മക ഇടങ്ങൾ ഇന്ന് പുരുഷനോടൊപ്പമോ അതിനപ്പുറമോ പങ്കിടാൻ പെണ്മയുടെ സർഗ്ഗവസന്തത്തിനും സാധിച്ചിരിക്കുന്നു എന്നത് സന്തോഷം നൽകുന്ന ഒരു സാമൂഹികമാറ്റം തന്നെയാണ്. പ്രതികരണത്തിന്റെയും പ്രതിഷേധത്തിന്റെയും മൂർച്ചയുള്ള സ്വരങ്ങൾ കൊണ്ട് സമ്പന്നമായ സമകാലീന മലയാളകവിതയിൽ പെണ്മയുടെ ഉണ്മ തേടുന്ന കവിതയായി വേറിട്ട തലത്തിൽ നില കൊള്ളുന്നവയാണ് അനിതാ തമ്പിയുടെ കവിതകൾ. തീക്ഷ്ണമായ ഭാഷകൊണ്ടും ബിംബകൽപ്പന കൊണ്ടും അനുവാചക മനസ്സിലേക്ക് പരമ്പരാഗത സ്ത്രീസങ്കൽപ്പത്തേയും പ്രതികരിക്കുന്ന സ്ത്രീ ശബ്ദത്തേയും ഒരുപോലെ കൊണ്ടുവരാനവർക്ക് സാധിച്ചിട്ടുണ്ട്. ചരിത്രപരവും, സാമൂഹികവും ജൈവികവുമായ ഒരുപാട് തലങ്ങളെ ആവിഷ്കരിക്കാൻ പര്യാപ്തമാണ് അനിതാ തമ്പിയുടെ കവിതകൾ. 2004ൽ പ്രസിദ്ധീകൃതമായ 'മുറ്റമടിക്കുമ്പോൾ', 2010-ൽ പ്രസിദ്ധീകൃതമായ 'അഴകില്ലാത്തവയെല്ലാം' എന്നീ രണ്ട് കവിതാസമാഹാരങ്ങളിലായി സ്ത്രീയുടെ അടിമത്തവും, ഭയവും വിഹ്വലതയും അതിനെതിരെയുള്ള പ്രതിഷേധവും പ്രതികരണവുമെല്ലാം ഒരുപോലെ

ആവിഷ്കരിക്കാൻ കവിക്ക് സാധിച്ചിട്ടുണ്ട്.

പാർശ്വവൽക്കരിക്കപ്പെട്ട ജനതയും ബിംബങ്ങളും മിക്കപ്പോഴും അനിതാതമ്പിയുടെ കവിതകളിൽ കടന്നുവരുന്നുണ്ട്. തിരസ്കാരത്തിന്റെ കയ്പ്പുരസം വരികൾക്കിടയിൽ പ്രത്യക്ഷവുമാണ്. കവിതയിലാവിഷ്കരിക്കുന്ന ബിംബകൽപ്പനകൾ പ്രാദേശികതയിലേക്കുള്ള പിൻമടക്കം നടത്തുന്നതോടൊപ്പം തന്നെ സമകാലീനാവസ്ഥയുടെ വ്യാഖ്യാന സാധ്യതകൾക്ക് ആവോളമിടം നൽകുന്നവയുമാണ്. ആദ്യ കവിതാസമാഹാരത്തിലെ 'മുറ്റമടിക്കുമ്പോൾ' എന്ന കവിത സ്ത്രീയുടെ നിഷേധവും പ്രതിഷേധവുമെല്ലാം ആവിഷ്കരിക്കുന്നുണ്ട്. പ്രസിദ്ധീകൃതമായി ഏകദേശം പത്ത് വർഷത്തിന് ശേഷവും 'മുറ്റമടിക്കുമ്പോൾ' അവതരിപ്പിക്കുന്ന പെൺപക്ഷ ചിന്തകൾക്ക് കേരളീയ സാമൂഹികാന്തരീക്ഷത്തിൽ പ്രസക്തി വർദ്ധിക്കുന്നതേയുള്ളൂ.. പക്വമതിയും സ്വയം തീരുമാനങ്ങളെടുക്കാൻ പ്രാപ്തയുമായ സ്ത്രീയെ വ്യക്തിയായി കാണാതെ ഉപകരണമായി കാണുകയാണിന്നും നമ്മുടെ സമൂഹം. അവളുടെ സാമൂഹികവും സാംസ്കാരികവും സർഗാത്മകവുമായ ഇടങ്ങളെ ഗാർഹികാന്തരീക്ഷത്തിലേക്ക് മാത്രമാക്കി ചുരുക്കി തീർക്കുന്ന പുരുഷ പ്രത്യയശാസ്ത്രവും സ്ത്രീയുടെ അടിമത്ത മനോഭാവവും മാറ്റപ്പെടാത്തിടത്തോളം കാലം സ്ത്രീ എന്നും മുറ്റമടിക്കുന്നവളും ഭർത്തൃസേവ ചെയ്യുന്നവളും മാത്രമായി മാറും.

സ്ത്രീ സ്വന്തം വീടും അതിനോടനുബന്ധമായ ഭൗതിക ഇടങ്ങളും വൃത്തിയാക്കേണ്ടവൾ മാത്രമല്ല, ബൗദ്ധികാന്തരീക്ഷത്തിലും സാമൂഹികാന്തരീക്ഷത്തിലേക്കും തുല്യതയുടേതായ ഒരാത്മബോധം വളർത്തിയെടുക്കാൻ പര്യാപ്തമായിരിക്കണം

**"മണ്ണിരകളുറങ്ങാതെയാവാം കൊച്ചു മൺവീടുകൾ വെച്ചു രാവിൽ" എന്ന് കവിയെക്കൊണ്ട് പറയിപ്പിക്കുന്നത് സ്ത്രീത്വത്തിന്റെ ദുർവിധി തന്നെയാവാം. മണ്ണിരകളെപ്പോലെ സ്വന്തം അദ്ധ്വാനത്തിന്റെ മുഴുനീള ഭാഗവും തന്റെ കുടുംബത്തിനായി നീക്കി വെക്കുന്നവൾ, എന്നിട്ടും അംഗീകരിക്കപ്പെടുകയോ, പരിഗണിക്കപ്പെടുകയോ ചെയ്യാതെ മണ്ണിരയുടെ വീടുപോലെ തകർക്കപ്പെടാൻ മാത്രം വിധിക്കപ്പെടുന്ന അദ്ധ്വാനത്തിനുടമ.**

അവളുടെ ഓരോ ചുവടുകളും. 'മുറ്റമടിക്കുമ്പോൾ എന്ന കവിത ഒരു വീട്ടമ്മയുടെ ചിത്രമാണ് നമുക്ക് നൽകുന്നത്.

"കണ്ണുപൂട്ടിയുറങ്ങുന്ന വീടിൽ
മൺകുരിപ്പുകൾ പൊങ്ങിയ മുറ്റം
ചൂലുകൊണ്ടടിച്ചോർമ്മയാക്കുമ്പോൾ
രാവിലെ നടു വേദനിക്കുന്നു"

എന്ന പരിദേവനത്തോടെയാണ് കവിതയാരംഭിക്കുന്നത്. നേരം പുലരുന്നതിന് മുൻപു തന്നെ തന്റെ വീട്ടുമുറ്റത്തെ വൃത്തികേടുകളെല്ലാം തൂത്ത് വൃത്തിയാക്കുന്ന വീട്ടമ്മയ്ക്ക് ബാക്കിയാവുന്ന പ്രതിഫലം നടുവേദന മാത്രമാണ്. ചൂല് എന്ന ബിംബം പലപ്പോഴും സ്ത്രീയുടെ പ്രതിരോധത്തിന്റെ തലത്തിലേക്കുയരുന്ന കാഴ്ച നമുക്ക് കാണാൻ സാധിക്കും. മൺകുരിപ്പുകൾ പൊങ്ങിയ മുറ്റം തൂത്ത് വൃത്തിയാക്കുന്നതോടൊപ്പം തന്റെ മനസ്സിൽ പൊങ്ങിവരുന്ന പ്രതിഷേധത്തിന്റേതായ പൊടിപ്പുകളെ മുളയിലെ തന്നെ നുള്ളിക്കളയാൻ ശ്രമിക്കുന്ന സ്ത്രീത്വത്തെ നമുക്ക് കാണാൻ സാധിക്കും. വീടിന്റെ അടുക്കളക്കോണിൽ മാത്രം ഒതുങ്ങിക്കൂടാൻ വിധിക്കപ്പെട്ട ചൂല് അവിടെയവൾക്ക് തന്റെ തന്നെ പ്രതിനിധാനമായി മാറുന്നു. തന്റെ മനസ്സിന്റെ പ്രതിഷേധ സ്വരങ്ങളെയെല്ലാം മുച്ചൂടും നശിപ്പിക്കുന്ന രീതിയിലാണ് അവളാ ചൂല് ആഞ്ഞ് വീശുന്നത്. ഒറ്റ രാവിനാൽ പൊങ്ങിവരുന്ന ആ മൺകുരിപ്പുകളോളം മാത്രമേ തന്റെ പ്രതിഷേധ സ്വരങ്ങൾക്കും ബലവും ആയുസ്സുമുള്ളൂവെന്ന തിരിച്ചറിവാണ് നടുവേദനയേക്കാളേറെ അവളെ തളർത്തുന്നത്.

"മണ്ണിരകളുറങ്ങാതെയാവാം
കൊച്ചു മൺവീടുകൾ വെച്ചു രാവിൽ" എന്ന് കവിയെക്കൊണ്ട് പറയിപ്പിക്കുന്നത് സ്ത്രീത്വത്തിന്റെ ദുർവിധി തന്നെയാവാം. മണ്ണിരകളെപ്പോലെ സ്വന്തം അദ്ധ്വാനത്തിന്റെ മുഴുനീള ഭാഗവും തന്റെ കുടുംബത്തിനായി നീക്കി വെക്കുന്നവൾ, എന്നിട്ടും അംഗീകരിക്കപ്പെടുകയോ, പരിഗണിക്കപ്പെടുകയോ ചെയ്യാതെ മണ്ണിരയുടെ വീടുപോലെ തകർക്കപ്പെടാൻ മാത്രം വിധിക്കപ്പെടുന്ന അദ്ധ്വാനത്തിനുടമ. കാലാകാലങ്ങളായി ചവുട്ടി മെതിക്കപ്പെടുകയോ, അരികുവൽക്കരിക്കപ്പെടുകയോ ചെയ്ത സ്ത്രീത്വത്തിന്റെ മുഴുവൻ പ്രതിനിധാനമായിവിടെ മണ്ണിര മാറുന്നു. മണ്ണിരയെപ്പോലെ രാത്രിയുടെ നിശബ്ദതയിലെവിടെയെങ്കിലും വെച്ചുമാത്രമേ അവൾക്ക് തന്റേതായ സമയം കണ്ടെത്താൻ സാധിക്കുന്നുള്ളൂ. പകലന്തിയോളം പണിയെടുത്ത് തളരുന്ന

സ്ത്രീത്വത്തിന് സ്വന്തം വ്യക്തിബോധത്തെ അളന്ന് തിട്ടപ്പെടുത്താൻ കിട്ടുന്ന അൽപ്പമാത്രയായേ ഈ രാവിനെ പരിഗണിക്കാനാവൂ. എല്ലാവരും കിടന്നുറങ്ങുന്ന വേളയിൽ മാത്രമാണ് അവൾക് അവളായി ചിന്തിക്കാനും ജീവിക്കാനുമിടം ലഭിക്കുന്നത്. എന്നാൽ രാത്രി മുഴുവൻ അവൾ നെയ്തെടുത്ത സ്വപ്നങ്ങളെ മണ്ണിരയുടെ കൂട് തട്ടിക്കളയുന്ന ലാഘവത്തോടെ തുടച്ചുമാറ്റാൻ നമ്മുടെ സാമൂഹ്യബോധത്തിന് സാധിക്കുന്നു.

അടിച്ചുവാരി നീങ്ങുമ്പോൾ കരിയിലകളോടൊപ്പം തന്നെ അവളുടെ കാൽച്ചുവടും മറഞ്ഞുപോകുകയാണ് ചെയ്യുന്നത്. കേവലം കരിയിലകളോടൊപ്പം മാത്രമേ ഈ ഭൂമിയിൽ അവളുടെ ജീവിതത്തിനും പ്രാധാന്യമുള്ളൂ. എന്നാൽ കരിയിലകളെയാണ് നമ്മൾ പേടിക്കേണ്ടത്. പ്രതിഷേധത്തിന്റെ ചുഴലിക്കാറ്റ് അവിടെനിന്നാണ് രൂപം കൊള്ളുന്നതെന്ന് കെ.ജി.എസ്. 'ബംഗാൾ' എന്ന തന്റെ കവിതയിൽ പാടിയിട്ടുള്ളത് ഇവിടെ സ്മരണാർത്ഥമാണ്. വിപ്ലവത്തിന്റെ തീക്കാറ്റൂതുന്ന അത്തരം കരിയിലകളായി മാറാൻ പെൺകരുത്തിന് സാധിക്കണം. എങ്കിൽ മാത്രമേ നിലവിലെ സാമൂഹ്യവ്യവസ്ഥിതിയേയും പെണ്മയെ അംഗീകരിക്കാത്ത സാമൂഹ്യബോധത്തെയും പൊളിച്ചെഴുതാൻ സാധിക്കൂ.

"രാവരിച്ചു വന്നെത്തുന്ന പത്രം
വാതിലിൽ വന്നു മുട്ടി വീഴുമ്പോൾ
ചപ്പു വാരി നിവർന്നവൾക്കിത്ര
കാപ്പിമട്ടു കുടിക്കുവാൻ മോഹം" എന്നു പറഞ്ഞുകൊണ്ടാണ് അനിതാതമ്പി തന്റെ കവിതയവസാനിപ്പിക്കുന്നത്. പത്രമെന്ന ബിംബമിവിടെ ലോകത്ത് നടക്കുന്ന സംഭവവികാസങ്ങളുടെയും വിജ്ഞാനധാരയുടെയും പ്രതീകമായി മാറുന്നു. അവയ്ക്ക് നേരെ തിരിഞ്ഞു നിൽക്കാൻ മാത്രമെ അവൾക്ക് സാധിക്കുന്നുള്ളൂ. രാവെളുക്കുവോളം ചെന്നവൃത്തികേടുകളെയെല്ലാം തൂത്തുവൃത്തിയാക്കി നടുനിവർക്കുന്ന അവൾക്കൽപ്പം കാപ്പിമട്ടു കുടിക്കുവാൻ മാത്രമേ തോന്നുന്നുള്ളൂ. അവിടെപ്പോലും അവളുടെ അവകാശങ്ങൾ നിഷേധിക്കപ്പെടുകയാണ് ചെയ്യുന്നത്. ഒരു കാപ്പിയിൽപോലും തന്റേതായ പങ്ക് കണ്ടെത്താനവൾക്ക് സാധിക്കുന്നില്ല. എല്ലാവരും കുടിച്ചതിനു ശേഷമുള്ള കാപ്പിയുടെ മട്ട് മാത്രമേ അവളാഗ്രഹിക്കുന്നുള്ളൂ. സ്ത്രീയുടെ ലോകം എത്രമാത്രം ചെറുതായി മാറുന്നുവെന്നും അവളെത്രമാത്രം അവളിലേക്ക് മാത്രമായി ഒതുങ്ങുന്നുവെന്നും പറഞ്ഞുവെക്കുകയാണിവിടെ.


**അടിച്ചുവാരി നീങ്ങുമ്പോൾ കരിയിലകളോടൊപ്പം തന്നെ അവളുടെ കാൽച്ചുവടും മറഞ്ഞുപോകുകയാണ് ചെയ്യുന്നത്. കേവലം കരിയിലകളോടൊപ്പം മാത്രമേ ഈ ഭൂമിയിൽ അവളുടെ ജീവിതത്തിനും പ്രാധാന്യമുള്ളൂ. എന്നാൽ കരിയിലകളെയാണ് നമ്മൾ പേടിക്കേണ്ടത്.**

കുടുംബത്തിനകത്ത് തളച്ചിടപ്പെടുന്ന സ്ത്രീയുടെ ദയനീയ സ്ഥിതിക്കപ്പുറം ഇതിന് മറ്റൊരു തലം കൂടി കണ്ടെത്താൻ സാധിക്കും. ഈ ലോകത്ത് എന്തു തന്നെ നടന്നാലും അതൊന്നും തനിക്കറിയേണ്ടെന്നും, അതിലൊന്നും തനിക്ക് യാതൊരു പങ്കാളിത്തവും, വേണ്ടെന്നുമുള്ള നിഷേധാത്മകമായ നിലപാടിലൂടെ അവളുടെ പ്രതിഷേധം അറിയിക്കുകയാവാം. തിരസ്കാരത്തിലൂടെ തന്റേതായ ഇടം നേടിയെടുക്കാനുള്ള ഒരു പ്രതിരോധതന്ത്രമായും നമുക്കിതിനെ വ്യാഖ്യാനിക്കാം.

സ്ത്രീയുടെ ദൈന്യവും നിസ്സഹായതയും ഒരു അവസ്ഥ എന്ന നിലയിൽ പല എഴുത്തുകാരും ആവിഷ്കരിച്ചിട്ടുണ്ട്. എന്നാൽ പുറമെ നിന്നും നോക്കിക്കാണുന്ന ആ അവസ്ഥ ഒരു അനുഭവമായി മാറുകയാണ് 'മുറ്റമടിക്കുമ്പോൾ' എന്ന കവിതയിൽ മൺകുരിപ്പുകളും, ചൂലും, രാവിൽ വീട് വെക്കുന്ന മണ്ണിരയും, കരിയിലയും കാപ്പിമട്ടുമെല്ലാം സ്ത്രീയുടെ പ്രതിനിധാനമായി മാറുകയാണിവിടെ ഏതേതൊക്കെ നിലയിൽ വളർന്നു കഴിഞ്ഞാലും 'ഒരു കുറ്റിച്ചൂലും നാറത്തേപ്പും' (സംക്രമണം; ആറ്റൂർ രവിവർമ്മ) മാത്രമായി സ്ത്രീയെ കാണാനാണിന്നും സമൂഹത്തിനിഷ്ടം. പുരുഷൻ ചെയ്യുന്ന ഏതൊരു ജോലിയും അവൻ ചെയ്യുന്നതിനേക്കാളേറെ വൈകാരികവും വൈചാരികവുമായ മേന്മയോടുകൂടി ചെയ്യാൻ സ്ത്രീക്ക് സാധിക്കും എന്ന ഉത്തമബോധ്യമുണ്ടെങ്കിലും അവൾ പലപ്പോഴും തന്റെ കർമ്മമണ്ഡലം വീട് എന്ന കൂട്ടിലേക്ക് മാത്രമായൊതുക്കുന്നു. ഇതിന് പിന്നിൽ വർത്തിക്കുന്ന സ്ത്രീയുടെ അഹംബോധവും, പുരുഷനിർമ്മിതമായ സാമൂഹ്യബോധവുമാണ് ആദ്യം മാറേണ്ടത് എങ്കിൽ മാത്രമേ മുറ്റമടിക്കുന്നവളും, അഴുക്ക് കളയുന്നവളും മാത്രമായ സ്ത്രീയിൽ നിന്നും സ്വത്വബോധവും, ആത്മപ്രകാശനസ്ഥൈര്യവുമുള്ള പെണ്മയുടെ കരുത്തിനെ കണ്ടെത്താൻ സാധിക്കൂ.

●

ചരിത്രപഠനം



# അടുക്കളയിൽനിന്ന് അരങ്ങത്തേയ്ക്കും തിരിച്ചും : ആധുനിക മലയാളിസ്ത്രീയുടെ കുടുംബിനീരൂപനിർമ്മിതികൾ



ഷീബ കെ.എം.

**ആധുനികലോകക്രമത്തിന്റെ** സാമൂഹ്യബന്ധങ്ങളുടെയും ഉൽപാദനവ്യവസ്ഥയുടെയും സ്ഥാപനത്തിന് വേദിയൊരുക്കിയ അധിനിവേശപരിസരങ്ങളിൽ കേരളത്തിലെ ജാതിവർഗ്ഗഘടനകൾ പരിവർത്തനങ്ങൾക്ക് വിധേയമായപ്പോൾ സ്ത്രീയുടെ അനേകം ഭൂമികകളെ പിൻതള്ളിക്കൊണ്ട് കുടുംബിനി എന്ന രൂപം എങ്ങനെ പരമപ്രധാനമായി അവരോധിക്കപ്പെട്ടു എന്നന്വേഷിക്കാൻ ശ്രമിക്കുകയാണീ ലേഖനത്തിൽ.

**ആധുനികതയുടെ ലിംഗഭേദാവസ്ഥകൾ**

യൂറോപ്പിൽ ജ്ഞാനോദയത്തോടെ ഫ്യൂഡൽ ഉൽപാദനവ്യവസ്ഥയെ തകർത്തെറിഞ്ഞ് മുതലാളിത്തം നിലവിൽവരികയും 1789-ൽ പൊട്ടിപ്പുറപ്പെട്ട ഫ്രഞ്ചുവിപ്ലവം ഈ പുത്തൻ വ്യവസ്ഥിതിക്ക് ആശയാടിത്തറകൾ സംഭാവന ചെയ്യുകയും ചെയ്തു. ആധുനികയുഗത്തെ കുറിക്കുന്ന ലിബറൽ ചിന്തയുടെ മുദ്രണങ്ങൾ സമൂഹത്തിലും സ്വകാര്യസ്വത്തിന്റെ അടയാളങ്ങൾ സമ്പദ്ഘടനയിലും പതിയുകയുണ്ടായി. ആധുനികചിന്ത സ്വകാര്യമണ്ഡലം പൊതുമണ്ഡലം എന്നിങ്ങനെ കർക്കശമായ വേർതിരിവുകളിൽ ജീവിതലോകങ്ങളെ ക്രമപ്പെടുത്തിയപ്പോൾ ഭരണം, സംസ്കാരം, ഉൽപാദനം തുടങ്ങിയ മേഖലകളെ ഉൾക്കൊണ്ട പൊതുമണ്ഡലം പുരുഷന്റേതായി മാറി. പ്രത്യുൽപാദനത്തിന്റെ ഇടമായ വീടും കുടുംബവും സ്വകാര്യമണ്ഡലത്തിന്റേതാവുകയും സ്ത്രീകൾ അതിൽ നിർണ്ണായക പങ്കുവഹിക്കേണ്ടവരായി കുടിയിരുത്തപ്പെടുകയും ചെയ്തു. പ്രസവിക്കുന്നത് സ്ത്രീയായതിനാൽ വീടുമായി ബന്ധപ്പെട്ട മറ്റുജോലികൾ ചെയ്യാൻ ഏറ്റവും പറ്റിയത് സ്ത്രീകൾതന്നെ എന്നത് യുക്തിപൂർവ്വമായ (!) ഒരു തെരഞ്ഞെടുപ്പായി മാറി. ഇങ്ങനെയുള്ള ലിംഗഭേദാടിസ്ഥാനത്തിലുള്ള തൊഴിൽ വിഭജനങ്ങളെ സാധൂകരിക്കാൻ പോന്ന ജ്ഞാനനിർമ്മിതികൾ സമൂഹശാസ്ത്രം (സോഷ്യോളജി) പോലുള്ള ആധുനികജ്ഞാനശാഖകൾ ലഭ്യമാക്കുകയുണ്ടായി. സ്ത്രീയുടെയും പുരുഷന്റെയും സവിശേ

ഷസ്വഭാവഗുണങ്ങൾ എടുത്തു കാണിയ്ക്കുന്ന സത്താപരമായ വാർപ്പുമാതൃകകൾ (essentialist stereotypes) നിർമ്മിക്കപ്പെടുകയും അത് സ്ത്രീപുരുഷ സാമൂഹ്യ ഉത്തരവാദിത്വങ്ങളെ നിർണ്ണയിക്കാൻ പ്രയോഗിക്കപ്പെടുകയും ചെയ്യപ്പെട്ടു. ആധുനികവൽക്കരണപ്രക്രിയയുടെ ഭാഗമായി ആരോഗ്യം, വിദ്യാഭ്യാസം, ഉൽപാദനം തുടങ്ങി ജീവിതത്തിന്റെ സമസ്തമേഖലകൾ സ്ഥാപനവൽക്കരിക്കപ്പെട്ടതോടെ ഇവയൊക്കെ ഉൾപ്പെട്ട പൊതുമണ്ഡലത്തിൽ നിന്നും ഏറെക്കുറെ സ്ത്രീകൾ പുറംതള്ളപ്പെട്ടു.1 ഉദാഹരണത്തിന്, ഫ്യൂഡൽ ഉൽപാദനരീതിയിൽ വാസസ്ഥലത്തോട് ചേർന്നുകിടന്ന കൃഷിയിടങ്ങളിൽ സൗകര്യാർത്ഥം പണിയെടുക്കാൻ സ്ത്രീകൾക്ക് അവസരമുണ്ടായിരുന്നപ്പോൾ സ്ത്രീകളെ നിയമിക്കുന്നത് ലാഭകരമല്ലെന്ന് വിധിയെഴുതിയ മുതലാളിത്തവ്യവസ്ഥയിൽ ഉൽപാദനപ്രക്രിയയിൽനിന്നുതന്നെ സ്ത്രീകൾ ഏറെക്കുറെ ബഹിഷ്കൃതരായി (തൊഴിലാളിവർഗ്ഗസ്ത്രീയുടെ അദ്ധ്വാനം ഏറ്റവും കുറഞ്ഞ വേതനത്തിന് ചൂഷണം ചെയ്യപ്പെടുന്ന അവസ്ഥ മാത്രം തുടർന്നുപോന്നു). പകരം അണുകുടുംബങ്ങൾക്കുള്ളിൽ സ്ത്രീകൾ ചെയ്യുന്ന അദ്ധ്വാനമായിരുന്നു മുതലാളിത്തത്തിന് ഏറ്റവും അത്യാവശ്യം. ഓരോ പുരുഷ തൊഴിലാളിയെയും ഓരോ ദിവസവും അദ്ധ്വാനപ്രാപ്തനാക്കുന്ന ഗാർഹികജോലികൾ–അവന്റെ വസ്ത്രങ്ങളലക്കുകയും, അവന് ഭക്ഷണം പാകംചെയ്യുകയും, വീട് വൃത്തിയാക്കി സൂക്ഷിക്കുകയും, കുട്ടികളെയും പ്രായമായവരെയും സംരക്ഷിക്കുകയും, അവന് ലൈംഗികസുഖം പകരുകയും – ചെയ്യുകവഴി സാമൂഹ്യപ്രത്യുൽപാദനം (social reproduction) ഉറപ്പുവരുത്തുന്ന ഉത്തരവാദിത്വം സ്ത്രീയിൽ  നിക്ഷിപ്തമായി. ഇതേ ആവശ്യങ്ങൾ ഒരു തൊഴിലാളി പുറമേ പണം ചെലവഴിച്ചു നടത്തിയിരുന്നെങ്കിൽ അയാളുടെ

## മാർക്സിസ്റ്റ് ത്രീവാദികൾ മുന്നോട്ടു വെച്ച ഈ സൈദ്ധാന്തിക വിശദീകരണം മുതലാളിത്തവ്യവസ്ഥിതി സ്ത്രീയുടെ അദ്ധ്വാനത്തെ എത്ര മേൽ ചൂഷണം ചെയ്യുന്നു എന്നുള്ളതിന്റെ ഉത്തമ ദൃഷ്ടാന്തമാണ്.

ജീവിതച്ചെലവ് ഗണ്യമായി വർദ്ധിച്ചേനേ. ഒരു തൊഴിലാളി യഥാർത്ഥത്തിൽ അർഹിക്കുന്ന വേതനവും അയാൾക്ക് മുതലാളി കൊടുത്തുപോരുന്ന ഉപജീവന വേതനവും (subsistence wage) തമ്മിലുള്ള അന്തരമാണ് ലാഭമെന്നപേരിൽ മുതലാളി കീശയിലാക്കുന്ന മിച്ചമൂല്യം (surplus value) എന്ന് കാൾ മാർക്സ് അപഗ്രഥിക്കുകയുണ്ടായി. എന്നിരിക്കെ സ്ത്രീ കുടുംബിനി എന്ന നിലയിൽ ചെയ്യുന്ന കൂലിയില്ലാവേല തൊഴിലാളിയുടെ ജീവിതച്ചെലവും അതുവഴി ഉപജീവന വേതനവും ഉയരാതെ നിലനിർത്തുകയും അതിലൂടെ മുതലാളിയുടെ ലാഭത്തിന് കോട്ടംതട്ടാൻ ഇടവരുത്താതിരിക്കുകയും ചെയ്യുന്നു. അണുകുടുംബങ്ങളിൽ ഇങ്ങനെ അംഗീകാരമോ പ്രതിഫലമോ ലഭിക്കാതെ അദൃശ്യമാക്കപ്പെടുന്ന വീട്ടുവേല മുതലാളിത്തത്തിനു തീർച്ചയായും ആവശ്യമാണ്. അധിനിവേശവും അതുവഴി മുതലാളിത്തവും കടന്നുചെന്ന ഏഷ്യൻ ആഫ്രിക്കൻ സമൂഹങ്ങളിലെ വൈവിധ്യമാർന്ന കുടുംബവ്യവസ്ഥകളുടെ സ്ഥാനത്ത് അണുകുടുംബങ്ങൾ പ്രതിഷ്ഠിക്കപ്പെട്ടതിന്റെ പിന്നിലുള്ള പ്രേരണയും മറ്റൊന്നല്ല. സ്ത്രീയുടെ ഗാർഹികാദ്ധ്വാനത്തെ അദ്ധ്വാനത്തിന്റെ പട്ടികയിൽനിന്നുതന്നെ നിഷ്കാസനം ചെയ്യുന്ന തരത്തിലാണ് മുതലാളിത്തത്തിന്റെ കൈത്താങ്ങായ സാമ്പത്തികശാസ്ത്രം വിജ്ഞാനോൽപാദനം നടത്തിയതെന്നത് ചേർത്തുവായിക്കപ്പെടേണ്ട യാഥാർത്ഥ്യമാണ്. ആഴ്ചയിൽ നാല്പതു മണിക്കൂറെങ്കിലും കൂലിക്കുവേണ്ടി ചെയ്യുന്ന അദ്ധ്വാനം മാത്രമേ തൊഴിലായി പരിഗണിക്കപ്പെടുന്നുള്ളൂ. ഈ കണക്കനുസരിച്ച് ഒരു വീട്ടുടമ വീട്ടുവേലക്കാരിയെ വിവാഹം കഴിച്ചാൽ രാജ്യത്തിന്റെ മൊത്തവരുമാനം കുറയുമെന്ന് സാമ്പത്തികശാസ്ത്രം പഠിപ്പിക്കുന്നു! ഭാര്യയായിത്തീരുമ്പോൾ മുൻപ് ചെയ്തിരുന്ന  പണികൾ തുടരുമെങ്കിലും പ്രതിഫലം ഇല്ലാതാവുകയും ഈ അദ്ധ്വാനം സ്നേഹത്തിന്റെ പേരിലുള്ളതായിത്തീരുകയും (labour of love) ചെയ്യുമെന്നതായി വാസ്തവം. മാർക്സിസ്റ്റ് ത്രീവാദികൾ മുന്നോട്ടുവെച്ച ഈ സൈദ്ധാന്തിക വിശദീകരണം മുതലാളിത്തവ്യവസ്ഥിതി സ്ത്രീയുടെ അദ്ധ്വാനത്തെ എത്രമേൽ ചൂഷണം ചെയ്യുന്നു എന്നുള്ളതിന്റെ ഉത്തമദൃഷ്ടാന്തമാണ്. ഇതേത്തുടർന്ന് ഗാർഹികവേലയ്ക്ക് കൂലി (wages for housework) എന്ന മുദ്രാവാക്യം ഉന്നയിക്കപ്പെടുകയുമുണ്ടായി. ഗൃഹനാഥനല്ല മറിച്ച് മുതലാളിത്തവ്യവസ്ഥിതിയുടെ ഗുണഭോക്താവായ ഭരണകൂടം സ്ത്രീകളുടെ അദ്ധ്വാനത്തിനുള്ള പ്രതിഫലം നൽകിയേ മതിയാകൂ എന്നതായിരുന്നു ഈ ആവശ്യത്തിനു പിന്നിലെ താൽപര്യം.

## II

ആധുനികതയുടെ വരവോടെ ലോകത്തെമ്പാടും സ്ത്രീപ്രശ്നങ്ങൾ (women's question) ഉയർത്തപ്പെട്ടു. ലിബറൽ ചിന്താധാരകൾ മനുഷ്യകേന്ദ്രിതമായ യുക്തിചിന്തയിലും അവകാശബോധത്തിലും ഊന്നിയ മുന്നേറ്റങ്ങൾക്ക് വഴിയൊരുക്കിയ പശ്ചാത്തലത്തിൽ സ്ത്രീവാദത്തിന്റെ ഒന്നാം തരംഗം (first wave feminism) രൂപംകൊണ്ടു. മേരി വോൾസ്റ്റോൺക്രാഫ്റ്റ് 1792–ൽ രചിച്ച സ്ത്രീഅധികാരങ്ങൾക്കുള്ള ന്യായീകരണം (Vindication of the Rights of Women) പോലുള

ള കൃതികൾ ഏറെ ശ്രദ്ധ ആകർഷിച്ചു. ലിബറൽ സ്ത്രീവാദ ആശയങ്ങൾ ആധുനികത വേർതിരിച്ച പൊതു/സ്വകാര്യമണ്ഡലങ്ങളെയും അവയ്ക്കടിസ്ഥാനമാക്കപ്പെട്ട വൈകാരികത/യുക്തി, പ്രകൃതി/സംസ്കാരം തുടങ്ങിയ ദ്വന്ദ്വരൂപങ്ങളെയും വിമർശിച്ചു. ഇതുപ്രകാരം വൈകാരികതയുടെ പ്രതീകങ്ങളായും പ്രകൃതിയോടടുത്തവരായും സ്ത്രീകളെ വീക്ഷിക്കുന്നതിന്റെ പരിസരങ്ങൾ ചോദ്യംചെയ്യപ്പെടുകയും സ്ത്രീകൾക്ക് വിദ്യാഭ്യാസത്തിലൂടെ യുക്തിസഹമായ വ്യക്തിത്വങ്ങളാവാനുള്ള അവകാശങ്ങൾക്കുവേണ്ടി മുദ്രാവാക്യങ്ങൾ ഉയരുകയും ചെയ്തു. ലിബറൽ സ്ത്രീവാദം പൊതുവെ പറഞ്ഞാൽ സ്ത്രീയുടെ പൊതുമണ്ഡല പ്രവേശനത്തിനുവേണ്ടിയാണ് – പ്രത്യേകിച്ചും ഭരണത്തിലും ഉൾപാദനത്തിലും – വാദിച്ചത്. ബെറ്റി ഫ്രീഡൻ തന്റെ ഫെമിനിൻ മിസ്റ്റിക്ക് (1963)2 എന്ന കൃതിയിൽ സ്ത്രീകളെ പിടികൂടിയിരിക്കുന്ന വിശദീകരണാതീതമായ ഒരു ആശയസ്വരൂപത്തെക്കുറിച്ച് പ്രതിപാദിക്കുന്നു. ഉദാത്തരായ കുടുംബിനികളാവുകയെന്നത് ജീവിതത്തിന്റെ ആത്യന്തികലക്ഷ്യങ്ങളാക്കി പ്രതിഷ്ഠിക്കുന്ന ആശയമായിരുന്നു ഇത്. ഇതുപ്രകാരം അമ്മയായും ഭാര്യയായുമുള്ള തങ്ങളുടെ മികവ് തെളിയിക്കാൻ വെമ്പൽകൊള്ളുന്ന സ്ത്രീകളെ അവർ ചിത്രീകരിക്കുന്നുണ്ട് ഈ ഗ്രന്ഥത്തിൽ. ഒഴിവുസമയങ്ങളിൽപ്പോലും ഈ ലക്ഷ്യത്തിലെത്താനുള്ള ഉപദേശങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നവളാകുന്നു ഈ ഉത്തമ കുടുംബിനി. സ്വന്തം വീടിന്റെ ഉള്ളറകളിൽനിന്നും പുറംലോകത്തിന്റെ ഉത്തരവാദിത്വങ്ങളിലേക്ക് (തൊഴിലുകളിലേക്ക്) സ്ത്രീകളെ തള്ളിവിടുക മാത്രമാണ് ഈ അവസ്ഥയിൽനിന്നും ഒരു പോംവഴി എന്ന് ബെറ്റി ഫ്രീഡൻ നിർദ്ദേശിച്ചു. എന്നാൽ ഇരുപതോളം വർഷങ്ങൾക്കുശേഷം രചിച്ച തന്റെ രണ്ടാംഘട്ടം (The Second Stage 1981)3 എന്ന ഗ്രന്ഥത്തിൽ ഫ്രീഡൻ ഒരാത്മപരിശോധന നടത്തുന്നുണ്ട്. വീടിനു പുറത്തുള്ള തൊഴിലുകൾ ഏറ്റെടുക്കാൻ സ്ത്രീകളെ പ്രേരിപ്പിച്ചപ്പോൾ യഥാർത്ഥത്തിൽ അവരെ അതിമാനുഷരാവാൻ (super women) നിർബന്ധിക്കുകയാണ് താൻ ചെയ്തതെന്ന് അവർ വിലയിരുത്തി. വീട്ടിലെ ജോലികൾ കൃത്യസമയത്തിനുള്ളിൽ തീർത്തുകൊണ്ട് പുറംതൊഴിലുകളിലേക്ക് കുതിക്കാൻ സാഹസപ്പെടേണ്ട സ്ത്രീകളെയാണ് ഈ ആഹ്വാനം സൃഷ്ടിച്ചതെന്ന് ചുരുക്കം. സ്ത്രീകൾ പുറംതൊഴിലുകളിൽ ഏർപ്പെടാൻ തുടങ്ങുമ്പോൾ വീട്ടുജോലികൾ ആരേറ്റെടുക്കുമെന്നത് ലിബറൽ സ്ത്രീവാദത്തിന് ഉത്തരം നൽകാൻ കഴിയാതെ പോയ പ്രശ്നമാണ്.

**അധിനിവേശ ഭരണകൂടവും സാമൂഹ്യപരിഷ്ക്കരണവും**

ബ്രിട്ടീഷുകാരായ ഭരണാധികാരികൾ അധിനിവേശവിധേയമായ സമൂഹങ്ങളുടെ പദവിയുടെ അളവുകോലുകളായി പരിഗണിച്ചത് ഈ പ്രദേശങ്ങളിലെ സ്ത്രീകളുടെ അവസ്ഥകളെയാണ്. ഇതുപ്രകാരം ഇന്ത്യൻ സംസ്കാരവും മതങ്ങളും സമൂഹവും സ്ത്രീകളെ പരിഗണിക്കുന്ന കാര്യത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്നതായി അവർ വിലയിരുത്തി. ജെയിംസ് മിൽ എഴുതി, ഹിന്ദുക്കൾ തങ്ങളുടെ സ്ത്രീകളെ ചിരപരിചിതമായ പരിഹാസത്തോടും അവഗണനയോടും വീക്ഷിച്ചുപോരുന്നതിനെ വെല്ലാൻ മറ്റൊന്നുമില്ല.... മര്യാദകെട്ട ജനത സ്ത്രീകളെ തരംതാഴ്ത്തുന്നു; സംസ്കാരമുള്ളവർ അവരെ വാഴ്ത്തുന്നു .4 ഇന്ത്യൻ സംസ്കാരത്തെ ഇകഴ്ത്തിക്കാണിക്കാനും താരതമ്യത്തിലൂടെ സ്വന്തം മഹത്വം വിളംബരം ചെയ്യാനും ബ്രിട്ടീഷുകാർ ഇന്ത്യയിലെ സ്ത്രീജീവിതങ്ങളുടെ ചിത്രീകരണങ്ങൾ പ്രയോജനപ്പെടുത്തി. ജാതിമത ഫ്യൂഡൽ ജീവിതക്രമങ്ങൾ അടിച്ചമർത്തലുകൾക്ക് വിധേയമാക്കിയ സ്ത്രീകളെ മോചിപ്പിക്കാനുള്ള വെള്ളക്കാരന്റെ ബാധ്യതകൾ (white man's burden) ഇന്ത്യയിലെ ബ്രിട്ടീഷ്ഭരണത്തിന് ന്യായീകരണവും സാധുതയും കല്പിച്ചുനൽകി.

ഇന്ത്യയിലെ ബുദ്ധിജീവിവർഗ്ഗം ഏറെക്കുറെ അധിനിവേശപരിസരങ്ങളിൽ നിന്നുകൊണ്ടുള്ള സാമൂഹ്യ, സാമ്പത്തിക പരിവർത്തനങ്ങൾ തന്നെയാണ് ആഗ്രഹിച്ചത്. അധിനിവേശത്തിന്റെ പരിഷ്കൃതസമൂഹനിർമ്മാണ ദൗത്യങ്ങളെ (civilizing mission) പോഷിപ്പിക്കുന്ന തരത്തിൽ പുതുകുടുംബവ്യവസ്ഥയും പുത്തൻ വ്യക്തികളുമടങ്ങുന്ന ശ്രേഷ്ഠസമൂഹസൃഷ്ടിക്കായി പ്രയത്നിക്കുകവഴി ബൂർഷ്വാവ്യവസ്ഥിതിയുടെ സ്ഥാപനത്തിന് ചുക്കാൻ പിടിക്കുകയായിരുന്നു അവർ. ഭൂപ്രദേശങ്ങൾക്കുമേലുള്ള കൈയേറ്റങ്ങളേക്കാൾ ശക്തവും എന്നാൽ അദൃശ്യവുമായ അധിനിവേശം നടക്കുന്നത് മനസ്സുകൾക്കും സംസ്കാരത്തിനും മേലാണെന്ന് ആശിശ് നന്ദി അഭിപ്രായപ്പെടുന്നുണ്ട്.5 അധിനിവേശ ശക്തികൾ എപ്രകാരമാണ് സ്വന്തം സംസ്കാരമാതൃകകൾ തങ്ങൾക്ക് കീഴ്പ്പെട്ട ജനതയ്ക്കുമേൽ അടിച്ചേൽപിക്കുന്നതെന്നതും ശ്രദ്ധേയമാണത്രെ. എന്നാൽ തീർത്തും നിഷ്കളങ്കമായി ഏറ്റുവാങ്ങുന്നതിനപ്പുറം തീക്ഷ്ണമായ തൃഷ്ണകളിലൂടെയും വിയോജിപ്പുകളിലൂടെയും മാറി മാറി പ്രത്യക്ഷപ്പെടുന്ന ബന്ധമായിരുന്നു ഇതെന്ന് ലീല ഗാന്ധി അഭിപ്രായപ്പെടുന്നു.6 അധിനിവനേശത്തിന്റെ ഹിംസാത്മകത നിലനിൽക്കുമ്പോൾത്തന്നെ നിർബന്ധപൂർവ്വമായ സാംസ്കാരിക പ്രലോഭനങ്ങൾ കൂടി അതിലടങ്ങിയിരുന്നു എന്ന് ലീല ഗാന്ധി പറയുന്നു. അതിനാൽത്തന്നെ തങ്ങളുടെ അധികാരത്തിനു കീഴിലുള്ള ജനതയുടെ സാംസ്കാരിക മുൻഗണനകളെ നിർണ്ണയിക്കുന്നതിൽ അധിനിവേശത്തിന്റെ ആശയലോകം ഏറെ വിജയിച്ചു. പ്രാകൃതം എന്ന് ബ്രിട്ടീഷുകാർ

മുദ്രകുത്തിയ സ്വന്തം സംസ്കാരങ്ങളെ ഇന്ത്യക്കാർ ഒട്ടൊക്കെ നിന്ദയോടും ലജ്ജയോടും വീക്ഷിക്കാനും പാശ്ചാത്യരീതികളെ പിൻതുടരാൻ ശ്രമമാരംഭിക്കാനും ഇത് വഴിയൊരുക്കി. എന്നാൽ ഈ കാലഘട്ടത്തിൽ രൂപംകൊണ്ടിരുന്ന ദേശീയബോധത്തിനു മുന്നിൽ ഇതൊരു സമസ്യയായി ത്തീർന്നു. അപരിഷ്കൃതർ എന്ന് ബ്രിട്ടീഷ് പഴിചാരലുകളിൽനിന്ന് ഇന്ത്യൻസമൂഹത്തെ കുറ്റവിമുക്തമാക്കാൻ മുതലാളിത്ത ഉൽപാദനരീതികൾ, ശാസ്ത്രസാങ്കേതികവിദ്യ, പരിഷ്ക്കരിച്ച വസ്ത്രധാരണരീതികൾ തുടങ്ങിയ വിഷയങ്ങളിൽ അനുകരണാത്മകമായ ആധുനികവൽക്കരണം കൂടിയേ തീരൂ. എന്നാൽ ഈ അനുകരണം തനതായ ഇന്ത്യൻ സ്വത്വനിർമ്മിതിയെ തടസ്സപ്പെടുത്തുകയും ചെയ്യും. ഇന്ത്യൻ ദേശീയത ഈ പ്രശ്നം പരിഹരിക്കാൻ ശ്രമിച്ചത് പൊതുമണ്ഡലത്തെ ആധുനികീകരിച്ച് ഭരണം, ഉൽപാദനം, നിയമം തുടങ്ങിയവ പരിഷ്ക്കരിച്ചും അതേസമയം തനത് സ്വത്വത്തിന്റെ പ്രതീകമായി സ്വകാര്യമണ്ഡലം കലർപ്പില്ലാത്ത സാംസ്കാരികത്തനിമയിൽ നിലനിർത്താൻ ശ്രമിച്ചുകൊണ്ടുമാണെന്ന് പാർത്ഥ ചാറ്റർജി പറയുന്നു.7 പൊതുമണ്ഡലത്തിലേർപ്പെടുന്ന പുരുഷൻ ആധുനികതയുടെ പ്രതിനിധികളായപ്പോൾ വീട്ടിലെ വിളക്കായ് തങ്ങളുടെ നിസ്വാർത്ഥജീവിതങ്ങളിലൂടെയും സദാചാര ധർമ്മപരിപാലനത്തിലൂടെയും സ്ത്രീകൾ ഭാരതസംസ്കാരത്തിന്റെ തനതും വേറിട്ടതുമായ പ്രതീകങ്ങളാവാൻ നിർബന്ധിതരായി. അങ്ങനെ പൊതുമണ്ഡലത്തിന്റെ മാൽസര്യത്തിനും സ്വാർത്ഥതയ്ക്കും ഭൗതികച്യുതികൾക്കും പകരംവെയ്ക്കാൻ സ്വകാര്യഇടങ്ങളിലെ സ്ത്രീയുടെ ആത്മീയതയും ഭാവശുദ്ധിയും ലഭ്യമായി.

കേരളത്തിന്റെ സാമൂഹ്യപശ്ചാത്തലവും അധിനിവേശ പരിസരങ്ങളും

ഗംഗാസമതല പ്രദേശങ്ങളിൽ ഉരുത്തിരിഞ്ഞുവന്ന ജാതിഘടനയിൽനിന്നും വ്യത്യസ്തമായി കേരളത്തിൽ വൈശ്യജാതി ഉണ്ടായിരുന്നില്ല. കേരളത്തിലെ നമ്പൂതിരി ബ്രാഹ്മണർ മനുസ്മൃതിയെയല്ല ശാങ്കരസ്മൃതിയെയാണ് ആധാരമാക്കിയത്. രാജകുടുംബങ്ങളിലെ ക്ഷത്രിയ സ്ത്രീകളുമായി നമ്പൂതിരിമാർ വൈവാഹികബന്ധങ്ങളിലേർ പ്പെട്ടിരുന്നുവെന്നതും എടുത്തുപറയേണ്ട പ്രത്യേകതയാണ്. മറ്റെങ്ങുമില്ലാത്ത തരത്തിൽ ശൂദ്രരായിരിക്കെത്തന്നെ നായർ സമുദായം ചെറുതല്ലാത്ത സാമൂഹ്യാധികാരങ്ങൾ കൈയാളുകയും ചെയ്തിരുന്നു. കീഴ്ജാതികളാക്കി നിർത്തപ്പെട്ട സമുദായങ്ങളെ പാർശ്വവൽക്കരിച്ചുകൊണ്ട് കൃഷിയിൽ നിന്നുള്ള ആദായം അനുഭവിക്കുവാനുള്ള അവസരം ഇവർ പങ്കിട്ടിരുന്നു. നമ്പൂതിരിപുത്രന്മാരിൽ മൂത്തവനായ മൂസ്സുമാത്രമാണ് സ്വജാതിയിൽനിന്ന് വിവാഹം കഴിച്ചത്. ബാക്കിയുണ്ടായിരുന്ന കനിഷ്ഠന്മാരെല്ലാം നായർസ്ത്രീകളുമായി സംബന്ധങ്ങളിലേർപ്പെടുകയായിരുന്നു പതിവ്. നമ്പൂതിരിസ്ത്രീകൾക്ക് ജാതിയിൽ താഴെയുള്ള പുരുഷന്മാരുമായുള്ള ബന്ധം നിഷിദ്ധമായിരുന്നു.8 എന്നാൽ കീഴ്ജാതിയിലുള്ള സ്ത്രീകളുടെ ശരീരങ്ങൾ മേൽജാതിയിലുള്ള പുരുഷന്മാർക്കവകാശപ്പെടാവുന്നതായിരുന്നു. തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും നടമാടിയിരുന്ന കേരളീയ സമൂഹത്തിൽ ഹിംസാത്മകമായ ജീവിതാവസ്ഥകളിലൂടെയാണ് കീഴാളമാക്കപ്പെട്ട സമുദായങ്ങൾ കടന്നുപോയത്. ജാതിയിൽ താഴുന്തോറും സ്ത്രീശരീരങ്ങൾക്കു മേലുള്ള കടന്നുകയറ്റങ്ങൾ കൂടിവന്നു. എന്നാൽ ജാതിയിൽ മേലോട്ടുപോകുന്തോറും സ്ത്രീകളുടെ ശരീരത്തിനും ലൈംഗികതയ്ക്കും മേലുള്ള സമുദായ നിയന്ത്രണങ്ങൾക്ക് ആക്കംകൂടി. ജാതിയിൽ താഴ്ന്ന പുരുഷനുമായുള്ള സ്ത്രീകളുടെ ലൈംഗികവേഴ്ചകൾ ജാതിഘടനയെത്തന്നെ തകർക്കുമെന്ന ആശങ്കമൂലമായിരുന്നു ഇത്. അതിനാൽ നമ്പൂതിരി സ്ത്രീയുടെ ശരീരവും വസ്ത്രധാരണവും മാത്രമല്ല ഓരോ ചലനങ്ങൾപോലും നിരന്തര നിരീക്ഷണത്തിനു വിധേയമാകേണ്ടതായി വന്നു. യഥാർത്ഥജീവിതം ഇത്തരം അനുശാസിക്കപ്പെട്ട നിയന്ത്രണങ്ങളെ നിരന്തരം ഭേദിച്ചിരുന്നുവെന്നതിന് സ്മാർത്തവിചാരങ്ങൾ തെളിവാണെങ്കിലും സമുദായ സംഘാടനത്തിന്റെ തത്വങ്ങൾ സ്ത്രീവിരുദ്ധമായി തുടരുകതന്നെ ചെയ്തു.

ജാതിവ്യവസ്ഥയുടെ മേൽപ്പറഞ്ഞ മേലാള-കീഴാള ബന്ധങ്ങളെ ഉറപ്പിച്ചുനിർത്തിയിരുന്നത് ജന്മിത്വത്തിലധിഷ്ഠിതമായ ഉൽപാദനപ്രക്രിയയായിരുന്നു. ഉൽപാദനം നടത്തുന്നവർ കീഴാളസ്ഥാനങ്ങളിലേക്ക് താഴുകയും മിച്ചമൂല്യം അനുഭവിക്കുന്നവർ മേലാള പദവികളിലേക്ക് അവരോധിക്കപ്പെടുകയും ചെയ്യുംവിധത്തിലുള്ള ജാതിവർഗ്ഗ കൂട്ടുകെട്ടുകൾ കേരളത്തിലും പ്രകടമായിരുന്നു.9

19-ാം നൂറ്റാണ്ടോടെ ബ്രിട്ടീഷ് അധിനിവേശം കേരളമണ്ണിൽ വേരുറപ്പിച്ചു തുടങ്ങുകയും ഈ പ്രദേശത്തിന്റെ സാമൂഹ്യ, സാമ്പത്തിക അടിത്തറകളെ സമൂലമായി പരിവർത്തിപ്പിക്കാൻ പോന്ന ഇടപെടലുകൾ ക്രമമായി നടത്താൻ ആരംഭിക്കുകയും ചെയ്തു. മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നീ മൂന്ന് പ്രദേശങ്ങളിൽ വ്യത്യസ്ത രീതിയിലായിരുന്നെങ്കിലുംകൂടി അധിനിവേശത്തിന്റെ ഫലങ്ങൾ അറിവായിത്തുടങ്ങി.

പരമ്പരാഗത ഉൽപാദനരീതികൾ തകരുകയും മുതലാളിത്ത വ്യവസ്ഥയുടെ സ്ഥാപനം പടിപടിയായി നടന്നുവരികയുമായിരുന്നു ഈ കാലഘട്ടത്തിൽ. തോട്ടം കൃഷിയുടെ കടന്നുവരവും വ്യവസായങ്ങളുടെ സ്ഥാപനവും നാണ്യാധിഷ്ഠിത സമ്പദ്ഘടനയ്ക്ക് രൂപംകൊടുത്തു. കീഴാള-മേലാള തൊഴിൽ ശ്രേണികൾ ഇല്ലാതായിത്തുടങ്ങിയതോടെ സമൂഹത്തിലെ ജാതി/വർഗ്ഗ വിന്യാസങ്ങ

ളിൽ ചലനങ്ങൾ പ്രകടമായിത്തുടങ്ങി. മുതലാളിത്ത വ്യവസ്ഥിതിയുടെ ക്രമേണയുള്ള സ്ഥാപനത്തിന്റെ ഫലമായി ഒരു മദ്ധ്യവർഗ്ഗ രൂപീകരണം കേരളത്തിൽ നടക്കുകയും അതോടൊപ്പം ഇടജാതികൾക്ക് പ്രത്യേകിച്ചും ഈഴവർക്ക് മേൽക്കൈ നേടാനുള്ള അവസരങ്ങൾ ഒരുങ്ങുകയുമുണ്ടായി.10 ഫ്യൂഡൽതട്ടകത്തിൽ ക്ഷത്രിയ നമ്പൂതിരി നായർ കൂട്ടുകെട്ടിലൂടെ ഉറപ്പിച്ചെടുത്ത ജാതി/വർഗ്ഗ അധികാരസ്ഥാനങ്ങളെ ഇളക്കി പ്രതിഷ്ഠിക്കാൻപോന്നതായിരുന്നു ഈ സാമൂഹ്യപ്രക്രിയകൾ. ആധുനികവിദ്യാഭ്യാസം നേടുകയും പട്ടണങ്ങളെ കേന്ദ്രീകരിച്ച് വാസമാരംഭിക്കുകയും ചെയ്ത ഒരു ഉദ്യോഗസ്ഥവർഗ്ഗം ക്രമേണ രൂപപ്പെട്ടുവരികയും അവർ മാറുന്ന കാലത്തിന്റെ രാഷ്ട്രീയലക്ഷ്യങ്ങളെ നിർണ്ണയിക്കുന്നതിൽ ഗണ്യമായ പങ്കുവഹിക്കാൻ തുടങ്ങുകയും ചെയ്തു. ജാതിബന്ധങ്ങൾ മദ്ധ്യകാല കാർഷികോൽപാദനത്തിന്റെ പരിസരങ്ങളിൽനിന്ന് ക്രമേണ മുക്തമാവുന്നതിന്റെ സൂചനകൾക്കൊപ്പം പ്രകടമായിത്തുടങ്ങിയ ഒരു പ്രക്രിയയായിരുന്നു ജാതിസംഘടനകളുടെ രൂപീകരണവും ഓരോ ജാതിസ്വത്വങ്ങളെയും പുനരാവിഷ്ക്കരിക്കാനുള്ള ശ്രമങ്ങളും.

**സാമൂഹ്യപരിഷ്കരണ മാതൃകകൾ**

1800 നുശേഷം പ്രത്യക്ഷവും പരോക്ഷവുമായ രീതിയിൽ സ്വന്തം അധികാര ലക്ഷ്യങ്ങൾ സാധിച്ചെടുക്കുന്നതിനായി അധിനിവേശശക്തികൾ കേരളത്തിന്റെ സാമൂഹ്യഘടനയിൽ ഇടപ്പെട്ടുതുടങ്ങി. എന്നാൽ സാമൂഹ്യപരിവർത്തനത്തിനുള്ള ആദ്യ ഉദ്യമങ്ങൾ ഉണ്ടാവുന്നത് ക്രിസ്തീയ മതപ്രചാരകരിൽ നിന്നാണ്. ലണ്ടൻ മിഷനറി സൊസൈറ്റി, ചർച്ച് മിഷൻ സൊസൈറ്റി, മലബാർ ബേസൽമിഷൻ, സാൽവേഷൻ ആർമി തുടങ്ങിയവരുടെ പ്രവർത്തനങ്ങൾ 19 -ാംനൂറ്റാണ്ടിന്റെ ആദ്യത്തിൽത്തന്നെ കേരളത്തിൽ സജീവമായിരുന്നു. വിദ്യാഭ്യാസം, ആരോഗ്യരക്ഷ, ശുചിത്വം, അടിമത്തനിരോധനം, ചാന്നാർ സ്ത്രീകൾക്ക് മാറുമറയ്ക്കാൻ സാഹചര്യമൊരുക്കൽ തുടങ്ങിയ  വിഷയങ്ങളിൽ അവർ സജീവമായി.

## ലിബറൽ ചിന്താപദ്ധതിയ്ക്കകത്ത് സ്വന്തം സമുദായങ്ങളെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി ജാതിവിഭാഗങ്ങൾക്കുള്ളിലും സ്ത്രീ പ്രശ്നങ്ങൾ ഉന്നയിക്കപ്പെട്ടു.

19-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ മേൽപറഞ്ഞ പൊതുവായ പ്രവർത്തനങ്ങളേക്കാൾ മുന്നിട്ടു നിന്നത് ജാതിസംഘടനകൾക്കകത്തു നടന്ന പരിഷ്കരണശ്രമങ്ങളാണ്. മാറിയ സാമ്പത്തിക പരിസരങ്ങൾ മുതലെടുത്ത് ഉയർന്നു വന്ന എല്ലാ ജാതിയിലുംപെട്ട അഭ്യസ്ഥവിദ്യരായ വിഭാഗങ്ങൾ അധിനിവേശത്തിന്റെ ഭൗതികവും ആശയപരവുമായ അടിസ്ഥാനങ്ങളെ പിന്താങ്ങുകയും അതോടൊപ്പം സാമൂഹ്യനവീകരണപ്രസ്ഥാനങ്ങൾക്കുള്ള ചാലകശക്തികളായി വർത്തിക്കുകയും ചെയ്തു. മേൽപ്പറഞ്ഞ നിർവചനങ്ങൾക്കു പുറത്താണെങ്കിലും ശ്രീനാരായണഗുരു 1883 ൽ നടത്തിയ അരുവിപ്പുറം പ്രതിഷ്ഠ  ഈഴവ സ്വത്വാവിഷ്കാരത്തിന്റെ വിളംബരമാവുകയും 1891 ലെ മലയാളി മെമ്മോറിയലിലൂടെ നായൻമാർ സ്വന്തം അവകാശങ്ങൾ ഉന്നയിച്ചുതുടങ്ങുകയും ചെയ്തു. 1893 ൽ അയ്യങ്കാളി നടത്തിയ വില്ലുവണ്ടിയാത്ര ജാതിവ്യവസ്ഥയെ വെല്ലുവിളിക്കാൻ പോന്നതായിരുന്നു.

ഓരോ ജാതിവിഭാഗങ്ങളും തങ്ങൾ അനുഭവിക്കുന്ന സാമൂഹ്യസാമ്പത്തിക ദുരവസ്ഥകളെ മറികടന്ന് ആധുനികവ്യക്തിത്വങ്ങളെയും സമൂഹത്തെയും സൃഷ്ടിച്ചെടുക്കാനുള്ള പരിശ്രമങ്ങളിൽ ഏർപ്പെട്ടു. ദായക്രമം, വിവാഹം, കുടുംബഘടന തുടങ്ങിയ വിഷയങ്ങളിൽ നിലന്നിരുന്ന പാരമ്പര്യ വ്യവസ്ഥകൾ ആധുനികതയ്ക്കു ചേർന്ന സമുദായവികസനത്തിന് ഉതകുന്നതല്ലെന്ന് നമ്പൂതിരിമാരും നായൻമാരും വിലയിരുത്തിയപ്പോൾ ഈഴവർ തൊട്ട് പുലയർ വരെയുള്ള കീഴ്ജാതിയിലാക്കപ്പെട്ടവർക്കാകട്ടെ ജാതിവ്യവസ്ഥയുടേയും പാരമ്പര്യത്തിന്റേയും ചങ്ങലകൾ ഒരുപോലെ പൊട്ടിച്ചെറിയേണ്ടതായിട്ടുണ്ടായിരുന്നു.

ലിബറൽ ചിന്താപദ്ധതിയ്ക്കകത്ത് സ്വന്തം സമുദായങ്ങളെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി ജാതിവിഭാഗങ്ങൾക്കുളളിലും സ്ത്രീ പ്രശ്നങ്ങൾ ഉന്നയിക്കപ്പെട്ടു. വിദ്യാഭ്യാസം, നിർബന്ധിത വൈധവ്യത്തിൽ നിന്നുള്ള വിടുതൽ, വിവാഹപരിഷ്കാരങ്ങൾ, വസ്ത്രപരിഷ്കാരങ്ങൾ എന്നിങ്ങനെയുള്ള വിഷയങ്ങളായിരുന്നു സ്ത്രീകളുടെ അവസ്ഥകളെ മാറ്റിത്തീർക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ടത്. ആധുനിക ജീവശാസ്ത്രവ്യാഖ്യാനങ്ങളെ കൂട്ടുപിടിച്ചു കൊണ്ട് ആധുനികമായ മാതൃരൂപങ്ങളുടെ വാഴ്ത്തിപ്പാടലും പ്രത്യേകിച്ച് വിവാഹപ്രായം സംബന്ധിച്ച ചർച്ചകളിൽ നടന്നു വെന്നത് ശ്രദ്ധേയമാണ്. അധിനിവേശ നീതിന്യായ വ്യവഹാരങ്ങൾ നിർമ്മിച്ചു കൊണ്ടിരുന്ന ചാരിത്ര്യം, ദാമ്പത്യ ലൈംഗികത, സ്ത്രീപുരുഷ പ്രത്യുൽപാദന ബന്ധങ്ങൾ തുടങ്ങിയ വിഷയങ്ങളിലുള്ള പുത്തൻ വിവക്ഷകളുടെ പശ്ചാത്തലത്തിലായിരുന്നു വിവാഹം, വിവാഹപ്രായം, വിവാഹമോചനം, തുടങ്ങിയ വിഷയങ്ങൾ ജാതിസംഘടനകൾക്കകത്ത് ചർച്ചകൾക്ക് വിധേയമായത്. സാമൂഹ്യപരിഷ്കരണ സംരംഭങ്ങളിൽ അധിനിവേശ ഭരണകൂടത്തിന് നിർണ്ണായകമായ പങ്കുണ്ടായിരുന്നതുകൊണ്ടുതന്നെ ലൈംഗിക

വേഴ്ചകളെ സാധാരണം/ അസാധാരണം എന്ന് വേർതിരിക്കാനും സ്ത്രീലൈംഗികതയ്ക്കു മേൽ പുത്തൻനിയന്ത്രണങ്ങൾ കൊണ്ടുവരാനും ഇതു ഹേതുവായി.11 സംബന്ധവ്യവസ്ഥയിലൂടെ അനേകം പുരുഷൻമാരുമായി ബന്ധപ്പെടാൻ അവസരമുണ്ടായിരുന്ന നായർ സ്ത്രീകളെ ബ്രിട്ടീഷുകാർ വിളിച്ചത് വെപ്പാട്ടികൾ എന്നാണ്. നായർ വിവാഹപരിഷ്കരണം ആവശ്യപ്പെട്ടുകൊണ്ട് സർ സി. ശങ്കരൻനായർ ഞങ്ങളുടെ സ്ത്രീകൾക്കും ചാരിത്ര്യം ഉണ്ടായിരുന്നു എന്നും അത് ശ്രദ്ധയോടെ കാത്തു സൂക്ഷിക്കപ്പെട്ടിരുന്നുവെന്നുമൊക്കെ വാദിക്കേണ്ടി വന്നത് സ്ത്രീലൈംഗികതയെക്കുറിച്ചുളള മാറിവന്ന നിർവചനങ്ങളുടെ പശ്ചാത്തലത്തിലാണ്.12 മാനകങ്ങളാവേണ്ട സ്ത്രീപുരുഷലൈംഗികരൂപങ്ങൾ സൃഷ്ടിക്കപ്പെടുകയും ആണത്തം നഷ്ടപ്പെട്ടുവെന്നാരോപിക്കപ്പെട്ട നായർ പുരുഷൻ അണുകുടുംബങ്ങളിലെ ഭർതൃസ്ഥാനങ്ങളിലേക്ക് അവരോധിക്കപ്പെടുകയും ചെയ്തു.

**നമ്പൂതിരിമാർക്കിടയിലെ സ്ത്രീപരിഷ്ക്കാരപ്രയത്നങ്ങൾ**

ഓരോ ജാതിയ്ക്കുളളിലും ഈ വിഷയം ഏറ്റെടുക്കപ്പെട്ടെങ്കിലും ജാതിവർഗ്ഗശ്രേണിയിലെ സ്ഥാനങ്ങളനുസരിച്ച് ആന്തരിക വ്യതിയാനങ്ങൾ ഇക്കാര്യത്തിൽ ദർശിക്കാവുന്നതാണ്. നമ്പൂതിരി നായർ സംബന്ധങ്ങൾ രണ്ടു ജാതികൾക്കും അപമാനമായി വീക്ഷിച്ചു തുടങ്ങിയ കാലത്ത് ഈ സമ്പ്രദായം എടുത്തുകളയാൻ പരിശ്രമങ്ങൾ നടന്നു. ആധുനികവിദ്യാഭ്യാസം നേടി പട്ടണങ്ങളിൽ താമസമാക്കിയ നമ്പൂതിരി യുവാക്കൾ സ്വജാതിയിൽനിന്നും വിവാഹം കഴിക്കാൻ മടിക്കുന്ന തരത്തിലുളളതായിരുന്നു നമ്പൂതിരിസ്ത്രീകളുടെ പിന്നോക്കാവസ്ഥയെന്നായിരുന്നു നിഗമനം.13 ഈ രീതിയിൽ വിദ്യാഭ്യാസം ചെയ്തതായ യുവാവിനോട് സ്വജാതിയിൽ വിവാഹം ചെയ്യണമെന്ന് പറയുന്നതുതന്നെ അയാളുടെ ജീവിതം വ്യർത്ഥമാക്കണമെന്നു പറയുകയല്ലേ എന്നുകൂടി ഞാൻ സംശയിക്കാതെ ഇരുന്നിട്ടില്ല 14 എന്ന അഭിപ്രായമുണ്ടായി. നമ്പൂതിരി സ്ത്രീകൾക്ക് വിദ്യാഭ്യാസം കൊടുക്കുകയാണ് ഏറ്റവും അടിയന്തിരമായി ഏറ്റെടുക്കപ്പെടേണ്ട ദൗത്യമെന്ന് പരിഷ്ക്കർത്താക്കൾ കണ്ടെത്തി. നമ്പൂതിരിയോഗക്ഷേമസഭ ഒരു സ്ത്രീവിദ്യാഭ്യാസ കമ്മീഷനെ നിയമിക്കുകയും മുത്തിരിങ്ങോട്ട് ഭവത്രാതൻ നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ ഒരു റിപ്പോർട്ട് സമർപ്പിക്കപ്പെടുകയുമുണ്ടായി. ഇല്ലങ്ങൾ അധികമുളള പ്രദേശത്ത് ഏതെങ്കിലും ഒരു ഇല്ലം കേന്ദ്രീകരിച്ച് പെൺകുട്ടികൾക്ക് ഒരു സ്കൂൾ തുടങ്ങാം എന്നും അഞ്ചുവയസ്സിനും പത്തുവയസ്സിനും മദ്ധ്യേയുളള പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നൽകണമെന്നുമായിരുന്നു നിർദ്ദേശം. പൊതുവിദ്യാഭ്യാസമാതൃകയല്ല മറിച്ച് നമ്പൂതിരി പെൺകുട്ടികൾക്കു വേണ്ടി മാത്രം പ്രത്യേകം സജ്ജീകരിക്കുന്ന സ്കൂളുകളാണ് അവർ നിർദ്ദേശിച്ചത്. സാമൂഹ്യപരിഷ്ക്കർത്താക്കളുടെ അഭിപ്രായത്തിൽ രണ്ടുതരം സ്ത്രീകളെയായിരുന്നു വിദ്യ അഭ്യസിക്കാൻ തെരഞ്ഞെടുക്കേണ്ടിയിരുന്നത്. പെൺകുട്ടികളെയും വിവാഹിതകളെയും. ഇതിൽ വിവാഹിതകളുടെ പഠനഉത്തരവാദിത്വം ഭർത്താക്കന്മാർ ഏറ്റെടുക്കുകയും അവരെ എഴുത്തും വായനയും പഠിപ്പിക്കുകയും പിന്നെ വേണമെങ്കിൽ അന്തർജ്ജനങ്ങൾക്കുവേണ്ടി ഒരു പുസ്തകശാല തുടങ്ങുകയുമാവാം എന്നായിരുന്നു നിർദ്ദേശം.15 വിദ്യാഭ്യാസം നേടിയ സ്ത്രീകൾ സ്വതന്ത്രദാഹികളും തന്നിഷ്ടക്കാരുമായിത്തീരുമെന്ന യാഥാസ്ഥിതിക ആധികളും വളരെ സജീവമായിരുന്നു. നമ്പൂതിരി യോഗക്ഷേമസഭയ്ക്ക് ചുക്കാൻ പിടിച്ച കുറൂർ ദാമോദരൻ നമ്പൂതിരിപ്പാട് ഈ ആക്ഷേപങ്ങളെ ശമിപ്പിക്കാൻ ഏറെ പാടുപെടുന്നുണ്ടായിരുന്നു.16

> **മാനകങ്ങളാവേണ്ട സ്ത്രീപുരുഷ ലൈംഗികരൂപങ്ങൾ സൃഷ്ടിക്കപ്പെടുകയും ആണത്തം നഷ്ടപ്പെട്ടുവെന്നാരോപിക്കപ്പെട്ട നായർ പുരുഷൻ അണുകുടുംബങ്ങളിലെ ഭർതൃസ്ഥാനങ്ങളിലേക്ക് അവരോധിക്കപ്പെടുകയും ചെയ്തു.**

ഈ വിദ്യാഭ്യാസ പരിശ്രമങ്ങളുടെ ആത്യന്തികലക്ഷ്യം എന്തായിരുന്നു എന്നന്വേഷിക്കേണ്ടതുണ്ട്. ഒരു സ്ത്രീയുടെ ജീവിതത്തിൽ ഏറ്റവും പ്രധാനമായും ജീവനോദ്ദേശ്യപരമായും ഉളളത് ദാമ്പത്യദിശയാകുന്നു. സ്ത്രീജനങ്ങളെ സംബന്ധിക്കുന്നതായ പരിഷ്ക്കാരങ്ങൾ ഈ ജീവിതഭാഗത്തെ സുഗമവും സുഖകരവും ആക്കിത്തീർക്കുന്നതിനായിരിക്കേണ്ടതാണ് .17 സ്ത്രീധർമ്മം ഗൃഹപരിപാലനമാകയാൽ, പെൺകുട്ടികൾ വിദ്യാഭ്യാസത്തിൽ ശ്രദ്ധവെക്കുന്നതുപോലെതന്നെ ഗൃഹകൃത്യാഭ്യാസത്തിലും പ്രത്യേകം മനസ്സുവെയ്ക്കേണ്ടതാകുന്നു.... വീട്ടിലെ സമാധാനവും സൗഖ്യവും ഒരു വീട്ടുകാരിയെ ആശ്രയിച്ചിരിക്കുമ്പോൾ അവളുടെ ശ്രദ്ധ എല്ലായ്പോഴും വീട്ടുകാര്യങ്ങളിലായിരിക്കേണ്ടതാണ്.... അവനവന്റെ സുഖം മാത്രം നോക്കിയിരിക്കുന്ന ഗൃഹിണികൾ മൂലമായി ഗൃഹത്തിൽ ദുഷ്ക്കീർത്തിയും ശാപവും ദുരിതവും ഉണ്ടാകുന്നതാണ്.... പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന്റെ മുഖ്യമായ ഒരംശം ഗൃഹകൃത്യങ്ങളിൽ പരിചയിക്കുകയായിരിക്കണം 18. ഇത്തരം പരാമർശങ്ങൾ വിദ്യാഭ്യാസം നേടുമ്പോഴും വീടിനോടുളള ഉത്തരവാദിത്വങ്ങൾ മറന്നുപോകാതിരിക്കാൻ സ്ത്രീകളെ ഓർമ്മപ്പെടുത്തുന്നതായിരുന്നു. അഭ്യസ്തവിദ്യയായിത്തീരുമ്പോഴും തന്റെ പ്രാഥമികധർമ്മം കുടുംബിനിയുടേതാവണം എന്ന് സാരം.

വിദ്യാഭ്യാസം നേടിയ സ്ത്രീയിൽനിന്നും എന്തായിരുന്നു പരിഷ്ക്കർത്താക്കൾ പ്രതീക്ഷിച്ചിരുന്നത്? നമ്മുടെ കുടുംബങ്ങളിൽ ഐകമത്യം, സമാധാനം, സമ്പത്ത് മുതലായവ നിലനിൽക്കണമെങ്കിൽ ഒന്നാമതായി ചെയ്യേണ്ടുന്ന പരിഷ്ക്കാരം സ്ത്രീവിദ്യാഭ്യാസത്തിലാകുന്നു .19 കുട്ടികളുടെ കുളി, വസ്ത്രധാരണം, ഭക്ഷണം മുതലായ ഓരോ ശുശ്രൂഷകൾ വേണ്ടതുപോലെ ചെയ്യുന്നതിനും അവർക്ക് വരാവുന്ന ഓരോ രോഗങ്ങളുടെ കാരണങ്ങളറിഞ്ഞ് അവയെ തടുക്കുന്നതിനും മറ്റും വേണ്ട അറിവുകൾ അമ്മമാർക്കില്ലെങ്കിൽ, കുട്ടികൾ പ്രായേണ രോഗികളും വിരൂപികളും മന്ദബുദ്ധികളും അല്പായുസ്വികളും ആയിത്തീരുന്നതാകുന്നു .20 കുട്ടികളുടെ പഠനകാര്യങ്ങളിലും അമ്മയുടെ വിദ്യാഭ്യാസയോഗ്യതയ്ക്ക് ഒരു പങ്കുണ്ടെന്നായിരുന്നു വിലയിരുത്തൽ. ചുരുക്കിപ്പറഞ്ഞാൽ സ്ത്രീവിദ്യാഭ്യാസത്തിന്റെ ലക്ഷ്യം സ്ത്രീകളുടെ ഉന്നമനം എന്നതിലുപരി ഒരു പരിഷ്കൃത സമൂഹത്തെയും കുടുംബത്തെയും മുന്നോട്ടുകൊണ്ടുപോകാൻ ചേർന്ന സ്വത്വങ്ങളെ സൃഷ്ടിച്ചെടുക്കുകയെന്നതു മാത്രമായിരുന്നു. പുരുഷന്മാരെപ്പോലെ സ്ത്രീകൾക്കു വക്കീലന്മാരോ ബാരിഷ്ടർമാരോ ആവാൻതക്കവിധത്തിലുള്ള വിദ്യാഭ്യാസം തൽക്കാലം ആഗ്രഹിക്കത്തക്കതല്ല .21 അവർക്ക് ഭാര്യയുടെ നിലയിലും അമ്മയുടെ നിലയിലും തങ്ങൾക്കുള്ള ബാധ്യതയെ വേണ്ടുംവണ്ണം അറിഞ്ഞുപ്രവർത്തിക്കുവാനും മനുഷ്യജന്മത്തെ നിഷ്ഫലമാക്കിക്കളയാതെ കഴിയുന്നേടത്തോളം അതിന്റെ ഉദ്ദേശത്തെ നിറവേറ്റാൻ ശ്രമിക്കേണ്ടതിനും മതിയായ വിദ്യാഭ്യാസമെങ്കിലും വളരെ ആവശ്യമാണ്.22


## വിദ്യാഭ്യാസം നേടിയ സ്ത്രീയിൽനിന്നും എന്തായിരുന്നു പരിഷ്ക്കർത്താക്കൾ പ്രതീക്ഷിച്ചിരുന്നത്? നമ്മുടെ കുടുംബങ്ങളിൽ ഐകമത്യം, സമാധാനം, സമ്പത്ത് മുതലായവ നിലനിൽക്കണമെങ്കിൽ ഒന്നാമതായി ചെയ്യേണ്ടുന്ന പരിഷ്ക്കാരം സ്ത്രീവിദ്യാഭ്യാസത്തിലാകുന്നു


അന്തർജ്ജനങ്ങൾക്ക് വസ്ത്രധാരണത്തിലും മറ്റും വരുത്തേണ്ട പരിഷ്ക്കാരങ്ങൾ അടിയന്തിരശ്രദ്ധയ്ക്ക് വിധേയമായിരുന്ന കാലമായിരുന്നല്ലോ അത്. എന്നാൽ ഇത്തരം പരിഷ്ക്കാരങ്ങൾ ആസൂത്രണം ചെയ്യുമ്പോൾ പാലിക്കേണ്ട കരുതലിനെക്കുറിച്ച് ആ കാലത്ത് പലരും എഴുതുന്നത് കാണാം. അവരുടെ പരിഷ്ക്കാരാദികൾ ഏതുവിധം വേണമെന്ന് തീർച്ചപ്പെടുത്താൻ അവർക്കധികാരം തന്നെയില്ല. എന്തെന്നാൽ അതനുഭവിക്കേണ്ടവർ പുരുഷന്മാരാണെന്നതുതന്നെ. അക്കാര്യത്തിൽ സ്ത്രീകൾ കേവലം വെപ്പുകാർ മാത്രമാണല്ലോ... എന്തെന്നാൽ ഈ ആകർഷകത്വത്തെ വർദ്ധിപ്പിയ്ക്കുവാനാണെങ്കിൽ മുഖ്യമായി വേണ്ടതു ദാമ്പത്യജീവിതത്തിന്റെ മർമ്മമായ ആഹിതാനുവർത്തിത്വത്തെ പുഷ്ടിപ്പെടുത്തുകയാണല്ലോ – എന്നുവെച്ചാൽ ഇപ്പോഴുള്ളതിൽ കുറേക്കൂടി പുരുഷന്മാർക്ക് കീഴൊതുങ്ങി അവരുടെ ഇഷ്ടം നോക്കുക എന്നു താൽപര്യം .23 സ്വന്തം അധീനതയിൽ ഇരിക്കാത്ത ഭാര്യമാരെ ഭർത്താക്കന്മാർ കൈയൊഴിയുമെന്നതിനുള്ള ന്യായീകരണങ്ങളും പ്രകടമാണ്. തങ്ങളുടെ സ്വാധീനത്തിൽ നിൽക്കാത്തവരായ ഭാര്യമാരെസ്സംബന്ധിച്ചും അന്നന്നത്തെ കാര്യം കഴിച്ചുകൂട്ടുവാൻ മാത്രമല്ലാതെ, അവരുടെ ശാശ്വതമായ അഭിവൃദ്ധിക്കുവേണ്ടി യത്നിക്കുവാനും ചിലവുചെയ്യുവാനും ഭർത്താക്കന്മാരും മടി വിചാരിക്കാതിരിയ്ക്കയില്ല .24 ഗ്രാമങ്ങളെയപേക്ഷിച്ച് പട്ടണങ്ങളിൽ പരിഷ്ക്കാരത്തിലും സ്വാതന്ത്ര്യത്തിലും സ്വയമർപ്പിച്ച സ്ത്രീകൾ അവിവാഹിതരായിത്തന്നെ തുടരുന്നതിന്റെ കണക്കുകൾ പോലും നിരത്തുന്നതായി കാണാം.25 പരിഷ്ക്കാരങ്ങൾക്ക് പരിധികൾ നിശ്ചയിച്ചുകൊണ്ട് വൈവാഹികജീവിതത്തിന് തടസ്സമാവുന്ന തരത്തിലുള്ള സ്വാതന്ത്ര്യേച്ഛകളെ കടിഞ്ഞാണിടാൻ സ്ത്രീകളെ താക്കീത് ചെയ്യുകയാണ് ഇത്തരം ലേഖനങ്ങൾ.

സ്ത്രീകൾ വിവാഹാനന്തരം ചെയ്യേണ്ടുന്ന ജോലികളെക്കുറിച്ച് വിസ്തരിച്ചുള്ള പ്രതിപാദനങ്ങൾ ഉണ്ട്. ഈ വീട്ടുവേലകൾ ബാധ്യതകളായ വിടുവേലയല്ലെന്നും ഓരോ സ്ത്രീക്കും സന്തോഷവും ആരോഗ്യവും തരുന്ന പ്രവൃത്തിയാണെന്നുമായിരുന്ന വാദമുഖം. സ്ത്രീജനങ്ങൾക്ക് വ്യായാമമില്ലെന്നുള്ള ആക്ഷേപം ധാരാളം കേട്ടുതുടങ്ങുന്നുണ്ട്. അതുകൊണ്ടു സ്ത്രീകളെ പുരുഷന്മാരെപ്പോലെതന്നെ ടെന്നീസ്, ബാറ്റ്മിണ്ടൻ മുതലായ കളികളിൽ പ്രോത്സാഹിപ്പിക്കണമെന്നും പല മഹാന്മാരും വാദിക്കുന്നുണ്ട്. എന്നാൽ ഈവക കളരികൾ നമ്മുടെ മലയാളസ്ത്രീകൾക്ക് എത്രത്തോളം അത്യാവശ്യമാണെന്നാകുന്നു ആലോചിക്കേണ്ടത്. വീട്ടുവേലകൊണ്ട് ആയാസവും അത് ആരോഗ്യത്തിനു കാരണവും ആകുന്നത് എങ്ങനെ എന്നു വല്ലവരും സംശയിക്കാൻ ഇടയുണ്ട്. ഈ വിടുവേല മനസ്സന്തോഷത്തെ ഉണ്ടാക്കുന്നത് എങ്ങനെയാണെന്നും വളരെ യുവതികൾ സംശയിച്ചേക്കാം. സന്തോഷം എന്നത് എന്താണ്? തന്റെ ആഗ്രഹനിവൃത്തിയിലുള്ള സംതൃപ്തി. ഒരു ഗൃഹിണിയുടെ ആഗ്രഹം തനിക്കും തന്റെ കുടുംബത്തിനും ശരീരസൗഖ്യവും ധനപുഷ്ടിയും ഉണ്ടാകേണമെന്നല്ലേ? ഈ രണ്ടു കാര്യങ്ങളും സാധിക്കുന്ന പ്രവൃത്തി സന്തോഷകരമായിത്തീരുന്നതാണല്ലോ. അതു

വീട്ടുവേലകൊണ്ടുണ്ടാകുമെന്നാണ് ഞാൻ പറയുന്നത് .26 ചൂലെടുത്ത് അടിക്കുമ്പോൾ ഏതെല്ലാം അവയവങ്ങൾക്കാണ് ചലനം ഉണ്ടാകുന്നതെന്ന് ഞാൻ പറയാതെതന്നെ അറിയാമല്ലോ... ഇത്രയും വേലചെയ്യുന്ന ഒരു സ്ത്രീയുടെ ശരീരത്തിന്റെ ആരോഗ്യവും സൗഷ്ഠവവും സാധാരണ അതുകൾ ചെയ്യാതെ കളിക്കുന്ന സ്ത്രീകളേക്കാൾ അധികം ആകർഷിക്കത്തക്കതായിരിക്കും. ഈ വേലകൾ കഴിഞ്ഞ് ഉടനെപോയി കുളിക്കുകയുംകൂടെ ചെയ്താൽ, അതിന്റെ സുഖം ആരോട് പറയുന്നു! ആ സ്ത്രീ കാണികളുടെ കണ്ണിന് എത്ര ശ്രീമതിയായിരിക്കും! .27

സാമൂഹ്യപരിഷ്ക്കരണ പ്രക്രിയയുടെ ഭാഗമായി സ്ത്രീപ്രശ്നങ്ങൾ ഉന്നയിക്കപ്പെട്ടപ്പോൾ അവ അങ്ങേയറ്റം പരിമിതമായിരുന്നുവെന്ന് മാത്രമല്ല സ്ത്രീയെ സംബന്ധിച്ചിടത്തോളം പ്രതിലോമകരം കൂടിയായിരുന്നു എന്നുവേണം മനസ്സിലാക്കാൻ. ആധുനികതയുടെ അണുകുടുംബഘടനയ്ക്കകത്ത് ഭദ്രമായി സ്ത്രീകളെ കുടിയിരുത്താൻ പോന്നതായിരുന്നു ഈ നവീകരണ ശ്രമങ്ങൾ. സാമൂഹ്യപരിഷ്ക്കരണത്തെക്കുറിച്ച് ലഭ്യമായ ധാരാളം രേഖകളിൽ നിന്നും കേവലം ചിലത് മാത്രമാണിവിടെ ഉദ്ധരിച്ചത്. കൂടാതെ നമ്പൂതിരി-നായർ സമുദായങ്ങളെ സംബന്ധിക്കുന്ന ചരിത്രരേഖകൾ മാത്രമാണിവിടെ എടുത്തു പരിശോധിച്ചതും. എങ്കിലും ഇത് പൊതുവായി കേരളസമൂഹത്തിലെ സ്ത്രീജീവിതങ്ങളുടെ യാഥാർത്ഥ്യമായി വായിക്കാവുന്നതാണ്. മഹത്തായതെന്ന് ആഘോഷിക്കപ്പെട്ട നവോത്ഥാനപ്രസ്ഥാനത്തിന്റെ സ്ത്രീപക്ഷവിമർശനം കൊണ്ടു മാത്രമേ സമകാലീനസ്ത്രീയുടെ ജീവിതാവസ്ഥകളെ മനസ്സിലാക്കാൻ നമുക്ക് കഴിയുകയുള്ളൂ എന്നതാണ് വാസ്തവം. അധിനിവേശ താൽപര്യങ്ങളും, മതപ്രചാരക അജണ്ടകളും ജാതിക്കൂട്ടായ്മകളുടെ പരിഷ്ക്കരണശ്രമങ്ങളും, ദേശീയതയുടെ സ്വാനിർമ്മിതി നിർബന്ധങ്ങളുമൊക്കെ വ്യത്യസ്തങ്ങളായ ആശയലോകങ്ങളെ പ്രതിനിധീകരിക്കുമ്പോൾത്തന്നെ ആധുനികസ്ത്രീയെ വിഭാവനംചെയ്യുന്നതിൽ അത്ഭുതകരമായ ഐക്യം പുലർത്തി; ഒതുങ്ങിയ ലൈംഗികതൃഷ്ണകളുമായി കുടുംബത്തിനകത്ത് ജീവിതാവിഷ്ക്കാരം നടത്തേണ്ടവളായി മാറി ആധുനികവനിത. നൂറുവർഷത്തിലും അപ്പുറമുള്ള രേഖകളിൽ തെളിയുന്ന ആധിപത്യലോകത്തിന്റെ മൂല്യങ്ങൾ ഇന്നും ലജ്ജാകരമായി തുടരുകതന്നെ ചെയ്യുന്നു. വിദ്യാഭ്യാസം നേടുകയും ഉയർന്ന പദവിയിലിരിക്കുകയും സമ്പത്ത് കൈയാളുകയുമൊക്കെ ചെയ്യുമ്പോഴും പ്രതീകാത്മകമായ ശാക്തീകരണത്തിനപ്പുറം പോകാൻകഴിയാതെ പൊതുജീവിതത്തിലും സ്വകാര്യജീവിതത്തിലും പുരുഷാധിപത്യത്തിന്റെ ഹിംസാത്മകപ്രയോഗങ്ങളോട് നിരന്തരം ഏറ്റുമുട്ടേണ്ടി വരുന്നവളായി അവൾ തുടരുന്നു.അടുക്കളയിൽനിന്ന് അരങ്ങത്തേക്ക് അവളെ കൈപിടിച്ചുയർത്താൻ ശ്രമിച്ച ആധുനികതയുടെ പരിസരങ്ങൾ തന്നെ അവളെ തിരിച്ച് അടുക്കളകളുടെ ലോകങ്ങളിൽ മുക്തിയില്ലാത്തവിധം കുടിയിരുത്തുകയായിരുന്നു!

**കുറിപ്പുകൾ**

1. Rosemarie Tong, Feminist Thought: A More Comprehensive Introduction
2. Betty Freidan, Feminine Mystique
3. Betty Freidan, The Second Stage
4. James Mill, The History of British India, pp.312-13
5. Ashis Nandy, The Intimate Enemy: Loss and Recovery of Self Under Colonialism , p.xi
6. Leela Gandhi, Postcolonial Theory: A Critical Introduction,p.4
7. Partha Chatterjee, 'The Nationalist Resolution of the Woman's Question' in Kumkum Sangari and Sudesh Vaid(ed.) Recasting Women: Essays in Indian Colonial History,pp.233-252
8. പി. ഭാസ്ക്കരനുണ്ണി, പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം
9. D.D.Namboothiri, 'Caste and Social Change in Colonial Kerala' in P.J.Cherian(ed.)Perspectives on Kerala History: The Second Millennium
10. Filippo Osella and Caroline Osella, Social Mobility in Kerala: Modernity and Iden tity in Conflict
11. Patricia Uberoi, 'When is a Marriage Not a Marriage? Sex, Sacrament and Contract in Hindu Marriage' in Patricia Uberoi(ed.),Social Reform, Sexuality and the State
12. Sir C. Sankaran Nair, Debates on the Nair Regulation, Home Department, Judicial Branch, Simla Records
13. ഉണ്ണിനമ്പൂതിരി, വാള്യം 9, ന.3, 1928,പുറം 207
14. ഉണ്ണിനമ്പൂതിരി, വാള്യം 9, ന. 4, 1928, പുറം 281
15. ഉണ്ണിനമ്പൂതിരി, വാള്യം 9, ന. 3, 1928, പുറം 218
16. മേൽപ്പറഞ്ഞ സൂചന
17. ഉണ്ണിനമ്പൂതിരി, വാള്യം 9, ന. 4, 1928, പുറം 282
18. ശാരദ, വാള്യം 2, ന.29, 1906, പുറം 196
19. ശാരദ, 1926, വാള്യം 1, പുറം 4
20. മേൽപ്പറഞ്ഞ സൂചന
21. കെ. പത്മാവതി അമ്മ, മലയാളിസ്ത്രീകളും വിദ്യാഭ്യാസവും, ശാരദ, വാള്യം 1, ന. 7, 1905, പുറം 8
22. മേൽപ്പറഞ്ഞ സൂചന, പുറം 9
23. കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാട്, ദാമ്പത്യബന്ധം, ഉണ്ണിനമ്പൂതിരി, വാള്യം 7, ന. 11, 1926, പുറം 633
24. മേൽപ്പറഞ്ഞ സൂചന, പുറം 636
25. മേൽപ്പറഞ്ഞ സൂചന, പുറം 637
26. ശാരദ, വീട്ടുവേല, ശാരദ, വാള്യം 1, ന. 8, 1905, പുറം 6
27. മേൽപ്പറഞ്ഞ സൂചന, പുറം 7

**ഗ്രന്ഥസൂചി**


1.Tong, Rosemarie, **Feminist Thought: A More Comprehensive Introduction,** Westview Press, USA:2013

2. Freidan, Betty ,**Feminine Mystique, WW Norton and Co.,USA:1963**

3. Freidan, Betty , **The Second Stage, Summit Books,USA:1981**

4. പി. ഭാസ്ക്കരനുണ്ണി, **പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം**, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ: 1988

5. D.D.Namboothiri, 'Caste and Social Change in Colonial Kerala' in P.J.Cherian(ed.)**Perspectives on Kerala History: The Second Millennium, Gazetteers Department, Thiruvananthapuram: 1999**

6. Filippo Osella and Caroline Osella, **Social Mobility in Kerala: Modernity and Identity in Conflict** ,Pluto Press,USA:2001

7. James Mill, **The History of British India**, James Madden,London,1840

8. Ashis Nandy, **The Intimate Enemy: Loss and Recovery of Self Under Colonialism** , OUP,New Delhi:1983

9. Leela Gandhi, **Postcolonial Theory: A Critical Introduction**, OUP, New Delhi:1999

10. Partha Chatterjee, 'The Nationalist Resolution of the Woman's Question' in Kumkum Sangari and Sudesh Vaid (ed.)**Recasting Women: Essays in Indian Colonial History**, Kali, New Delhi:1989

11. Patricia Uberoi, 'When is a Marriage Not a Marriage? Sex, Sacrament and Contract in Hindu Marriage' in Patricia Uberoi(ed.),**Social Reform, Sexuality and the State,** Sage, New Delhi: 1996

12. Sir C. Sankaran Nair, **Debates on the Nair Regulation,** Home Department, Judicial Branch, Simla Records

13. ഉണ്ണിനമ്പൂതിരി, വാള്യം 9, ന.3, 1928

14. ഉണ്ണിനമ്പൂതിരി, വാള്യം 9, ന. 4, 1928

15. ഉണ്ണിനമ്പൂതിരി, വാള്യം 7, ന. 11, 1926

16. ശാരദ, വാള്യം 1, ന. 7, 1905

17. ശാരദ, വാള്യം 1, ന. 8, 1905

18. ശാരദ, വാള്യം 2, ന.29, 1906

19. ശാരദ, വാള്യം 1, 1926

കവിത



# ചിത്രം

ദീപ ബിജോ അലക്സാണ്ടർ



**പാതി** പൊട്ടിയ ചായത്തുണ്ടാൽ
പടം വരയ്ക്കുന്നു;
കുട്ടി വീടു വരയ്ക്കുന്നു.

നീലപ്ളാസ്റ്റിക് കുരത്തുളയിൽ
കണ്ണു ചേർക്കുന്നു;
വാനം പെയ്തു പോകുന്നു.

വക്കൊടിഞ്ഞ ചോറ്റുകലം
തൊണ്ണുകാട്ടുന്നു;
മഴ കവിളുകൊള്ളുന്നു.

പച്ചയോടു കൂര,
പച്ചയഴികളിട്ട ജനൽ,
പച്ചമരവാതിൽ

# കണ്ടവരുണ്ടോ?



ജ്യോതിഭായ്

**ഇലത്തളിരിന്റെ** അകവട്ടങ്ങളിൽ
ആദ്യത്തെ മൊട്ടിന്റെ ഉണർച്ചകൾ
താങ്ങിനായി പരതുന്ന ഇളം വള്ളികൾ
തേന്മാവിലും കുറഞ്ഞ് മറ്റാരിൽ പടരാൻ !

മുല്ലവള്ളി മാനം നോക്കി .
കാടിന് കുടചൂടി കടുംചുകപ്പ്
മുല്ലവള്ളി ഭൂമി നോക്കി
മണ്ണിനെ പുതപ്പിച്ച് അതേ ചുകപ്പ്
ചുറ്റും പരതി
കാടാകെ പടർന്ന്
കാട്ടുമാനം കൈതാങ്ങി
നെടുതായി
നിവർന്നങ്ങനെ നില്പാണ് .
കണ്ണ് കൊണ്ടൊന്നുഴിഞ്ഞു
ഉള്ളു കൊണ്ടൊന്നളന്നു
കൊള്ളാം ..!

സ്പർശവള്ളികൾ അതിവേഗം നീട്ടി
പടർന്നുകേറാനൊരുങ്ങുന്ന
ഒരുമ്പെട്ട കാട്ടു ചെടികൾ .
ചുകപ്പിലേയ്ക്ക് ഊളിയിടുന്ന
തേനീച്ചപ്പടയുടെ രാഗവിസ്താരം .
താരാട്ടുകാറ്റിൽപ്പോലും
തകർത്തു പെയ്യുന്ന പൂമരം .
കൊള്ളാം
നിറന്നത്
ഒത്തത്
ഉറച്ചത് .

അങ്ങനെയാണ്
മറ്റൊരു മുല്ലവള്ളി കൂടി
മുരുക്കിന്റെ
മൂർച്ഛകളിൽ
സ്വയം തറഞ്ഞു കയറിയത്



# കാത്തുരക്ഷിക്കണം ഈ കാണാക്കുടയെ...

ശാസ്ത്രം



സീമ ശ്രീലയം

**സെപ്റ്റംബർ** 16 ന് ഒരു ഓസോൺ ദിനം കൂടി കടന്നു പോയി. ഒരുപാടൊരുപാട് ഓർമ്മപ്പെടുത്തലുകളുമായി. സൂര്യനിൽ നിന്നുള്ള മാരകമായ അൾട്രാവയലറ്റ് കിരണങ്ങളെ തടഞ്ഞുനിർത്തി ഭൂമിക്ക് രക്ഷയുടെ തണലേകുന്ന കാണാക്കുടയാണ് ഓസോൺകുട. 1980കളിലാണ് ഈ രക്ഷാകവചത്തിൽ വിള്ളലുകളുണ്ടെന്ന വാർത്ത ലോകത്തെ ഞെട്ടിച്ചത്. അന്റാർട്ടിക്കിലെ ഹാലി ബേ സ്റ്റേഷനിൽ ബ്രിട്ടീഷ അന്റാർട്ടിക് സർവ്വേയിലെ ഗവേഷകരായ ജോയ് ഫാർമാൻ, ബ്രിയാൻ ഗാർഡിനർ, ജൊനാതൻ ഷാങ്ക്ലിൻ എന്നീ ഗവേഷകർ സ്ട്രാറ്റോസ്ഫിയറിലെ ഓസോണിന്റെ അളവ് താരതമ്യം ചെയ്തപ്പോഴാണ് അമ്പരപ്പിക്കുന്ന ഒരു കാര്യം ശ്രദ്ധയിൽപ്പെട്ടത്. ഓസോൺ പാളി ശോഷിച്ചുകൊണ്ടേയിരിക്കുകയാണ്. ഭൂമിയുടെ രക്ഷാകവചം നശിച്ചാൽ സർവ്വനാശമായിരിക്കും ഫലം എന്ന തിരിച്ചറിവാണ് 1985 ലെ വിയന്ന കൺ വെൻഷനിലേക്കും 1987 ലെ മോൺട്രിയൽ പ്രോട്ടോകോളിലേക്കും നയിച്ചത്. 1987 സെപ്റ്റംബർ 16 ന് മോൺട്രിയലിൽ വച്ച് ഓസോൺ പാളിയെ സംരക്ഷിക്കാനുള്ള ഉടമ്പടിയിൽ ലോകരാജ്യങ്ങൾ ഒപ്പുവച്ചു. ഇതിന്റെ ഇരുപത്തിയഞ്ചാം വാർഷികമായ 2012 ൽ ഓസോൺ പാളിയെ നശിപ്പിക്കുന്ന രാസവസ്തുക്കളുടെ ഉല്പാദനവും ഉപഭോഗവും ഇന്ത്യയിൽ നിർത്തിയതായി കേന്ദ്ര വനം പരിസ്ഥിതി വകുപ്പ് മന്ത്രി പ്രഖ്യാപിക്കുകയുണ്ടായി. 'ഓസോൺ പാളിയുടെ സംരക്ഷണംദൗത്യം തുടരുന്നു 'എന്നതാണ് ഈ വർഷത്തെ ഓസോൺ ദിന സന്ദേശം.

ഏതായാലും ഈ വർഷത്തെ ഓസോൺ ദിനം അല്പം ആശ്വാസവും പ്രതീക്ഷയും നൽകിക്കൊണ്ടാണ് കടന്നുപോയത്. ഓസോൺ പാളിയിലെ വിള്ളലുകൾ ക്രമേണ നികന്നുകൊണ്ടിരിക്കുകയാണെന്നും നിലവിലുള്ളവ വലുതാകുന്നില്ലെന്നുമാണ് യുണൈറ്റഡ് നേഷൻസ് എൻ വയോണ്മെന്റ് പ്രോഗ്രാമിന്റെയും വേൾഡ് മീറ്റിയറോളജിക്കൽ ഓർഗനൈസേഷന്റെയും പുതിയ പഠന റിപ്പോർട്ടുകൾ നൽകുന്ന സൂചന. മോൺട്രിയൽ ഉടമ്പടിയുടെ വിജയമായി ഇതു കണക്കാക്കാം. ഇത് താൽക്കാലിക ആശ്വാസം നൽകുന്ന വാർത്തയാണെങ്കിലും ഇനിയും നാം നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്. സകലർക്കും അമ്മയായ ഭൂമിക്കു വേണ്ടി, വരും തലമുറകൾക്കും സർവ്വജീവജാലങ്ങൾക്കും വേണ്ടി.

രക്ഷാകവചം തുളയുമ്പോൾ ജീവജാലങ്ങൾക്കെവിടെ രക്ഷ? സൂര്യനിൽ നിന്നുള്ള മാരകമായ

അൾട്രാ വയലറ്റ് കിരണങ്ങൾ കൂടുതലായി ഭൂമിയിലെത്തും. ഇത് സ്കിൻ കാൻസറിനും നേത്ര രോഗങ്ങൾക്കും രോഗപ്രതിരോധ ശേഷി കുറയുന്നതിനുമൊക്കെ കാരണമാവും. ആവാസ വ്യവസ്ഥകളെയും ഭക്ഷ്യശൃംഖലയെയുമൊക്കെ ഇത് ദോഷകരമായി ബാധിക്കും. ഫ്രഞ്ച് ഊർജതന്ത്രജ്ഞരായ ചാൾസ് ഫാബ്രി, ഹെന്രി ബിസ്സൺ എന്നീ ശാസ്ത്രജ്ഞരാണ് 1913 ൽ ഓസോൺ പാളിയുടെ സാന്നിധ്യം ലോകത്തോട് വിളിച്ചുപറഞ്ഞത്. ഈ കാണാക്കുടയുടെ ഘടന വ്യക്തമായി വിശദീകരിച്ചതാവട്ടെ ഡോബ്സൺ എന്ന ബ്രിട്ടീഷ് ശാസ്ത്രജ്ഞനും. ഡോബ്സൺ യൂണിറ്റിലാണ് ഓസോണിന്റെ അളവ് പ്രസ്താവിക്കുന്നത്.

നമ്മുടെ രക്ഷാകവചത്തെ കാർന്നുതിന്നുന്ന രാസവസ്തു ഏതാണ്? പ്രതിയെ പിടികിട്ടിയപ്പോൾ ശാസ്ത്രലോകത്തുണ്ടായ അമ്പരപ്പ് ചില്ലറയൊന്നുമായിരുന്നില്ല. കണ്ടുപിടിക്കപ്പെട്ട കാലത്ത് മിറക്കിൾ കെമിക്കൽ എന്നു വാഴ്ത്തപ്പെട്ട, നിരുപദ്രവകാരിയെന്നു കരുതപ്പെട്ടിരുന്ന സി.എഫ്.സി എന്ന ചുരുക്കപ്പേരിൽ അറിയപ്പെട്ടിരുന്ന ക്ലോറോ ഫ്ളൂറോ കാർബണുകൾ ആയിരുന്നു ആ കൊലയാളി! 1920 കളുടെ അവസാനം ജനറൽ മോട്ടോഴ്സിലെ ഗവേഷകനായിരുന്ന തോമസ് മിഡ്ഗ് ലേ കണ്ടുപിടിച്ച ഈ രാസവസ്തു ഫ്രിഡ്ജിലും എയർകണ്ടീഷണറുകളിലും ശീതീകാരിയായും ചില രാസപ്രവർത്തനങ്ങളിൽ ലായകമായും ചിലതരം പ്ലാസ്റ്റിക്കുകൾ ,സ്പ്രേ ,പെയിന്റുകൾ എന്നിവയിൽ എയറോസോൾ ആയും അഗ്നിശമനികളിൽ ഹാലോണുകൾ ആയും ചില

## വർഷങ്ങളോളം അന്തരീക്ഷത്തിൽ നാശമില്ലാതെ ചുറ്റിത്തിരിയാൻ ശേഷിയുള്ള സിഎഫ്സി കളിൽ നിന്ന് സ്വതന്ത്രമാവുന്ന ആക്റ്റീവ് ക്ലോറിൻ റാഡിക്കലുകളാണ് ഓസോണിനെ കാർന്നുതിന്നുന്നത്.


ഇൻഹേലർ മരുന്നുകളിലുമൊക്കെ പല രൂപത്തിൽ പ്രത്യക്ഷപ്പെടാൻ തുടങ്ങി. സിഎഫ്സി കളെയും അതു കണ്ടുപിടിച്ച ശാസ്ത്രജ്ഞനെയും മാധ്യമങ്ങൾ വാഴ്ത്തിപ്പാടി. എന്നാൽ ഓസോണിന്റെ അന്തകൻ സി.എഫ്.സി ആണെന്ന് തെളിഞ്ഞതോടെ നിർഭാഗ്യവാനായ ശാസ്ത്രജ്ഞൻ എന്ന വിശേഷണവും ഇദ്ദേഹത്തിന് ചാർത്തിക്കിട്ടി. പോൾ ജെ.ക്രുറ്റ്സൺ, മാരിയോ ജെ.മോളിന, എഫ്.ഷെർവുഡ് റൗളണ്ട് എന്നീ ശാസ്ത്രജ്ഞരാണ് സി.എഫ്.സി കളുടെ ഓസോൺ നാശന രസതന്ത്ര രഹസ്യങ്ങൾ ചുരുൾ നിവർത്തിയത്. വർഷങ്ങളോളം അന്തരീക്ഷത്തിൽ നാശമില്ലാതെ ചുറ്റിത്തിരിയാൻ ശേഷിയുള്ള സിഎഫ്സി കളിൽ നിന്ന് സ്വതന്ത്രമാവുന്ന ആക്റ്റീവ് ക്ലോറിൻ റാഡിക്കലുകളാണ് ഓസോണിനെ കാർന്നുതിന്നുന്നത്. മനുഷ്യന്റെ വിവേചനരഹിതമായ പ്രവർത്തനങ്ങൾ ഈ ജീവഗ്രഹത്തെ ഇല്ലാതാക്കുന്നതെങ്ങനെയെന്നതിന്റെ നേർക്കാഴ്ചയായിരുന്നു ആ റിപ്പോർട്ട്. ഇത് സിഎഫ്സി വ്യവസായത്തിലൂടെ കോടികൾ കൊയ്തുകൊണ്ടിരുന്ന അന്നത്തെ രാസവ്യവസായ ഭീമന്മാരെ അക്ഷരാർഥത്തിൽ വിറളിപിടിപ്പിക്കുക തന്നെ ചെയ്തു. അന്തരീക്ഷ താപനില വർധിപ്പിക്കുന്ന ഒരു ഹരിതഗൃഹ വാതകം കൂടിയാണ് സിഎഫ്സി കൾ.

സെപ്റ്റംബർ ഒക്റ്റോബർ മാസങ്ങളിലാണ് സാധാരണയായി അന്റാർട്ടിക്കിലെ ഓസോൺ ശോഷണം അതിന്റെ പാരമ്യത്തിൽ എത്തുന്നത്. 2006 ൽ അന്റാർട്ടിക്കിനു മുകളിലെയും 2011 ൽ ആർട്ടിക്കിനു മുകളിലെയും ഓസോൺ പാളിയിൽ റെക്കോഡ് ശോഷണമുണ്ടായതായി നാസയുടെയും നാഷണൽ ഓഷ്യാനിക് ആന്റ് അറ്റ്മോസ്ഫറിക് അഡ്മിനിസ്ട്രേഷന്റെയുമൊക്കെ പഠനങ്ങൾ മുന്നറിയിപ്പ് നൽകിയിരുന്നു. ടോട്ടൽ ഓസോൺ മാപ്പിങ് സ്പെക്ട്രോമീറ്ററും ഓറ, കാലിപ്സോ തുടങ്ങിയ ഉപഗ്രഹങ്ങളുമൊക്കെ ഓസോൺ പാളിയെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാൻ സഹായിക്കുന്നുണ്ട്.

ക്ലോറോ ഫ്ലൂറോ കാർബണുകൾക്ക് ബദലായി ഹൈഡ്രോ ക്ലോറോ ഫ്ലൂറോ കാർബണുകളും ഹൈഡ്രോ ഫ്ലൂറോ കാർബണുകളുമൊക്കെ രംഗത്തുണ്ടെങ്കിലും അവയും അത്ര സുരക്ഷിതമൊന്നുമല്ല. അതുകൊണ്ടു തന്നെ പരിസ്ഥിതി സൗഹൃദപരമായ ഗ്രീൻ ഫ്രീസ് ഹൈഡ്രോകാർബൺ ടെക്നോളജി പോലുള്ള സങ്കേതങ്ങൾ വ്യാപകമാക്കാനുള്ള ശ്രമത്തിലാണ് ഗവേഷകർ. അന്തരീക്ഷത്തിൽ നിന്നും ഓസോൺ നാശക വസ്തുക്കളെ ആഗിരണം ചെയ്തു നീക്കുന്ന ജനിതക മാറ്റം വരുത്തിയ ബാക്റ്റീരിയകളും അവയെ അരിച്ചു നീക്കുന്ന നാനോ ഫിൽറ്ററുകളും ഓസോൺപാളിയുടെ കേടുപാടുകൾ ഇല്ലാതാക്കുന്ന നാനോ റോബോട്ടുകളുമൊക്കെ ഭാവിയിൽ യാഥാർഥ്യമായേക്കാം. ●



Printed, Published and Owned by K. Ajitha, Harithakam, Kozhikode-17
Editor:Prof. Sara Joseph, Geethanjali, Mulamkunnathu Kavu (P.O),
Thrissur, Tel: 0495 2744370, Email:sanghadithacalicut@gmail.com
Printed at A-one Offset Prints, Ramanattukara


ആഗോള പ്രശസ്തിനേടിയ തമിഴകത്തിന്റെ ദളിത് കവിയുടെ
കവിതകൾ ആദ്യമായി മലയാളത്തിൽ
മീന കന്ദസാമി
സ്പർശം
പരിഭാഷ: വി എസ് ബിന്ദു


മീന കന്ദസാമി
സ്പർശം
ദളിത് സ്ത്രീ എഴുത്തിന്റെ സമകാലിക മുഖം.
"മീന കന്ദസാമിയുടെ കവിതകൾ വായിക്കാനിടയായ തോടെ വളരെ വർഷങ്ങൾക്കുശേഷം സത്യസന്ധമായ കവിതയുടെ ശക്തി ഞാനറിഞ്ഞു"
കമലാദാസ്
ആഗോള പ്രശസ്തിനേടിയ തമിഴകത്തിന്റെ ദളിത് കവി മീന കന്ദസാമിയുടെ Touch എന്ന പുസ്തകത്തിലെ തെരഞ്ഞെടുത്ത കവിതകൾ ആദ്യമായി മലയാളത്തിൽ.
പരിഭാഷ: വി എസ് ബിന്ദു
ISBN 81-262-0827-9
ചിന്ത പബ്ലിഷേഴ്സ്
തിരുവനന്തപുരം
വില: ₹ 85


HONDA
The Power of Dreams
Activa
Dream Mileage*
74 Kmpl
Dream Yuga 110cc
ALWAYS WEAR HELMET WHILE RIDING
RIGHT PLACE. RIGHT PRICE.
Adithya Honda
NADAKKAVU, CALICUT, PH: 0495 3044406, 07
PH: 8893221101, 8893221108